
ഡോ. ജോസ് കെ. മാനുവൽ

# ശരീരഭാഷ

## അവതരണവും അർത്ഥഗ്രഹണവും



**ഡോ. ജോസ് കെ. മാനുവൽ**

കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്ക് സ്വദേശി. മദിരാശി സർവകലാശാലയിൽനിന്ന് എം.എ., എം.ഫിൽ., പിഎച്ച്.ഡി. ബിരുദങ്ങൾ. മഹാത്മാ ഗാന്ധി സർവകലാശാലയിൽ നിന്ന് പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്. കൃതികൾ: തിരക്കഥാരചന കഥയും സിദ്ധാന്തവും, സിനിമയുടെ പാഠങ്ങൾ: വിശകലനവും വീക്ഷണവും, സിനിമയിലെ ശരീരഭാഷ: ഒരു രസാനുഭവ സിദ്ധാന്തപഠനം, നാടകവും സിനിമയും: ഒരു താരതമ്യ വിശകലനം, കഥയും തിരക്കഥയും, മലയാളഭാഷയും സാഹിത്യവും, തിരക്കഥാ സാഹിത്യം: സൗന്ദര്യവും പ്രസക്തിയും, ന്യൂജനറേഷൻ സിനിമ (പഠനങ്ങൾ) അഭിലോഷിക, യഹൂര - ഒരു കമ്യൂണിസ്റ്റിന്റെ കഥ (നോവലുകൾ) കാലത്തിനൊപ്പം ഒരു പെൺകുട്ടി, കഥയ്ക്കുമുകളിലൂടെ ഡൈവു ചെയ്ത് കഥാകൃത്ത്, ഹർത്താൽ ഒരു കേരളീയോത്സവം (ചെറുകഥാസമാഹാരങ്ങൾ). നവമാധ്യമങ്ങൾ: ഭാഷ സാഹിത്യം സംസ്കാരം, ബൈബിളും മലയാളസാഹിത്യവും, മാറുന്ന മലയാള സിനിമ: ഭാഷ സംസ്കാരം സമൂഹം, അന്വേഷണം പഠനം ഗവേഷണം (എഡിറ്റർ), മികച്ച ചലച്ചിത്രഗ്രന്ഥത്തിനുള്ള കേരളസംസ്ഥാന ചലച്ചിത്ര അവാർഡും (2003, 2010) ഫിലിം ക്രിട്ടിക്സ് അവാർഡും (2003, 2005) ലഭിച്ചിട്ടുണ്ട്. സാംസ്കാരിക സഹകരണസമിതി യുടെ മികച്ച വൈജ്ഞാനിക ഗ്രന്ഥത്തിനുള്ള അവാർഡ്, പൊൻകുന്നം വർക്കി കഥാ അവാർഡ്, തകഴി കഥാ അവാർഡ്, കാവ്യവേദി നോവൽ അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്. വിലാസം: അസിസ്റ്റന്റ് പ്രൊഫസർ, സ്കൂൾ ഓഫ് ലെറ്റേഴ്സ്, മഹാത്മാഗാന്ധി സർവകലാശാല, കോട്ടയം, ഫോൺ:9446924323. ഇ-മെയിൽ: kjosemanuel@gmail.com

# ശരീരഭാഷ

## അവതരണവും അർത്ഥഗ്രഹണവും

**ഡോ. ജോസ് കെ. മാനുവൽ**

കൈരളി ബുക്സ്

Malayalam Language
Sareerabhasha
(Study)
by
Dr. Jose K.Manuval
Published in July 2013
by Kairali Books Private Limited
Thalikkavu Road, Kannur.
Phone: 0497 2761200
Website : www.kairalibooks.com
E-Mail : kairali_knr@yahoo.co.in
Cover :
Sunil Jose
Printed at
Printing Park, Tly
Copyright
All rights reserved. No part of this publication may be reproduced, stored in or introduced into a retrieval system, or transmitted, in any form, or by any means, electronic, mechanical, photocopying, recording or otherwise without the prior written permission of the publisher.

Price ₹ :130.00
20/13-14 Sl.No.530-1000-NS 15.4

*ശരീരഭാഷ യുക്തിപൂർവ്വം പ്രയോഗിക്കാൻ*

*അറിയാത്തതുകൊണ്ട് ആഗ്രഹങ്ങളും*

*ജീവിതവും നഷ്ടമായവർക്ക് ...*

# ഉള്ളടക്കം

**ആമുഖം**

**ആമുഖം**

**1. ശരീരഭാഷയുടെ പ്രസക്തി** 11

ശരീരഭാഷാപഠനത്തിന്റെ തുടക്കം

ശരീരഭാഷാനിർവചനം

ശരീരത്തിന്റെ ഭാഷ

ശരീരവും ഭാഷയും

പ്രയോഗഭേദങ്ങൾ

**2. ശരീരഭാഷയുടെ വ്യാപ്തി** 23

ശരീരവും ബുദ്ധിയും

ശരീരം ഭാഷ സൃഷ്ടിക്കുന്ന മേഖലകൾ

ശരീരഭാഷയുടെ സംഘസ്വഭാവം

ഭാഷാസൃഷ്ടിയുടെ മേഖലകൾ

ഭാഷാകല്പനവും ഭാഷാവ്യാഖ്യാനവും

**3. ശരീരത്തിന്റെ രാഷ്ട്രീയവും സംസ്കാരവും** 40

ശരീരവിശകലനം

മാനസികാവസ്ഥയുടെ ശാസ്ത്രം

ലിംഗഭേദവും ലൈംഗികത്വവും

സംസ്കാര സ്വാധീനം

സംഘസ്വഭാവം

**4. ശരീരഭാഷയുടെ പ്രയോഗവിനിമയരീതി** 59

ആശയവിനിമയ മാതൃക

ആശയവിനിമയത്തിന്റെ സവിശേഷതകൾ

ആശയവിനിമയ വിശകലനം

പാഠമാതൃകയാകുന്ന ശരീരം

**5. ചിഹ്നവ്യവസ്ഥയും അർത്ഥവിനിമയരീതിയും** 78

ചിഹ്നനിരീക്ഷണത്തിന്റെ സ്വഭാവം

സവിശേഷമായ ചിഹ്നവ്യവസ്ഥ

പുനർനിർവചനവിധേയമാകുന്ന ഭാഷ

ആശയവിനിമയ പഠനം
പ്രവൃത്തികളുടെ ഭാഗമായ ശരീരഭാഷ
**6. അടിസ്ഥാന ശരീരഭാഷയും അവയവസാന്നിദ്ധ്യവും** **97**
ശരീരഭാഷാസിദ്ധി
ശരീരഭാഷസൃഷ്ടിക്കുന്ന അവയവങ്ങൾ
സ്ഥലസങ്കല്പവും സ്വഭാവനിർണ്ണയവും
സ്വാഭാവികമായ വിനിമയ സ്വീകരണങ്ങൾ
സാമൂഹ്യബുദ്ധിയും പൊതുവായ പ്രവർത്തനങ്ങളും
**7. കാലത്തിന്റെയും അന്തരീക്ഷത്തിന്റെയും സ്വാധീനം** **113**
ഭൂതഭാവിവർത്തമാന കാലങ്ങളുടെ പ്രവർത്തനം
അന്തരീക്ഷകല്പനയുടെ പ്രസക്തി
ഘടനയും അന്തരീക്ഷവും
അധികാരം ആക്രമണം ലൈംഗീകത
സാഹിത്യത്തിലും കലയിലുമുള്ള ശരീരഭാഷയുടെ സാന്നിദ്ധ്യം
**8. ശരീരത്തിന്റെഭാഷയും കിനിസിസും** **130**
ആശയങ്ങളുടെ സ്വഭാവവും അവതരണവും
കിനിസിസിന്റെ പ്രയോഗരീതി
കിനിസിസും സംഭാഷണവും
ആഖ്യാനത്തിന്റെ ബലതന്ത്രം
ശരീരത്തിന്റെ അവസ്ഥയും അർത്ഥസൃഷ്ടിയും
**9. മസ്തിഷ്കത്തിന്റെ സ്വാധീനവും പ്രവർത്തനവും** **143**
മസ്തിഷ്കത്തിന്റെ സ്വഭാവം
സാന്നിദ്ധ്യവും അസാന്നിദ്ധ്യവും സൃഷ്ടിക്കുന്ന അനുഭൂതികൾ
അനുകരണതലം
സൃഷ്ടിതലം
പരിശീലനവും വിനിയോഗവും
**ഉപസംഹാരം** **151**
**ഗ്രന്ഥസൂചി** **156**

ഭാഷാവിനിയോഗം ഒരു സിദ്ധിയാണ്. മനുഷ്യനുമായി ബന്ധപ്പെട്ട എല്ലാ ഭാഷകളും സൃഷ്ടിക്കുന്നത് ശരീരമാണ്.
ശരീരത്തിന്റെ രൂപം, ഛായ, ചലനം, ബുദ്ധി, വിശകലനശേഷി, സർഗ്ഗാത്മകത, യുക്തിബോധം, സൗന്ദര്യസങ്കല്പം തുടങ്ങിയവയും സ്ഥലം, സമയം, സന്ദർഭം എന്നിവയും ശരീരഭാഷാവതരണത്തിൽ പ്രസക്തമായി വരുന്ന ഘടകങ്ങളാണ്.
മനുഷ്യർ സംഘം ചേരുന്നതും സമൂഹജീവിയാകുന്നതും ശരീരംകൊണ്ടും ശരീരഭാഷകൊണ്ടുമാണ്.
ഏറ്റവും ആധികാരികവും താത്വികവുമായി മനോവിജ്ഞാനിയത്തിന്റെ പിൻബലത്തോടെ പഠനവിധേയമാകുന്ന സാംസ്കാരിഭാവിയെന്ന വിശേഷണവും ഈ ഭാവിയ്ക്കുണ്ട്.
നമ്മൾ അറിഞ്ഞോ അറിയാതെയോ അനുനിമിഷം ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ശരീരഭാഷ എന്തെന്നും അതിന്റെ വൈവിദ്ധ്യമുള്ള അവസാനശൈലിയും സൂക്ഷ്മവും കൃത്യവുമായ അർത്ഥഗ്രഹണരീതിയും ശാസ്ത്രീയവും സമഗ്രവുമായി പ്രതിപാദിക്കുന്ന വർത്തമാനകാലപ്രസക്തമായ ഭാഷാശാസ്ത്രഗ്രന്ഥം.

**ജോസ്.കെ.മാനുവൽ**

# ആമുഖം

**ഭാ**ഷാവിനിയോഗം ഒരു സിദ്ധിയാണ്. ഈ സിദ്ധിയുടെ തോത് പ്രതിജനഭിന്നമായിരിക്കും. വാമൊഴിയും വരമൊഴിയും മാത്രമാണ് നിയതവ്യക്തിത്വമുള്ള ഭാഷയെന്ന വിശ്വാസം തകിടം മറിയുകയും ആശയവിനിമയം നടത്തുവാൻ കഴിയുന്ന പ്രവർത്തനങ്ങളും സാഹചര്യവുമെല്ലാം ഭാഷയാണെന്ന വിശ്വാസം ഉറയ്ക്കുകയും ചെയ്തു. ബുദ്ധിയുള്ളവർ സാഹചര്യങ്ങളെ പ്രയോജനപ്പെടുത്തി സമൂഹത്തിൽ ഉന്നത വ്യക്തിത്വത്തോടെ നിലനിൽക്കുന്നു. ഭക്ഷണം, വസ്ത്രം, പാർപ്പിടം, വാസസ്ഥലം, ആധുനിക സൗകര്യങ്ങൾ, ഇഷ്ടപ്പെട്ട ഇണ, അധികാരം, അംഗീകാരം തുടങ്ങിയവ നേടിയെടുക്കുന്നതിലൂടെയാണ് ഒരാൾ സമൂഹത്തിൽ നിയതാസ്തിത്വത്തോടെ നിലനിൽക്കുന്നത്. ഇവിടെയെല്ലാം ബൗദ്ധികമായ പരിശ്രമം ആവശ്യമാണ്. പരിശ്രമത്തിനിടയിൽ ഇതര വ്യക്തികളോട് ബന്ധപ്പെടുന്നതിന്റെ തോത് ഏറെയാണ്. യഥാർത്ഥത്തിൽ ഇവിടെയെല്ലാം ശരീരം ഭാഷ സൃഷ്ടിച്ച് വിനിമയം ചെയ്തുകൊണ്ടിരിക്കുകയും മറ്റുള്ളവരുടെ ശരീരം സൃഷ്ടിക്കുന്ന ഭാഷ വിശകലനാത്മകമായി ഗ്രഹിച്ചെടുക്കുകയുമാണ് ചെയ്യുന്നത്. സവിശേഷമായ ഈ ഭാഷാപഠനമാണ് കാലികമായി ശരീരഭാഷാപഠനം എന്ന പേരിൽ സജീവമായി വളർന്നു വരുന്നത്.

ശരീരഭാഷയെപ്പറ്റിയുള്ള പഠനം ഏറെ വളർന്നു കഴിഞ്ഞപ്പോൾ അതിന് നിയതവ്യക്തിത്വമുള്ള പഠനമേഖലയെന്ന സ്ഥാനം ലഭിച്ചു. ഈ പശ്ചാത്തലത്തിലാണ് പശ്ചാത്യ സർവ്വകലാശാലകളിലും ഭാഷാപഠന കേന്ദ്രങ്ങളിലും ശരീരഭാഷയെപ്പറ്റിയുള്ള പഠനം സാർവത്രികമായി ത്തീർന്നത്. എന്താണ് ശരീരഭാഷ? അത് എങ്ങനെയാണ് സാഹചര്യാനുസരണം പ്രയോഗിക്കുന്നത്.? മറ്റൊരാൾ ബോധപൂർവ്വമോ അല്ലാതെയോ വിനിയോഗിക്കുന്ന ശരീരഭാഷയുടെ അർത്ഥം ഗ്രഹിക്കുന്നത് എങ്ങനെയാണ്? സംസ്കാരവും ശരീരത്തിന്റെ ഭാഷയും തമ്മിലുള്ള ബന്ധം എന്താണ്? കലകളിലെ ചിട്ടപ്പെടുത്തിയ ശരീരഭാഷാവതരണത്തിന്റെ രീതി എന്താണ്? ശരീരഭാഷയുടെ ആസ്വാദനം എങ്ങനെയാണ് സംഭവിക്കുന്നത്? എന്നെല്ലാമുള്ളതിനെപ്പറ്റിയാണ് പ്രാഥമിക പഠനം. മനസിനേയും മനസിന്റെ അവസ്ഥയേയും പറ്റിയുള്ള പഠനവും വ്യക്തികളുടെ പ്രവർത്തനവിശകലനവുമെല്ലാം ശരീരഭാഷാനിർണയത്തിലൂടെ

നിർവ്വഹിക്കുന്നത പഠനത്തിന്റെ ശാസ്ത്രീയ വശത്തെ പ്രയോജനപ്പെടു ത്തിയാണ്.

ശരീരഭാഷാസംബന്ധമായ ഗവേഷണം, നിരീക്ഷണം, സിദ്ധാന്തരൂപീകരണം, താരതമ്യവിശകലനം, സംസ്കാരപഠനം, തുടങ്ങിയവയെല്ലാം ആ പഠനത്തിന്റെ വിസ്തൃതിയാണ് വ്യക്തമാക്കുന്നത്. ഗ്രന്ഥരൂപത്തിലും ലേഖനരൂപത്തിലും ഇൻർനെറ്റിലെ സൈറ്റുകളിലൂടെയുമെല്ലാം പുറത്തുവരുന്ന പഠനങ്ങൾ ശരീരഭാഷാനിരീക്ഷണങ്ങളുടെ വ്യാപ്തി കാണിച്ചുതരുന്നവയാണ്. അറിവ് ആർജിക്കുന്ന ശരീരം, പ്രണയിക്കുന്ന ശരീരം, പ്രദർശിപ്പിക്കുന്ന ശരീരം, കലാവതരണം നിർവഹിക്കുന്ന ശരീരം, കാമം പ്രകടിപ്പിക്കുന്ന ശരീരം, ആക്രമണങ്ങൾ നടത്തുന്നശരീരം, സംഘംചേരുന്ന ശരീരം എന്നെല്ലാമുള്ള നിർണ്ണയത്തിന്റെ വ്യാപ്തി ശരീരം സൃഷ്ടിക്കുന്ന ഭാഷയുടെ വൈപുല്യം തന്നെയാണ് വ്യക്തമാക്കുന്നത്.

മലയാളത്തിൽ ശരീരഭാഷാസംബന്ധമായ ഗ്രന്ഥങ്ങൾ പരിമിതമാണ്. ആ മേഖലകളിലേയ്ക്ക് ഭാഷാപഠിതാക്കളുടെയും ശരീരഭാഷാസ്വാദകരുടെയും ശ്രദ്ധ തിരിച്ചുവിടുകയെന്ന ലക്ഷ്യത്തോടെയാണ് ഈ ഗ്രന്ഥം സംവിധാനം ചെയ്തിരിക്കുന്നത്. എന്താണ് ശരീരഭാഷയെന്നും, അതിന്റെ സ്വഭാവ വിശേഷതകളെന്തെന്നും സാമാന്യമായി വ്യക്തമാക്കിയതിനുശേഷം അതിന്റെ കാലികപ്രസക്തി വിശകലന വിധേയമാക്കുകയാണ് ഈ ഗ്രന്ഥത്തിൽ ചെയ്തിരിക്കുന്നത്. ശരീരഭാഷയുടെ പ്രസക്തി, ശരീരഭാഷയുടെ വ്യാപ്തി, ശരീരത്തിന്റെ രാഷ്ട്രീയവും സംസ്കാരവും, ശരീരഭാഷയുടെ പ്രയോഗവിനിമയ രീതി, ചിഹ്നവ്യവസ്ഥയും അർത്ഥവിനിമയ രീതിയും, അടിസ്ഥാന ശരീരഭാഷയും അവയവ സാന്നിദ്ധ്യവും, കാലത്തിന്റെയും അന്തരീക്ഷത്തിന്റെയും സ്വാധീനം, ശരീരത്തിന്റെ ഭാഷയും കിനിസിസും, മസ്തിഷ്കത്തിന്റെ സ്വാധീനവും പ്രവർത്തനവും എന്നീ ഒൻപത് അദ്ധ്യായങ്ങളാണ് ഗ്രന്ഥത്തിനുള്ളത്.

ശരീരഭാഷാസംബന്ധമായ തുടർപഠനങ്ങൾക്ക് ഈ ഗ്രന്ഥം പ്രയോജനപ്പെടുമെന്ന് വിശ്വസിക്കുന്നു. സമഗ്രതയെ സംബന്ധിച്ച അവകാശവാദങ്ങളൊന്നും ഈ പഠനത്തിന് നടത്തുവാനില്ല. ഭാഷാപഠനത്തിൽ ഒരു പുതിയ വീക്ഷണം തെളിയിക്കുവാൻ കാരണമാകുമെന്നു പ്രതീക്ഷിക്കുന്നു. ഏതൊരു പഠനത്തിന്റെയും പ്രസക്തിയും നന്മതിന്മകളും നിർണ്ണയിക്കുന്നത് വായനക്കാരണല്ലോ.

# 1

# ശരീരഭാഷയുടെ പ്രസക്തി

**ഭാ**ഷാപഠന മേഖലയിലെ വിസ്മയമാണ് ശരീരഭാഷയെപ്പറ്റിയുള്ള പഠനം. ഭാഷാശാസ്ത്ര സംബന്ധമായ പഠനങ്ങൾ അത്ഭുതാവഹമായ രീതിയിൽ വളർന്നെന്നു വിലയിരുത്തുമ്പോഴും ശരീരഭാഷയെപ്പറ്റിയുള്ള വസ്തുനിഷ്ഠമായ പഠനത്തിന് നാല് പതിറ്റാണ്ടുകളുടെ പ്രായമേ ആയിട്ടുള്ളൂ. ഇക്കാലംകൊണ്ടുതന്നെ ശരീരഭാഷയുടെ സ്വാധീനത്തിൽനിന്നുമാണ് ഇതരഭാഷകൾ സൃഷ്ടിച്ചെടുക്കുന്നതെന്നുള്ള വിശ്വാസത്തിന് ആക്കമേറി. ശരീരഭാഷയെപ്പറ്റിയുള്ള അറിവ് ഇക്കാലമത്രയും അജ്ഞാതമായി കിടക്കുകയായിരുന്നുവത്രേ! യഥാർത്ഥത്തിലിത് മനുഷ്യന്റെ ഭാഷാ പഠന സംബന്ധമായ അജ്ഞതയാണ് വെളിവാക്കുന്നത്. വാമൊഴിയേയും വരമൊഴിയേയും ചിഹ്നരൂപങ്ങളേയും മുൻനിറുത്തിയുള്ള ഭാഷാപഠനങ്ങളാണ് അല്പനാൾ മുമ്പു വരെ ഭാഷാശാസ്ത്ര പഠന ഭാഗമായി പുരോഗമിച്ചിരിക്കുന്നത്. എന്നാലിന്ന് സൈബർ മേഖലയും ദൃശ്യമാധ്യമങ്ങളും ഭാഷാപഠനത്തെ പുത്തൻ വീക്ഷണദിശയിലൂടെ കാണുവാൻ പഠിതാക്കളെ നിർബന്ധിതരാക്കി.

എല്ലാ ഭാഷകളുടെ രൂപീകരണത്തിലും മനുഷ്യന്റെ സ്വാധീനം വ്യക്തവും നിർണ്ണായകവുമാണ്. കാരണം ഭാഷയുടെ ഉപയോഗം നിർവഹിക്കുന്നതും ഫലം അനുഭവിക്കുന്നതും അവരാണല്ലോ. ബുദ്ധിയുള്ള ശരീരം അപാരമായ സാധ്യതയുടെ ഭാഗമാണ്. യഥാർത്ഥത്തിൽ ബുദ്ധിയെന്നു പറയുന്നത് ശരീരത്തിന്റെ ഭാഗമാണ്. ശരീരം നേരിട്ടവതരിപ്പിക്കുന്ന ഭാഷയിലും ചിട്ടപ്പെടുത്തി ക്രമീകരിച്ച് അവതരിപ്പിക്കുന്ന ഭാഷാമാധ്യമങ്ങളിലും ബുദ്ധിയുടെ സാന്നിദ്ധ്യമാണുള്ളത്. വാമൊഴികൾ, വരമൊഴികൾ, ചിത്രങ്ങൾക്ക് അർത്ഥാരോപണം നൽകി ഉപയോഗിക്കുന്ന ഭാഷകൾ തുടങ്ങിയവയെല്ലാം മനുഷ്യർ സൃഷ്ടിക്കുന്ന ഭാഷകളിൽ ചിലതു മാത്രമാണ്. ആശയവിനിമയത്തിനായി ശരീരത്തെ നേരിട്ട് ഉപയോഗിക്കുന്ന ഭാഷയെയാണ് ശരീരഭാഷയെന്നു വ്യവഹരിക്കുന്നത്.

മനുഷ്യന്റെ എല്ലാ വ്യവഹാരങ്ങളിലും ശരീരം ചെലുത്തുന്ന സ്വാധീനം പ്രധാനവും നിർണ്ണായകവുമാണ്. ഈ വ്യവഹാരാവസ്ഥ കളിലെല്ലാം ശരീരം ഓരോ തരത്തിലുള്ള ഭാഷകൾ സൃഷ്ടിക്കുന്നുണ്ട്. സാഹചര്യാനുസൃതമുള്ള ഈ ഭാഷാസൃഷ്ടികളുടെ രീതികളെല്ലാം ശരീരഭാഷയുടെ ഭാഗമാണ്. മനുഷ്യനെ മനസിലാക്കുവാനും അവന്റെ പ്രവർത്തനങ്ങൾ നിർണ്ണയിക്കുവാനും വസ്തുനിഷ്ഠമായ ശരീരഭാഷാപഠനത്തിനു കഴിയുന്നു. മനുഷ്യൻ ഉണ്ടെന്നതിന്റെ തെളിവാണ് അവന്റെ ശരീരം. ഒരു മനുഷ്യൻ മറ്റൊരു മനുഷ്യനെ കാണുന്നതും അറിയുന്നതും ഓരോ രീതിയിൽ ബന്ധപ്പെടുന്നതും ശരീരം കൊണ്ടു തന്നെയാണ്. ഇവിടെയെല്ലാം ശരീരം ആശയ വിനിമയം നടത്തുന്ന മൂർത്തമാധ്യമമായിത്തീരുകയാണ്. ജീവനും ബുദ്ധിയുമുള്ള, ആശയ വിനിമയം നടത്തുകയും ആശയ വിനിമയത്തെ നിർണ്ണയിക്കുകയും ചെയ്യുന്ന മനുഷ്യരെ സംബന്ധിച്ചിടത്തോളം ശരീരഭാഷയുടെ പ്രസക്തി അനിർവചനീയമാണ്.

## ശരീരഭാഷാപഠനത്തിന്റെ തുടക്കം

ശരീരഭാഷ (Body Language) എന്ന പേരിൽ മനുഷ്യശരീരം സൃഷ്ടിക്കുന്ന ഭാഷകളെപ്പറ്റി ആദ്യമായി ഒരു ഗ്രന്ഥം രചിച്ചത് ജൂലിയാസ് ഫാസ്റ്റാണ് ( Julius Fast) . ഭാഷാശാസ്ത്ര പഠനത്തിന്റെ ഗതി മാറ്റിവിടുവാൻ ഈ ഗ്രന്ഥത്തിനു കഴിഞ്ഞു. പുതിയതായി കണ്ടെത്തിയ ഭാഷയെപ്പറ്റി പഠിക്കുവാനും അതിന്റെ അനന്തസാധ്യതകൾ ആരായുവാനും കാലിക പ്രസക്തി നിർണ്ണയിക്കുവാനുമായി പല പ്രതിഭാശാലികളും രംഗത്തുവന്നു. അവർ ചിഹ്നശാസ്ത്രം, ഘടനാവാദം, മനോവിജ്ഞാനീയം, ഉത്തരാധുനികത തുടങ്ങിയ വയെല്ലാമായി ബന്ധപ്പെടുത്തി ശരീരഭാഷയെ തുടർപഠന വിധേയമാക്കി. ശരീരഭാഷയ്ക്ക് നിയതമായ സ്വഭാവവും വ്യക്തിത്വവും കല്പിച്ചു നൽകുവാനാണ് അവരുടെ പഠനങ്ങൾ വഴിതെളിച്ചത്.

മനുഷ്യശരീരംകൊണ്ടു സൃഷ്ടിക്കുന്ന ഭാഷയ്ക്ക് ശരീരഭാഷ യെന്ന പേര് ആധികാരികമായിപ്പതിഞ്ഞതോടെ ഒരു പുതിയ ഭാഷാപഠനശാഖ തന്നെ കാലിക പ്രസക്തിയോടെ രംഗപ്രവേശം ചെയ്തു. എല്ലാഭാഷകളുടെ സൃഷ്ടിയിലും മനുഷ്യന്റെ സാന്നിധ്യമുണ്ടല്ലോ. ഭാഷകൾ മനുഷ്യാവശ്യത്തിന്റെ ഉൽപന്നങ്ങളാണ്. ഉൽപന്നങ്ങളെല്ലാം ഉപഭോഗവസ്തുക്കളാകുന്നത് മനുഷ്യപുരോ ഗതിയുടെ ഭാഗമാണ്. ഭാഷകളും ഉപഭോഗവസ്തുക്കളായി തീരുന്ന കാഴ്ച സാധാരണമാണ്. ലിഖിത, ചിത്രഭാഷകളിൽ മനുഷ്യ ശരീരത്തിന്റെ നേരിട്ടുള്ള സാന്നിദ്ധ്യം ദർശിക്കാനാവില്ല. എന്നാൽ ബൗദ്ധിക സാന്നിദ്ധ്യത്തിന്റെ തോതിനെ അംഗീകരിക്കാ

തിരിക്കാനുമാവില്ല. ഒരു ഭാഷയിൽ വാക്കുകളും ചിഹ്നങ്ങളും സൃഷ്ടിക്കുമ്പോൾ തന്നെ സ്വാഭാവികമായി അവയ്ക്കെല്ലാം അർത്ഥാരോപണ കല്പനകളും നൽകുന്നു. ഈ അർത്ഥാരോപണ കല്പനകൾ ഇനിയുള്ളവരെ മനസ്സിലാക്കി ക്കൊടുക്കുന്നത് കൃത്യമായ പഠന ക്രമത്തിലൂടെയാണ്. ശരീരഭാഷാ പഠിതാക്കൾ ഇതര ഭാഷകളിലെല്ലാം ഒരനുപാതത്തിലല്ലെങ്കിൽ മറ്റൊരനുപാതത്തിൽ ശരീരത്തിന്റെ സാന്നിദ്ധ്യം കണ്ടെത്തുന്നു. ശരീരത്തിന്റെ നേരിട്ടുള്ള സാന്നിദ്ധ്യമല്ലെങ്കിൽ ബൗദ്ധിക സാന്നിദ്ധ്യമാണത്. അടുത്ത കാലത്തായി യുവഭാഷാശാസ്ത്രജ്ഞന്മാർ ശരീരഭാഷകളെ പ്പറ്റിയുള്ള പഠനത്തിലൂടെയാണ് ശരീരം സൃഷ്ടിക്കുന്ന ഇതരഭാഷകളിലേക്കു പ്രവേശിക്കുന്നത്.

**പ്രഥമഗ്രന്ഥം**

ശരീരഭാഷയെപ്പറ്റിയുള്ള പ്രഥമഗ്രന്ഥമായി ഏറെ പഠിതാക്കളും ചൂണ്ടിക്കാണിക്കുന്നത് ചാൾസ് ഡാർവിൻ (Charles Darwin) 1872 -ൽ എഴുതിയ 'ദ് എക്സ്പ്രഷൻ ഓഫ് ദ് ഇമോഷൻ ഇൻ മാൻ ആന്റ് ആനിമൽസ് ' (The Expression of the Emotions in Man and Animals) ആണ് . ഈ ഗ്രന്ഥം ചർച്ചചെയ്യ പ്പെടുകയും തുടർ പഠനങ്ങൾക്ക് വിധേയമാകുകയും ചെയ്തു തുടങ്ങിയത് 1960–മുതലാണ്. ഈ പഠനത്തിന്റെ വളർച്ചയോ തുടർച്ചയോ ആയിട്ടാണ് ജൂലിയസ് ഫാസ്റ്റ് 'ബോഡി ലാംഗ്വേജ്'എന്ന ഗ്രന്ഥം രചിച്ചത്.

**പഴക്കം**

മനുഷ്യരാശിയോളം പഴക്കമുണ്ട് അവന്റെ ശരീരഭാഷാ വിനിയോഗത്തിന്. നിത്യവും ശരീരംകൊണ്ടു വിനിമയം ചെയ്യുന്ന ആശയമേഖലകളെ ഒരു സവിശേഷഭാഷയായി പഠിക്കുവാൻ വിസ്മരിക്കുകയൊ വിട്ടുപോകുകയൊ ചെയ്തുവെന്നു പറയുന്നതാണ് യുക്തം. ഭരതമുനിയുടെ നാട്യശാസ്ത്രത്തിലും വാത്സ്യായനന്റെ കാമശാസ്ത്രത്തിലും മനുഷ്യന്റെ സവിശേഷമായ ശരീരഭാഷാ വതരണങ്ങളെപ്പറ്റിത്തന്നെയാണ് വ്യക്തമാക്കുന്നത്. ഭരതമുനി നാട്യാവതരണത്തെ കേന്ദ്രമാക്കി ശരീരഭാഷയെപ്പറ്റി വിലയിരുത്തു മ്പോൾ വാത്സ്യായനൻ രതിയുടെ അവതരണ ക്രമങ്ങളുമായി ബന്ധപ്പെടുത്തി നഗ്നശരീരത്തിന്റെ ഭാഷാവതരണത്തെപ്പറ്റിയാണ് വ്യക്തമാക്കുന്നത്.

**ശ്രദ്ധേയമായ നിരീക്ഷണം**

സാഹചര്യാനുസരണം ഭാഷകൾ സൃഷ്ടിക്കുവാനും വിനിമയം ചെയ്യുവാനും മനുഷ്യശരീരത്തിനുള്ള കഴിവ് വിസ്മയാവഹമാണ്.

വിസ്മയാവഹമായ ഈ ഭാഷയെപ്പറ്റിയുള്ള പഠനം പുരോഗമിച്ചപ്പോൾ പല നിരീക്ഷണങ്ങളും കണ്ടെത്തലുകളും നടന്നു. ഇതിൽ ആൽബർട്ട് മെഹ്റാബെയിന്റെ (Albert Mehrabian) നിരീക്ഷണം ഏറെ ശ്രദ്ധേയമാണ്. മെഹ്റാബെയിന്റെ നിരീക്ഷണത്തിൽ രണ്ടുപേർ തമ്മിൽ സംസാരിക്കുമ്പോൾ 7 ശതമാനം വാചികമായും 38 ശതമാനം പറയുന്ന രീതിയുടെ ആരോഹണാവരോഹണം വഴിയും 55 ശതമാനം ശരീര ചേഷ്ടകളിൽക്കൂടിയുമാണ് ആശയ വിനിമയം നിർവ്വഹിക്കുന്നതത്രെ. പ്രൊഫസർ ബേർഡ് വിസ്റ്റെൽ (Bird Whistal) മനുഷ്യർക്കിടയിലെ ആശയവിനിമയത്തെപ്പറ്റി ഗൗരവത്തോടെ പഠിച്ച മറ്റൊരു പ്രതിഭയാണ്. ബേർഡ് വിസ്റ്റെല്ലിന്റെ നിരീക്ഷണത്തിൽ സാധാരണ വ്യക്തി ഏകദേശം പത്തുമുതൽ പതിനൊന്ന് മിനിട്ട് സംസാരിക്കുമ്പോൾ, ഏകദേശം രണ്ടര മിനിറ്റ് മാത്രമാണ് വാചകം പറയുവാൻ ഉപയോഗിക്കുന്നത്. ബാക്കി സമയം ശരീര സാധ്യതകളെയാണ് ആശയ വിനിമയത്തിനായി ഉപയോഗിക്കുന്നത്. മുഖാമുഖം വ്യക്തികൾ നടത്തുന്ന ആശയ വിനിമയത്തിൽ 35ശതമാനത്തിൽ താഴെ മാത്രമാണ് വാക്കുകൾ ഉപയോഗിക്കുന്നത്. 65 ശതമാനത്തിൽ അധികവും വാക്കുകളുടെ സഹായമില്ലാതെ ശരീരം കൊണ്ടാണ് ആശയ വിനിമയം നിർവഹിക്കുന്നതെന്ന് വിസ്റ്റെൽ വ്യക്തമാക്കുന്നു. ഈ നിരീക്ഷണങ്ങൾ വ്യക്തമാക്കുന്നത് ആശയാവതരണത്തിൽ ശരീരം നേരിട്ടു ചെലുത്തുന്ന ശക്തമായ സ്വാധീനമാണ്. സവിശേഷമായ ഈ സ്വാധീനത്തിന്റെ രീതികളും സ്വഭാവവും പ്രസക്തിയുമാണ് ശരീരഭാഷാ പഠനത്തിൽ പ്രതിപാദിക്കുന്ന പ്രധാന വിഷയങ്ങൾ.

## ശരീരഭാഷാ നിർവചനം

ശരീരത്തോടൊപ്പം ഭാഷാവതരണവും ചേരുന്നതിന്റെ ഫലമായി സൃഷ്ടിക്കുന്ന സവിശേഷമായ അർത്ഥോൽപാദന വിനിമയ രീതികളെയാണ് ശരീരഭാഷയെന്നു വ്യവഹരിക്കുന്നത്. ശരീരത്തിന്റെ സവിശേഷതകളും അർത്ഥം സൃഷ്ടിക്കുവാനായി ഉപയോഗിക്കുന്ന ഭാഷാപ്രയോഗരീതികളും ശരീരഭാഷയെ ശക്തമായി സ്വാധീനിക്കുന്നു. കേവലമായ ശരീരം, കേവലമായ ഭാഷ എന്നീ അവസ്ഥകൾ ശരീരഭാഷയിൽ അപ്രസക്തമാകുകയും ഭാഷ സൃഷ്ടിക്കുന്ന ശരീരം, ശരീരം സൃഷ്ടിക്കുന്ന ഭാഷ എന്നീ സവിശേഷമായ അവസ്ഥകൾ പ്രത്യക്ഷമാകുകയും ചെയ്യുന്നു. ശരീരത്തിനും ഭാഷയ്ക്കും മുമ്പുള്ള നിർവചനങ്ങൾ ശരീരഭാഷാവതരണത്തിൽ ദുർബലമാകുകയും ഇവയുടെ (ശരീരത്തിന്റെയും ഭാഷയുടെയും) സമന്വയഫലമായി പുതിയൊരു നിർവചനം രൂപപ്പെട്ടു വരികയും ചെയ്യുന്നു. ഈ പുത്തൻ നിർവചനങ്ങൾ പുതിയ ഭാഷാശാസ്ത്രമായ ശരീരഭാഷയ്ക്ക് പ്രാമുഖ്യം കൊടുക്കുന്നു.

എന്താണ് ശരീരഭാഷ? ആശയങ്ങളുടെ അവതരണത്തിനും വിനിമയത്തിനുമായി ബോധപൂർവ്വമോ അല്ലാതെയോ ശരീരത്തിലെ ഏതെങ്കിലുമൊരു അവയവത്തെയൊ ഒന്നിലധികം അവയവങ്ങളെയോ വിനിയോഗിക്കുന്ന ശരീര ചലനങ്ങളുടെയോ ഭാവാദി അവസ്ഥകളുടെയും ആകെത്തുകയാണ് ശരീരഭാഷ. വാക്കുകൾ കൊണ്ടുള്ള (Verbal) ആശയവിനിമയം ശരീരഭാഷയിലെ ഒരു ഘടകം മാത്രമാണ്. വാക്കുകളുടെ സഹായമില്ലാത്ത (Non verbal) ആശയവിനിമയത്തിന്റെ മേഖലയാണ് ശരീരഭാഷയുടെ സാധ്യതകളെ വെളിവാക്കുന്നത്. ഒരാൾ സംസാരിക്കുമ്പോൾ അയാളുടെ സംഭാഷണത്തിന്റെ അർത്ഥം മാത്രമല്ല ഗ്രഹിക്കുകയും ശ്രദ്ധിക്കുകയും ചെയ്യുന്നത്. സംഭാഷണത്തിലെ ശബ്ദം, ആരോഹണാവരോഹണക്രമം, മുഖത്തു മിന്നിമായുന്ന ഭാവങ്ങൾ, ശരീരത്തിന്റെ അവസ്ഥയും നിലയും, ശരീരത്തിന്റെ ചലനരീതികൾ തുടങ്ങിയവയും സംഭാഷണത്തിനു പാത്രീഭൂതമായ അവസ്ഥയും കാര്യക്ഷമമായിത്തന്നെ ആശയ വിനിമയം നടത്തുന്നുണ്ട്.

സംഭാഷണ സമയത്ത് ആശയ വിനിമയം നടത്തുന്ന ഘടകങ്ങൾ ഇനിയുമുണ്ട്. വർത്തമാനം പറയുന്ന വ്യക്തിയുടെ സ്വഭാവം, അറിവ്, മനോഭാവം, വസ്ത്രധാരണാരീതി, ആരുമായിട്ടാണോ ആശയവിനിമയം നടത്തുന്നത്, ആശയവിനിമയത്തിനുപയോഗിക്കുന്ന പദങ്ങൾ തുടങ്ങിയവയെല്ലാം ആശയവിനിമയത്തെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്. ഈ പശ്ചാത്തലത്തിലെല്ലാം നിന്നു നോക്കുമ്പോൾ മുമ്പുപറഞ്ഞ ആൽബർട്ട് മെഹ്റാബെയിനിന്റെയും, പ്രൊഫസർ ബേർഡ് വിസ്റ്റെലിന്റെയും സംഭാഷണത്തിൽ ഉൾപ്പെട്ടിരിക്കുന്ന ആശയവിനിമയത്തിന്റെ തോതിനെപ്പറ്റിയുള്ള നിരീക്ഷണം അംഗീകരിക്കുവാൻ വിമുഖത കാണിക്കേണ്ട കാര്യമില്ല.

സംഭാഷണമില്ലാത്ത ശരീരഭാഷാവതരണമാണ് ഏറെയും ഉപയോഗിക്കുന്നത്. ശരീരത്തിന്റെ രൂപം, ആ ശരീരത്തിന്റെ ചലനാദി പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്ന പ്രവർത്തന രീതികൾ, ശരീരത്തെ വസ്ത്രധാരണത്തിലൂടെയും മറ്റും ഒരുക്കിനിറുത്തി യിരിക്കുന്ന അവസ്ഥ, ആശയവിനിമയം നടത്തുവാൻ ഇടയായ സാഹചര്യം; ആശയവിനിമയത്തിൽ ഉപയോഗിക്കുന്ന ചിന്തയുടെയും ബുദ്ധിയുടെയും തോത് തുടങ്ങിയവയെല്ലാം ശരീരം സൃഷ്ടിക്കുന്ന ഭാഷയ്ക്ക് സ്വഭാവവും ആർത്ഥിക വിസ്തൃതിയും നൽകുന്ന ഘടകങ്ങളാണ്. ശരീരംകൊണ്ട് ആർക്കുവേണ്ടി ആര് ഭാഷ അവതരിപ്പിക്കുന്നു എന്നുള്ളതും അർത്ഥാവതരണത്തിൽ പ്രസക്തമായി

നിൽക്കുന്ന ഘടകമാണ്.

**കിനിസിസ്**

സംഭാഷണമില്ലാതെ ശരീരചലനങ്ങൾകൊണ്ടുമാത്രം ആശയങ്ങൾ കൈമാറുന്ന പഠനരീതിയെയാണ് സാധാരണയായി കിനിസിസ് എന്നു വ്യവഹരിക്കുന്നത് (Kinesics- the study of body movements which convey information in the absence of speach). എന്നാലിന്ന് സംഭാഷണമോ ശബ്ദപ്രകടനങ്ങളൊ ഇല്ലാതെ ശരീരം കൊണ്ട് നടത്തുന്ന ആശയപ്രകാശനത്തിന് കിനിസിസ് എന്നു വ്യവഹരിച്ചുവരുന്നു. കിനിസിസ് എന്ന പദത്തിന് കാലാനുസൃതമായി സംഭവിച്ച ഒരർത്ഥപരിണാമമായി ഇതിനെ പരിഗണിച്ചാൽ മതി. 'ബോഡിലാംഗ്വേജ് 'എന്നു പറയുമ്പോൾ ആശയവിനിമയം നടത്തുന്ന ശരീരത്തിന്റെ മുഴുവൻ രീതികളെയുമാണ് ഉദ്ദേശിക്കുന്നത്. ശരീരത്തിന്റെ ചലനത്തിനൊപ്പം ഭാവപ്രകടനവും സംഭാഷണവും ശരീരത്തെ അണിയിച്ചൊരുക്കി നിറുത്തുന്ന അവസ്ഥയുമെല്ലാം ഇതിൽപ്പെടുന്നു. ഇന്ന് സംഭാഷണമില്ലാത്ത ഭാഷയ്ക്ക് പൊതുവെ കിനിസിസ് എന്ന പദമാണ് ഉപയോഗിച്ചു വരുന്നത്. മലയാളത്തിലും ഈ പദം അവസരോചിതമായി ചിലരെങ്കിലും ഉപയോഗിക്കുന്നുണ്ട്.

**നിയതവ്യക്തിത്വം**

ഇതര ഭാഷകളിൽനിന്നും ശരീരഭാഷ തികച്ചും ഭിന്നമാണ്. ആശയത്തിന്റെ ഉത്ഭവകേന്ദ്രം മുതൽ സ്വീകരണാവസ്ഥ വരെ നിയതസ്വഭാവരീതിയൊടെയാണ് ശരീരഭാഷ പ്രവർത്തിക്കുന്നത്. ഇതര ഭാഷകളുമായുള്ള സാമ്യപ്പെടുത്തൽ പഠനത്തിന്റെയോ നിരീക്ഷണ ത്തിന്റെയോ ഭാഗമാണ്. യഥാർത്ഥത്തിൽ ഇതര ഭാഷകളെല്ലാമാണ് ശരീരഭാഷയുടെ സാധ്യതകളിൽനിന്നും സ്വഭാവസവിശേഷതകളിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് വളർന്നിരിക്കുന്നത്. കാഴ്ചയുടെ രീതികളും സാധ്യതകളും സാഹചര്യാനുസരണമുള്ള അർത്ഥ ഗ്രഹണവും ശരീരഭാഷയെ ശക്തമായി സ്വാധീനിക്കുന്ന ഘടകങ്ങളാണ്. സ്വാഭാവികമായി ഇവയും ശരീരഭാഷാവതരണത്തെ സ്വാധീനിക്കുന്നു. അവതരണപക്ഷത്ത് പ്രകടനപരതയിലേക്ക് എത്തിനിൽക്കുന്ന അസ്തിത്വമാണ് ശരീരഭാഷയുടേത്. സ്വരം, അക്ഷരം, വാക്ക്, വാചകം തുടങ്ങിയ ഭാഷാ പഠന രീതികൾ കിനിസിസിൽ അപ്രസക്തമാകുകയും നിറം, രൂപം, ചലനം, സാഹചര്യം, സമയം തുടങ്ങിയവ പ്രസക്തമാവുകയും ചെയ്യുന്നു. ശരീരഭാഷയുടെ ഭാഗമായ വാമൊഴിയെപ്പറ്റി പറയുമ്പോൾ മാത്രം സ്വരം, അക്ഷരം. വാക്ക്, വാചകം തുടങ്ങിയവയെ പഠന വിധേയമാക്കിയാൽ മതി.

തുടർച്ചയായി അർത്ഥം സൃഷ്ടിക്കുവാനും വിനിമയം ചെയ്യുവാനും കഴിയുന്ന ജീവനും ബുദ്ധിയും യുക്തിയുമുളള മാധ്യമമാണ് മനുഷ്യശരീരം. പലപ്പോഴും ആശയവിനിമയത്തിന് ആവശ്യമായ അർത്ഥങ്ങൾ സൃഷ്ടിക്കുവാൻ ശരീരത്തിലെ ഒന്നോ രണ്ടോ മൂന്നോ അതിലധികമൊ അവയവങ്ങൾ ആവശ്യാനുസരണം ഉപയോഗിക്കുന്നു. ഭാഷാപഠനവുമായി ബന്ധപ്പെടുത്തി പറയുമ്പോൾ ശരീരത്തിലെ അവയവങ്ങളെ ഉപകരണങ്ങൾ എന്നാണ് വ്യവഹരിക്കുന്നത്. ഈ ഉപകരണങ്ങൾ സാഹചര്യാനുസരണവും, ആവശ്യനുസരണവും തനിച്ചും സംഘംചേർന്നും ഏകകാലികമായും ബഹുകാലികമായും പ്രവർത്തിക്കുന്നതിന്റെ ഫലമായിട്ടാണ് ശരീരഭാഷ നിയതാർത്ഥത്തിലും നിർദ്ദിഷ്ട ഫലപ്രാപ്തിയൊടെയും പ്രയോഗയോഗ്യമാകുന്നത്. യഥാർത്ഥത്തിലിത് ശരീരഭാഷയുടെ നിയത വ്യക്തിത്വമാണ് വ്യക്തമാക്കുന്നത്.

## ശരീരത്തിന്റെ ഭാഷ

ഒരു ശരീരം മറ്റൊരു ശരീരത്തിൽനിന്നും രൂപത്തിലും സ്വഭാവത്തിലുമെല്ലാം ഭിന്നമാണല്ലോ. വാസ്തവത്തിൽ ഓരോ ശരീരത്തിനും അതാതിന്റേതായ ഭാഷയാണുള്ളത്. നൈസർഗികമായ ഭാഷയും അതിനോട് കൂട്ടിച്ചേർക്കുന്ന അവസ്ഥയും സമന്വയിച്ചതാണ് ഓരോ ശരീരത്തിന്റേയും ഭാഷ. മനുഷ്യന്റെ നിയതരൂപം നഗ്നമാണ്. നിയതരൂപത്തിൽ മനുഷ്യർ ആ ശരീരം പൊതുസ്ഥലത്തും മറ്റും ഉപയോഗിക്കാറില്ല. വസ്ത്രധാരണത്തിലൂടെ നിയതരൂപത്തിന് സവിശേഷമായൊരവസ്ഥ പ്രാഥമികമായിത്തന്നെ നൽകുന്നു. വസ്ത്രധാരണം, സംസ്കാരം, പെരുമാറ്റം, മനോഭാവം, തുടങ്ങിയവയെ നിയതരൂപത്തിൽ ക്രമീകരിച്ചോ ചിട്ടപ്പെടുത്തിയോ ശരീരത്തെ സാമൂഹ്യാവസ്ഥയുടെ ഭാഗമാക്കിത്തീർക്കുന്നു. യഥാർത്ഥത്തിൽ ഈ ശരീരമാണ് സമൂഹത്തിനുമുന്നിൽ ഭാഷ സൃഷ്ടിക്കുന്നത്.

ലിംഗപരമായി മനുഷ്യശരീരത്തെ സ്ത്രീ, പുരുഷൻ എന്നു തിരിക്കുന്നു. സ്ത്രീശരീരത്തിന്റെ ഭാഷ, പുരുഷശരീരത്തിന്റെ ഭാഷ എന്നു പറയുമ്പോൾത്തന്നെ ആ ശരീരങ്ങൾ തമ്മിലുള്ള വൈജാത്യം വ്യക്തമാണല്ലോ. കുട്ടികളുടെ ശരീരം, യുവത്വമുള്ളവരുടെ ശരീരം, മധ്യവയസിലെത്തിയവരുടെ ശരീരം, വാർദ്ധക്യം ബാധിച്ചവരുടെ ശരീരം എന്നു വേർതിരിക്കുമ്പോൾ പ്രായം ശരീരത്തിൽ ചെലുത്തുന്ന സ്വാധീനം വ്യക്തമാകുന്നു. ബുദ്ധിയുള്ളവരുടെ ശരീരമെന്നും മണ്ടന്മാരുടെ ശരീരമെന്നും സാമാന്യബുദ്ധിയുള്ളവരുടെ ശരീരമെന്നും വ്യവഹരിക്കുമ്പോൾത്തന്നെ ശരീരത്തിന്റെ സവിശേഷ മായൊരന്തരീക്ഷമാണ് വ്യക്തമാക്കുന്നത്. ഓരോ ശരീരവും ഓരോ ഛായയോടും

രൂപത്തോടും സ്വഭാവത്തോടുമെല്ലാം ചേർന്നാണു നിൽക്കുന്നത്. ഈ പശ്ചാത്തലത്തിലെല്ലാം നിന്ന് കൃത്യമായി ശരീരത്തെ വീക്ഷിച്ചാൽ ലഭിക്കുന്ന അർത്ഥം അഥവാ ഭാഷയാണ് ഓരോ ശരീരത്തിന്റെയും ഭാഷ. ശരീരത്തിന്റെ ഭാഷയെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ പ്രകടമായ ഭാഷയെന്നും അസ്തിത്വസംബന്ധമായ ഭാഷയെന്നും രണ്ടായി തിരിക്കാവുന്നതാണ്.

**ശരീരത്തിന്റെ പ്രകടമായ ഭാഷ**

ബാഹ്യമായി പ്രകടിപ്പിക്കുന്ന സ്വഭാവ വിശേഷങ്ങളാണ് ശരീരത്തിന്റെ പ്രകടമായ ഭാഷയ്ക്കാധാരം. ഓരോ ശരീരവും ഓരോ സാഹചര്യത്തോട് ബന്ധപ്പെടുന്നത്, അല്ലെങ്കിൽ ഓരോ സാഹചര്യത്തിൽ പ്രവർത്തിക്കുന്നത്, ഓരോ രീതിയിലായിരിക്കും. ഈ രീതിയെ ബാഹ്യമായ പ്രവർത്തനാദിഭാവങ്ങളിലൂടെ അവതരിപ്പിക്കുന്നതിനെ ശരീരത്തിന്റെ പ്രകടഭാഷയെന്നു തന്നെ പറയാം. വസ്ത്രധാരണത്തിന്റെ രീതി, അംഗചലനങ്ങളുടെ സവിശേഷമായ ശൈലി, തുടങ്ങിയവയെല്ലാം ശരീരത്തിന്റെ പ്രകടമായ ഭാഷ അവതരിപ്പിക്കുന്നതിന്റെ ഭാഗങ്ങളാണ്.

**ശരീരത്തിന്റെ അസ്തിത്വസംബന്ധമായ ഭാഷ**


ശരീരത്തെ നിയന്ത്രിക്കുന്നതിലും ബാഹ്യപ്രവർത്തികളെ അവതരിപ്പിക്കുന്നതിലും മനസിനും, ചിന്തകൾക്കും, വിശകലന സ്വഭാവത്തിനുമെല്ലാം അതാതിന്റേതായ സ്വാധീനമുണ്ട്. ഈ സ്വാധീനത്തിൽനിന്നും മുക്തമാണ് ബോധപൂർവ്വമായ പ്രവർത്തനങ്ങളെന്ന് സ്ഥാപിക്കാൻ ശ്രമിക്കുമ്പോഴും ഇവയുടെ സ്വാധീനത്തിൽനിന്നും ശരീരം മുക്തമല്ല. യഥാർത്ഥത്തിൽ മനസ്സും ചിന്താരീതികളും വിശകലന സ്വഭാവവുമെല്ലാം സാഹചര്യാനുസരണം ഓരോ അനുപാതത്തിൽ സമന്വയിച്ചാണ് പ്രവർത്തിക്കുന്നത്. ബാഹ്യമായി കാണുവാനോ കൃത്യമായ നിർണ്ണയങ്ങൾക്ക് കഴിയുകയോ ചെയ്യാത്ത ഈ സാന്നിദ്ധ്യങ്ങളെ ശരീരത്തിന്റെ അസ്തിത്വ സംബന്ധമായ ഭാഷയെന്നാണ് വ്യവഹരിക്കുന്നത്. ശരീരഭാഷയുടെ അവതരണത്തിൽ ഇവയുടെ സ്വാധീനം ശക്തവും പ്രധാനവുമാണ്.

ശരീരത്തിന്റെ പ്രകടമായ ഭാഷയും ശരീരത്തിന്റെ അസ്തിത്വസംബന്ധമായ ഭാഷയും ശരീരഭാഷയുടെ അവതരണ സമയങ്ങളിലെല്ലാം നിർണ്ണായകമായ സ്വാധീനം ചെലുത്തുന്നുണ്ട്.

## ശരീരവും ഭാഷയും

ശരീരവും ഭാഷയും തമ്മിലുള്ള സവിശേഷമായ യോഗമാണ്/ ചേർച്ചയാണ് ശരീരഭാഷയുടെ സൃഷ്ടിക്കാസ്പദം. ശരീരം

മൂർത്തരൂപത്തിലുള്ളതും ഭാഷ അമൂർത്ത കല്പനകളുടെ സങ്കേതാവസ്ഥയുമാണ്. മാധ്യമീകരിച്ച അവതരണത്തിലൂടെയാണ് ഭാഷ മൂർത്തമായ അവസ്ഥയിലെത്തുന്നത്. അല്ലെങ്കിൽ സങ്കല്പമായ ഭാഷ ഏതെങ്കിലുമൊരു മാധ്യമത്തിലൂടെ പ്രയോഗിക്കുന്ന തിലൂടെയാണ് യാഥാർത്ഥ്യമായി ഭവിക്കുന്നത്. മനുഷ്യശരീരമെന്നു പറയുമ്പോൾ വ്യക്തമായ ഒരു രൂപം ഉത്ഭൂതമാകുന്നു. ഭാഷ എന്നു പറയുമ്പോൾ അത് ഏത് മാധ്യമത്തോട് ചേർന്നു നിൽക്കുന്നു എന്നുകൂടി വ്യക്തമാക്കുന്നതോടെയാണ് അതിനു രൂപം ലഭിക്കുന്നത്. സംഭാഷണ ഭാഷ, ആംഗ്യഭാഷ, ചിത്രഭാഷ, ഇംഗ്ലീഷുഭാഷ, സൈബർഭാഷ, നാട്യഭാഷ എന്നെല്ലാം വ്യക്തമാക്കുമ്പോൾ ഭാഷ സാഹചര്യത്തി നനുസരിച്ച് ഏതു മാധ്യമത്തൊടൊപ്പം വരുന്നുവോ അതിന്റെ അർത്ഥമേഖലകളെയാണ് ഉത്പാദിപ്പിക്കുന്നത്/ പ്രദർശിപ്പിക്കുന്നത്.




ശരീരഭാഷ.

ശരീരത്തോടൊപ്പം ഭാഷ ചേരുന്നരീതി ശരീരഭാഷയുടെ അർത്ഥം രൂപീകരിക്കുന്നതിലും പ്രസക്തമാണ്. ഭാഷയെന്ന അമൂർത്ത കല്പനാവസ്ഥയ്ക്ക് മൂർത്തരൂപം പ്രദാനം ചെയ്യുന്ന മാധ്യമമായി ത്തീരുകയാണ് ശരീരം. കൃത്യമായി പറഞ്ഞാൽ

ശരീരഭാഷാവതരണത്തിലൂടെ സംഭവിക്കുന്നത് ഭാഷയുടെ മാധ്യമീകരണമാണ്. മാധ്യമം ശരീരമാണല്ലോ. അപ്പോൾ ശരീരത്തിന്റെ പ്രത്യേകതകൾ സാധ്യതകൾ തുടങ്ങിയവയെല്ലാം മാധ്യമീകരിച്ച ഭാഷാവതരണത്തിൽ പ്രസക്തമായി വരുന്ന വസ്തുതകളാണ്.

ആശയവിനിമയമെന്ന അത്ഭുത പ്രതിഭാസമാണ് മനുഷ്യ രാശിയുടെ നിലനിൽപിന്റെയും വളർച്ചയുടെയും ആധാരശില. ആശയവിനിമയത്തിന്റെ രീതിയും സ്വഭാവവും സാഹചര്യാനുസരണം പരിവർത്തനപ്പെടുന്നു എന്നേയുള്ളൂ.

മനുഷ്യന്റെ എല്ലാ പ്രവർത്തനങ്ങളിലും ശരീരം സാന്നിദ്ധ്യം ചെലുത്തുന്നു. ഈ സാന്നിദ്ധ്യം ഏതു പ്രവർത്തനവുമായി ഏതനുപാതത്തിൽ പ്രവർത്തിക്കുന്നു എന്നതിന്റെ അടിസ്ഥാന ത്തിലാണ് ശരീരഭാഷ രൂപപ്പെടുന്നത്. കാമമുള്ള ശരീരം, ക്രോധമുള്ള ശരീരം, പ്രണയമുള്ള ശരീരം, കോപമുള്ള ശരീരം, ഭയന്നു വിറച്ച ശരീരം, സാമൂഹ്യനിയമങ്ങൾ അനുസരിക്കുന്ന ശരീരം, ക്രൂരത പ്രവർത്തിക്കുന്ന ശരീരം, നഗ്നത പ്രദർശിപ്പിക്കുന്ന ശരീരം, സംഭോഗത്തിൽ ഏർപ്പെടുന്ന ശരീരം, പ്രാർത്ഥിക്കുന്ന ശരീരം, കളികളിൽ ഏർപ്പെടുന്ന ശരീരം, സർഗാത്മകമായ പ്രവർത്തനം നടത്തുന്ന ശരീരം എന്നെല്ലാം ശരീരം ചെയ്യുന്ന പ്രവൃത്തികളെ നിർണ്ണയിക്കുമ്പോൾ ശരീരത്തോടൊപ്പം ഭാഷയും വിവിധ രൂപങ്ങളിൽ പ്രവർത്തിക്കുന്നതായി കാണുവാൻ കഴിയും. യഥാർത്ഥത്തിലിവിടെ ഭാഷയുടെ സ്വഭാവത്തെ നിർണ്ണയിക്കുന്നത് ശരീരത്തിന്റെ പ്രവർത്തനങ്ങളാണ്. ശരീരവും ഭാഷയും തമ്മിലുള്ള സുദൃഢമായ യോഗം സംഭവിക്കുന്നതുകൊണ്ടാണ് ആശയവിനിമയം ഇവിടെ നടക്കുന്നത്.

ഒരു രേഖാചിത്രത്തിന്റെ സഹായത്തോടെ ശരീരവും ഭാഷയും സമന്വയിച്ച് പ്രവർത്തിക്കുന്നത് എങ്ങനെയെന്ന് സാമാന്യമായി വ്യക്തമാക്കാം. ശരീരമെന്ന് പറയുന്നത് നിയത ഭാഷയോടും സ്വഭാവത്തോടും കൂടിയ മൂർത്തമാദ്ധ്യമമാണ്. ജീവനും ബുദ്ധിയുമുള്ള ഈ മാദ്ധ്യമം സാഹചര്യാനുസരണം ഭാഷാവതരണം നിർവഹിക്കുന്നു. ഈ അവസരത്തിൽ ശരീരം പ്രവർത്തനനിരതമാകുകയും ഈ പ്രവർത്തനത്തിന് അർത്ഥവും വ്യാപ്തിയും നൽകുവാൻ പാകത്തിന് ഭാഷ ശരീരത്തോടൊപ്പം പ്രവർത്തിക്കുകയും ചെയ്യുന്നു. യഥാർത്ഥത്തിലിവിടെ ഏകകാലികമായി ശരീരത്തിന്റെയും ഭാഷയുടെയും പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. എന്നാൽ ആശയാവതരണ സമയത്ത് ഒന്നിൽ നിന്ന് മറ്റൊന്നിനെ വേർതിരിക്കാനാവില്ല.

ശരീരഭാഷാവതരണത്തിന്റെ ഏറ്റവും വലിയ സവിശേഷത

അതിന്റെ തുടർച്ചയാണ്. ഒരർത്ഥത്തിന്റെ തുടർച്ചയായി ആവശ്യാനുസരണം അർത്ഥങ്ങൾ സൃഷ്ടിക്കുന്നു. ഇനിയൊരു രീതിയിൽ പറഞ്ഞാൽ ആശയ ലോകത്തെ സൃഷ്ടിക്കുന്നത് ശരീരവും ഭാഷയും യോഗം ചേർന്ന അവസ്ഥയുടെ തുടർച്ചയായ പ്രവർത്തനമാണ്. ശരീരഭാഷ എപ്പോഴും സംഭവിക്കുന്നത് വർത്തമാനകാലത്തിലാണ്. ഒരു ആശയാവതരണ ത്തിന്റെ ഭാഗമായി ശരീരം തുടർച്ചയായി ഭാഷ സൃഷ്ടിച്ച് വിനിമയം ചെയ്യുമ്പോൾ ആ ആശയാവതരണവുമായി ബന്ധപ്പെട്ട് ഭൂതകാലത്തിൽ നടത്തിയ അർത്ഥാവതരണത്തെപ്പറ്റി വ്യക്തമായ ധാരണയിലൂടെയേ വർത്തമാനകാലാവതരണത്തെ പൂർണ്ണമായും ഗ്രഹിക്കാനാവൂ.അവത രിപ്പിക്കാൻ പോകുന്ന ഭാവികാലാവതരണം ഭൂതവർത്തമാനങ്ങളുടെ തുടർച്ചയാണെന്ന കാര്യവും ഓർമ്മിക്കേണ്ടതാണ്.

ശരീരത്തിന്റെ നിയതഭാഷയെ സൂചിപ്പിക്കുവാനായി ശരീരത്തിന്റെ രൂപചിത്രവും ഭാഷയെ സൂചിപ്പിക്കാനായി കല്പനാധിഷ്ഠിതമായ വൃത്തചിത്രവുമാണ് കൊടുത്തിരിക്കുന്നത്. ഇവ ഒരു സവിശേഷമായ അവസ്ഥയിൽ യോഗം ചേർന്നു പ്രവർത്തിക്കുമ്പോൾ ശരീരഭാഷ സൃഷ്ടിക്കപ്പെടുമെന്നു പറഞ്ഞിരുന്നല്ലോ. പ്രവർത്തന സമയത്ത് ശരീരവും ഭാഷയും നിശ്ചലാവസ്ഥയെ പൂർണമായും ഒഴിവാക്കി ചലനത്തിൽ അധിഷ്ഠിതമാണ്. ഈ ചലനത്തെ സൂചിപ്പിക്കുന്നതാണ് വൃത്തചിത്രത്തിനും ശരീരത്തിന്റെ രൂപ ചിത്രത്തിനും പുറത്തുകൂടി വലയം ചെയ്തു കൊടുത്തിരിക്കുന്ന ദിശാസൂചികൾ. ഏതു ശരീരം, ഏതു ഭാഷ, ഏതു സാഹചര്യത്തിൽ ഉപയോഗിക്കുന്നു എന്നതിൽ അധിഷ്ഠിതമാണ് ശരീരഭാഷയുടെ സ്വഭാവം. ശരീരത്തിന്റെ സ്വഭാവത്തിനും ഭാഷയുടെ സ്വഭാവത്തിനും അവതരിപ്പിക്കുന്ന രീതിക്കുമനുസരിച്ചാണ് നിയതാർത്ഥ വ്യാപ്തിയോടെ ശരീരഭാഷ സൃഷ്ടിക്കപ്പെടുന്നത്.

## പ്രയോഗഭേദങ്ങൾ

വൈയക്തിക സ്വഭാവവിശേഷതയോടു കൂടിയ ഓരോ വ്യക്തിയും സാമൂഹ്യക്രമത്തിന്റെ ഭാഗമായിത്തീരുന്നത് സാധാരണമാണ്. ഈയവസരത്തിൽ ഏറെയും സമൂഹത്തിന്റെ ഭാഗമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. യഥാർത്ഥത്തിലിവിടെ വൈയക്തിക ശരീരത്തെ സാമൂഹ്യാവസ്ഥയ്ക്കു ചേരുന്ന രീതിയിൽ പരിവർത്തന പ്പെടുത്തിയാണ് അവതരിപ്പിക്കുന്നത്/ പ്രത്യക്ഷമാക്കുന്നത്. ഇവിടെ സാമൂഹ്യക്രമത്തിൽ അധിഷ്ഠിതമായ ഭാഷയാണ് ശരീരം വിനിമയം ചെയ്യുന്നത്.

ഒരു വ്യക്തി മറ്റൊരു വ്യക്തിക്കു മുന്നിലൊ സമൂഹത്തിനു

മുന്നിലൊ പ്രത്യക്ഷനാകുന്നത് ശരീരം കൊണ്ടാണല്ലോ. വ്യക്തിയെ ഇതരവ്യക്തിയും സമൂഹവുമല്ലാം ദർശിക്കുന്നത് ശരീരത്തിലൂടെയാണ്. തുടർന്ന് ശരീരത്തിന്റെ പ്രവൃത്തികൾ സാഹചര്യാനുസരണവും ആവശ്യാനുസരണവും കാണുകയും അറിയുകയും ചെയ്യുന്നു. ഒരു വ്യക്തി ഇനിയൊരു വ്യക്തിയെ കാണുന്നതും അറിയുന്നതും സമൂഹത്തിലുള്ളവരെ കാണുന്നതും അറിയുന്നതും ശരീരംകൊണ്ടാണ്. ഇവിടെയെല്ലാം ശരീരങ്ങൾ വിനിമയം ചെയ്യുന്നതും കാണുന്നതുമായ ഭാഷകൾ മനുഷ്യബന്ധത്തിന്റെയും പ്രവർത്തനങ്ങളുടെയും മൂലമായിത്തീരുന്നു.

കാലികയുഗം ദൃശ്യമാധ്യമങ്ങളുടെ ശക്തമായ സ്വാധീനത്തിൽ അധിഷ്ഠിതമാണല്ലോ. ഈ ദൃശ്യമാധ്യമങ്ങളിൽ പ്രത്യക്ഷമാകുന്ന രൂപങ്ങളിൽ (Images) ഏറെയും മനുഷ്യരുടെ പ്രതിരൂപങ്ങൾ തന്നെയോ അവർ സൃഷ്ടിക്കുന്ന പ്രതിരൂപങ്ങളോ ആണ്. യഥാർത്ഥജീവിതത്തിലെ ശരീരഭാഷാവതരണത്തെ മാതൃകയാക്കിയെടുത്ത് അതിൽ അവതരണപരമായ സാധ്യതകളും കലാവതരണത്തിന്റെ രീതികളും സമന്വയിപ്പിച്ചാണ് ദൃശ്യമാധ്യമങ്ങളിലൂടെ അവതരിപ്പിക്കുന്നത്. യഥാർത്ഥത്തിൽ ഇവയെല്ലാം വ്യക്തമാക്കുന്നത് ശരീരഭാഷയുടെ പ്രസക്തിയും കാലിക സ്വഭാവവുമാണ്. കാലാനുസൃതമായി ശരീരഭാഷയും ശരീരഭാഷാവതരണവും വളരുകയൊ പരിവർത്തന വിധേയമാകുകയൊ ചെയ്യുന്നു. സവിശേഷമായ ഈ പരിണാമം ഭാഷയെന്ന നിലയിലുള്ള അതിന്റെ പ്രസക്തിയും വളർച്ചയുമാണ് വ്യക്തമാക്കുന്നത്.

# 2

# ശരീരഭാഷയുടെ വ്യാപ്തി

മനുഷ്യജീവിതം ആശയവിനിമയത്തിൽ അധിഷ്ഠിതമാണ്. വൈവിദ്ധ്യവും ചലനാത്മകതയുമുള്ള ഒരു പ്രവാഹമായി അത് കാലത്തിലൂടെ സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. ഓരോ കർമ്മങ്ങൾ അനുഷ്ഠിക്കുമ്പോഴും ആചാരങ്ങൾ നിർവഹിക്കുമ്പോഴും സാഹചര്യങ്ങളോട് പ്രതികരിക്കുമ്പോഴുമെല്ലാം ശരീരം ഭാഷ സൃഷ്ടിക്കുന്ന ഒരു മാധ്യമമായിത്തീരുന്നു. സാഹചര്യാനുസരണം ഭാഷകൾ സൃഷ്ടിക്കുകയും വിനിമയം ചെയ്യുകയും ചെയ്യുന്ന ശരീരം ബഹുഭാഷകൾ സൃഷ്ടിച്ച് വിനിമയം ചെയ്യുന്ന മാധ്യമമാണ്.

ഭാഷകളുടെ അവതരണപക്ഷത്ത് അഥവാ ആഖ്യാനപക്ഷത്ത് ശരീരം പ്രദർശനവസ്തു അഥവാ അവതരണവസ്തുവാകുന്നു. സ്വീകരണപക്ഷത്ത് കാഴ്ചവസ്തു അഥവാ ആസ്വാദനം നിർവഹിക്കുന്ന വസ്തുവാകുന്നു. അവതരണപക്ഷത്തുനിന്നും നിയതമായ ആർത്ഥിക വിസ്തൃതിയോടെ ആസ്വാദന പക്ഷത്തെത്തുന്നതോടെയാണ് ഏതൊരു ഭാഷയും പൂർണ്ണമാകുന്നത്. ഭാഷകൾ സൃഷ്ടിക്കുവാൻ അപരിമേയമായ കഴിവുള്ള ശരീരത്തെ ഒരു ഭാഷ കല്പന വസ്തുവായി കല്പിക്കുന്നു. ഭാഷകൾ മനസിലാക്കുവാനും വ്യാഖ്യാനിക്കുവാനും കഴിയുന്ന ശരീരത്തെ ഭാഷാവ്യാഖ്യാന വസ്തുവായി പരിഗണിക്കുന്നു.

സ്വയം ഭാഷകൾ സൃഷ്ടിക്കുവാനും മറ്റുള്ളവർ സൃഷ്ടിക്കുന്ന ഭാഷകൾ മനസിലാക്കുവാനും കഴിയുന്ന ബുദ്ധിയുള്ള ശരീരമാണ്. ശരീരഭാഷാ പഠനത്തെ സംബന്ധിച്ച് പ്രസക്തമാകുന്നത്. ഇവിടെ ശരീരവും ബുദ്ധിയും സമന്വയ സ്വഭാവത്തോടെയാണ് പ്രവർത്തിക്കുന്നത്. ഒന്നിൽ നിന്ന് മറ്റൊന്നിനെ മാറ്റി നിറുത്തിയാൽ ഇവയുടെ പ്രസക്തിതന്നെ അപ്രത്യക്ഷമാകുന്നു.

## ശരീരവും ബുദ്ധിയും

നിയതമായ മനുഷ്യ ബുദ്ധി യുക്തിയിൽ അധിഷ്ഠിതമാണ്.

വ്യക്തിയുടെ ബുദ്ധിയെന്നു പറയുന്നത് അമൂർത്തമാണ്. സാഹചര്യാനുസരണം വ്യക്തി സംവദിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നതിന്റെ അടിസ്ഥാനത്തിലാണ് ബുദ്ധിയുടെ തോതിനെപ്പറ്റിയുള്ള ധാരണ വെളിവായി വരുന്നത്. യഥാർത്ഥത്തിൽ ബുദ്ധിയുടെ പ്രകാശനം സാധ്യമാകുന്നത് ശരീരത്തിന്റെ പ്രവർത്തനങ്ങളിൽനിന്നു കൂടിയാണ്. ബുദ്ധിയുള്ള ശരീരത്തിന്റെ യുക്തിപൂർവ്വമായ പ്രവർത്തനമാണ് ബോധപൂർവ്വകമുള്ള ഏറെ ശാരീരിക പ്രവർത്തനങ്ങളിലും സംഭവിക്കുന്നത്.

മനുഷ്യർ മനുഷ്യരെ ശരീരം കൊണ്ട് കാണുകയും ബുദ്ധികൊണ്ട് അറിയുകയുമാണ് ചെയ്യുന്നത്. ഒരു വ്യക്തിയുടെ ശരീരത്തിൽ നിന്ന് മറ്റൊരു വ്യക്തിയുടെ ശരീരം രൂപത്തിലും ഛായയിലും മറ്റും ഭിന്നമായിരിക്കുന്നതുപോലെ തന്നെ ഒരു വ്യക്തിയുടെ ബുദ്ധിയിൽ നിന്ന് മറ്റൊരു വ്യക്തിയുടെ ബുദ്ധിയും ഭിന്നമായിരിക്കും. ശാരീരികവും ബൗദ്ധികവുമായ ഈ ഭിന്നത ശരീരംകൊണ്ട് സൃഷ്ടിക്കുന്ന ഭാഷാവതരണത്തെയും സ്വാധീനിക്കുന്നു. ഈ സ്വാധീനത്തിന്റെ തോത് വ്യക്തികൾ അവതരിപ്പിക്കുന്ന ശരീരഭാഷകളുടെ നിരീക്ഷണ പഠനങ്ങളിൽനിന്നേ പൂർണ്ണമായും മനസ്സിലാകുകയുള്ളൂ.

**ബുദ്ധിയുടെ വിപുലമായ മേഖലകൾ**

ബുദ്ധിയുടെ പ്രവർത്തനം സാഹചര്യാനുസരണമാണ്. സാഹചര്യാനുസരണം പ്രയോഗിക്കുന്ന ബുദ്ധിയെ ആ അവസ്ഥാന്തരീക്ഷവുമായി ബന്ധപ്പെടുത്തിയാണ് നിർണ്ണയ വിധേയമാക്കുന്നത്. ഈ നിർണ്ണയത്തിനനുസരിച്ച് ബുദ്ധിക്ക് സവിശേഷമായ വിശേഷണങ്ങൾ ചേർത്താണ് വ്യവഹരിക്കുന്നത്. വൈകാരിക ബുദ്ധി, വിവേചനബുദ്ധി, വിശകലനബുദ്ധി, താത്ത്വികബുദ്ധി, താർക്കികബുദ്ധി, ശാസ്ത്രീയബുദ്ധി, നീതിനിഷ്ഠമായ ബുദ്ധി, ക്രിമിനൽ ബുദ്ധി, വക്രബുദ്ധി, മനശ്ശാസ്ത്രപരമായ ബുദ്ധി എന്നിങ്ങനെയെല്ലാം ബുദ്ധിയെ വേർതിരിച്ച് നിർണ്ണയിക്കുന്നത് സാധാരണമാണ്. യഥാർത്ഥത്തിൽ ഈ ബുദ്ധികൾ സാഹചര്യാനുസരണം പ്രയോഗിക്കുന്നതിലൂടെയാണ് അവ പ്രസക്തമായിത്തീരുന്നത്. ശരീരത്തിന്റെ പ്രവർത്തനത്തിലൂടെയാണ് ബുദ്ധിയുടെ സാന്നിദ്ധ്യത്തെപ്പറ്റി മനസിലാകുന്നത്. ഒരു വ്യക്തിതന്നെ ഇതുപോലെയുള്ള ഏറെ ബുദ്ധികൾ സാഹചര്യാനുസരണം പ്രയോഗിക്കുന്നത് സാധാരണമാണ്.

## പരിവർത്തനവിധേയമാകുന്ന ബുദ്ധി

മനുഷ്യശരീരത്തിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്ന ബുദ്ധി സാഹചര്യാനുസരണം പരിവർത്തന വിധേയമാകുന്ന ഒന്നാണ്. ശരീരത്തിന്റെ അനുഭവജ്ഞാനം നേടിയുള്ള വളർച്ചയ്ക്കൊപ്പം ബുദ്ധിയുടെ വളർച്ചയും സംഭവിക്കുന്നു എന്നു പറയുമ്പോൾ ശരീരത്തോടൊപ്പം ബുദ്ധിയുടെ വളർച്ചയും നടക്കുന്നെന്നു വ്യക്തമാകുന്നു. ശരീരത്തിനു വാർദ്ധക്യം സംഭവിക്കുന്നതിനൊപ്പം ബുദ്ധിക്കും വാർദ്ധക്യം സംഭവിക്കുന്നെന്നു പറയുമ്പോൾ കാണുവാൻ കഴിയാത്ത ബുദ്ധിയെന്ന സാന്നിദ്ധ്യത്തിനും പരിവർത്തനം സംഭവിക്കുന്നു. പുരുഷന്റെ ബുദ്ധി, സ്ത്രീയുടെ ബുദ്ധി എന്നു ബുദ്ധിയെ നിർണ്ണയിക്കുമ്പോൾ വ്യക്തമാകുന്നത് ബുദ്ധിയിലെ ലിംഗവ്യത്യാസമാണ്. ബുദ്ധിക്ക് സംഘപരമായ പ്രവർത്തന സ്വഭാവമുണ്ട് . ഒരു സമൂഹത്തിൽ ജീവിക്കുന്നവർ ആ സമൂഹത്തിന്റെ ആചാരമര്യാദകൾക്കും നിയമത്തിനുമനുസരിച്ച് പ്രവർത്തിക്കുകയും ജീവിക്കുകയും ചെയ്യുന്നതിനാധാരം ബുദ്ധിയെ ക്രമീകരിച്ചവതരിപ്പിക്കുന്നതാണ്.

സാഹചര്യങ്ങൾ വിലയിരുത്തുവാനും മനസിലാക്കുവാനും മനുഷ്യന് അപാരമായ കഴിവാണുള്ളത്. ഈ സാഹചര്യങ്ങൾക്കനുയോജ്യമായ രീതിയിൽ പ്രവർത്തികൾ ക്രമീകരിക്കുന്നത് ബുദ്ധിയുടെ സാന്നിധ്യം കൊണ്ടുതന്നെയാണ്. ഭാഷ, വിശകലനം, കണക്ക്, സ്വഭാവം, ശാസ്ത്രം, അന്തരീക്ഷം, ജ്ഞാനമേഖല തുടങ്ങിയവയെല്ലാം സാഹചര്യാനുസരണം വിനിയോഗിക്കുന്നതിൽ ബുദ്ധിക്കുള്ള പങ്ക് നിർണ്ണായകമാണ്. സാഹചര്യാനുസരണം യുക്തിപൂർവ്വം പരിവർത്തന വിധേയമായി പ്രവർത്തിക്കുന്ന ബുദ്ധി ശരീരത്തിന്റെ പ്രവർത്തനങ്ങളെയും ആശയവിനിമയ രീതികളെയും അതിശക്തമായി സ്വാധീനിക്കുന്നു.

## സഞ്ചാരസ്വഭാവമുള്ള ബുദ്ധി

ചലനം ജീവാവസ്ഥയുടെ അല്ലെങ്കിൽ വളർച്ചയുടെ സാന്നിദ്ധ്യമാണ് വ്യക്തമാക്കുന്നത്. മനുഷ്യ ബുദ്ധിയുടെ സഞ്ചാരം കാലത്തിൽ അധിഷ്ഠിതമാണ്. ഓരോ മനുഷ്യനും ജീവിക്കുന്നത് വർത്തമാനകാലത്താണ്. ഭൂതകാലത്തിൽനിന്നും ആർജിച്ചെടുത്ത അറിവ്,അനുഭവം തുടങ്ങിയവയെല്ലാം വർത്തമാനകാല പ്രവർത്തനങ്ങളെ സ്വാധീനിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു. വർത്തമാനകാലത്തിൽ ജീവിക്കുന്ന ഓരോ മനുഷ്യനും ഭാവികാലത്തിലേക്ക് സാഹചര്യാനുസരണം കടന്നുചെന്ന് ജീവിക്കുവാനും പ്രവർത്തിക്കുവാനുമുള്ള

തയ്യാറെടുപ്പിൽ അധിഷ്ഠിതമായ ചിന്തകൾ നടത്തുകയും, പ്രവർത്തനങ്ങൾ ചെയ്യുകയും ചെയ്യുന്നു. അരിസ്റ്റോട്ടിലും, പ്ലേറ്റോയും, ബുദ്ധനുംമെല്ലാം പറഞ്ഞതത്ത്വങ്ങൾ ഇന്നും മനുഷ്യ സമൂഹം അറിയുന്നു. അതിനെ പഠന-വിശകലനങ്ങൾക്ക് സാഹചര്യാനുസരണം വിധേയമാക്കുകയും ചെയ്യുന്നു. യഥാർത്ഥത്തിൽ അവരുടെ ബൗദ്ധിക സാന്നിദ്ധ്യമുള്ള തത്ത്വങ്ങൾ കാലങ്ങളിലൂടെ സഞ്ചരിച്ച് എത്തിയതാണെന്നു പറയുന്നതാണ് ശരി. ഇന്നലകളെപ്പറ്റിയുള്ള പഠനം ഇന്നു നിർവ്വഹിക്കുന്നത് നാളെകളെ സ്വപ്നം കണ്ടുകൊണ്ടാണ്. യഥാർത്ഥത്തിലിവിടെ മനുഷ്യബുദ്ധി ത്രികാലങ്ങളിൽ സഞ്ചരിക്കുക യാണു ചെയ്യുന്നത്. മനുഷ്യന്റെ സവിശേഷമായ ഈ നിരീക്ഷണ മനോഭാവം ശരീരത്തിന്റെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിൽ സ്വാധീനം ചെലുത്തുന്നു.

ബുദ്ധിയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ചിന്ത, ഭാവന,വിശകലനം,സർഗാത്മകത തുടങ്ങിയവയെല്ലാം ചലനത്തിൽ അധിഷ്ഠിതമാണ്. യഥാർത്ഥത്തിൽ ഇവയുടെ പ്രവർത്തനങ്ങൾ മനുഷ്യന്റെ പ്രവർത്തനങ്ങളെ ചിട്ടപ്പെടുത്തുന്നതിലും ക്രമീകരിക്കുന്നതിലും നിർണ്ണായകമായ സ്വാധീനമാണ് ചെലുത്തുന്നത്. ഒരു പ്രവൃത്തി തുടർച്ചയായി നടന്നുകൊണ്ടിരിക്കുമ്പോൾ അതിനെ നിയന്ത്രിക്കുന്ന സാന്നിദ്ധ്യമായി ബുദ്ധിയും പ്രവർത്തിക്കുന്നുണ്ട്. ബുദ്ധിയുടെ ഈ സാന്നിദ്ധ്യം ശരീരത്തിന്റെ ചലനാദി പ്രവർത്തനങ്ങളെയും ശരീരം സൃഷ്ടിക്കുന്ന ഭാഷകളെയുമെല്ലാം ശക്തമായിത്തന്നെ സ്വാധീനിക്കുന്നു.

## ശരീരം ഭാഷസൃഷ്ടിക്കുന്ന മേഖലകൾ

മനുഷ്യജന്മത്തിന്റെ അസ്തിത്വം കർമ്മങ്ങൾ ചെയ്യുന്നതിൽ അധിഷ്ഠിതമാണ്., മനുഷ്യന്റെ എല്ലാ പ്രവൃർത്തികളിലും തന്നെ ശരീരം മാധ്യമവും സാന്നിദ്ധ്യവുമായിത്തീരുന്നു. ഈ അവസരങ്ങളിലെല്ലാം ശരീരം അതിന്റെ ഭാഷകൾ സൃഷ്ടിക്കുവാനും വിനിമയം ചെയ്യുവാനും അതുപോലെ ഭാഷകൾ മനസ്സിലാക്കുവാനും സാഹചര്യാനുസരണം വിശകലനം ചെയ്യുവാനും ബാധ്യസ്ഥമായിത്തീരുന്നു.

ഒരു സാധാരണ മനുഷ്യന്റെ ജീവിതത്തിലെ ഏറെ പ്രവൃത്തികളും ആവർത്തിക്കപ്പെടുന്നതാണ്. പ്രത്യേകിച്ച് ജീവിതത്തെ ചിട്ടപ്പെടുത്തിയെടുത്തവരുടെ. ഈ പശ്ചാത്തലത്തിൽനിന്ന് അവർ ചെയ്യുന്ന പ്രവൃത്തികളെ വിശകലനം ചെയ്താൽ ശരീരം സാഹചര്യാനുസരണം ഭാഷ സൃഷ്ടിക്കുന്നതിന്റെ സ്വഭാവം വ്യക്തമാകും. പ്രഭാതത്തിൽ കിടക്കയിൽനിന്നും ഉണരുന്നത്, ബാത്ത്റൂമിൽ പോകുന്നത്, വസ്ത്രം അഴിക്കുകയും പുതിയത്

ധരിക്കുകയും ചെയ്യുന്നത്, ദിനപത്രം വായിക്കുന്നത്, ടെലിവിഷനിലെ വാർത്താപത്രിക കാണുന്നത്. വ്യായാമം ചെയ്യുന്നത്, ഭക്ഷണം കഴിക്കുന്നത് എല്ലാം ദിവസവും ആവർത്തിക്കുന്ന പ്രവൃത്തികളാണ്. ഈ പ്രവൃത്തികൾ ചെയ്യുമ്പോഴെല്ലാം ശരീരത്തിന്റെ സാന്നിദ്ധ്യവും പ്രവർത്തനരീതിയും ഓരോ രീതിയിലായിരിക്കും. ഒരാൾ ചെയ്യുന്ന ഈ പ്രവൃത്തി ഇനിയൊരാളോ മറ്റുള്ളവരോ ദർശിക്കുമ്പോൾ തന്നെ അവർക്ക് അർത്ഥം വ്യക്തമാകുന്നു. ഈ അർത്ഥഗ്രഹണത്തിനാസ്പദം ക്രിയയുമായി ബന്ധപ്പെട്ടുള്ള ശരീരത്തിന്റെ പ്രവർത്തനവും തൽഫലമായി സൃഷ്ടിച്ച് വിനിമയം ചെയ്യുന്ന ഭാഷയുമാണ്.

**ബന്ധപ്പെടുന്നതിന്റെ അവസ്ഥ**

മനുഷ്യർ കുടുംബമായിട്ടാണല്ലോ താമസിക്കുന്നത്. താമസിക്കുന്നത് എവിടെവേണമെങ്കിലുമാകാം. ഈ താമസസ്ഥലത്തിന്റെ സ്വഭാവവും ഘടനയും അവിടെ താമസിക്കുന്നവരുടെ പ്രവർത്തനങ്ങളെ ചിട്ടപ്പെടുത്തുന്നു. മുറികളുടെ ആകൃതി, അതിലെ വസ്തുക്കൾ ചിട്ടപ്പെടുത്തുന്ന രീതി, ഭക്ഷണമുറിയുടെ സ്വഭാവം, അടുക്കളയുടെ ചിട്ടപ്പെടുത്തൽ, ബാത്ത്റൂമിന്റെ സൗകര്യങ്ങൾ തുടങ്ങിയവയെല്ലാം അവിടെ താമസിക്കുന്നവരുടെ പ്രവർത്തനങ്ങളെ സ്വാധീനിക്കുന്നവയാണ്.

ഭാര്യ, ഭർത്താവ്, രണ്ടുകുട്ടികൾ എന്ന് ഒരു കുടുംബത്തെ സാമാന്യമായി കല്പിക്കാം. ഭാര്യയ്ക്ക് ഭർത്താവിന്റെയും കുട്ടികളുടെയും ഇഷ്ടാനിഷ്ടങ്ങൾ സാഹചര്യാനുസരണം മനസിലാക്കുവാൻ കഴിയുന്നു. അതുപോലെതന്നെ ഭർത്താവിന് ഭാര്യയുടെയും കുട്ടികളുടെയും ഇഷ്ടാനിഷ്ടങ്ങളും കുട്ടികൾക്ക് മാതാപിതാക്കളുടെ ഇഷ്ടാനിഷ്ടങ്ങളും മനസിലാക്കുവാൻ കഴിയും. പരസ്പരമുള്ള ഈ മനസ്സിലാക്കൽ അവരുടെ പ്രവൃത്തികളെ നിർണ്ണയിക്കുന്ന ഘടകമാണ്. യഥാർത്ഥത്തിൽ ഈ പരസ്പരം മനസ്സിലാക്കലിനും അതിനനുസരിച്ചുള്ള പ്രവർത്തനത്തിനും കാരണഭൂതമാകുന്നത് ശരീരമാണ്. ഒരാളുടെ ശരീരത്തിന്റെ അവസ്ഥ, ഭാവം, ചലനം, പ്രവൃത്തി, തുടങ്ങിയവയിൽ നിന്നുമാണ് മറ്റുള്ളവർ ആ വ്യക്തിയുടെ ഇഷ്ടാനിഷ്ടങ്ങൾ അറിയുന്നത്.

കുടുംബത്തിലെ വ്യക്തികൾ തമ്മിലുള്ള ബന്ധത്തെ നിലനിറുത്തുന്നതിലും നിർണ്ണയിക്കുന്നതിലും ശരീരത്തിന്റെ സ്ഥാനം അതിപ്രധാനമാണ്. ഭാര്യയും ഭർത്താവും ശരീരം കൊണ്ട് വിനിമയം ചെയ്യുന്ന ഏറെ ആശയങ്ങളും പ്രവൃത്തികളും അവരെമാത്രം സംബന്ധിക്കുന്നതാണ്. അച്ഛൻ കുട്ടികളോട് ബന്ധപ്പെടുന്നതിനും സംസാരിക്കുന്നതിനുമെല്ലാം ഒരു രീതിയുണ്ട്. അമ്മ കുട്ടികളോട്

പെരുമാറുന്നതും സംസാരിക്കുന്നതും മറ്റൊരു രീതിയിലായിരിക്കും. കുട്ടികൾ തമ്മിൽ തമ്മിൽ ബന്ധപ്പെടുന്നതും സംസാരിക്കുന്നതും ഒരു രീതിയിലാണെങ്കിൽ, അവർ മാതാപിതാക്കളോട് പെരുമാറുന്നതും സംസാരിക്കുന്നതും വേറൊരു രീതിയിലാണ്. യഥാർത്ഥത്തിൽ ഈ ബന്ധത്തിൽ സാമൂഹ്യക്രമത്തിൽ അധിഷ്ഠിതമായ വൈയക്തികാവസ്ഥകളാണുള്ളത്. ഇവിടെയെല്ലാം സാഹചര്യാ നുസരണം ശരീരം ചെലുത്തുന്ന സ്വാധീനവും ആശയവിനിമയ രീതികളുമാണ് പ്രസക്തമാകുന്നത്. കുടുംബം എന്നു പറയുന്ന ഒരന്തരീക്ഷത്തിൽ ശരീരം നിർവഹിക്കുന്ന ആശയ വിനിമയത്തിന്റെ പൊതുസ്വഭാവമായി ഇതിനെ പരിഗണിച്ചാൽ മതി.

ഓരോ കുടുംബത്തിന്റെയും അന്തരീക്ഷം വ്യത്യസ്തമായിരിക്കും. അവിടെ താമസിക്കുന്നവരുടെ ശരീരപ്രകൃതിയും ചിന്താരീതികളും പ്രവർത്തനരീതികളും ഓരോന്നായിരിക്കും. യഥാർത്ഥത്തിൽ ഇവയെല്ലാം അവരുടെ ശരീരം സൃഷ്ടിച്ച് വിനിമയം ചെയ്യുന്ന ഭാഷകളെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്.

**പൊതുസ്ഥലം**

ഓരോ മനുഷ്യനും സമൂഹത്തിന്റെ കൂടി ഭാഗമാണ്. ഏറെ ആൾക്കാർ ഒത്തുകൂടുന്ന സ്ഥലത്തെയാണ് പൊതുസ്ഥലമെന്നു വ്യവഹരിക്കുന്നത്. പൊതുസ്ഥലത്തിന്റെ സ്വഭാവവും പ്രത്യേകതയും അവിടെയെത്തുന്നവരുടെ മനോഭാവത്തെ സ്വാധീനിക്കുന്ന ഘടകമാണ്. ഒരാൾ ആരാധനാലയത്തിൽ എത്തുന്ന മനോഭാവത്തോടെ ആയിരിക്കില്ല ബീച്ചിലും മദ്യശാലയിലുമെത്തുന്നത്. ആശുപത്രിയിൽ എത്തുന്ന ലക്ഷ്യത്തോടെ ആയിരിക്കില്ല ഹോട്ടലിലും, സിനിമാശാലയിലുമെത്തുന്നത്. ഈ മനോഭാവം പ്രവൃത്തികളെയും സ്വഭാവത്തെയും ശക്തമായി സ്വാധീനിക്കുന്ന ഘടകമാണ്. വസ്ത്രധാരണത്തിൽ തന്നെ ഓരോ സ്ഥലവുമായി ബന്ധപ്പെടുന്നതിന്റെ സ്വാധീനം പ്രാഥമികമായി ദർശിക്കാവുന്നതാണ്. ഒരാൾ ജോലിസ്ഥലത്തേക്ക് പോകുമ്പോൾ അവിടുത്തെ യൂണിഫോമണിഞ്ഞാണ് പോകുന്നത്. ഇത് പോകുന്ന സ്ഥലത്തെയും ജോലിയേയും നിർണ്ണയിക്കുവാൻ കഴിയുന്ന ബാഹ്യസൂചനയാണ്. ആരാധനാലയത്തിൽ ഭക്തിയോടെ പോകുന്നവർ അടക്കവും ഒതുക്കവുമുണ്ടെന്നു പറയുന്ന രീതിയിലായിരിക്കും വസ്ത്രം ധരിക്കുന്നത്. എന്നാൽ സിനിമാശാലയിലൊ നൃത്തശാലയിലൊ പോകുമ്പോൾ ഈ അടക്കവും ഒതുക്കവും പൊതുവെ വസ്ത്രധാരണത്തിൽ ഉണ്ടാവില്ല. പെരുമാറ്റരീതി, സംഭാഷണരീതി, മനോഭാവം തുടങ്ങിയവ ആരാധനാലയത്തിലും മദ്യശാലയിലും ഭിന്നമായിരിക്കും. ഒരു വ്യക്തി ഈ സ്ഥലങ്ങളിൽ ബന്ധപ്പെടുന്നതിന്റെ അവസ്ഥയ്ക്കും സാഹചര്യാനുസരണമുള്ള വ്യത്യാസമുണ്ട്.

ബസ്സ്റ്റോപ്പ്, സിനിമാശാല, നൃത്തശാല, ഹോട്ടൽ, മദ്യശാല, ചൂതാട്ട സ്ഥലം, രാഷ്ട്രീയപാർട്ടിയുടെ യോഗം നടക്കുന്ന സ്ഥലം, മതപ്രഭാഷണകേന്ദ്രങ്ങൾ, ചന്ത, സർക്കാർ ആശുപത്രി, മൃഗശാല, ഏറെസന്ദർശകരെത്തുന്ന കടൽത്തീരം, റെയിൽവേസ്റ്റേഷൻ, തുടങ്ങിയ സ്ഥലങ്ങളിലെല്ലാമെത്തുന്നത് പലതരക്കാരും സ്വഭാവക്കാരും ആവശ്യക്കാരുമായ മനുഷ്യരാണ്. ഇവിടെയെത്തുന്നവരുടെ വസ്ത്രധാരണരീതി, പ്രവർത്തനങ്ങൾ, സംഭാഷണരീതി, ബന്ധപ്പെടുന്ന ആളുകൾ ബന്ധപ്പെടുന്നതിന്റെയുംആശയവിനിമയം നടത്തുന്നതിന്റെയും രീതി, ഇവയെല്ലാം സാമാന്യമായി നിരീക്ഷിച്ചാൽ അവരുടെ ആഗമനോദ്ദേശ്യവും സ്വഭാവവും ഏറെക്കുറെ മനസ്സിലാക്കാൻ കഴിയും. യഥാർത്ഥത്തിലിവിടെ വ്യക്തിയുടെ അവസ്ഥയും പെരുമാറ്റവുമെല്ലാം ഭാഷാസൃഷ്ടിയുടെ ഭാഗമാവുകയാണു ചെയ്യുന്നത്. അവർ ചെയ്യുന്നതും സാമീപ്യം പുലർത്തുന്നതുമായ പ്രവൃത്തിയുമായി ബന്ധപ്പെട്ടാണ് ഭാഷ സൃഷ്ടിക്കുന്നതെന്നു മാത്രം.

## ശരീരഭാഷയുടെ സംഘസ്വഭാവം

സംഘംചേരുന്ന മനുഷ്യരുടെ ശരീരഭാഷയ്ക്കും സംഘസ്വഭാവമുണ്ട്. ഒരു വ്യക്തി ഒരു പൊതുചടങ്ങിൽ പങ്കെടുക്കുമ്പോൾ ആ വ്യക്തിയുടെ മനസ്സെന്നതു പരിവർത്തനപ്പെട്ട് ആ പൊതു ചടങ്ങിൽ പങ്കെടുക്കുന്നവരുടെ പൊതുമനസ്സെന്ന അവസ്ഥയിലെത്തുന്നു. ഉദാഹരണമായി ഒരു പ്രഭാഷണം കേൾക്കുന്ന അവസ്ഥ പരിഗണിക്കാം. ഇവിടെ ശ്രോതാക്കൾ എല്ലാം പ്രഭാഷകനെ ശ്രദ്ധിക്കുന്നു. പ്രഭാഷകൻ വിശദീകരിക്കുന്ന ആശയലോകത്തേയ്ക്ക് ശ്രോതാക്കളുടെയെല്ലാം ബുദ്ധിയും ഭാവനയും സഞ്ചരിച്ച് എത്തിക്കൊണ്ടിരിക്കുന്നു. ഇതിനൊപ്പം തന്നെ പ്രഭാഷകന്റെ രൂപഭാവങ്ങളും ചേഷ്ടാവിശേഷങ്ങളും കാണുന്നുമുണ്ട്. ഇവിടെ ശ്രോതാക്കളെ ശ്രദ്ധിച്ചാൽ അവരുടെ പ്രവർത്തനങ്ങൾ നിർണ്ണയിച്ചാൽ ഒരു പൊതു സ്വഭാവം മനസിലാകും. പ്രഭാഷണം കേൾക്കുന്നു എന്ന പൊതുസ്വഭാവം പ്രാഥമികമായി മനസിലാകുന്നത് അവരുടെയെല്ലാം ശരീരത്തിന്റെ അവസ്ഥയെ വിലയിരുത്തിയാണ്. മറ്റൊരുദാഹരണം പറയാം. ഒരു സദ്യ നടക്കുന്നു. അതിൽ പങ്കെടുക്കുന്നവരെല്ലാം ഭക്ഷണം കഴിക്കുന്നു. ഇവിടെ മനുഷ്യർ ഇതര പ്രവർത്തനങ്ങളെല്ലാം മാറ്റി നിറുത്തി സദ്യയെന്ന സംഘസ്വഭാവമുള്ള പ്രവർത്തനത്തിൽ ഏർപ്പെടുകയാണ്. ഒരു പോലീസ് പരേഡ് ഗ്രൗണ്ടിലേക്കു ചെന്നാൽ ഒരേ യൂണിഫോമണിഞ്ഞ് ഒരേ രീതിയിലുള്ള ചലനത്തോടെ മാർച്ച് പരിശീലിക്കുന്നവരെ കാണാം. യഥാർത്ഥത്തിൽ ഇവിടെയും സംഘസ്വഭാവത്തിൽ അധിഷ്ഠിതമായ ശരീര ഭാഷയാണ് സാഹചര്യാനുസരണം ദർശിക്കാൻ കഴിയുന്നത്.

മനുഷ്യർ സംഘംചേർന്ന് നിൽക്കുന്ന ഒരു ബസ്സ്റ്റോപ്പെടുക്കാം. ബസ് കാത്തുനിൽക്കുന്ന ഓരോരുത്തരും ഓരോ സ്ഥലത്തേക്ക് ഓരോ ആവശ്യങ്ങൾക്കായി പോകുന്നവരാണ്. അവിടെ സ്ത്രീകളും പുരുഷന്മാരും കുട്ടികളും വൃദ്ധന്മാരുമെല്ലാമുണ്ട്. ഓരോരുത്തരുടെയും സ്വഭാവരീതിയും വസ്ത്രധാരണവുമെല്ലാം കാഴ്ചയിൽത്തന്നെ വ്യത്യസ്തത പുലർത്തുന്നു. എങ്കിലും ഈ സംഘംചേരുന്ന സ്ഥലത്തുള്ളവരുടെ പൊതുവായ പെരുമാറ്റത്തിനും പ്രവർത്തനത്തിനും ഒരു പൊതു സ്വഭാവമുണ്ട്. സഹജീവികൾക്കു മുന്നിൽ പ്രത്യക്ഷമാകുന്നതിന്റെ അടിസ്ഥാനത്തിലുള്ള പൊതുസ്വഭാവം. മറ്റുള്ളവർ തന്നെ എങ്ങനെ കാണുന്നു, വിലയിരുത്തുന്നു എന്നതിനെപ്പറ്റി വ്യക്തി ബോധവാനാണ്. അതുപോലെ തന്നെ മറ്റുള്ളവരെ കാണുകയും ശ്രദ്ധിക്കുകയും ചെയ്യുന്നത് സ്വാഭാവികവുമാണ്. ഈ സവിശേഷമായ അന്തരീക്ഷത്തിന് അനുയോജ്യമായ പ്രവൃത്തികളും സംഭാഷണങ്ങളും വസ്ത്രധാരണവുമെല്ലാമായിരിക്കും ഓരോരുത്തരും സ്വീകരിക്കുന്നത്. യഥാർത്ഥത്തിലിത് സംഘംചേരലിനെ അംഗീകരിക്കുന്നതോ അതിന്റെ ഭാഗമാകുന്നതോ ആയ ശരീരഭാഷാവതരണമാണ് നടത്തുന്നത്.

**ആവർത്തിക്കപ്പെടുന്ന സംഘസ്വഭാവമുള്ള ചടങ്ങുകൾ**

ആവർത്തിക്കപ്പെടുന്ന ചടങ്ങുകൾ മനുഷ്യ ജീവിതത്തിൽ ഏറെയാണ്. മതപരമായ ചടങ്ങുകൾ, വിവാഹചടങ്ങുകൾ, മരണാനന്തരം നടത്തുന്ന ചടങ്ങുകൾ, കലകളുടെ ആസ്വാദനം, നിത്യജീവിതത്തിലെ തൊഴിലുകളുമായി ബന്ധപ്പെട്ട അവസ്ഥ തുടങ്ങിയവയെല്ലാം ആവർത്തിക്കപ്പെടുന്നതും സംഘസ്വഭാവ മുള്ളതുമായ ചടങ്ങുകളാണ്. ചടങ്ങിന്റെ സ്വഭാവം, അതിൽ സംബന്ധിക്കുന്ന വ്യക്തിയുടെ സ്വഭാവവും ആ ചടങ്ങിൽ നിർണ്ണയിച്ചിരിക്കുന്ന സ്ഥാനവുമെല്ലാം ശരീരംകൊണ്ട് ഭാഷ സൃഷ്ടിക്കുന്ന അവസ്ഥകളെ ശക്തമായി സ്വാധീനിക്കുന്നവയാണ്.

ഒരു വിവാഹം. അതിലെ പ്രധാന സ്ഥാനം അലങ്കരിക്കുന്നവർ വധൂവരന്മാരാണ്. കാർമികനും അനുബന്ധിത പ്രവൃത്തികൾ ചെയ്യുന്നവരും നിശ്ചിതമായ കർമ്മങ്ങൾ അനുഷ്ഠിക്കുന്നവരാണ്. വധൂവരന്മാരുടെ ബന്ധുക്കൾ, സുഹൃത്തുക്കൾ, ഇതരക്ഷണിതാക്കൾ തുടങ്ങിയവർ ഓരോ മനോഭാവത്തോടെയാണ് അതിൽ സംബന്ധിക്കുന്നത്. യഥാർത്ഥത്തിലിവിടെ ഭിന്നവ്യക്തിത്വമുള്ളവരും സ്വഭാവക്കാരുമായവർ ചടങ്ങിനനുസൃതമായി സൃഷ്ടിക്കുന്ന പ്രവർത്തനങ്ങളാണ് വിവാഹമെന്ന സവിശേഷമായ ചടങ്ങും അനുബന്ധിതമായ അന്തരീക്ഷവും സൃഷ്ടിക്കുന്നത്. വിവാഹമെന്ന ചടങ്ങ് സംഘസ്വഭാവമുള്ള പ്രവർത്തനമാണെങ്കിലും അതിൽ സംബന്ധിക്കുന്നവരെല്ലാം പ്രവർത്തിക്കുന്നത് ഓരോ രീതിയിലാണ്. മുൻ നിശ്ചയപ്രകാരമുള്ള ഏറെ ചടങ്ങുകൾ നടത്തുന്നതിനൊപ്പം

സാഹചര്യാനുസരണവും കുറെയധികം പ്രവർത്തനങ്ങൾ നടക്കുന്നു. യഥാർത്ഥത്തിൽ ഇവയുടെയെല്ലാം സമഗ്രതയാണ് വിവാഹമെന്ന ചടങ്ങിനാസ്പദം. ഈ ചടങ്ങിൽ ഫോട്ടോ എടുക്കുന്നവരും വീഡിയോ എടുക്കുന്നവരും ക്ഷണിതാക്കളായെത്തിയ രാഷ്ട്രീയക്കാരും സാമൂഹ്യപ്രവർത്തകരും സാംസ്കാരികനായകന്മാരുമെല്ലാം ഓരോ രീതിയിൽ പ്രവർത്തിക്കുന്നതോടെ വിവാഹം എന്ന ചടങ്ങിനുള്ളിൽനിന്ന് വൈവിദ്ധ്യത്തിന്റേതായ പ്രവർത്തനങ്ങൾ നടക്കുകയാണ് ചെയ്യുന്നത്. വിവാഹമെന്ന ചടങ്ങിൽ പങ്കെടുക്കുന്നവരെല്ലാം സംഘപരമായ പ്രവർത്തനത്തിൽ അധിഷ്ഠിതമായ ശരീരഭാഷയാണ് അവതരിപ്പിക്കുന്നത്.

വിവാഹമെന്നു പറയുമ്പോൾ സ്ത്രീയും പുരുഷനും തമ്മിലുള്ള ചേർച്ചയാണ് അർത്ഥമാക്കുന്നത്. ഈ അർത്ഥത്തിൽ വിവാഹങ്ങളെയെല്ലാം സമാന സ്വഭാവമുള്ളതായി പരിഗണിക്കാം. എന്നാൽ വിവാഹം സംബന്ധിച്ച ചടങ്ങുകൾ ഒന്നിൽ നിന്ന് മറ്റൊന്ന് ഭിന്നമാണ്. വധൂവരന്മാർ മാറുന്നു. കാർമികത്വം നിർവഹിക്കുന്നവർ മാറുന്നു. പങ്കെടുക്കുന്നവർ മാറുന്നു. ഇവരുടെയെല്ലാം ശാരീരികമായ പ്രവൃത്തികൾ എല്ലാപ്രാവശ്യവും ഒന്നായിരിക്കുകയില്ല. സമയമെന്നു പറയുന്നത് എപ്പോഴും ഒരു പ്രവാഹമായി മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നു. മനുഷ്യന്റെ ബുദ്ധിയും ചിന്തയും സമയത്തിന്റെ ഈ പ്രവാഹത്തിനനുസരിച്ച് സഞ്ചാരസ്വഭാവത്തിൽ അധിഷ്ഠിതമാണ്. ഈ അടിസ്ഥാനത്തിൽ വിലയിരുത്തിയാൽ ഓരോ രീതിയിൽ ആവർത്തിക്കപ്പെടുന്ന ചടങ്ങുകളിലെല്ലാം വ്യക്തി ഉപയോഗിക്കുന്ന ശരീരഭാഷ ഒന്നായിരിക്കുകയില്ല. ശരീരഭാഷയുടെ അവതരണ വിസ്തൃതിയും വ്യാപ്തിയും വ്യക്തമാക്കുവാനാണ് ഇത്രയും കാര്യങ്ങൾ സൂചിപ്പിച്ചത്.

**കലകളുടെ അവതരണം**

എല്ലാകലകൾക്കും അതിന്റേതായ നിയമവും അവതരണ വ്യവസ്ഥയുമുണ്ട്. യഥാർത്ഥത്തിൽ ഏറെ കലകളുടെയും അവതാരകർ മനുഷ്യർ തന്നെയാണ്. നൃത്തം, നാടകം,സംഗീതം തുടങ്ങിയവ ഇതിനു ചില ഉദാഹരണങ്ങൾ മാത്രം. ഈ കലകളുടെയെല്ലാം അവതരണം നിർവ്വഹിക്കുന്നത് മനുഷ്യരാണ്. ആസ്വാദകരും മനുഷ്യർ തന്നെയാണ്. അവതാരകരുടെ ശരീരം വിനിമയം ചെയ്യുന്ന ആശയങ്ങൾ മനസ്സിലാക്കിയെടുത്താണ് കാഴ്ചക്കാർ കലയുടെ ആസ്വാദനം നിർവ്വഹിക്കുന്നത്.നൃത്തത്തിന്റെ,നാടകത്തിന്റെ, സംഗീതത്തിന്റെയെല്ലാം അവതരണ സ്വഭാവം ഭിന്നമാകുന്നതനുസരിച്ച് അതിന്റെ അവതാരകരുടെ ശരീരം വിനിമയം ചെയ്യുന്ന ആശയലോകത്തിനും വ്യത്യാസം

സംഭവിക്കുന്നു. ഒരേ നൃത്തരൂപം തന്നെ രണ്ട് നർത്തകിമാർ അവതരിപ്പിക്കുമ്പോൾ ഒന്ന് മറ്റൊന്നിൽനിന്ന് ഭിന്നമായിട്ടുതന്നെയാണ് നിൽക്കുന്നത്. നർത്തകിയുടെ രൂപ ചലനവ്യത്യാസങ്ങൾ അവതരണത്തെ സ്വാധീനിക്കുന്നു.

**കായിക കലകൾ**

കായിക കലകൾ അവതരിപ്പിക്കുന്നതും ആസ്വദിക്കാൻ വേണ്ടിത്തന്നെയാണ്. ഇവിടെയും കളിക്കാരുടെ സാന്നിദ്ധ്യമാണ് കളിയെ അതിന്റെ സ്വഭാവത്തിനനുസരിച്ച് അവതരിപ്പിക്കുന്നത്. ഫുട്ബോൾ എന്നുപറയുന്ന കായിക കലാരൂപത്തെപ്പറ്റി വിലയിരുത്താം. ഈ കായിക കലാരൂപത്തിന് നിയതമായ ചിട്ടയും നിയമവുമുണ്ട്. ഇതിനുള്ളിൽ നിന്നുകൊണ്ടാണ് ഇരു ടീമുകൾ തമ്മിൽ മത്സരം നടത്തുന്നത്. ഈ മത്സരത്തെ യാഥാർത്ഥ്യവൽക്കരിക്കുന്നത് അതിലെ കളിക്കാരാണ്. അവരുടെ പ്രവർത്തനങ്ങളാണ് അതിന്റെ ആശയാവതരണം നിർവ്വഹിക്കുന്നത്. പ്രേക്ഷകർ കളിയുടെ കാഴ്ചക്കാർ അഥവാ ആസ്വാദകരാണ്. ഫുട്ബോൾ കളിക്കുന്ന ഒരു സംഘം ആളുകൾ കാണുന്ന ഒരു സംഘം ആളുകൾക്കുവേണ്ടി ഫുട്ബോൾ എന്ന നിയതരൂപമുള്ള കായിക കലയിലൂടെ സവിശേഷ പ്രവൃത്തികൾ അഥവാ ഭാഷ സൃഷ്ടിച്ച് വിനിമയം ചെയ്യുകയാണ് ചെയ്യുന്നത്. കാണികൾക്കു വേണ്ടി നേരിട്ടവതരിപ്പിക്കുന്നതുകൊണ്ടു തന്നെ കളിക്കാരുടെ എല്ലാ പ്രവർത്തനങ്ങളിലും പ്രദർശനപരതയുടെ സാന്നിദ്ധ്യമുണ്ട്.

ഒരു കളിക്കാരൻ നടത്തുന്ന കളിയുടെ ബാക്കിഭാഗം വേറൊരു കളിക്കാരനാണ് നടത്തുന്നത്. അടുത്ത ബാക്കിഭാഗം മറ്റൊരു കളിക്കാരൻ നടത്തുന്നു. പന്ത് എതിർടീമിന്റെ പക്കലേക്കു പോകുന്നതോടെ കളിക്കുള്ളിൽ നിന്നുതന്നെ അതിന്റെ അന്തരീക്ഷത്തിന് മാറ്റം സംഭവിക്കുന്നു. ഏതെങ്കിലുമൊരു ഫൗൾ സംഭവിക്കുന്നതോടെ റഫറിയും കളിയിൽ നേരിട്ടിടപെടുന്നു. യഥാർത്ഥത്തിലിവിടെ, തുടർച്ചയിൽ അധിഷ്ഠിതമായ സംഘപരമായ പ്രവർത്തനം അഥവാ ഭാഷാസൃഷ്ടിയാണ് നടക്കുന്നത്. കളി നടന്നുകൊണ്ടിരിക്കുന്നിടത്തോളം സമയം അതിലുള്ള ഓരോ കളിക്കാരനും റഫറിയും സാഹചര്യാനുസരണം അവരുടെ സാന്നിദ്ധ്യവും പ്രവർത്തനങ്ങളും നിയന്ത്രിക്കുന്നുണ്ട്. പന്ത് ആരുടെ നിയന്ത്രണത്തിലിരിക്കുന്നുവോ അവരാണ് ആ സമയത്ത് പ്രധാന ക്രിയയെ നിയന്ത്രിക്കുന്നതെന്നു പറയാം. ഇവിടെ പ്രധാന ക്രിയ നടത്തുന്നവരും എപ്പോഴും തന്നെ മാറ്റത്തിന് വിധേയരാണ്.

കളിക്കാരിൽനിന്നും കാണികളിലേക്ക് ശ്രദ്ധതിരിക്കൂ. അവർ

ഏതെങ്കിലുമൊരു പക്ഷത്തിന്റെ വിജയത്തിനായി ആഗ്രഹിക്കുന്നവരാണ്. പന്ത് ഇരു പക്ഷത്തുമുള്ളവരുടെ കാലുകളിൽ മാറി മാറി വരുന്നതനുസരിച്ച് അവരുടെ ഉദ്വേഗത്തിനും മാറ്റം സംഭവിക്കുന്നു. യഥാർത്ഥത്തിലിത് കാണികളിൽ ഇരുവിഭാഗങ്ങൾ തന്നെ സ്വാഭാവികമായി സൃഷ്ടിക്കുന്നു. ഇവിടെ സംഭവിക്കുന്നത് സംഘപരമായ ആസ്വാദനമാണ്. കാണികൾക്കിടയിലെ മത്സരം (ഏതു ടീം ജയിക്കുമെന്നുള്ള) ഈ സംഘസ്വഭാവത്തിന്റെ ഒരു ഭാഗം മാത്രമാണ്.

കളിക്കിടയിൽ കളിക്കാർ തമ്മിൽ ആശയങ്ങൾ കൈമാറുന്നു. കളിയിൽ സൃഷ്ടിക്കുന്ന ആശയങ്ങൾ, അല്ലെങ്കിൽ അവരുടെ അർത്ഥവ്യാപ്തിയുള്ള പ്രവർത്തനങ്ങൾ, കാണികൾ കാണുന്നു. കാണികളുടെ പ്രോത്സാഹനം ഇനിയൊരനുപാതത്തിൽ കളിക്കാരെയും സ്വാധീനിക്കുന്നുണ്ട്. ഈ അവസ്ഥയേയും അന്തരീക്ഷത്തെയുമെല്ലാം ദൂരെ നിന്നു വീക്ഷിക്കുന്നവർ ഫുട്ബോൾ എന്ന ഉദ്വേഗജനകമായ കലയുടെ അവതരണാവസ്ഥകളാണ് കാണുന്നത്. സംഘസ്വഭാവമുള്ള എല്ലാ കായിക കലകളിലും അതിന്റെ സ്വഭാവത്തിനനുസരിച്ചുള്ള പ്രവൃത്തികളും തൽഫലമായി സംഭവിക്കുന്ന ശരീരഭാഷാവതരണവുമാണ് നടക്കുന്നത്.

**കാമകല**

മനുഷ്യർ ലൈംഗിക വികാരവും ലൈംഗിക ചിന്തകളും ഉള്ളവരാണ്. അതുകൊണ്ടു തന്നെ ലൈംഗികതയിൽ അധിഷ്ഠിതമായ ചിന്താരീതികൾക്കും പ്രവർത്തനങ്ങൾക്കും അവരുടെ ജീവിതത്തിൽ നിർണ്ണായക സ്ഥാനമാണുള്ളത്. ലൈംഗിക വികാരം പ്രകൃതിനിയമമനുസരിച്ച് പൂർത്തിയാകുന്നത് ഇണചേരലിലൂടെയാണല്ലോ. യഥാർത്ഥത്തിൽ ഇവിടെ സംഭവിക്കുന്നത് കാമകലയുടെ അവതരണമാണ്. സ്ത്രീയും പുരുഷനും തമ്മിലുള്ള കാമാവതരണവേളയിൽ അവർക്കിടിൽ ആശയവിനിമയം നടത്തുന്നത് കാമവികാരത്തിൽ അധിഷ്ഠിതമായി പ്രചോദിതമായ ശരീരമാണ്. സ്ത്രീയും പുരുഷനും തമ്മിൽ കാമകലയിൽ ഏർപ്പെടുന്നതുപോലെ സ്ത്രീയും സ്ത്രീയും തമ്മിലും പുരുഷനും പുരുഷനും തമ്മിലും ഏർപ്പെടുന്നു. യഥാർത്ഥത്തിലിവിടെ കാമാവതരണം ഭിന്നമായ അവസ്ഥയാണ് വ്യക്തമാക്കുന്നത്. ഒരു സംഘം ആളുകൾ ചേർന്നു നടത്തുന്ന കാമാവതരണം കാമാവതരണത്തിന്റെ സംഘസ്വഭാവമാണ് വെളിവാക്കുന്നത്. കാമം സൃഷ്ടിക്കുവാൻ നടത്തുന്ന പ്രവൃത്തികൾ പലതുണ്ട്. സവിശേഷമായ നൃത്തങ്ങൾ, ഭാഷയിലൂടെ സാധ്യമാകുന്ന അർത്ഥ കല്പനകളെ പ്രയോജനപ്പെടുത്തിയുള്ള ആഖ്യാനങ്ങൾ

തുടങ്ങിയവയ്ക്കെല്ലാം ഇതിൽ പ്രമുഖ സ്ഥാനമാണുള്ളത്.

ലൈംഗികത പ്രദർശിപ്പിക്കാത്തപ്പോഴും ആ ചിന്തകളോടു കൂടിയവനാണ് മനുഷ്യനെന്നുള്ളത് പ്രസക്തമാണ്. ഈ അവസ്ഥ അവരുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുകയും ഇതര മനുഷ്യരുടെ പ്രവർത്തനങ്ങൾക്ക് അർത്ഥ വ്യാഖ്യാനം നൽകുന്നതിൽ പ്രസക്തമാകുകയും ചെയ്യുന്നു. പ്രായം, ലിംഗവ്യത്യാസം, സംസ്കാരം, മനോഭാവം, ബന്ധപ്പെടുന്ന മേഖലകൾ, മതവിശ്വാസം തുടങ്ങിയവയ്ക്കെല്ലാം ലൈംഗിക വികാരം പ്രകടിപ്പിക്കുന്നതിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തുന്നു. ലൈംഗിക വികാരത്തെയും അനുബന്ധിതമായ പ്രവർത്തനങ്ങളെയും സ്വകാര്യമാക്കി വയ്ക്കുവാൻ ആഗ്രഹിക്കുന്നവരും പ്രദർശിപ്പിക്കാൻ ആഗ്രഹിക്കുന്നവരുമുണ്ട്. ഇവരുടെ പ്രവർത്തനങ്ങൾ സാധ്യമാകുന്നത് ശാരീരികമായ പ്രവർത്തനത്തിലും അതിന്റെ ഭാഷാസൃഷ്ടിയിലും അധിഷ്ഠിതമായാണ്.

## ഭാഷാസൃഷ്ടിയുടെ മേഖലകൾ

നഗ്നശരീരത്തെ വസ്ത്രം ധരിപ്പിക്കുന്ന മനുഷ്യൻ അതിന്റെ നൈസർഗ്ഗിക രൂപത്തെ മറച്ചുവെച്ച് പ്രത്യേകമായ രൂപം സൃഷ്ടിക്കുകയാണ്. ഒരു വ്യക്തി തന്റെ ഇഷ്ടാനിഷ്ടങ്ങൾ മാറ്റിനിർത്തിയോ അവയെ മറ്റുള്ളവരുടെ ഇഷ്ടാനിഷ്ടങ്ങളുമായി ചേർത്തു നിർത്തിയോ പ്രവർത്തിക്കുമ്പോൾ സാഹചര്യാനുസരണം പെരുമാറുകയാണു ചെയ്യുന്നത്. പഠനത്തിലൂടെ ആർജിക്കുന്ന അറിവും നിരീക്ഷണങ്ങളിലൂടെ സ്വായത്തമാക്കുന്ന ശീലക്രിയകളും ശരീരം കൊണ്ട് സൃഷ്ടിക്കുന്ന ആശയവിനിമയങ്ങളെ ആഴത്തിൽ സ്വാധീനിക്കുന്നു. ബോധമനസ്, ഉപബോധമനസ്സ്, അബോധമനസ്സ് എന്നിവയുടെ സ്വാധീനം മനുഷ്യന്റെ പ്രവർത്തനങ്ങളെ ഓരോ വിധത്തിൽ സ്വാധീനിക്കുന്നുണ്ട്. യഥാർത്ഥത്തിൽ ഈ സ്വാധീനഫലം അറിയുന്ന മാധ്യമവും വിനിമയം ചെയ്യുന്ന മാധ്യമവും ശരീരം തന്നെയാണ്. ഭാവന,സർഗ്ഗാത്മകത, ചിന്താശീലം, ലൈംഗികത എല്ലാം ശരീരത്തെ വലയം ചെയ്തു നിൽക്കുന്ന സ്വാധീനഘടകങ്ങളാണ്. ഇവയുടെ സാന്നിദ്ധ്യവും പ്രവർത്തനവും സംഭവിക്കുന്നത് ശരീരത്തിലൂടെയാണ്. അല്ലെങ്കിൽ ശരീരത്തിന്റെ പ്രവർത്തനത്തിലൂടെയാണ് ഇവയെല്ലാം തിരിച്ചറിയുന്നത്.

മനുഷ്യൻ മനുഷ്യന് ഉപകാരപ്രദമായ ഓരോരോ പ്രവൃത്തികൾ ചെയ്യുന്നത് ശരീരംകൊണ്ടാണ്. പരിക്കേറ്റു കിടക്കുന്ന ഒരാളെ ശുശ്രൂഷിക്കുന്നത്, അപകടസ്ഥലത്തുനിന്നും ഒരാളെ ആശുപത്രിയിലാക്കുന്നത്, വിശക്കുന്നവന് ഭക്ഷണം കൊടുക്കുന്നത്, ദരിദ്രന്

സമ്പത്തുകൊടുത്ത് സഹായിക്കുന്നത്, ഗായകൻ പാടി മറ്റുള്ളവരെ ആസ്വദിപ്പിക്കുന്നത് തുടങ്ങിയവ എല്ലാം മനുഷ്യൻ മനുഷ്യന് ഉപകാരപ്രദമായി ചെയ്യുന്ന ചില ക്രിയകൾ മാത്രമാണ്. ഇവിടെയെല്ലാം സാഹചര്യാനുസരണം ക്രിയ നിർവഹിക്കുന്നത് മനുഷ്യരാണ്. അല്ലെങ്കിൽ അവരുടെ ശരീരമാണ്. ക്രിയയുടെ ഫലം അനുഭവിക്കുന്നതും മനുഷ്യരാണ്. അല്ലെങ്കിൽ അവരുടെ ശരീരമാണ്.

മനുഷ്യൻ മനുഷ്യന് ഉപദ്രവകരമായ പ്രവൃത്തി ചെയ്യുന്നതും ശരീരംകൊണ്ടു തന്നെയാണ്. ഒരു വ്യക്തി മറ്റൊരു വ്യക്തിയെ ആക്രമിക്കുന്നു. മറ്റു ചിലപ്പോൾ കൊല്ലുന്നു. മനുഷ്യർ മനുഷ്യരുടെ സമ്പത്തും സൗന്ദര്യവുമെല്ലാം അപഹരിക്കുന്നു. സമൂഹത്തിന്റെ നിലനിൽപിനും നീതിക്കുമായി സൃഷ്ടിച്ച നിയമങ്ങൾ ലംഘിക്കുന്നു. ഇവിടെയെല്ലാം ഉപദ്രവക്രിയകൾ ചെയ്യുന്നത് മനുഷ്യന്റെ ശരീരം തന്നെയാണ്.

രുചികരമായ ഭക്ഷണം കഴിക്കുന്നതിലൂടെ വിശപ്പ് ശമിപ്പിക്കുകയും ജീവനെ നിലനിർത്തുകയും ചെയ്യുന്നതിനപ്പുറം ശരീരത്തെ ആനന്ദിപ്പിച്ച് തൃപ്തിപ്പെടുത്തുന്ന പ്രക്രിയ നടക്കുന്നുണ്ട്. ഇവിടെയും പ്രവൃത്തി ചെയ്യുന്നത് ശരീരമാണ്. ഇണയെ ആകർഷിക്കുന്നത് ശരീരംകൊണ്ടാണ്. ആകർഷണം വളർത്തുന്നതും തുടർന്ന് നിലനിറുത്തുന്നതും ശരീരത്തിന്റെ ഓരോ പ്രവർത്തനങ്ങൾ കൊണ്ടാണ്. ഇണയുമായി രമിക്കുന്നതും ശരീരംകൊണ്ടാണ്. ഇനിയൊരവസരത്തിൽ ഇണയുമായി കലഹിക്കുന്നതും ശരീരം കൊണ്ടുതന്നെയാണ്.

സംസാരിക്കുന്നതും എഴുതുന്നതും ചിത്രം വരയ്ക്കുന്നതും കംപ്യൂട്ടറിൽ വസ്തുതകൾ രേഖപ്പെടുത്തുന്നതുമെല്ലാം ശരീരം കൊണ്ടുതന്നെയാണ്. ഒരാൾ സന്തോഷിക്കുമ്പോൾ അതു പ്രകടിപ്പിക്കുന്നത് ശരീരമാണ്. സങ്കടപ്പെടുമ്പോഴോ പ്രതിസന്ധിയെ നേരിടുമ്പോഴോ അത് അനുഭവിക്കുന്നതും ശരീരം തന്നെയാണ്.

ഓരോ ചടങ്ങുകൾ സംഘടിപ്പിക്കുന്നതും നടത്തുന്നതും മനുഷ്യർ തന്നെയാണ്. മതപരമായ വിശ്വാസ സംഹിതകൾ സൃഷ്ടിക്കുന്നതും അനുസരിക്കുന്നതും പലപ്പോഴും അനുസരണക്കേടു കാട്ടുന്നതും മനുഷ്യർ തന്നെയാണ്. ഓരോ തരത്തിലുള്ള തത്ത്വശാസ്ത്രസംഹിതകൾ സൃഷ്ടിക്കുന്നതും അതിനനുസരിച്ച് പ്രവർത്തിക്കുന്നതും അതിനെ നിഷേധിക്കുന്നതും മനുഷ്യർ തന്നെയാണ് . ഇവിടെയെല്ലാം മനുഷ്യർ ചെയ്യുന്ന പ്രവർത്തനത്തിന് അനുസരിച്ച് ശരീരം ഭാഷ സൃഷ്ടിച്ച് വിനിമയം ചെയ്യുന്നുണ്ട്.

ഭാഷാസൃഷ്ടിക്ക് സഹായകമായി നിൽക്കുന്ന ഘടകം സാഹചര്യാനുസരണം ഏറെ അവസ്ഥകൾക്കും വസ്തുക്കൾക്കും

പകർന്നു നൽകിയതോ ആരോപിച്ചതോ ആയ അർത്ഥ കൽപനകളാണ്. യഥാർത്ഥത്തിൽ ഭാഷാവതരണം യാഥാർത്ഥ്യമാകുന്നത് അതിനു പകർന്നു നൽകുന്ന അർത്ഥവ്യവസ്ഥ പൂർണ്ണമാകുമ്പോഴാണ്. നിയതമായ അർത്ഥമാണ് സന്ദർഭാനുസരണം ഭാഷയെ പ്രസക്തവും വ്യാപ്തിയുള്ളതുമാക്കുന്നത്.

കാഴ്ചകാണുന്നതിന്റെ സ്വഭാവവും കാഴ്ചയെ വിലയിരുത്തുന്നതിന്റെ രീതിയും ശരീരഭാഷാവതരണത്തിലും ശരീരഭാഷാർത്ഥഗ്രഹണത്തിലും പ്രസക്തമായ വസ്തുതയാണ്. കാഴ്ചയെ പൂർത്തീകരിക്കുന്നതിന്റെ ഭാഗമായി കേൾവിയും ശബ്ദവും സ്പർശനവും രുചിയും ഗന്ധവുമെല്ലാം സാഹചര്യാനുസരണം പ്രവർത്തിക്കുന്നുണ്ട്. യഥാർത്ഥത്തിലിത് ഇതര ഭാഷകളിൽനിന്നും ഭിന്നമായി ശരീരഭാഷയുടെ പ്രത്യേകതയാണ്. ഭാഷാകല്പനത്തെപ്പറ്റിയും ഭാഷാവ്യാഖ്യാനത്തെപ്പറ്റിയുമുള്ള വസ്തുനിഷ്ഠമായ അറിവ് ഭാഷാസൃഷ്ടിയുടെ മേഖലകളെപ്പറ്റി കൂടുതലായി അറിയുവാൻ ഉപകരിക്കും.

## ഭാഷാകല്പനയും ഭാഷാവ്യാഖ്യാനവും

സാഹചര്യാനുസരണം ഭാഷകൾ സൃഷ്ടിക്കുന്ന ശരീരത്തെയാണ് ഭാഷാകല്പന മാധ്യമമായി കല്പിച്ചിരിക്കുന്നത്. ബന്ധപ്പെടുന്ന പ്രവൃത്തികൾക്കും സാഹചര്യത്തിനും അനുസരിച്ചാണ് സാഹചര്യാനുസരണം ശരീരം ഭാഷകൾ സൃഷ്ടിക്കുന്നത്. ഒരാൾ ശരീരംകൊണ്ട് സൃഷ്ടിക്കുന്ന ഭാഷ പൂർണ്ണമാകുന്നത് നിയതമായ അർത്ഥവ്യാപ്തിയോടെ മറ്റുള്ളവരിലേക്ക് സഞ്ചരിച്ചെത്തുമ്പോഴാണ്. സാഹചര്യാനുസരണം ഭാഷകൾ സൃഷ്ടിക്കുന്ന മനുഷ്യന് ശരീരത്തിന് സാഹചര്യാനുസരണം മറ്റുള്ളവരുടെ പ്രവർത്തനങ്ങളെ വിലയിരുത്തി ഭാഷകൾ മനസിലാക്കുവാനുള്ള സവിശേഷമായ കഴിവുണ്ട്. ഭാഷകൾ വിലയിരുത്തി മനസിലാക്കുന്ന മനുഷ്യരുടെ സ്വഭാവത്തെ അല്ലെങ്കിൽ പ്രവൃത്തിയെയാണ് ഭാഷാവ്യാഖ്യാനക്രിയയെന്നു പറയുന്നത്. യഥാർത്ഥത്തിലിവിടെ ഭാഷ അവതരിപ്പിക്കുന്നതും ആ ഭാഷ മനസിലാക്കുന്നതും 'ശരീരങ്ങൾ' തന്നെയാണ്.

### ഭാഷാകല്പനം

പ്രണയിക്കുമ്പോൾ, കോപിക്കുമ്പോൾ,വാത്സല്യം പ്രകടിപ്പിക്കുമ്പോൾ, വെറുപ്പ് പ്രകടിപ്പിക്കുമ്പോൾ, അധികാരം ചെലുത്തുമ്പോൾ, വിധേയനായി നിൽക്കുമ്പോൾ, സാഹചര്യാനുസരണം മറ്റുള്ളവരുമായി സംസാരിക്കുമ്പോൾ എല്ലാം ശരീരം ഭാഷ കല്പിച്ച്വിനിമയം ചെയ്യുന്നുണ്ടല്ലോ. എങ്ങനെയാണ് ഭാഷകല്പിച്ചതെന്ന് ആരായുമ്പോഴാണ് സാഹചര്യം, ആർക്കുവേണ്ടി കല്പിച്ചു , ആരു

കല്പിച്ചു തുടങ്ങിയുള്ള ഘടകങ്ങൾ പ്രസക്തമായി വരുന്നത്.

പ്രണയത്തെ ഉദാഹരണമാക്കിയെടുത്ത് ഭാഷാ കല്പനത്തെപ്പറ്റി വിശകലനം ചെയ്യാം. യുവാവും യുവതിയും തമ്മിലാണ് പ്രണയം. അവർ പ്രണയിക്കുന്നത് കടൽത്തീരത്തിരുന്നാണ്. പ്രണയിച്ചു കൊണ്ടിരിക്കുന്ന അവസരത്തിൽ യുവാവിന്റേയും യുവതിയുടേയും ചിന്ത, പ്രവൃത്തി, മനോഭാവം തുടങ്ങിയവ പ്രണയം എന്ന അവസ്ഥയ്ക്ക് ചേരുന്ന രീതിയിൽ പരിവർത്തനപ്പെടുന്നു. ഈ പരിവർത്തനം പ്രദർശിപ്പിക്കുന്നത് അവരുടെ ശരീരമാണ്. സ്പർശനം, ആലിംഗനം, ചുംബനം തുടങ്ങിയവ ആന്തരിക പ്രേരണയുടെ ബാഹ്യപ്രകടനമായി സംഭവിക്കാം. ഇവിടെ ഗന്ധവും ശക്തമായ സാന്നിദ്ധ്യമാകാം. പ്രണയം എന്ന വികാരം പ്രകടിപ്പിക്കുന്നത് യുവാവും യുവതിയും പരസ്പരമാണ്. യഥാർത്ഥത്തിൽ അവരുടെ ശരീരങ്ങൾ കല്പിച്ചെടുത്ത് വിനിമയം ചെയ്യുന്ന ഭാഷ അവർക്കിടയിൽ പ്രണയത്തെ സൃഷ്ടിച്ച് വളർത്തി അനുഭവിപ്പിക്കുന്ന ഒന്നാണ്. നോട്ടം, ഭാവം, സംസാരത്തിലെ രീതി, സ്വരഭേദം, ശ്വാസോച്ഛ്വാസത്തിന്റെ രീതി, ശരീരത്തിലെ അവയവങ്ങളുടെ ചലനം തുടങ്ങിയവയെല്ലാം പ്രണയമെന്ന അവസ്ഥയെ ശരീരഭാഷയിലൂടെ അവതരിപ്പിക്കുന്നതിന്റെ ബാഹ്യമായ പ്രവൃത്തികൾ തന്നെയാണ്.

ഒരാൾ മറ്റൊരാളോട് കോപിക്കുമ്പോൾ സംഭവിക്കുന്നതും ശരീരം ഭാഷസൃഷ്ടിച്ച് വിനിമയം ചെയ്യുന്ന അവസ്ഥ തന്നെയാണ്. കോപത്തിന് കാരണമായ സംഭവം, ആര് ആരോട് കോപിക്കുന്നു, കോപിക്കുന്ന ആളുടെ സ്വഭാവം, സാഹചര്യം തുടങ്ങിയവയെല്ലാം കോപമെന്ന അവസ്ഥയെ കല്പിച്ച് അവതരിപ്പിക്കുന്നതിൽ നിർണ്ണായകമാണ്. കാമുകന് കാമുകിയോട് കോപിക്കാം, അച്ഛന് മകനോട് കോപിക്കാം, മുതലാളിക്ക് തൊഴിലാളിയോട് കോപിക്കാം, അധ്യാപകന് വിദ്യാർത്ഥിയോടു കോപിക്കാം. ഈ കോപങ്ങളെല്ലാം സാഹചര്യാനുസരണം മറിച്ചും സംഭവിക്കാം. കോപം എന്നു പറയുന്ന അവസ്ഥയെ മൂർത്തവൽക്കരിച്ച് അവതരിപ്പിക്കുന്ന ശരീരം സവിശേഷമായ ഭാഷയാണ് സൃഷ്ടിക്കുന്നത്.

പ്രണയിക്കുന്ന ശരീരം തന്നെ കോപിക്കുന്നു. കോപിക്കുകയും പ്രണയിക്കുകയും ചെയ്യുന്ന ശരീരം തന്നെ മറ്റൊരവസരത്തിൽ സഹജീവികൾക്കുമേൽ അധികാരം ചെലുത്തുന്നു. അധികാരം ചെലുത്തുന്ന ശരീരം തന്നെ മറ്റൊവസരത്തിൽ വിധേയമായി നിൽക്കുന്നു. ഈ ശരീരം തന്നെ ഇനിയൊരവസരത്തിൽ ഭയന്നു നിൽക്കുന്നു. ഇനിയൊരവസരത്തിൽ മതിമറന്ന് സന്തോഷിക്കുന്നു. സഹജീവികളോട് ആർദ്രതയോടെ പെരുമാറുന്നു. മറ്റൊരവസരത്തിൽ

ഒരു കുറ്റവാളിയെപ്പോലെ പ്രവർത്തിക്കുന്നു. സാഹചര്യാനുസരണം സമൂഹത്തിലുള്ളവരോടും കുടുംബത്തിലുള്ളവരോടും ഓരോ രീതിയിൽ ആശയങ്ങൾ കൈമാറുന്നു. യഥാർത്ഥത്തിൽ ഇവിടെയെല്ലാം ശരീരം സാഹചര്യാനുസരണം ഭാഷ കല്പിക്കുന്ന മാധ്യമമായിത്തീരുകയാണ്.

**ഭാഷാവ്യാഖ്യാനം**

സാഹചര്യാനുസരണം ഭാഷകൾ കല്പിച്ചെടുത്ത് അവതരിപ്പിക്കാൻ അത്ഭുതകരമായ കഴിവുള്ള ശരീരത്തിന് സാഹചര്യാനുസരണം മറ്റുള്ളവരുടെ ശരീരം സൃഷ്ടിക്കുന്ന ഭാഷകൾ ഗ്രഹിക്കുവാനും നിയതമായ ആർത്ഥിക വിസ്തൃതിയോടെ അതിന് വ്യാഖ്യാനം നൽകുവാനും അപരിമേയമായ കഴിവാണുള്ളത്. ഒരു വ്യക്തി ഇതര വ്യക്തികളുടെ ശരീരം കല്പിച്ചവതരിപ്പക്കുന്ന ഭാഷ വ്യാഖ്യാനിച്ചെടുക്കുമ്പോൾ നിഗമനം, സങ്കല്പം, ഗ്രഹണം, വിശകലനം, താരതമ്യം തുടങ്ങിയ ബൗദ്ധിക സാന്നിദ്ധ്യമുള്ള പ്രവർത്തനങ്ങൾ കൂടി സംഭവിക്കുന്നുണ്ട്. ആന്തരികമായി സംഭവിക്കുന്ന ഈ പ്രവർത്തനങ്ങളുടെ പരിണതഫലമായാണ് സാഹചര്യാനുസരണം നിയതമായ അർത്ഥത്തോടെ ഇതര ശരീരങ്ങൾ സൃഷ്ടിക്കുന്ന ഭാഷകൾ ഗ്രഹിക്കുവാൻ കഴിയുന്നത്.

സാഹചര്യങ്ങളെ നിരീക്ഷിക്കുന്നതിനും വിശകലനം ചെയ്യുന്നതിനും പഠിക്കുന്നതിനുമെല്ലാം മനുഷ്യന് അപാരമായ കഴിവാണുള്ളത്. അതുകൊണ്ടുതന്നെ ഒരു വ്യക്തി ശൈശവാവസ്ഥയിൽത്തന്നെ സഹജീവികളെ നിരീക്ഷിച്ച് അവരുടെ ശരീരം സൃഷ്ടിക്കുന്ന ഭാഷകളെപ്പറ്റി ബോധപൂർവ്വമോ അബോധപൂർവ്വമോ ആയി പഠിച്ചുതുടങ്ങുന്നു. ഈ പഠനത്തിൽ സ്വന്തം ശരീരവുമായിട്ടുള്ള ഒരു താരതമ്യവും സാഹചര്യാനുസരണം സംഭവിക്കുന്നുണ്ട്.

മനുഷ്യർ മനുഷ്യരുടെ ശരീരത്തെ ഇഷ്ടപ്പെടുന്നു. സ്വന്തം ശരീരത്തെ ഇഷ്ടപ്പെടുന്ന മനുഷ്യർ വേറൊരനുപാതത്തിൽ മറ്റുള്ളവരുടെ ശരീരത്തിലും ആകൃഷ്ടരാകുന്നു. ഇതിന്റെ ബാഹ്യാവതരണമാണ് ശരീര സൗന്ദര്യ, പ്രദർശന മത്സരങ്ങൾ. എതിർലിംഗത്തിലും സ്വലിംഗത്തിലും പെട്ടവരുടെ ശരീരത്തെ ഓരോ മനോഭാവത്തോടെ ദർശിക്കുന്നത് സ്വാഭാവികവുമാണ്. യഥാർത്ഥത്തിൽ ഇവിടെയെല്ലാം ശരീരഭാഷാപഠനം എന്ന പ്രക്രിയ സ്വാഭാവികമായി സംഭവിക്കുന്നുണ്ട്.

ഒരു സ്ത്രീ ഒരു പുരുഷന്റെ, ഒരു പുരുഷൻ ഒരു സ്ത്രീയുടെ പ്രണയം പ്രാഥമികമായി തിരിച്ചറിയുന്നത് ശരീരചേഷ്ടകളുടെയും

പ്രവർത്തനങ്ങളുടെയും ഫലമായാണ്. ഈ തിരിച്ചറിവിൽ തിരിച്ചറിയുന്ന വ്യക്തി മറ്റെയാളുടെ ശരീരത്തെ ഒരു വ്യാഖ്യാനത്തിനു വിധേയമാക്കുന്നുണ്ട്. സാഹചര്യാനുസരണം മനുഷ്യർ പ്രവർത്തിക്കുന്നത് ഇതരമനുഷ്യരുടെ സ്വഭാവവും പെരുമാറ്റവും കാഴ്ചയിലൂടെയും പെരുമാറ്റത്തിലൂടെയുമെല്ലാം വ്യാഖ്യാനിച്ചെടുത്തതിനുശേഷമാണ്. സഹജീവികളുടെ ശരീരഭാഷ വ്യാഖ്യാനിച്ചെടുക്കുവാനുള്ള കഴിവ് ഓരോരുത്തർക്കും ഓരോ രീതിയിലായിരിക്കും. ഈ കഴിവ് കൂടുതലായിട്ടുളളവർക്ക് സാഹചര്യങ്ങളെ അനുകൂലമായി സൃഷ്ടിക്കുന്നതിനു പര്യാപ്തമായ പ്രവർത്തനങ്ങൾ അനായാസേന നിർവ്വഹിക്കുവാൻ കഴിയുന്നു.

ഇതര മനുഷ്യരുടെ ശരീരം അവതരിപ്പിക്കുന്ന ഭാഷകൾ വ്യാഖ്യാനിച്ചെടുക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് അവരുമായി ബന്ധപ്പെടുന്നത്. ഭാര്യ ഭർത്താവിനുമുന്നിൽ അവതരിപ്പിക്കുന്ന ശരീരഭാഷയും മകൾ അമ്മയ്ക്കു മുന്നിൽ അവതരിപ്പിക്കുന്ന ശരീരഭാഷയും രാഷ്ട്രീയക്കാരൻ പൊതുജനത്തിനു മുന്നിൽ അവതരിപ്പിക്കുന്ന ശരീരഭാഷയും മതനേതാവ് വിശ്വാസികൾക്കു മുന്നിൽ അവതരിപ്പിക്കുന്ന ശരീരഭാഷയും അധ്യാപകർ വിദ്യാർത്ഥി നികൾക്കു മുന്നിൽ അവതരിപ്പിക്കുന്ന ശരീരഭാഷയും ഭിന്നമാണ്. ഈ ശരീരഭാഷകളുടെ നിയത സ്വഭാവത്തിലേക്കും അർത്ഥ തലത്തിലേക്കും ഇറങ്ങിച്ചെല്ലണമെങ്കിൽ അതിനെ കൃത്യമായ വ്യാഖ്യാനത്തിനു വിധേയമാക്കേണ്ടതുണ്ട്. ഇവിടെ വ്യാഖ്യാനം നിർവഹിക്കുന്നവരുടെ മനോഭാവം, അറിവ്, പ്രതിഭ, തുടങ്ങിയവ പ്രസക്തമായ ഘടകങ്ങളാണ്. വ്യാഖ്യാനം കൃത്യരൂപത്തിലല്ലെങ്കിൽ അർത്ഥഗ്രഹണം വികലമായിത്തീരുന്നു. ഇത് തുടർന്നുളള പ്രവർത്തനങ്ങളെ സ്വാധീനിക്കുകതന്നെ ചെയ്യും.

മനുഷ്യന്റെ എല്ലാ പ്രവൃത്തികളിലും അത് ബോധപൂർവ്വമോ അബോധപൂർവ്വമോ ഇവയുടെ സമന്വയഫലമായിട്ടോ ആണെങ്കിലും ശരീരത്തിന്റെ സാന്നിദ്ധ്യം നിർണ്ണായകമാണ്. സ്വന്തം ശരീരംകൊണ്ട് സാഹചര്യാനുസരണം ഭാഷകൾ അവതരിപ്പിക്കുന്നതുപോലെ തന്നെ പ്രസക്തമാണ് സാഹചര്യാനുസരണം മറ്റുളളവരുടെ ശരീരം അവതരിപ്പിക്കുന്ന ഭാഷകൾ നിയതാർത്ഥത്തോടെ വ്യാഖ്യാനി ച്ചെടുക്കുന്നത്. യഥാർത്ഥത്തിൽ ഈ പ്രവൃത്തികൾ ശരീരഭാഷയുടെ അവതരണ വിസ്തൃതിയും അർത്ഥഗ്രഹണ വ്യാപ്തിയുമാണ് വ്യക്തമാക്കുന്നത്.

# 3

# ശരീരത്തിന്റെ രാഷ്ട്രീയവും സംസ്കാരവും

ഭാഷ സൃഷ്ടിക്കുന്ന മാധ്യമം ശരീരമായതുകൊണ്ടുതന്നെ അതിന്റെ രാഷ്ട്രീയത്തെപ്പറ്റിയും സംസ്കാരത്തെപ്പറ്റിയും അറിഞ്ഞിരിക്കണം. ശരീരത്തിന്റെ രാഷ്ട്രീയത്തിനും സംസ്കാരത്തിനും ശരീരം സൃഷ്ടിക്കുന്ന ഭാഷകൾക്ക് രൂപവും അർത്ഥവും പകർന്നു നൽകുവാനുള്ള കഴിവ് ഏറെയാണ്. ആഭ്യന്തരവും ബാഹ്യവുമായ പ്രവർത്തനം ഓരോ ശരീരത്തിലും അതിന്റെ സ്വഭാവത്തിനനുസരിച്ച് നടന്നുകൊണ്ടിരിക്കുന്നു. മനസ്സിൽ നടക്കുന്ന ചിന്ത, ഭാവന,കല്പനകൾ, മനോഭാവങ്ങൾ തുടങ്ങിയവയെല്ലാം ആഭ്യന്തരമായ പ്രവർത്തനങ്ങളാണ്. പെരുമാറ്റം, അംഗചലനം, സാഹചര്യാനുസരണമുള്ള പ്രവൃത്തികൾ തുടങ്ങിയവയെല്ലാം ബാഹ്യമായ പ്രവർത്തനങ്ങളാണ്. യഥാർത്ഥത്തിൽ ആഭ്യന്തരമായ സാന്നിദ്ധ്യത്തിന്റെ പരിണതഫലമായാണ് ബാഹ്യമായ പ്രവർത്തനങ്ങൾ സംഭവിക്കുന്നത്.

ജീവിക്കുവാനും സമൂഹത്തിൽ നിലനിൽക്കുവാനും ഓരോ വ്യക്തിയും യത്നിച്ചുകൊണ്ടിരിക്കുന്നു. ഈ യത്നത്തിൽ ഏകമുഖമായ പ്രവർത്തനങ്ങളും സംഘപരമായ പ്രവർത്തനങ്ങളും നടക്കുന്നു. ഒരു വ്യക്തി തനിച്ച് നടത്തുന്ന യത്നത്തെയാണ് ഏകമുഖമായ പ്രവർത്തനമെന്നു പറയുന്നത്. രണ്ടോ അതിലധികമോ വ്യക്തികൾ ചേർന്നു നടത്തുന്ന പ്രവർത്തനങ്ങളെയാണ് സംഘപരമായ പ്രവർത്തനങ്ങൾ എന്നു പറയുക. വ്യക്തി എന്ന കല്പനയിൽ ഏകമുഖമായ പ്രവർത്തനവും വ്യക്തികൾ അഥവാ സമൂഹം എന്ന കല്പനയിൽ സംഘടിതമായ പ്രവർത്തനവും ഉൾച്ചേർന്നു നിൽക്കുന്നു.

സമൂഹത്തിന്റെ ഭാഗമായ മനുഷ്യൻ ഏറെ സാഹചര്യങ്ങളെ അഭിമുഖീകരിക്കേണ്ടിവരുന്നു. വിവേചനപൂർവ്വമോ നയകുശലത യോടെയോ ഉള്ള പ്രവർത്തനമാണ് വ്യക്തികളുടെ അസ്തിത്വമോ ഭാഗഭാഗേയത്വമോ സമൂഹത്തിൽ നിർണ്ണയിക്കുന്നത്.

ഭക്ഷണത്തിനുവേണ്ടിയും വസ്ത്രത്തിനുവേണ്ടിയും പാർപ്പിടത്തിനുവേണ്ടിയും സമ്പത്തിനുവേണ്ടിയും ലൈംഗികതയ്ക്കുവേണ്ടിയും സ്ഥാനമാനങ്ങൾക്കു വേണ്ടിയും അതു നിലനിറുത്തുന്നതിനുവേണ്ടിയും യത്നിക്കുന്ന മനുഷ്യൻ സവിശേഷമായ പ്രവർത്തനങ്ങളിലൂടെ ശരീരത്തിന്റെ അവസ്ഥയെ സമൂഹത്തിനു മുന്നിൽ നിർണ്ണയ വിധേയമാക്കുന്നു. ഒരു സമൂഹത്തിൽ പ്രതാപത്തോടെ, സ്ഥാനമാനങ്ങളോടെ നിലനിൽക്കുന്നത് അധികാരമുള്ളവരാണ്. അധികാരത്തിന് പല തലങ്ങളും മേഖലകളുമുണ്ട്. രാഷ്ട്രീയാധികാരം, മതാധിഷ്ഠിതമായ അധികാരം, സാമ്പത്തികാധികാരം, കീർത്തിയിൽ അധിഷ്ഠിതമായ അധികാരം, ബൗദ്ധികത സൃഷ്ടിക്കുന്ന അധികാരം ഈ പട്ടിക ഏറെയാണ്. .യഥാർത്ഥത്തിൽ ശക്തി ആർജിക്കുക, അധികാരം ആർജിക്കുക. പ്രയോഗിക്കുക, നിലനിറുത്തുക എന്നിവയ്ക്കുവേണ്ടി ഓരോ വ്യക്തിയും ബോധപൂർവ്വമോ അല്ലാതെയോ ശരീരംകൊണ്ട് യത്നിക്കുന്നുണ്ട്. സവിശേഷമായ ഈ പ്രവർത്തനങ്ങളും ശരീരഭാഷയെപ്പറ്റിയുള്ള പഠനത്തിൽ നിർണ്ണയ വിധേയമാക്കേണ്ടതുണ്ട്.

## ശരീരവിശകലനം

ഓരോ ശരീരവും കാഴ്ചയിൽ, സ്വഭാവത്തിൽ, രൂപത്തിൽ എല്ലാം ഭിന്നമാണല്ലോ. ലിംഗപരമായി പുരുഷശരീരം, സ്ത്രീശരീരം എന്ന വേർതിരിവ് ശരീരത്തിന്റെ അവസ്ഥാനിർണ്ണയത്തിൽ പ്രധാനമാണ്. നപുംസക ശരീരമുള്ള ഒരു ചെറിയ വിഭാഗമുണ്ടെന്ന കാര്യവും വിസ്മരിക്കാവുന്നതല്ല. ഈ ശരീരങ്ങൾ ഏതു പ്രായത്തിൽപ്പെട്ട വരുടേതുവേണമെങ്കിലുമാകാവുന്നതാണ്. വർണ്ണപരമായ വ്യത്യാസം ശരീരത്തിന്റെ ഇനിയൊരു സവിശേഷതയാണ്. കറുത്ത ശരീരം, വെളുത്തശരീരം ഇതിനിടയിലുള്ള ഏതു വർണ്ണത്തിലുമുള്ള ശരീരമെന്ന് ഓരോ ശരീരത്തേയും സാമാന്യമായി നിർണ്ണയിക്കാം.

രൂപപരമായ വ്യത്യാസവും ശരീരത്തിന്റെ സ്വഭാവം നിർണ്ണയിക്കുന്നതിൽ പ്രസക്തമാണ്. ഉയരമുള്ള ശരീരം, ഉയരം കുറഞ്ഞ ശരീരം, ഇതിനിടയിൽ ഏതു തരത്തിലും വരുന്ന ശരീരമെന്ന് സാമാന്യമായി നിർണ്ണയിക്കാം. ഈ ശരീരംതന്നെ വണ്ണമുള്ള ശരീരം, മെലിഞ്ഞ ശരീരം ഇതിനിടയിൽ ഏതവസ്ഥയിലുമുള്ള ശരീരമെന്നും നിർണ്ണയിക്കാവുന്നതാണ്. ആര്യന്റെ ശരീരം, ദ്രാവിഡന്റെ ശരീരം, നീഗ്രോയുടെ ശരീരം എന്നു വ്യവഹരിക്കുമ്പോൾ ശരീരം അതിന്റെ ഉത്ഭവ ഗോത്രത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയ വിധേയമാകുന്നു. യഥാർത്ഥത്തിൽ ലിംഗവ്യത്യാസം, പ്രായവ്യത്യാസം, വർണ്ണവ്യത്യാസം, രൂപവ്യത്യാസം, ഗോത്രവ്യത്യാസം തുടങ്ങിയവ കാഴ്ചയിൽത്തന്നെ നിർണ്ണയ വിധേയമാണ്.

**സംസ്കാരാധിഷ്ഠിതനിർണ്ണയം**

ഉയർന്ന ജാതിക്കാരന്റെ ശരീരം, താഴ്ന്ന ജാതിക്കാരന്റെ ശരീരം, മധ്യവർഗ്ഗത്തിൽപ്പെട്ടവന്റെ ശരീരം, സുഖിമാന്റെ ശരീരം, അദ്ധ്വാനിക്കുന്നവന്റെ ശരീരം എന്നു നിർണ്ണയിക്കുമ്പോൾ സാഹചര്യാനുസരണം ഒരവസ്ഥയെ/അല്ലെങ്കിൽ സംസ്കാരത്തെ പ്രതിനിധീകരിക്കുകയാണ് ശരീരം. ഹിന്ദുവിന്റെ ശരീരം, മുസ്ലീമിന്റെ ശരീരം, ക്രിസ്ത്യാനിയുടെ ശരീരം, ബുദ്ധമതക്കാരന്റെ ശരീരം, സിക്കുകാരന്റെ ശരീരം എന്നെല്ലാം നിർണ്ണയ വിധേയമാകുമ്പോൾ മതപരമായ സവിശേഷതകൾ ശരീരത്തിന്റെ ഭാഗമായിത്തീരുകയാണ്. കേരളീയന്റെ ശരീരം, തമിഴന്റെ ശരീരം, ബംഗാളിയുടെ ശരീരം, പഞ്ചാബിയുടെ ശരീരം, ചൈനക്കാരന്റെ ശരീരം, എന്നെല്ലാം നിർണ്ണയിക്കുമ്പോൾ സാമൂഹ്യാവസ്ഥയിൽ അധിഷ്ഠിതമായ നിർണ്ണയമാണ് നടക്കുന്നത്.

**തൊഴിലധിഷ്ഠിത നിർണ്ണയം**

തൊഴിൽ ചെയ്യുക അല്ലെങ്കിൽ പ്രവർത്തനങ്ങൾ നടത്തുക യെന്നുള്ളത് മനുഷ്യ അസ്തിത്വത്തിന്റെ ഭാഗമാണ്. തൊഴിലിന്റെ അടിസ്ഥാനത്തിൽ ശരീരത്തെ നിർണ്ണയ വിധേയമാക്കുന്നത് സാധാരണമാണ്. പൂജാരിയുടെ ശരീരം, സന്യാസിയുടെ ശരീരം, വൈദികന്റെ ശരീരം, കള്ളന്റെ ശരീരം, രാഷ്ട്രീയക്കാരന്റെ ശരീരം, നർത്തകരുടെ ശരീരം, ലൈംഗികത്തൊഴിലാളികളുടെ ശരീരം, വിദ്യാർത്ഥിയുടെ ശരീരം, അധ്യാപകന്റെ ശരീരം, പോലീസുകാരന്റെ ശരീരം, കഥകളിക്കാരന്റെ ശരീരം, പരസ്യങ്ങളിലെ മോഡലിന്റെ ശരീരം, എന്ന് ചെയ്യുന്ന തൊഴിലിനെ ആധാരമാക്കി ശരീരത്തെ നിർണ്ണയ വിധേയമാക്കുവാൻ കഴിയുന്നു. തൊഴിൽ ചെയ്യുന്നവരിൽ തന്നെ ആത്മാർത്ഥതയുള്ളവരും കള്ളത്തരമുള്ളവരുമുണ്ട്. യഥാർത്ഥത്തിൽ ഓരോ തൊഴിലും ആവർത്തിക്കപ്പെടുന്ന പ്രവൃത്തിയാണ്. അതുപോലെതന്നെ പലതിനും സംഘസ്വഭാവമാണുള്ളത്. വാസ്തവത്തിൽ ഇവിടെയെല്ലാം ശരീരം സാഹചര്യാനുസരണം നിർണ്ണയ വിധേയമാകുന്നുണ്ട്.

**സാഹചര്യാധിഷ്ഠിത നിർണ്ണയം**

സാഹചര്യത്തിനനുസരിച്ചാണ് ഓരോ വ്യക്തിയും പ്രവർത്തിക്കുന്നത്. സാഹചര്യങ്ങളോട് പൊരുത്തപ്പെടുന്നതിനും കലഹിക്കുന്നതിനുമെല്ലാം ഓരോരുത്തർക്കും അവരുടേതായ രീതിയാണുള്ളത്. പ്രണയിക്കുന്നവരുടെ ശരീരം, കോപിക്കുന്നവരുടെ ശരീരം, സന്തോഷിക്കുന്നവരുടെ ശരീരം, രതിലീലയിൽ ഏർപ്പെടുന്നവരുടെ ശരീരം, എന്നു നിർണ്ണയിക്കുമ്പോൾ സാഹചര്യം ശരീരത്തിന്റെ അവസ്ഥയും ഭാഷയും സൃഷ്ടിക്കുന്നതിൽ പ്രസക്തമായിരിക്കുന്നു. ഓരോ വ്യക്തിയും പ്രണയിക്കുന്നതും കോപിക്കുന്നതും സന്തോഷിക്കുന്നതും ഓരോ രീതിയിലാണ്. അതുപോലെ ഓരോ സമയത്തും ഈ പ്രവൃത്തികൾക്ക് കാരണമായ അവസ്ഥ ഭിന്നവുമായിരിക്കും.

ജീവിക്കാൻവേണ്ടി ഓരോ മനുഷ്യനും പല അവസ്ഥകളോട് പൊരുതേണ്ടതുണ്ട് . രോഗത്തോട്, ശത്രുക്കളോട്, സാഹചര്യങ്ങളോട്, യാദൃച്ഛികമായി സംഭവിക്കുന്ന ആപത്തുകളോടെല്ലാം. യഥാർത്ഥത്തിലിവിടെ ശരീരത്തെ സംരക്ഷിച്ച് നിറുത്തുകയെന്ന ദൗത്യമാണ് നിർവഹിക്കുന്നത്. ഈ ദൗത്യനിർവ്വഹണത്തിനുവേണ്ടിയുള്ള പ്രവർത്തനം ഓരോ വ്യക്തിയിലും ഓരോ രീതിയിലാണ്. ഈ രീതികളും ശരീരത്തിന്റെ പ്രവർത്തനം നിർണ്ണയിക്കുന്നതിൽ പ്രസക്തമാണ്.

**വസ്ത്രധാരണരീതി**

മനുഷ്യരുടെ ശരീരത്തെ ഭാഷാസൃഷ്ടിയുമായി ബന്ധിപ്പിച്ച് വിശകലനം ചെയ്യുമ്പോൾ അവർ ധരിക്കുന്ന വസ്ത്രത്തിന്റെ സ്വഭാവത്തിനും രീതിക്കും പ്രസക്തി ഏറെയാണ്. മനുഷ്യസ്വരൂപം നഗ്നമാണെങ്കിലും വസ്ത്രധാരണം അവന്റെ അസ്തിത്വ നിർണ്ണയത്തിന്റെ ഭാഗമാണ്. സ്ത്രീ ധരിക്കുന്ന വസ്ത്രം, പുരുഷൻ ധരിക്കുന്ന വസ്ത്രം എന്ന് നിർണ്ണയിക്കുമ്പോൾ തന്നെ വസ്ത്രധാരണത്തിലെ ലിംഗവ്യത്യാസം വ്യക്തമാകുന്നു. വസ്ത്രത്തിന്റെ രൂപം, നിറം, ധരിക്കുന്ന രീതി തുടങ്ങിയവയെല്ലാം ധരിക്കുന്നവരുടെ മനോഭാവവും സ്വഭാവവുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. സമൂഹത്തിനു മുന്നിലും ഇതര മനുഷ്യർക്കു മുന്നിലും ശരീരം പ്രദർശന വിധേയമാകുമ്പോഴെല്ലാം അതിൽ വസ്ത്രങ്ങൾ കൂടിയുണ്ടെന്ന കാര്യം വിസ്മരിക്കരുത്.

പ്രാഥമികമായി വസ്ത്രധാരണത്തിന്റെ ഉപയോഗം നഗ്നത മറയ്ക്കുകയെന്നുള്ളതാണ്. ഈ പ്രാഥമിക ഉപയോഗത്തെ കലാപരമായി വിന്യസിച്ച് അധികാരം കാണിക്കാൻ, തൊഴിൽ മേഖല സൂചിപ്പിക്കാൻ, ശരീരത്തിന്റെ സൗന്ദര്യം പ്രദർശിപ്പിച്ചു കാണിക്കാൻ, ഏതെങ്കിലും സമുദായത്തിലോ,സമൂഹത്തിലോ ഉൾപ്പെടുന്നു എന്നു വ്യക്തമാക്കാൻ എല്ലാം വസ്ത്രധാരണരീതി പ്രയോജനപ്പെടുത്തുന്നു.

ശരീരത്തെ ഓരോ രീതിയിൽ പ്രദർശന വിധേയമാക്കുന്നതിൽ വസ്ത്രത്തിന്റെ ഉപയോഗരീതിക്കുള്ള പ്രാധാന്യം പ്രധാനമാണല്ലോ. വസ്ത്രങ്ങൾ ധരിക്കുന്നതുകൊണ്ടാണ് വസ്ത്രങ്ങൾ അഴിക്കുവാനും അതിലൂടെ നഗ്നശരീരത്തെ സവിശേഷമായ പ്രാധാന്യത്തോടെ പ്രദർശിപ്പിക്കുവാനും പ്രവർത്തിപ്പിക്കുവാനുമെല്ലാം കഴിയുന്നത്.

ശരീരത്തിന്റെ ബാഹ്യമായ ചില അവസ്ഥകളെയാണ് ഇതുവരെ സാമാന്യമായ വിശകലനത്തിനു വിധേയമാക്കിയത്. ബാഹ്യശരീര ത്തെപ്പറ്റി യുക്തമായ രീതിയിൽ കൂടുതലായി അറിയണമെങ്കിൽ ആന്തരീകാവസ്ഥയെപ്പറ്റി കൂടി അറിയേണ്ടതുണ്ട്.

## മാനസികാവസ്ഥയുടെ ശാസ്ത്രം

ശരീരത്തിന്റെ കടിഞ്ഞാൺ എപ്പോഴും മനസിന്റെ കൈകളിലാണ്. കാണുവാൻ കഴിയുന്ന ശരീരത്തെ നിയന്ത്രിക്കുന്ന കാണുവാൻ കഴിയാത്ത മനസ് ശരീരത്തെയും ശരീരം സൃഷ്ടിക്കുന്ന ഭാഷകളെയുംപറ്റിയുള്ള പഠനത്തിൽ പ്രധാനമാണ്. തത്ത്വചിന്തകർ, ഭാഷാശാസ്ത്രജ്ഞർ, സാമൂഹികശാസ്ത്രജ്ഞർ, നരവംശശാസ്ത്രജ്ഞർ, മനഃശാസ്ത്രജ്ഞർ, തുടങ്ങിയവരെല്ലാം മനുഷ്യന്റെ മനസിനെപ്പറ്റി ശാസ്ത്രീയമായി അപഗ്രഥിക്കുവാനും പഠിക്കുവാനും ശ്രമിക്കുന്നവരാണ്. യഥാർത്ഥത്തിൽ ഈ ഓരോ മേഖലയും ഓരോ രീതിയിലാണ് മനസിനെ വിശകലന വിധേയമാക്കുന്നതെന്നുള്ളത് ശ്രദ്ധേയമായ വസ്തുതയാണ്. മനഃശാസ്ത്രത്തിന്റെയും ഭാഷാശാസ്ത്രത്തിന്റെയും കൂട്ടായ പ്രവർത്തനമാണ് മനോഭാഷാവിജ്ഞാനത്തിന് ആസ്പദം. ഭാഷാമനഃശാസ്ത്രം എന്നപേരിലും മനോഭാഷാവിജ്ഞാനം അറിയപ്പെടുന്നുണ്ട്.

### മനസ്

മനുഷ്യൻ അവനെക്കുറിച്ചുതന്നെ നടത്തിയ കണ്ടെത്തലുകളിലെ ഏറ്റവും ശ്രദ്ധേയമായ സൃഷ്ടിയാണ് മനസ്. മനസിനെക്കുറിച്ചുള്ള പഠനനിരീക്ഷണങ്ങൾ വൈവിദ്ധ്യപൂർണ്ണ മായിരിക്കുന്നതിനു കാരണം അതിന്റെ പ്രവർത്തന വ്യാപ്തിയും സ്വഭാവവിശേഷങ്ങളുമാണ്. പല പഠിതാക്കളും മനസിനെപ്പറ്റി പഠിക്കുവാൻ പല രീതികളാണ് സ്വീകരിച്ചിരിക്കുന്നത്. വാസ്തവത്തിൽ ഈ രീതികളെല്ലാം മനസിന്റെ പ്രാധാന്യമാണ് വ്യക്തമാക്കുന്നത്.

ശരീരഭാഷാവതരണത്തെപ്പറ്റിയുള്ള വസ്തുനിഷ്ഠമായ പഠനത്തിൽ സിഗ്മണ്ട്ഫ്രോയ്ഡ് (Sigmund Freud)മുതലുള്ള മനഃശാസ്ത്രജ്ഞൻമാരുടെ പഠനങ്ങൾ ശ്രദ്ധേയമായ രീതിയിൽ സ്വാധീനം ചെലുത്തുന്നുണ്ട്. മനുഷ്യരുടെ മാനസിക പ്രവർത്തനങ്ങൾക്ക്

പ്രധാനമായും മൂന്ന് അവസ്ഥകളാണുള്ളത്. ബോധമനസ്, (Conscious mind) അബോധമനസ് (Unconscious mind)ഉപബോധമനസ് (Sub-conscious mind) ഈ മൂന്നവസ്ഥയ്ക്കും വ്യത്യസ്തമായ പ്രവർത്തന സ്വഭാവരീതി യാണുള്ളത്. ഏറ്റവും യുക്തമായതും മനുഷ്യനെ മൂല്യമുള്ള സമൂഹജീവിയാക്കുന്നതുമായ പ്രവർത്തനങ്ങൾ നടക്കുന്നത് ബോധമനസ്സിലാണ്. ബോധമനസ് എപ്പോഴുംതന്നെ യുക്തിയിൽ അധിഷ്ഠിതമായാണ് പ്രവർത്തിക്കുന്നത്. അബോധമനസ് നിയന്ത്രണമില്ലാത്ത ചിന്തകളുടെയും വികാരങ്ങളുടെയും മൃഗീയ വാസനകളുടെയുമെല്ലാം സങ്കല്പമണ്ഡലമാണ്. മനുഷ്യനിലെ കറുത്തചിന്തകളുടെ മേഖലയെന്ന് ഈ അവസ്ഥയെ വിശേഷിപ്പിക്കാം. ബോധമനസിനും അബോധമനസ്സിനും ഇടയിൽ പ്രവർത്തിക്കുന്നത് ഉപബോധമനസ്സ്. അബോധമനസിന്റെ മൂല്യങ്ങളില്ലാത്തതും സദാചാരമറിയാത്തതുമായ പ്രവർത്തനങ്ങളെയെല്ലാം മെരുക്കിയെടുത്ത് ബോധമനസിലെത്തിക്കുകയെന്ന ദൗത്യമാണ് ഉപബോധമനസിനുള്ളത്. അബോധമനസിലെ സംവിധാനബോധമോ താത്ത്വികബോധമോ ഇല്ലാത്ത പ്രവർത്തനങ്ങളെ ഉപബോധമനസ് എത്രമാത്രം മെരുക്കിയെടുത്തുവോ അതിന്റെ പരിണിതഫലമായാണ് ബോധമനസ് പ്രവർത്തിക്കുന്നത്.

ബോധപൂർവ്വമായി ശരീരഭാഷ അവതരിപ്പിക്കുന്ന എല്ലാ അവസ്ഥകളിലും ആ ഭാഷയ്ക്കുമേൽ അവതാരകന് പൂർണ്ണ നിയന്ത്രണമുണ്ടായിരിക്കും. എന്നാൽ മനുഷ്യൻ അവന്റെ ശരീരംകൊണ്ട് വിനിമയം ചെയ്യുന്ന എല്ലാ ഭാഷകളിലും ബോധമനസ്സിന്റെ സ്വാധീനം ഉണ്ടായിരിക്കണമെന്നില്ല. ഈ അവസ്ഥയിൽ ഉപബോധമനസ്സാണ് ശരീരത്തിന്റെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നത്. യഥാർത്ഥ ത്തിലിവിടെ പ്രവർത്തനങ്ങളുടെ പരിണതഫലമായ ശരീരഭാഷാ വതരണത്തിൽ ഉപബോധമനസ് സ്വാധീനം ചെലുത്തുന്നു.

ആക്രമണവാസന, നശീകരണവാസന, നിയമരഹിതമായ ലൈംഗികവാസന, സമൂഹം നിയമമായി അംഗീകരിച്ചതിനെയെല്ലാം എതിർക്കുവാനുള്ള വാസന തുടങ്ങിയവയെല്ലാം അബോധമനസിൽ അമൂർത്ത രൂപത്തിൽ അടിഞ്ഞു കിടക്കുന്നുണ്ട്. ഈ വാസനകളെ സാഹചര്യാനുസരണം ഒളിഞ്ഞോ തെളിഞ്ഞോ ഉപയോഗിക്കുമ്പോൾ ബോധപൂർവ്വമായിത്തന്നെ അബോധമനസിന്റെ ശീലപ്രവണതകൾക്ക് വിധേയമാകുകയാണ് ചെയ്യുന്നത്. ഈ പ്രവർത്തനങ്ങളുടെ തോത് വ്യക്തിയുടെ സ്വഭാവവും അസ്തിത്വവും നിർണ്ണയിക്കുന്നതിൽ പ്രധാനമാണ്.

**വാസനകളുടെ രൂപാന്തരം**

മനുഷ്യമനസിൽ പരസ്പരം ഭിന്നമായ അസംഖ്യം വാസനകൾ ലീനമായിട്ടുണ്ട്. നിയമരഹിതമായ വാസനകളുടെയെല്ലാം ഉത്ഭവസ്ഥാനം അബോധമനസാണ്. ഇവയിൽ ചിലവ മാനസികജീവിതത്തിനുമേലുള്ള ശരീരാവശ്യങ്ങളെയാണ് പ്രതിനിധീകരിക്കുന്നത്. അന്യന്റെ വസ്തുക്കൾ സ്വന്തമാക്കണമെന്നുള്ള ആഗ്രഹം, ഇണകളോടൊപ്പം രമിക്കണമെന്ന അതിരുകടന്ന ആഗ്രഹം, ആധിപത്യം നേടുവാനുള്ള ആഗ്രഹം തുടങ്ങിയവയെല്ലാം ഇതിൽപ്പെടുന്നു. അബോധമനസിൽനിന്നും ഉപബോധമനസിലെത്തി അവിടെനിന്നും ബോധമനസിലെത്തുന്നതോടെ ഈ വാസനകൾക്ക് സമൂഹം സൃഷ്ടിച്ച നിയമങ്ങൾക്കനുസരിച്ചുള്ള രൂപാന്തരം സംഭവിക്കുന്നു. തനിക്ക് അർഹമായ വസ്തുക്കൾ മാത്രം സ്വന്തമാക്കിയും സമൂഹം നിശ്ചയിച്ചു നല്കുന്ന ഇണയോടൊപ്പം രമിച്ചും സമൂഹം അധിക്ഷേപിക്കാത്ത വിധത്തിൽ അതിന്റെ നിയമങ്ങൾക്ക് വിധേയമായി ആധിപത്യം സ്ഥാപിച്ചും ആഗ്രഹപൂർത്തീകരണം നടത്തുന്നു.

മനസിൽ വളർന്നുവരുന്ന വാസനകളെ സാഹചര്യാനുസരണം ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ രൂപാന്തരപ്പെടുത്തിയാണ് മനുഷ്യൻ അവന്റെ പ്രവർത്തനങ്ങളെയെല്ലാം ക്രമീകരിക്കുന്നത്. ബോധപൂർവ്വമായ ഈ ക്രമീകരണം ശരീരം സൃഷ്ടിച്ച് വിനിമയം ചെയ്യുന്ന ഭാഷകളെയും ആഴത്തിൽ സ്വാധീനിക്കുന്നു. ഈ സ്വാധീനത്തിന്റെ തോത് വ്യക്തിയുടെ സ്വഭാവവിശേഷതകളും മനോഭാവവുമെല്ലാമായി ബന്ധപ്പെട്ടാണു നിൽക്കുന്നത്.

## ആഗ്രഹവും പ്രവൃത്തിയും

മനുഷ്യരുടെ ആഗ്രഹങ്ങൾ ഉത്ഭൂതമാകുന്നത് മനസിൽ നിന്നുമാണ്. ആഗ്രഹിക്കുന്നതു നേടുവാനുള്ള ത്വര ഓരോ വ്യക്തിയിലുമുണ്ട്. എന്നാൽ ഇതിന്റെ തോത് പ്രതിജനഭിന്നമാണ്. പണം, പ്രശസ്തി, ഇണകളുടെ സ്നേഹവും വാസവും, അധികാരം തുടങ്ങിയവയെല്ലാം മനുഷ്യർക്ക് സന്തോഷം പ്രദാനംചെയ്യുന്നവയാണ്. ഇവ ഓരോന്നും നേടുവാൻവേണ്ടി സാഹചര്യാനുസരണം ഓരോ വ്യക്തിയും ഓരോ വിധത്തിൽ യത്നിക്കുന്നു. അറിവാർജനം കാലികമായി ഏറ്റവും പ്രധാനപ്പെട്ട പ്രവർത്തനങ്ങളിലൊന്നാണ്. എന്തറിവാണ് ആർജിക്കുന്നത് അത് എങ്ങനെ ആർജിക്കുന്നു, ആരാണ് ആർജിക്കുന്നത് അതിനുള്ള സാഹചര്യങ്ങൾ എന്താണ് തുടങ്ങിയവ അറിവാർജനമെന്ന പ്രവൃത്തിയുടെ സ്വഭാവം നിർണ്ണയിക്കുന്ന പ്രധാന ഘടകങ്ങളാണ്.

ഭക്ഷണം, വസ്ത്രം, പാർപ്പിടം, ലൈംഗികതയുടെ സുഖകരമായ

വളർച്ചയും ശമനവുമെല്ലാം എല്ലാ മനുഷ്യർക്കും ആവശ്യമായ ഘടകങ്ങളാണ് ഇവയ്ക്കെല്ലാം വേണ്ടിയുള്ള യത്നം മനുഷ്യന്റെ എല്ലാപ്രവൃത്തികളിലും പ്രകടമായിത്തന്നെ ദർശിക്കുവാൻ കഴിയും. മനുഷ്യൻ കാലാകാലങ്ങളിലൂടെ വളർത്തിയെടുത്ത സംസ്കാരസ്വഭാവം ഈ പ്രവർത്തനങ്ങളിൽ സ്വാധീനമായും നിൽക്കുന്നുണ്ട്. സാഹിത്യം, കല, തുടങ്ങിയവയോടുള്ള ആഗ്രഹവും സമീപനവും മനുഷ്യന്റെ പ്രവർത്തനങ്ങളെ സ്വാധീനിക്കുന്ന ഇനിയൊരു ഘടകമാണ്. നൈസർഗികമായി കലാസാഹിത്യവാസനകൾ ലഭിച്ചവരുടെ പ്രവർത്തനങ്ങളിൽ ഭാവനയുടെ ധാരാളിത്തം സ്വാഭാവികമായിത്തന്നെ സ്വാധീനമായി നിൽക്കും. മനുഷ്യരുടെ ആഗ്രഹത്തെയും പ്രവൃത്തികളെയും നിർണ്ണയിക്കുന്നതിൽ അവർ ബന്ധപ്പെടുന്ന സമൂഹം, സാഹചര്യങ്ങൾ, ആചാരവിശ്വാസങ്ങൾ, വിദ്യാഭ്യാസം, സംസ്കാരം തുടങ്ങിയവയ്ക്കും അതാതിന്റേതായ സ്ഥാനമാണുള്ളത്.

**പരിവർത്തന വിധേയമാകുന്ന മനുഷ്യമനസ്**

മനുഷ്യന്റെ മനസ് കാലത്തിനനുസരിച്ച് പരിവർത്തന വിധേയമാകുന്ന ഒന്നാണ്. ശാസ്ത്രത്തിന്റെ പുരോഗതി, ചിന്തയുടെ വേഗത, പ്രവർത്തനങ്ങളുടെ സ്വഭാവം, ജീവിതത്തിന്റെ കാലികമായ അവസ്ഥ, ദൃശ്യമാധ്യമങ്ങളുടെ സ്വാധീനം തുടങ്ങിയവയെല്ലാം കാലികപ്രസക്തമായ രീതിയിൽ ഇക്കാലത്തെ മനുഷ്യരുടെ മനസിൽ മാറ്റങ്ങൾ വരുത്തുന്ന ചില ഘടകങ്ങളാണ്. കാലത്തിനും സമൂഹത്തിന്റെ സ്വഭാവത്തിനുമനുസരിച്ച് പരിവർത്തന വിധേയമാകുന്ന മനസിനെ കാലികപ്രസക്തമായ സമൂഹാവബോധമനസെന്നു വിശേഷിപ്പി ക്കാവുന്നതാണ്.

മസ്തിഷ്കം മനുഷ്യരാശിയുടെ അതിഭൂതകാലത്തിലൂടെയുള്ള സഞ്ചാരാനുഭവങ്ങളുടെ പരിണതഫലമായി രൂപപ്പെട്ടതാണ്. ആദിമകാലത്തെ മനുഷ്യരിൽനിന്ന് ആധുനിക കാലത്തെ മനുഷ്യരിലേക്കുള്ള വളർച്ചാപരിണാമം, ചരിത്രം അവന്റെ പ്രവർത്തനങ്ങളെ നിർണ്ണയിക്കുന്നതിൽ പ്രസക്തമാണ്. ജനനം,. മരണം, ഉദയാസ്തമയങ്ങൾ, ഋതുഭേദങ്ങൾ, ഇണതേടൽ, ഇണചേരൽ, അപായരക്ഷ, ആഹാരംതേടൽ തുടങ്ങിയവ പണ്ടെന്നതുപോലെ ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു. എന്നാൽ ഇവയുടെ പ്രവർത്തനങ്ങളിൽ മനുഷ്യർക്കുള്ള മനോഭാവത്തിൽ കാതലായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. സ്നേഹം, പ്രേമം, ജനനം, മരണം, പ്രകൃതി, പ്രതികാരം, ത്യാഗം തുടങ്ങിയവ കാലാകാലങ്ങളായി ആവർത്തിക്കപ്പെടുന്ന പ്രക്രിയകളാണ്. എന്നാൽ ഈ ആവർത്തനത്തിന്റെ സ്വഭാവത്തിന് കാലാനുസൃതമായ മാറ്റമുണ്ട്. ഈ മാറ്റത്തിനാസ്പദം പരിവർത്തന വിധേയമാകുന്ന

മനുഷ്യമനസു തന്നെയാണ്. പ്രായം,സ്വഭാവം, സംസ്കാരം, ലിംഗവ്യത്യാസം തുടങ്ങിയവ മനസിനെ ഓരോ അനുപാതത്തിൽ സ്വാധീനിക്കുകയും പരിവർത്തന വിധേയമാക്കുകയും ചെയ്യുന്ന ഘടകങ്ങളാണ്.

### ലിംഗാധിഷ്ഠിതമായ മനസ്

പുരുഷന്റെ മനസ്, സ്ത്രീയുടെ മനസ് എന്നു പറയുമ്പോൾതന്നെ മനസിനെ ലിംഗാധിഷ്ഠിതമായി വേർതിരിക്കുകയാണ് ചെയ്യുന്നത്. പുരുഷന്റെയും സ്ത്രീയുടേയും ശരീരം പല അനുപാതത്തിലും സമാനവും ഭിന്നവുമായിരിക്കുന്നതുപോലെ തന്നെ ഇവരുടെ മനസുകളും സമാനവും ഭിന്നവുമാണ്. മനസിന്റെ ലിംഗാധിഷ്ഠിതമായ വ്യത്യാസം ചിന്തകളെയും പ്രവൃത്തികളെയും നിർണ്ണയിക്കുന്നതിൽ പ്രധാന സ്ഥാനമാണ് വഹിക്കുന്നത്.

ഓരോ പുരുഷന്റെ മനസിലും സ്ത്രീ സങ്കല്പം അതിശക്ത മായുണ്ട്, അതുപോലെ ഓരോ സ്ത്രീയുടെ മനസിലും പുരുഷ സങ്കല്പം അതിശക്തമായുണ്ട്. ഏതെങ്കിലും പ്രത്യേക സ്ത്രീയുടെയോ പുരുഷന്റെയോ ഭാവം ഇവയ്ക്കില്ല. ഓരോ വ്യക്തിയുടെയും വൈകാരികവും വൈചാരികവുമായ ജീവിതത്തെ നിർണ്ണയിക്കുന്നതിൽ ആ വ്യക്തിയിലെ സ്ത്രീ സങ്കല്പത്തിനും പുരുഷ സങ്കല്പത്തിനും പ്രധാനസ്ഥാനമാണുള്ളത്. ഈ പശ്ചാത്തലത്തിൽ നിന്നു വസ്തുതകളെ വിശകലനം ചെയ്യുമ്പോൾ മനുഷ്യരുടെ ലിംഗഭേദത്തെക്കുറിച്ചും ലൈംഗികതയെക്കുറിച്ചും മനസിലാക്കേണ്ടതുണ്ട്.

## ലിംഗഭേദവും ലൈംഗികത്വവും

ലിംഗഭേദം സ്ത്രീ, പുരുഷൻ എന്ന വേർതിരിവിന്റെ അവസ്ഥയും ലൈംഗികത ഈ അവസ്ഥയുടെ സ്വഭാവത്തിനനുസരിച്ച് ഉത്ഭൂതമാകുന്ന വികാരങ്ങളുടെയും തൽഫലമായ പ്രവർത്തനങ്ങളുടെയും ആകെത്തുകയുമാണ്. സ്ത്രീലിംഗം, പുല്ലിംഗം എന്നു വേർതിരിവുള്ളതുപോലെ സ്ത്രീയുടെ ലൈംഗികത്വം, പുരുഷന്റെ ലൈംഗികത്വം എന്ന വേർതിരിവുമുണ്ട്. ലൈംഗികസ്വഭാവത്തിന്റെയോ പ്രവർത്തന രീതിയുടെയോ അടിസ്ഥാനത്തിലാണ് ഈ വേർതിരിവ് സംഭവിക്കുന്നത്. യഥാർത്ഥത്തിൽ ലൈംഗികത മനുഷ്യേച്ഛകളുടെ സവിശേഷ പ്രവർത്തനത്തെ വ്യക്തമാക്കുന്ന ഒന്നാണ്. ലൈംഗികത്വമില്ലാത്ത ലിംഗങ്ങളെ ഷണ്ഢീകരിക്കപ്പെട്ട ലിംഗങ്ങൾ എന്നാണു വ്യവഹരിക്കുന്നത്. നപുംസക ലൈഗികത്വത്തെ ചിലർ ഷണ്ഢീകരിക്കപ്പെട്ട ലൈംഗികത്വമെന്ന് നിർണ്ണയിക്കുമ്പോൾ മറ്റുചിലർ നപുംസക ലൈംഗികത്വമെന്ന സ്വഭാവ വിശേഷണം നൽകി അംഗീകരിക്കുന്നു.

പുരുഷത്വവും സ്ത്രൈണതയും ലിംഗത്താൽ നിർണ്ണയിക്കപ്പെടുന്നതാണെങ്കിലും അതിന്റെ പ്രത്യേക തെളിവായി സമൂഹം അംഗീകരിക്കുന്നത് ശരീരശാസ്ത്രപരമായ ശിശ്നത്തിന്റെ സാന്നിധ്യവും അഭാവവുമാണ്. എന്നാൽ സ്ത്രീയുടെ മുഖം, പുരുഷന്റെ മുഖം, സ്ത്രീയുടെ മാറ്, പുരുഷന്റെ മാറ്, സ്ത്രീയുടെ കാലുകൾ, പുരുഷന്റെ കാലുകൾ, സ്ത്രീയുടെ കണ്ണ്, പുരുഷന്റെ കണ്ണ്, എന്നെല്ലാം വേർതിരിച്ച് മനസിലാക്കാൻ കഴിയുമ്പോൾ വ്യക്തമാക്കുന്നത് ലിംഗ വ്യത്യാസത്തിൽ അധിഷ്ഠിതമായ വേർതിരിവ് എല്ലാ അവയവങ്ങളെയും സ്വാധീനിക്കുന്നു എന്നാണ്. കാഴ്ചയിലുള്ള ഈ വ്യത്യാസം അവയുടെ എല്ലാ പ്രവർത്തനങ്ങളിലും ഒരനുപാതത്തിലല്ലെങ്കിൽ ഇനിയൊരനുപാതത്തിൽ ദർശിക്കുവാൻ കഴിയും.

**ലിംഗഭേദവും അധികാരവും**

അധികാരത്തെ നിർണ്ണയിക്കുന്നതിൽ ലിംഗഭേദത്തിനു നിർണ്ണായകമായ സ്ഥാനമാണുള്ളത്. ശരീരബലം സ്ത്രീയേക്കാൾ അധികമുള്ളത് പുരുഷനാണ് . പൊതുവെ മാനസിക ബലം സ്ത്രീകളെക്കാൾ കൂടുതലുള്ളത് പുരുഷന്മാർക്കു തന്നെയാണ്. സന്താനപരമ്പരകളെ ഉല്പാദിപ്പിച്ച് വംശം നിലനിറുത്തുകയെന്ന ജീവശാസ്ത്രപരമായ ധർമ്മം സ്ത്രീയുടേതാണ്. സ്ത്രീയുടെ പ്രവർത്തനങ്ങളിലും ചിന്തയിലും വലിയൊരു ഭാഗം സന്താന ഉല്പാദനപരിപാലന സംരക്ഷണവുമായി ബന്ധപ്പെട്ടു നിൽക്കുന്നതാണ്. പുരുഷൻ തന്റേതായ ഒരിടം സൃഷ്ടിക്കുവാനും അധികാരം സ്ഥാപിക്കുവാനും കൂടുതലായി പ്രവർത്തിക്കുകയും ചിന്തിക്കുകയും ചെയ്യുന്നു. പുരുഷാധിപത്യം സ്ത്രീകൾക്കുമേൽ സംഭവിച്ചപ്പോൾ അതിനെ പ്രതിരോധിക്കാൻ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന സ്ത്രീകൾ സംഘടിച്ച് പ്രവർത്തിച്ചതിന്റെ പരിണിതഫലമാണ് ഫെമിനിസ്റ്റ് പ്രസ്ഥാനങ്ങൾ. യഥാർത്ഥത്തിൽ ഈ പ്രസ്ഥാനം ശാരീരികാടിമത്തത്തെ ഇല്ലാതാക്കാൻ ശ്രമിച്ചപ്പോഴും മാനസികാടിമത്വത്തെപ്പറ്റി ഗൗരവത്തോടെ ചിന്തിക്കുവാൻ വിസ്മരിച്ചു.

ശരീരത്തിന്റെ ബലം പോലെതന്നെയോ അതിനെക്കാളുമോ പ്രധാനമാണ് മനസിന്റെ ബലം. മനസിന്റെ ബലം പ്രവർത്തികളെ നിർണ്ണയിക്കുന്നു. ബലം കുറവുള്ള മനസിന്റെ ഉടമകൾക്കുമേൽ, സാഹചര്യാനുസരണം ബലമുള്ള മനസിന്റെ ഉടമകൾ ആധിപത്യം സ്ഥാപിക്കുന്നു. യഥാർത്ഥത്തിൽ മനുഷ്യന്റെ പ്രവർത്തനങ്ങൾ അവൻ ജീവിക്കുന്ന പ്രകൃതി, കാലാവസ്ഥ, സമൂഹം, സ്ഥാപനങ്ങൾ , വീട് , ഇതര നിർമ്മാണ വസ്തുക്കൾ എല്ലാമായി ബന്ധപ്പെട്ടാണിരിക്കുന്നത്. ഒരു സ്ഥലത്തെ ഭരണ സമ്പ്രദായത്തിന് മനുഷ്യന്റെ

പ്രവർത്തനങ്ങളെയും സ്വഭാവത്തെയും രൂപപ്പെടുത്തുന്നതിൽ അതിപ്രധാന സ്ഥാനമാണുള്ളത്. പുരുഷന്മാർ അധികാര സ്ഥാനങ്ങളിലേക്ക് കൂടുതലായി വരുവാനുള്ള കാരണം അവരുടെ ശാരീരികവും മാനസികവുമായ ബലം തന്നെയാണ്. സ്ത്രീകളെക്കാൾ അധികം അധികാരത്തിൽ ആകൃഷ്ടരാകുന്നതും അതിന്റെ സൗഭാഗ്യങ്ങൾ അനുഭവിക്കാൻ ആഗ്രഹിക്കുന്നതും പുരുഷന്മാരാണ്.

**ലൈംഗീകതയുടെ സ്വഭാവങ്ങൾ**

ലൈംഗീകത കാണുവാൻ കഴിയുന്ന ഒന്നല്ല. പ്രവർത്തനങ്ങളിലൂടെയാണ് അതു സ്വഭാവം പ്രദർശിപ്പിക്കുന്നത്. രതി ആഗ്രഹിക്കുന്നതും അനുഷ്ഠിക്കുന്നുതുമായ രീതി മനുഷ്യന്റെ പ്രവർത്തനങ്ങളെയും സ്വഭാവത്തെയും സ്വാധീനിക്കുന്നതിൽ പ്രധാനമാണ്. മനസിന്റെ ആരോഗ്യം, ചിന്താരീതി, തുടങ്ങിയവയും ശരീരത്തിന്റെ സ്വഭാവം, ആരോഗ്യം , സംസ്കാരം തുടങ്ങിയവയും ഇവിടെ പ്രസക്തമായി വരുന്ന വസ്തുതകളാണ്. അതുപോലെതന്നെ ഇണയുടെ സ്വഭാവ വിശേഷതകളും പ്രാധാന്യമർഹിക്കുന്ന ഘടകമാണ്. ഭിന്ന ലിംഗത്തിൽപ്പെട്ടവർ തമ്മിലുള്ള ലൈംഗികബന്ധമാണ് പ്രകൃതി നിയമമായി അംഗീകരിച്ചിരിക്കുന്നത്. സ്വവർഗ്ഗരതിക്കാർ, സ്വയം രതിയിൽ ഏർപ്പെടുന്നവർ, മൃഗങ്ങളുമായി രതി അനുഭവിക്കുന്നവർ, അംഗീകൃത നിയമത്തിനു വിധേയമായി പലവിധത്തിൽ രതി അനുഭവിക്കുന്നവരെല്ലാം സവിശേഷമായ ഓരോ മനോഭാവത്തിന്റെയും പ്രവർത്തനങ്ങളുടെയും വാഹകരാണ്. ഭിന്ന പ്രായത്തിൽപ്പെട്ടവർ തമ്മിലുള്ള രതിയും മാനസികാരോഗ്യാവസ്ഥയെയല്ല പ്രദർശിപ്പിക്കുന്നത്.

ഇണയെ പീഡിപ്പിക്കുന്ന, ഇണയെ തൃപ്തിപ്പെടുത്താനാവാത്ത, ഇണയ്ക്കുമേൽ ആധിപത്യം പുലർത്തുന്ന ലൈംഗികബന്ധങ്ങളും മാനസികരോഗത്തിന്റെ ഓരോ തലത്തെയാണ് പ്രദർശിപ്പിക്കുന്നത്. യഥാർത്ഥത്തിൽ ഇവരുടെ സ്വഭാവവിശേഷത്തിന്റെ അന്തരീക്ഷത്തിൽ നിന്നുമാണ് ശരീരം പ്രവർത്തിക്കുന്നതും ഭാഷകൾ സൃഷ്ടിക്കുന്നതും. ബോധപൂർവ്വമായ ഭാഷാവതരണത്തിൽ ഇവയെയെല്ലാം മറച്ചുനിർത്താമെങ്കിലും ബോധപൂർവ്വമല്ലാതെ ശരീരം വിനിമയം ചെയ്യുന്ന ആശയങ്ങൾ അഥവാ ഭാഷ ഇവയുടെ പ്രത്യുല്പന്ന ഫലം തന്നെയാണ്.

സമൂഹം അതിന്റെ നിലനിൽപിനും ശ്രേഷ്ഠതയ്ക്കും വേണ്ടി ഒരു പുരുഷന് ഒരു സ്ത്രീ, ഒരു സ്ത്രീക്ക് ഒരു പുരുഷൻ എന്ന നിയമം സൃഷ്ടിച്ചിരിക്കുന്നു. നിയമങ്ങൾ ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിലുള്ള നിയന്ത്രണങ്ങളുടെ ഭാഗമാണല്ലോ. ഇതിന് പരസ്പര

വിശ്വാസത്തിന്റേതും ഉടമ്പടിയുടേതുമായ ഒരു തലം കൂടിയുണ്ട്. നിയമം അനുസരിക്കുന്നവരും നിഷേധിക്കുന്നവരുമുണ്ട്. നിയമ നിഷേധം നടത്തുന്നവരുടെ പ്രവർത്തനങ്ങളിൽ ഒരു സംശയാലുവിന്റെയും കുറ്റവാളിയുടെയും സ്വഭാവം ലീനമായിരിക്കും. അപകർഷതാബോധം ഓരോ അനുപാതത്തിൽ ഇവരുടെ പ്രവർത്തനങ്ങളിൽ ദർശിക്കാവുന്നതുമാണ്.

മതങ്ങൾ മനുഷ്യരുടെ ലൈംഗികപ്രവർത്തനത്തിനുമേൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതും അതിനെ മതത്തിന്റെ മനോഭാവത്തിനനുസരിച്ച് നിർണ്ണയിക്കുവാൻ ശ്രമിക്കുന്നതും കാണാം. ഉദാഹരണമായി ചില കത്തോലിക്കാ സഭക്കാർ ഉല്പാദനക്ഷമമല്ലാത്ത ലൈംഗികത ദൈവഹിതത്തിന് എതിരാണെന്ന് പ്രചരിപ്പിക്കുകയും വിശ്വസിപ്പിക്കുകയും ചെയ്യുന്നു. ലൈംഗികതയ്ക്ക് കടിഞ്ഞാണിട്ട് നിയന്ത്രിച്ച് ബ്രഹ്മചര്യത്തെ മഹത്വവൽക്കരിക്കുന്ന മതവിശ്വസ സമൂഹങ്ങളുമുണ്ട്. യഥാർത്ഥത്തിൽ ലൈംഗികതയോടും അതിന്റെ പ്രവർത്തനങ്ങളോടുമുള്ള മനോഭാവം മനുഷ്യരുടെ ലൈംഗിക ബാഹ്യമായ പ്രവർത്തനങ്ങളെ ആഴത്തിൽ സ്വാധീനിക്കുന്നു. ഈ സ്വാധീനത്തിന്റെ തോത് ഒരു സൈദ്ധാന്തിക നിർണ്ണയത്തിനോ നിയതമായ ശൈലിനിർണ്ണയിക്കുന്നതിനോ വിധേയമാക്കുവാൻ കഴിയുന്ന ഒന്നല്ല. ലൈംഗികത ശക്തിയുടെ, സൗന്ദര്യത്തിന്റെ, ആസ്വാദനത്തിന്റെ എല്ലാം, മേഖലകളെ ഓരോ അനുപാതത്തിൽ സാധിക്കുന്നുണ്ട്. ഇതിന്റെ പരിണതഫലമായി മനോഭാവം, പ്രവർത്തനരീതി തുടങ്ങിയവ രൂപപ്പെട്ടുവരുന്നു. എന്തിന്റെ പേരിലായാലും ലൈംഗികത നിഷേധിക്കുന്ന ശരീരം അതിന്റെ പ്രതിഷേധം പ്രകടിപ്പിക്കുക തന്നെചെയ്യും. അത് ശരീരത്തിന്റെ പ്രവൃത്തികളിൽ, മനസിന്റെ പ്രവൃത്തികളിൽ, എല്ലാം പ്രതിഫലിക്കുകയും ചെയ്യും. ലൈംഗികത അനുഭവിക്കുന്ന മനുഷ്യരോടുള്ള അസൂയ, അധികാരഭ്രമം പണത്തോടുള്ള ആർത്തി, ഉപദേശരൂപേണയുള്ള സംസാരം തുടങ്ങിയവയെല്ലാം ഈ ശരീരവാഹകരുടെ പ്രവർത്തനങ്ങളിൽ സാധാരണ ദർശിക്കാവുന്നതാണ്. മറ്റുള്ളവർക്കു മുന്നിൽ ഇവയെല്ലാം തന്ത്രപൂർവ്വം മറച്ചുവച്ചായിരിക്കും ഇവരുടെ പ്രവർത്തനങ്ങൾ. അതുകൊണ്ടുതന്നെ സൂക്ഷ്മനിരീക്ഷണത്തിലൂടെയേ ഇവയുടെ തോത് നിർണ്ണയ വിധേയമാക്കുവാൻ കഴിയുകയുള്ളൂ.

## സംസ്കാര സ്വാധീനം

ഏറ്റവും ആധുനികമായ സംസ്കാരാന്തരീക്ഷത്തെ സൂചിപ്പിക്കുവാൻ ഉപയോഗിക്കുന്ന പദമാണ് ആധുനികത അഥവാ ഉത്തരാധുനികത. ഉത്തരാധുനിക സമൂഹം, ഉത്തരാധുനിക മനോഭാവം,

ഉത്തരാധുനിക അന്തരീക്ഷം, ഉത്തരാധുനിക കലാസാഹിത്യങ്ങൾ എന്നെല്ലാം വ്യവഹരിക്കുമ്പോൾ വ്യക്തമാകുന്നത് സവിശേഷമായൊരു സംസ്കാരികാന്തരീക്ഷമാണ്. ഈ സാംസ്കാരാന്തരീക്ഷം മനുഷ്യന്റെ ചിന്താ രീതിയെ, പ്രവർത്തന രീതിയെ, ആചാരരീതിയെ, വിശ്വാസസങ്കല്പങ്ങളെയെല്ലാം പുനർനിർണ്ണയ വിധേയമാക്കി. ഓരോ ദേശത്തേയും പ്രദേശത്തേയും സംസ്കാരം ആ സവിശേഷമായ അന്തരീക്ഷത്തിനും അവസ്ഥയ്ക്കും ചേരുന്നതായിരിക്കും. ഈ അവസ്ഥയോടും അന്തരീക്ഷത്തോടുമാണ് ആധുനികമായ അവസ്ഥാ വിശേഷങ്ങൾ സംയോജിക്കുന്നത്.

**യന്ത്രസംസ്കാരം**

ആധുനികയുഗം പൂർണ്ണമായും യന്ത്രവൽകൃതമായ അവസ്ഥാ വിശേഷമാണ്. മനുഷ്യന്റെ എല്ലാ പ്രവർത്തനങ്ങളിലും ഇലക്ട്രോണിക്സ് മാധ്യമങ്ങളും ഇതരയന്ത്രങ്ങളും ചെലുത്തുന്ന സ്വാധീനം നിർവചനാതീതമാണ്. സഞ്ചരിക്കുന്ന വാഹനങ്ങൾ, വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കൾ, കംപ്യൂട്ടർ തുടങ്ങിയവയെല്ലാം മനുഷ്യന്റെ പ്രവർത്തനങ്ങളെ സ്വാധീനിക്കാത്ത സമയങ്ങൾ ഇല്ലതന്നെ.

ആധുനിക രീതിയിലുള്ള വാർത്താവിനിമയ സമ്പ്രദായങ്ങൾ, ആശയവിനിമയ മേഖലകൾ തുടങ്ങിയവയും മനുഷ്യമനോഭാവങ്ങളെ കാലാനുസൃതമായി പരിവർത്തനപ്പെടുത്തുകയും രൂപപ്പെടുത്തുകയും ചെയ്യുന്നവതന്നെയാണ്. ആഗ്രഹിക്കുന്നവർക്ക് അർഹിക്കുന്ന രീതിയിലുള്ള അറിവാർജ്ജനത്തിനുള്ള മേഖലകളുടെ വാതായനങ്ങൾ മുന്നിൽ തുറന്നു കിടക്കുകയാണ്. യഥാർത്ഥത്തിൽ വിശാലമായ ലോകം മനുഷ്യർക്കുമുന്നിൽ ഉപയോഗപ്രദമായി നിൽക്കുകയും ആഗ്രഹിക്കുന്ന ഏതു മേഖലകളുമായി നിമിഷാർദ്ധത്തിനുള്ളിൽ ആശയവിനിമയം നടത്തുവാൻ കഴിയുന്നതുമായ അവസ്ഥയാണുള്ളത്. ഇലക്ട്രോണിക്സ് പുരോഗതിയുടെ പരിണിത ഫലമായി ജീവിതത്തെയും പ്രവർത്തനങ്ങളെയും സംബന്ധിച്ച ഏറെ സങ്കീർണ്ണതകൾ മാറിക്കിട്ടുകയും ലാഘവകരവും സുഖപ്രദവുമായ അന്തരീക്ഷം സംജാതമാകുകയും ചെയ്തു. ഈ അവസ്ഥ മനുഷ്യന്റെ ചിന്തകളെയും പ്രവർത്തനങ്ങളെയും മനോഭാവത്തെയുമെല്ലാം കാലികപ്രസക്തമായ രീതിയിൽ പുനർ ക്രമീകരിച്ചിരിക്കുന്നു.

**വാണിജ്യ സംസ്കാരം**

എല്ലാ മേഖലകളിലും വാണിജ്യവൽക്കരണം നടന്നു കഴിഞ്ഞ ഒരു കാലമാണിത്. ഉത്പാദകർ ലാഭത്തിനായി യത്നിക്കുമ്പോൾ ഉപഭോക്താക്കൾ ഏറ്റവും മികച്ച സേവനത്തിനായി യത്നിക്കുന്ന

അവസ്ഥാ വിശേഷണമാണുള്ളത്. ഉത്പാദന വസ്തുക്കളുടെയും മേഖലകളുടെയും പെരുപ്പവും വ്യാപ്തിയും ഉപഭോഗമേഖലയെ ഭിന്ന അഭിരുചിക്കും ആവശ്യാനുസരണമുള്ള തിരഞ്ഞെടുപ്പിനും പ്രാപ്തമാക്കിയിരിക്കുന്നു.

വാണിജ്യസംസ്കാരം പരസ്യമേഖലയുടെ വളർച്ചയ്ക്കും വ്യാപനത്തിനും കാരണമായി. പരസ്യങ്ങൾ പ്രചരണ മാധ്യമവും പ്രലോഭന മേഖലയുമാണെന്ന് അറിഞ്ഞുകൊണ്ടുതന്നെ ഏറെ ഉപഭോക്താക്കളും കാണുകയും അതിൽ ആകൃഷ്ടരാകുകയും ചെയ്യുന്ന കാഴ്ച സാധാരണമാണ്. കിനാചന്തമുള്ള പരസ്യങ്ങൾക്ക് മനുഷ്യമനോഭാവങ്ങളെയും അഭിരുചികളെയും പുനർനിർണ്ണയിക്കുവാനും രൂപപ്പെടുത്തുവാനും കഴിയുന്നു. വാണിജ്യസംസ്കാരം സംഭവങ്ങളുടെ അവതരണത്തിൽ, വാർത്തകളുടെ വിനിമയത്തിൽ എല്ലാം അതിശക്തമായ സ്വാധീനമാണ് ചെലുത്തുന്നത്. ദൃശ്യരൂപത്തിൽ കാണിക്കുകയും അവതരിപ്പിക്കുകയും ചെയ്യുന്ന സംഭവങ്ങളിലും വാർത്തകളിലുമെല്ലാം കാഴ്ചക്കാരനെ ഉദ്വേഗപൂർവ്വം ആകർഷിക്കുവാനും അവർ അവതരിപ്പിക്കുന്ന രീതിയിൽ വസ്തുതകൾ മനസിലാക്കുവാനും കഴിയുന്ന ആഖ്യാനരീതിയാണ് ഉപയോഗിക്കുന്നത്. യഥാർത്ഥത്തിലിവിടെ യാഥാർത്ഥ്യത്തെ വക്രീകരിച്ച് സവിശേഷമായ യാഥാർത്ഥ്യ പ്രതീതിയോടെ അവതരിപ്പിക്കുന്ന അവസ്ഥാ വിശേഷണമാണുള്ളത്.

പണം,രതി, അധികാരം എന്നീ മൂന്ന് അവസ്ഥകൾക്ക്, അല്ലെങ്കിൽ പ്രമേയങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടാണ് ഏറെ പരസ്യങ്ങളും ആഖ്യാനം ചെയ്യുന്നത്. സ്വാഭാവികമായിത്തന്നെ ഇവ കാഴ്ചക്കാരന്റെ മനോഭാവത്തെ ക്രമത്തിൽ സ്വാധീനിച്ചുകൊണ്ടിരിക്കും. അലങ്കാരം, ചടുലസ്വഭാവമുള്ള സംഗീതം,വസ്ത്രധാരണം, ആഭരണം, ഒഴിവുകാല വിനോദം, കംപ്യൂട്ടറിലുള്ള നാനാവിധം കളികൾ തുടങ്ങിയവയെല്ലാം പുതിയ യുഗത്തിന്റെ ശീലവ്യവസ്ഥയുടെ ഭാഗമാണ്. ഇവയ്ക്കും മനുഷ്യമനോഭാവങ്ങളെയും അവരുടെ ക്രിയകളെയും നിയന്ത്രിക്കുന്നതിൽ നിർണ്ണായക സ്വാധീനമാണുള്ളത്.

### വിശ്വാസ സംസ്കാരം

ജീവിത വിജയത്തിനും സുഖത്തിനും പണം, അധികാരം, രതി തുടങ്ങിയവ വേണമെന്ന വിശ്വാസം ദൃഢപ്പെട്ടുവന്നതിന്റെ ഫലമായി മുമ്പുണ്ടായിരുന്ന പല വിശ്വാസങ്ങളും ശീലങ്ങളും പുനക്രമീകരണത്തിനോ തിരസ്കരണത്തിനോ കാരണമായിത്തീർന്നു. മനുഷ്യർക്ക് പരസ്പരമുള്ള വിശ്വാസം അവരുടെ സ്വഭാവവും പ്രവൃത്തികളും നിർണ്ണയിക്കുന്നതിൽ പ്രധാനമാണല്ലോ. ഈ വിശ്വാസം കർമ്മാധിഷ്ഠിതമോ വ്യവസ്ഥാപിതമോ ആയിത്തീർന്നു. തനിക്ക്

തന്നോടുമാത്രമാണ് ആത്യന്തികമായ കടപ്പാടെന്ന വിശ്വാസം രൂഢമൂലമായി. മതസ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും പണസമ്പാദനത്തിനായുള്ള മേഖലകൾ ആയിത്തീർന്നതോടെ ചിന്തിക്കുന്ന വിശ്വാസികൾ അതിൽനിന്നും അകന്നു തുടങ്ങി. മതങ്ങൾ തമ്മിലുള്ള മാത്സരങ്ങളും സംഘട്ടനങ്ങളും മതപ്രചരണത്തിന്റെയും അധികാര സ്ഥാപനത്തിന്റെയും കാലികമുഖമാണ് വ്യക്തമാക്കുന്നത്. ഏറെ മതനേതാക്കളും ആദ്ധ്യാത്മികതയെ അധരവ്യായാമമായി എടുക്കുകയും ജീവിതചര്യകളെ സുഖശീലത്തിൽ അധിഷ്ഠിതമാക്കുകയും ചെയ്യുന്നവരായിത്തീർന്നു.

അംഗീകരിക്കപ്പെട്ട ഭരണക്രമം ജനാധിപത്യമാണല്ലോ. ജനാധിപത്യരീതിയിൽത്തന്നെ അതിന്റെ ആത്യന്തിക ലക്ഷ്യം അപ്രത്യക്ഷമാകുകയും ഭരണാധികാരികൾ അവരുടെ സുഖത്തിനും കീർത്തിക്കും വേണ്ടി പ്രവർത്തിക്കുന്നവരായിത്തീരുകയും ചെയ്യുന്ന കാഴ്ചയാണ് കാണുവാൻ കഴിയുന്നത്. ജനാധിപത്യത്തിൽ സാധാരണ പൗരന്റെ ധർമ്മം അഥവാ സ്ഥാനം വോട്ടുചെയ്യുകയെന്നതു മാത്രമായി. ചിന്തിക്കുന്ന ഒരു ജനവിഭാഗം ഈ അവസ്ഥയിൽ അസ്വസ്ഥരും ഭാവിയെക്കുറിച്ച് ആശങ്കപ്പെടുന്നവരുമായിത്തീർന്നിട്ടുണ്ട്. ഈ അവസ്ഥയും ജനങ്ങളുടെ, മനുഷ്യരുടെ വിശ്വാസ സംസ്കാരങ്ങൾ നിർണ്ണയിക്കുന്നതിൽ പ്രധാന സ്ഥാനമാണു വഹിക്കുന്നത്.

### മാനസിക സംസ്കാരം

മനസിന്റെ അവസ്ഥയും പ്രവർത്തനരീതിയും രൂപപ്പെട്ടു വരുന്നതിൽ മനുഷ്യൻ ബന്ധപ്പെടുന്ന അവസ്ഥയ്ക്കും സാഹചര്യത്തിനും പ്രധാനമായ സ്ഥാനമാണുള്ളത്. അധിആധുനികാവസ്ഥ സമൂഹത്തിന്റെ ഒരു മേഖലയിൽ പുരോഗതിയും വേഗത്തിലുള്ള മാറ്റങ്ങളും വരുത്തുമ്പോൾ മറ്റൊരു മേഖലയിൽ ദാരിദ്ര്യവും അനുബന്ധിത അവസ്ഥയുമാണ് സൃഷ്ടിക്കുന്നത്. സമ്പത്തും സൗകര്യവുമുള്ളവർക്ക് ഉന്നത വിദ്യാഭ്യാസം, ആധുനിക സൗകര്യങ്ങളുള്ള ആശുപത്രികൾ, സുഖമേഖലകൾ തുടങ്ങിയവ പ്രയോജനപ്പെടുത്തുവാൻ കഴിയുമ്പോൾ ദാരിദ്ര്യവും അസൗകര്യങ്ങളും അനുഭവിക്കുന്നവർക്ക് ഇവയെല്ലാം അപ്രാപ്യമാകുന്നു. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം ഓരോ സമൂഹത്തിന്റെയും അന്തരീക്ഷം, ആചാരരീതികൾ, ചിന്താരീതികൾ തുടങ്ങിയവ സൃഷ്ടിക്കുന്നതിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തുന്നുണ്ട്. ഉള്ളവനോടുള്ള പ്രതിഷേധം ഇല്ലാത്തവനിൽ രൂപീകൃതമാകുന്നതും പ്രകടിപ്പിക്കുന്നതും സാധാരണമാണ്. ഇത്തരം പ്രതിഷേധങ്ങളെ നിയമവും അധികാരവും ചേർന്ന് ഏറെ സാഹചര്യങ്ങളിലും ഒതുക്കി നിറുത്തുന്നു. യഥാർത്ഥത്തിൽ ഇത്തരം അവസ്ഥകളെല്ലാം അതുമായി ബന്ധപ്പെടുകയും പരിണതഫലം

അറിയുകയും ചെയ്യുന്നവരുടെ മാനസിക പ്രവർത്തനങ്ങളെയും അതിലൂടെ സംസ്കാരത്തെയും സ്വാധീനിക്കുന്നു.

ജന്മസാഹചര്യവും വളർച്ചാസാഹര്യവുമാണ് ഒരാളുടെ ചിന്തയേയും, ഭാവനയേയും അറിവാർജ്ജനത്തേയുമെല്ലാം സ്വാധീനിക്കുന്നത്. മാനസികമായ സംസ്കാരം രൂപീകരിക്കുന്നതിലും പ്രവർത്തനങ്ങളെ നിർണ്ണയിക്കുന്നതിലും ഇവയ്ക്കും പ്രധാന സ്ഥാനമാണുള്ളത്. മാനസിക സംസ്കാരത്തിന്റെ ബഹിർസ്ഫുരണമായാണ് ബാഹ്യസംസ്കാരം പ്രവർത്തിക്കുന്നത്. യഥാർത്ഥത്തിൽ ഈ അവസ്ഥ ശരീരം സൃഷ്ടിക്കുന്ന ഭാഷകളെ സാഹചര്യാനുസരണം സ്വാധീനിക്കുന്നു.

## സംഘസ്വഭാവം

മനുഷ്യൻ ഏകനായിരിക്കുമ്പോൾത്തന്നെ അവനിൽ ബഹുത്വത്തിന്റെ അല്ലെങ്കിൽ സംഘം ചേരുന്നതിനായുള്ള ചോദനകൾ ദർശിക്കാവുന്നതാണ്.ഏകാന്തതയുംഏകാത്മകമായ പ്രവർത്തനങ്ങളും ഒരിക്കലും മനുഷ്യനെ തൃപ്തിപ്പെടുത്തുകയോ സന്തോഷിപ്പിക്കുകയോയില്ല. അതുകൊണ്ടുതന്നെ മനുഷ്യന്റെ ചിന്തകളിലും പ്രവർത്തനങ്ങളിലുമെല്ലാം ഒരു സംഘസ്വഭാവം ലീനമായിരിക്കുന്നുണ്ട്. അത്ഥകല്പനകൾ സംഘസ്വഭാവത്തിന്റെ ഭാഗമാണ്. സാമൂഹ്യനീതിയിൽ അധിഷ്ഠിതമായി സംഘം ചേർന്നു പ്രവർത്തിക്കുന്നതിന്റെ അടിസ്ഥാന യൂണിറ്റാണ് കുടുംബം. സ്ത്രീയും പുരുഷനും സംഘം ചേർന്ന് ഭാര്യാഭർത്താക്കന്മാരായിത്തീരുന്നു. ഭാര്യ , ഭർത്താവ് അവരുടെ മക്കൾ എന്ന ചെറുസംഘം ഒരു സംസ്കാരാന്തരീക്ഷത്തിന്റെ സൃഷ്ടിയിൽ നിർണ്ണായക സ്ഥാനം വഹിക്കുന്നു. പൊതുസ്ഥലത്തെ ഭക്ഷണശാല, ആരാധനാലയങ്ങൾ, സിനിമാശാല, ആൾത്തിരക്കുള്ള കടപ്പുറം, ആഘോഷങ്ങൾ, ഉത്സവങ്ങൾ തുടങ്ങിയവയെല്ലാം സംഘം ചേരുന്നതിനുള്ള ഓരോ സ്ഥലങ്ങളും അന്തരീക്ഷവുമാണ് സൃഷ്ടിക്കുന്നത്.

ഒരു മനുഷ്യൻ തന്നെ പല സംഘങ്ങളുടെ ഭാഗമായി പ്രവർത്തിക്കുന്നത് സാധാരണമാണ്. ഓരോ സംഘവും ഓരോ മനോഭാവത്തിന്റെയും പ്രവർത്തനരീതിയുടെയും അന്തരീക്ഷമാണ് സൃഷ്ടിക്കുന്നത്. ഭക്ഷണശാലയിൽ സംഘടിക്കുന്നവർ രുചികരമായ ഭക്ഷണം കഴിക്കുന്നതിനും അവിടുത്തെ അന്തരീക്ഷം ആസ്വദിക്കുന്നതിനും വിശ്രമിക്കുന്നതിനുമെല്ലാമായിട്ടാണ് എത്തുന്നത്. എന്നാൽ ഒരു മതപരമായ ചടങ്ങിന്റെ അന്തരീക്ഷം ഇതിൽനിന്നും ഏറെ ഭിന്നമാണ്. മതത്തിന്റെ പ്രവർത്തനരീതിയിൽ തത്ത്വസംഹിതകൾ, ഒത്തുകൂടലിന്റെ ലക്ഷ്യം തുടങ്ങിയവ സംഘംചേരലിന്റെ സ്വഭാവത്തെ

നിർണ്ണയിക്കുന്ന ഘടകങ്ങളാണ്. ആദ്ധ്യാത്മികത സൃഷ്ടിക്കുന്ന അന്തരീക്ഷം, തീവ്രവാദാന്തരീക്ഷം സൃഷ്ടിക്കുന്ന അവസ്ഥ തുടങ്ങിയവയെല്ലാം മതങ്ങളുടെ പ്രവർത്തനങ്ങളിലുണ്ട്. ഇവയുടെ സ്വഭാവവും തോതും ഈ സംഘം ചേരലിന്റെ അവസ്ഥയെ നിർണ്ണയിക്കുന്ന ഘടകങ്ങളാണ്.

അക്രമാസക്തമായ ജനക്കൂട്ടം ഉത്സവലഹരിയിൽ ആടിത്തിമിർക്കുന്ന ജനക്കൂട്ടം, വിജയം ആഘോഷിക്കുന്ന ജനക്കൂട്ടം, പ്രതിഷേധിക്കുന്ന ജനക്കൂട്ടം തുടങ്ങിയവയൊക്കെ നിത്യജീവിതത്തിലെ പ്രവർത്തനങ്ങളുടെ ഭാഗമാണ്. ഇതുപോലെയുള്ള ജനക്കൂട്ടങ്ങളുടെ ഭാഗമാകുവാൻ നിരന്തരം ആഗ്രഹിക്കുന്നവരും ഭാഗമാകുന്നവരുമുണ്ട്. അതുപോലെ തന്നെ ഇതിൽനിന്നെല്ലാം അകന്നു നിൽക്കുന്നവരുമുണ്ട്. എന്തുതന്നെ ആയാലും സമൂഹത്തിൽ ജീവിക്കുന്ന ഒരാൾ ഈ ആൾക്കൂട്ടങ്ങളെ കാണുകയും അറിയുകയുമെല്ലാം ചെയ്യുന്നു, ടെലിവിഷൻ, പത്രമാസികകൾ തുടങ്ങിയവ ആൾക്കൂട്ടങ്ങളെപ്പറ്റി നടത്തുന്ന വാർത്ത പ്രചരണങ്ങൾ കാണുകയും അറിയുകയുമെല്ലാം ചെയ്യുന്നു. സ്വാഭാവികമായി തന്നെ ഇവിടെയെല്ലാം സംഘപരമായ പ്രവർത്തനങ്ങളും മനുഷ്യർ അറിയുന്നു. പ്രവർത്തനങ്ങൾ, പ്രവർത്തനങ്ങളെ വിലയിരുത്തുകയും ഗ്രഹിക്കുകയും ചെയ്യുന്നതിന്റെ അനുപാതം തുടങ്ങിയവയെല്ലാം മനുഷ്യരുടെ പ്രവർത്തനങ്ങളെയും മനോഭാവത്തെയും നിയന്ത്രിക്കുകയും രൂപപ്പെടുത്തുകയും ചെയ്യുന്ന ഘടകങ്ങളാണ്.

**സംഘംചേരലിന്റെ വിപുലവിസ്തൃത മേഖലകൾ**

അന്തർമുഖത്വവും ബഹിർമുഖത്വവും എല്ലാമനുഷ്യരിലുമുണ്ട്. ഇതിന്റെ തോത് ഓരോരുത്തരിലും ഓരോ അനുപാതത്തിലായിരിക്കും. ഓരോരുത്തരിലും ഇതിന്റെ പ്രവർത്തനം പ്രകടമായി സംഭവിക്കുന്നതിന് അവരുടേതുമാത്രമായ അവസ്ഥകളും കാരണങ്ങളും അന്തരീക്ഷവുമെല്ലാം ഉണ്ടായിരിക്കും. ഇവയുടെ പ്രകടനത്തിൽ മാനസികാവസ്ഥയുടെ സ്വാധീനവും നിർണ്ണായകമായി സംഭവിക്കുന്നുണ്ട്. സംഘം ചേരലിന്റെ അവസ്ഥകളിൽ ഏറെ മനുഷ്യരിലും പ്രബലമായി നിൽക്കുന്നത് ബഹിർമുഖത്വമാണ്. ബഹിർമുഖത്വമെന്നാൽ ഭാവങ്ങളും അവസ്ഥകളും വെളിവായി കാണിക്കുന്ന അവസ്ഥയെന്നേ അർത്ഥമുള്ളൂ. അന്തർമുഖത്വം അവനിലേയ്ക്കുതന്നെ ഉൾവലിയുന്ന സ്വഭാവമാണ്.

കലാലയത്തിൽ, പൊതുസ്ഥലത്തെ ഭക്ഷണശാലയിൽ, മദ്യശാലയിൽ, മതപരമായ ചടങ്ങിൽ, പൊതുയോഗങ്ങളിൽ, ചർച്ചാക്ലാസ്സുകളിൽ, കലകളുടെ അവതരണത്തിലും ആസ്വാദനത്തിലും വിവാഹങ്ങളിൽ എല്ലാം ഓരോ തരത്തിലുള്ള സംഘംചേരലാണ് നടക്കുന്നത്. ഇവിടെയെല്ലാം സാഹചര്യാനുസരണം ഓരോ വ്യക്തിയും

പ്രവർത്തിക്കുകയും ഇതര വ്യക്തികളുമായി ആശയവിനിമയം നടത്തുകയും ചെയ്യുന്നു. സംഘംചേർന്നു പ്രവർത്തിക്കുന്ന വ്യക്തികളുടെ മനസ്സ് മറ്റുള്ളവർക്കുവേണ്ടി സാഹചര്യാനുസരണം പ്രവർത്തിക്കുവാനും അവരുടെ ആവശ്യാഗ്രഹങ്ങൾ സാഹചര്യാനുസരണം പരിഗണിക്കുവാനും തയ്യാറാകുന്നു. സംസാരത്തിൽ മറ്റുള്ളവരുടെ മനസ്സും സ്വഭാവവും ആശയവിനിമയ രീതികളും സാരമായി സ്വാധീനിക്കുന്നു. ഇതിനോടൊപ്പംതന്നെ ശരീരത്തിന്റെ ചലനാദി പ്രവർത്തനങ്ങളിൽ ഒരു പ്രകടന സ്വഭാവം അഥവാ പ്രദർശന വാസന സ്വാഭാവികമായിത്തന്നെ സംഭവിക്കുന്നു. ഇതിന്റെ തോത്, വ്യക്തികളുടെ ഇതര സ്വഭാവ വിശേഷങ്ങളുമായി ബന്ധപ്പെട്ടാണിരിക്കുന്നത്.

സ്ത്രീകളുടെ സംഘം, പുരുഷന്മാരുടെ സംഘം എന്നു ലിംഗാധിഷ്ഠിതമായി നിർണ്ണയിക്കുമ്പോൾത്തന്നെ അതിൽ സവിശേഷമായ പ്രവർത്തനത്തിന്റെ അവസ്ഥയാണ് സൂചിതമാകുന്നത്. വിദ്യാർത്ഥികളുടെ സംഘം, തൊഴിലാളികളുടെ സംഘം, സന്യാസിമാരുടെ സംഘം, കള്ളന്മാരുടെ സംഘം എന്നു വ്യവഹരിക്കുമ്പോൾ തൊഴിലും അവസ്ഥയുമെല്ലാമായി ബന്ധപ്പെടുത്തിയുള്ള നിർണ്ണയമാണ് നടക്കുന്നത്. കുട്ടികളുടെ സംഘം, യുവതീയുവാക്കളുടെ സംഘം,മധ്യവയസ്കരുടെ സംഘം, പ്രായമായവരുടെ സംഘം എന്ന് സംഘങ്ങളെ തിരിക്കുമ്പോൾ പ്രായം പ്രധാന മാനദണ്ഡമായിത്തീരുന്നു. സംഘം ചേരുന്നതിനുള്ള സാഹചര്യം, സംഘംചേരുന്നവരുടെ മനോഭാവം തുടങ്ങിയവ അവരുടെ പ്രവർത്തനങ്ങളെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്.

**ആൾക്കൂട്ടം**

സംഘംചേരലിന്റെ വിപുലമായ അവസ്ഥയാണ് ആൾക്കൂട്ടം. ഇവിടെ വ്യക്തികൾ ആൾക്കൂട്ടത്തിൽ ലയിച്ചുനിന്ന് അതിന്റെ സ്വഭാവത്തിനനുസരിച്ചാണ് പ്രവർത്തിക്കുന്നത്. ആൾക്കൂട്ടത്തിനു തന്നെ പല സ്വഭാവങ്ങളുണ്ട്. ഉത്സാഹത്തോടെ ആർപ്പുവിളികളോടെ നീങ്ങുന്ന ആൾക്കൂട്ടം, പ്രതിഷേധിക്കുന്നവരുടെ ആൾക്കൂട്ടം, നശീകരണ പ്രവർത്തനം നടത്തുന്നവരുടെ ആൾക്കൂട്ടം, ഏതെങ്കിലും പ്രസ്ഥാനത്തിന്റെ പ്രചരണാർത്ഥം പ്രവർത്തിക്കുന്ന ആൾക്കൂട്ടം, അപായത്തിൽനിന്നും ഓടി അകലുന്നവരുടെ ആൾക്കൂട്ടം, പട്ടിണിക്കാരുടെ ആൾക്കൂട്ടം – ഈ പട്ടിക ഏറെയാണ്. ആൾക്കൂട്ടത്തിന്റെ ഭാഗമായ വ്യക്തി അതിന്റെ സ്വഭാവത്തിനനുസരിച്ചാണ് പ്രവർത്തിക്കുന്നത്. ഇവിടെ കേവലം ഒരു വ്യക്തിയുടെ ബുദ്ധിയെന്നത് അപ്രസക്തമാകുകയും ആൾക്കൂട്ടത്തിന്റെ ബുദ്ധിയെന്ന സവിശേഷമായൊരവസ്ഥ സംഭവിക്കുകയുമാണ് ചെയ്യുന്നത്. ആൾക്കൂട്ടത്തി

ലുള്ളവരുടെ പ്രവർത്തനങ്ങൾ ഏറെയും സമാന സ്വഭാവം പുലർത്തുന്നവയായിരിക്കും. എന്നാൽ ആൾക്കൂട്ടത്തെ നയിക്കുന്നവർ ശക്തിയുള്ളതും ഊർജ്ജസ്വലവുമായ ബുദ്ധിയുടെ വക്താക്കളും പ്രവർത്തകരുമായിരിക്കും. ഇവരുടെ മേധാശക്തി അല്ലെങ്കിൽ ആജ്ഞാശക്തി ജനക്കൂട്ടത്തിലേക്ക് സംക്രമിക്കുന്ന അവസ്ഥ സംഭവിക്കുകയും തുടർന്ന് അവരുടെ ആഗ്രഹത്തിനും ആജ്ഞയ്ക്കു മനുസരിച്ച് ജനക്കൂട്ടം പ്രവർത്തിക്കുകയുമാണ് ചെയ്യുന്നത്.

ജനക്കൂട്ടത്തിന്റെ ഭാഗമാകുന്ന മനുഷ്യരും ജനക്കൂട്ടത്തെ വിലയിരുത്തുന്ന മനുഷ്യരും സമൂഹത്തിന്റെ ഭാഗമാണ്. ജനക്കൂട്ടത്തെപ്പറ്റിയുള്ള വാർത്തകൾ പ്രചരിപ്പിക്കുന്ന ഒരു വിഭാഗവും ആ വാർത്തകൾ ഗ്രഹിക്കുന്ന ഇനിയൊരു വിഭാഗവുമുണ്ട്. യഥാർത്ഥത്തിൽ ഇവയുടെയെല്ലാം പ്രവർത്തനങ്ങൾ മനുഷ്യരുടെ മനോഭാവവും പ്രവർത്തനങ്ങളും നിയന്ത്രിക്കുന്നതിലും രൂപപ്പെടുത്തുന്നതിലും സജീവമായ സാന്നിദ്ധ്യമാണ് പുലർത്തുന്നത്.

സംഘംചേരുന്ന വ്യക്തിയുടെ പ്രവർത്തനങ്ങൾ അഥവാ ശരീരംകൊണ്ടു നിർവഹിക്കുന്ന ഭാഷാവതരണം അത് ബോധപൂർവ്വമോ അബോധപൂർവ്വമോ ആയി സംഭവിക്കുന്നത് ഇതര വ്യക്തികൾക്കു മുന്നിലാണ്. ഇവിടെ പ്രദർശനപരത, സംസ്കാരവിധേയമായ പ്രവർത്തനരീതി. സ്ഥാനം നിർണ്ണയിക്കുന്ന പെരുമാറ്റം തുടങ്ങിയവ പ്രസക്തമായ വസ്തുതകളാണ്. വസ്ത്രധാരണം, സംഭാഷണരീതി, ഇതര വ്യക്തികളോടുള്ള മനോഭാവവും പ്രവർത്തനങ്ങളുമെല്ലാം ആശയവിനിമയത്തെ സ്വാധീനിക്കുന്നവയാണ്. അതുപോലെ തന്നെ ബൗദ്ധികമായ സമീപനരീതി, വിശകലന വിധേയമായ സാഹചര്യനിർണ്ണയം തുടങ്ങിയവും ആശയവിനിമയത്തെ ശക്തമായി സ്വാധീനിക്കുന്നുണ്ട്.

ശരീരത്തിന്റെ ബാഹ്യവും ആന്തരികവുമായ പ്രവർത്തനങ്ങളുടെയും ശരീരം ബന്ധപ്പെടുന്ന മേഖലകളുടെയും ശരീരത്തിന്റെ അവസ്ഥയുടേതുമെല്ലാം ആകെത്തുകയിൽനിന്നുമാണ് അതിന്റെ സംസ്കാരവും രാഷ്ട്രീയവും എന്തെന്നു വ്യക്തമാകുന്നത്. ഓരോ ശരീരത്തിനും അതിന്റേതായ നിയത സംസ്കാരവും രാഷ്ട്രീയവു മാണുള്ളത്. ഈ നിയതമായ സംസ്കാരവും രാഷ്ട്രീയവും ശരീരഭാഷ സൃഷ്ടിച്ച് വിനിമയം ചെയ്യുന്ന എല്ലാ അവസരങ്ങളിലും സ്വാധീനവും സാന്നിദ്ധ്യവുമായി വർത്തിക്കുന്നു.


# 4

# ശരീരഭാഷകളുടെ പ്രയോഗവിനിമയരീതി

**ആ**ശയവിനിമയം നടത്തുന്നതോ സംഭവിക്കുന്നതോ ആയ അവസ്ഥകളെയും സാഹചര്യങ്ങളെയും അർത്ഥഗ്രഹണരീതിയുമായി ബന്ധിപ്പിച്ച് മനസിലാക്കുന്ന ഉപാധിമാധ്യമമാണല്ലോ ഭാഷ. മാധ്യമീകരണം നടന്ന് നിയതാവസ്ഥയിൽ എത്തുന്നതോടെയാണ് ഭാഷ അതിന്റെ സ്വഭാവം പ്രകടിപ്പിക്കുന്നത്. സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ പല വർഗ്ഗീകരണത്തിനും വിധേയമാണു ഭാഷ. ശരീരംകൊണ്ട് പ്രദർശിപ്പിക്കുന്നതും പ്രകടിപ്പിക്കുന്നതുമായ അർത്ഥാവതരണങ്ങളുടെ സംഗ്രഹമാണ് ശരീരഭാഷയായിത്തീരുന്നത്. മനുഷ്യൻ മനുഷ്യനുവേണ്ടി നേരിട്ട് നടത്തുന്ന ആശയ വിനിമയങ്ങളും മനുഷ്യൻ മനുഷ്യനെ നിരീക്ഷിച്ച് (ഇവിടെ നിരീക്ഷകനെപ്പറ്റി അവതാരകൻ ബോധവാനല്ല) നടത്തുന്ന ആശയ ഗ്രഹണവും സാഹചര്യങ്ങളെ താത്ത്വികയുക്തിയോടെ വിശകലനം ചെയ്ത് നടത്തുന്ന ആശയഗ്രഹണവുമെല്ലാം സമഗ്രമായ ഭാഷാഗ്രഹണത്തിന്റെ മേഖലകളാണ്. പഞ്ചേന്ദ്രിയങ്ങളുടെ പ്രവർത്തനവും മസ്തിഷ്കവിശകലനത്തിന്റെ രീതിയും അർത്ഥഗ്രഹണത്തെ സ്വാധീനിക്കുകയും നിർണ്ണയിക്കുകയും ചെയ്യുന്നവയാണ്.

## ആശയവിനിമയ മാതൃക

ശരീരഭാഷയെന്നു വ്യവഹരിക്കുമ്പോൾത്തന്നെ ശരീരം (മനുഷ്യർ) ഇതരശരീരങ്ങൾക്കുവേണ്ടി (മനുഷ്യർക്കുവേണ്ടി)



ഉപയോഗിക്കുന്ന ഭാഷയുടെ സവിശേഷതകളും സമന്വയിച്ചാണ് അർത്ഥോൽപാദനത്തിനായി പ്രവർത്തിക്കുന്നത്. ബോധപൂർവ്വമായി ശരീരഭാഷ ഉൽപാദിപ്പിച്ച് വിനിമയം ചെയ്യുന്ന എല്ലാ അവസരത്തിലും ബുദ്ധിയുടെ കൃത്യമായ വിനിയോഗസാന്നിദ്ധ്യം ഉണ്ടായിരിക്കും. സൃഷ്ടിക്കുന്ന ഭാഷ വിനിമയം ചെയ്യുന്ന രീതി അർത്ഥഗ്രഹണത്തെ സംബന്ധിച്ച് പ്രസക്തമായ ഘടകമാണ്. അംഗചലനങ്ങളും ഭാവപ്രകടനങ്ങളുമൊക്കെയാണെങ്കിൽ കാഴ്ചയിലൂടെയാണ് അർത്ഥഗ്രഹണം സാധ്യമാകുന്നത്. ശബ്ദപ്രകടനമോ സംഭാഷണമോ ഒക്കെയാണെങ്കിൽ കേഴ്വിയിലൂടെയാണ് അർത്ഥഗ്രഹണം സാധ്യമാകുന്നത്. ശരീരം ശരീരത്തിൽ തൊട്ടുരുമ്മിയോ മറ്റോ ആണെങ്കിൽ സ്പർശനത്തിലൂടെയാണ് അർത്ഥഗ്രഹണം സംഭവിക്കുന്നത്. ശരീരത്തിന്റെ പല രീതിയിലുള്ള ഗന്ധങ്ങളും മറ്റും ഗ്രഹിക്കുന്നതും അർത്ഥഗ്രഹണം സാധ്യമാകുന്നതും മൂക്കിന്റെ സഹായത്തോടെ അല്ലെങ്കിൽ ശ്വാസോച്ഛ്വാസത്തിന്റെ സഹായത്തോടെയാണ്. രസം അനുഭവിക്കാനും അർത്ഥഗ്രഹണം നടത്താനും രസനേന്ദ്രിയങ്ങൾ സഹായിക്കുന്നു. പഞ്ചേന്ദ്രിയങ്ങളുടെ സ്വഭാവവും പ്രവർത്തനവും അർത്ഥഗ്രഹണത്തെ ആഴത്തിൽ സ്വാധീനിക്കുന്ന ഘടകങ്ങളാണ്.

**പഞ്ചേന്ദ്രിയസ്വഭാവം**

നേത്രേന്ദ്രിയം, ശ്രോത്രേന്ദ്രിയം, ഘ്രാണേന്ദ്രിയം, രസനേന്ദ്രിയം, ത്വഗിന്ദ്രിയം എന്നീ അദൃശ്യങ്ങളായവയെ പ്രതിഷ്ഠിക്കുന്ന ദൃശ്യാവയവങ്ങളാണ് കണ്ണ്, ചെവി, മൂക്ക്, നാക്ക്, ത്വക്ക് എന്നിവ. രൂപം, ശബ്ദം,ഗന്ധം, രസം,സ്പർശനം തുടങ്ങിയവയത്രേ പഞ്ചേന്ദ്രിയ വിഷയങ്ങൾ. സാഹചര്യാനുസരണം അല്ലെങ്കിൽ ആശയാവതരണം നിർവ്വഹിക്കുന്നതിനനുസരിച്ച് അർത്ഥഗ്രഹണം അഥവാ ഭാഷ മനസ്സിലാക്കുകയാണു ചെയ്യുന്നത്. ആശയവിനിമയം നടത്തുന്ന വ്യക്തിയുടെ മസ്തിഷ്കത്തിന്റെ സ്വഭാവവും സ്വാധീനവും ആശയവിനിമയത്തെ ആഴത്തിൽ സ്വാധീനിക്കുന്നു. അതുപോലെ ആശയഗ്രഹണം നടത്തുന്ന വ്യക്തിയുടെ മസ്തിഷ്കത്തിന്റെ സ്വഭാവവും സ്വാധീനവും അർത്ഥഗ്രഹണത്തെ ആഴത്തിൽ സ്വാധീനിക്കുന്നു. അവതാരകൻ ഉദ്ദേശിക്കുന്ന അർത്ഥ വ്യാപ്തിയോടെ ആശയം സ്വീകർത്താവിലെത്തുമ്പോഴാണ് ആശയവിനിമയം പൂർണ്ണമാകുന്നത്. ആശയം സൃഷ്ടിച്ച് പുറപ്പെടുവിക്കുന്ന സ്ഥലത്തെ ഉത്ഭവകേന്ദ്രമെന്നും ആശയം എത്തുന്ന സ്ഥലത്തെ അല്ലെങ്കിൽ സ്വീകരിക്കുന്ന സ്ഥലത്തെ പ്രാപ്യസ്ഥാനമെന്നുമാണ് വ്യവഹരിക്കുന്നത്. ശരീരഭാഷയെ

സംബന്ധിച്ചിടത്തോളം ഉത്ഭവകേന്ദ്രം ഏതെങ്കിലും വ്യക്തിയുടെ ശരീരമായിരിക്കും. അതുപോലെ പ്രാപ്യസ്ഥാനവും വ്യക്തികളുടെ ശരീരം തന്നെ ആയിരിക്കും. ആശയവിനിമയത്തിന്റെ രീതിയാണ് ആശയസ്വീകരണത്തിന്റെ രീതി നിർണ്ണയിക്കുന്നതെന്നു മാത്രം.

**രൂപം**

ഓരോ ശരീരത്തിനും നിയതമായ രൂപമുണ്ട്. രൂപമുള്ള ശരീരം ആശയാവതരണത്തിനായി ഓരോ വിധത്തിൽ ചലിപ്പിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുന്നു. ഈ അവസരത്തിൽ നിശ്ചലമായ അവസ്ഥ അപ്രത്യക്ഷമാകുകയും ചലനത്തിലൂടെ അല്ലെങ്കിൽ ഭാവത്തിലൂടെ ശരീരം ഓരോ അവസ്ഥയെ അല്ലെങ്കിൽ രൂപത്തെ ഉൾക്കൊള്ളുകയാണ് ചെയ്യുന്നത്. ഭാഷാഗ്രഹകൻ കാഴ്ചയിലൂടെയാണ് ശരീരത്തിന്റെ പ്രവർത്തനങ്ങൾ കാണുന്നതും അർത്ഥഗ്രഹണം നടത്തുന്നതും. കാണുന്ന വസ്തുവിന്റെ/ രൂപത്തിന്റെ പ്രതിബിംബം റെറ്റിനയിൽ പതിക്കുകയും കോശങ്ങൾ ഉത്തേജിക്കുകയും ചെയ്യുന്നു. ഈ ഉത്തേജനം മസ്തിഷ്കത്തിലെത്തുന്നു. തുടർന്നു നടക്കുന്ന മസ്തിഷ്ക വിശകലനം വഴി അർത്ഥഗ്രഹണം അഥവ ഭാഷാഗ്രഹണം സാധിക്കുന്നു.

കരയുന്ന ശരീരം, ചിരിക്കുന്ന ശരീരം, നൃത്തംചെയ്യുന്ന ശരീരം, അഭിനയിക്കുന്ന ശരീരം, കോപിക്കുന്ന ശരീരം, രോഗമുള്ള ശരീരം, വൃത്തിയില്ലാത്ത ശരീരം, അണിഞ്ഞൊരുങ്ങിയ ശരീരം എന്നെല്ലാം മനസിലാക്കുവാൻ കേവലമായ കാഴ്ചമാത്രം മതി. ശരീരം സവിശേഷമായ ഈ അവസ്ഥകളിലെത്തുവാനുള്ള കാരണം അറിയണമെങ്കിൽ വിശാലമായ നിരീക്ഷണ പഠനങ്ങൾ ആവശ്യമായി വരുന്നു. ഇവിടെയാണ് സാഹചര്യങ്ങളെ ഗ്രഹിക്കുവാനും യുക്തമായ വിശകലനങ്ങൾ നടത്തുവാനുമുള്ള മനുഷ്യവാസന ക്രിയാത്മകമായി പ്രവർത്തിക്കേണ്ടത്. ഈ പ്രവർത്തനഫലം ഭാഷാഗ്രഹണത്തിൽ പ്രസക്തമാണ്. സവിശേഷമായ അവസ്ഥയിലെത്തിയ ശരീരം നടത്തുന്ന ആശയ വിനിമയങ്ങൾ ആ അവസ്ഥയുമായി ബന്ധപ്പെട്ടു നിൽക്കുന്നതായിരിക്കും.

**ശബ്ദം**

ആശയാവതരണത്തിലും അർത്ഥഗ്രഹണത്തിലും ശബ്ദങ്ങൾ സൃഷ്ടിക്കുന്ന മേഖലയുടെ വ്യാപ്തി ഏറെയാണ്. നൈസർഗ്ഗികമായ

ശബ്ദങ്ങൾ, അഭ്യസിച്ച് വിനിയോഗിക്കുന്ന ശബ്ദങ്ങൾ, കലയാക്കിയ ശബ്ദങ്ങൾ എന്നെല്ലാം ശബ്ദത്തിന്റെ മേഖലകളെ തിരിക്കാവുന്നതാണ്. ശരീരഭാഷയെ സംബന്ധിച്ചിടത്തോളം കാഴ്ചയ്ക്ക് ഒപ്പമാണ് ഏറെ ശബ്ദങ്ങളും സംഭവിക്കുന്നത്. ശരീരത്തിന്റെ നേരിട്ടുള്ള സാന്നിദ്ധ്യമില്ലാതെ ശബ്ദങ്ങൾ തനിച്ച് ആശയ വിനിമയം നടത്തുന്ന സമയങ്ങളുമുണ്ട്. ശബ്ദം വിനിയോഗിക്കുന്ന രീതി അവതരണപക്ഷത്ത് പ്രാധാന്യമുള്ളതാകുമ്പോൾ അതിനെ സ്വീകരിക്കുന്ന രീതിയാണ് അർത്ഥഗ്രഹണത്തിൽ പ്രാധാന്യമുള്ളതായിത്തീരുന്നത്. ആശയാവതരണത്തിനായി പുറപ്പെടുവിക്കുന്ന ശബ്ദം തരംഗങ്ങളായി സഞ്ചരിച്ച് കേൾവിക്കാരന്റെ കർണ്ണപുടത്തെ കമ്പനം ചെയ്യിക്കുകയും തുടർന്ന് കോശങ്ങൾ ഉത്തേജിക്കുകയും ചെയ്യുന്നു. ഈ ഉത്തേജനം മസ്തിഷ്കത്തെ സ്വാധീനിക്കുകയും സവിശേഷമായ വിശകലനം വഴി അർത്ഥഗ്രഹണം അഥവാ ഭാഷാഗ്രഹണം സാധിക്കുകയും ചെയ്യുന്നു.

കാറുന്ന ശബ്ദം, സംഗീതത്തിന്റെ ശബ്ദം, ഭാഷപറയുന്ന ശബ്ദം തുടങ്ങി ശബ്ദത്തിന് പലരീതികളുണ്ട്. ഭാഷപറയുന്ന ശബ്ദമെന്നു പറയുമ്പോഴുള്ളത് മലയാളമോ, ഇംഗ്ലീഷോ, ഫ്രഞ്ചോ, ചൈനീസോ എന്തുമാകാവുന്നതാണ്. അഭ്യസിച്ചെടുക്കുന്ന ഈ ഭാഷകൾ ശബ്ദത്തിന്റെ സാധ്യതകളിലൂടെയാണ് പ്രയോഗിക്കുന്നത്. സംഭാഷണ ബാഹ്യമായ ശബ്ദങ്ങൾ പ്രയോഗിക്കുമ്പോൾ സാഹചര്യം അർത്ഥാവതരണത്തിൽ ഏറെ പ്രസക്തമായി വരുന്നു. പ്രണയാതുരമായ ശബ്ദം, ഭീകരമായ ശബ്ദം, ഭീതികരമായ ശബ്ദം, ദുഃഖകരമായ ശബ്ദം, സന്തോഷകരമായ ശബ്ദം എന്നെല്ലാം ശബ്ദത്തെ സാഹചര്യാനുസരണം വ്യവച്ഛേദിക്കാവുന്നതാണ്.

**ഗന്ധം**

ഗന്ധങ്ങൾ അറിയുന്നത് നാസാരന്ധ്രം കൊണ്ടാണല്ലോ. ശരീരഭാഷാവതരണവുമായി ബന്ധപ്പെടുത്തി ഗന്ധത്തെ പഠന വിധേയമാക്കുമ്പോൾ ശരീരത്തിന്റെ ഗന്ധവും ശരീരത്തിൽ ഉപയോഗിക്കുന്ന ഗന്ധവുമാണ് പ്രസക്തമായി വരുന്നത്. ഓരോ ശരീരത്തിനും സവിശേഷകരമായ ഓരോ ഗന്ധമുണ്ട്. മറ്റുള്ളവർക്കു മുന്നിൽ പ്രത്യക്ഷരാകുമ്പോഴോ, ബന്ധപ്പെടുമ്പോഴോ വാസനാതൈലങ്ങളും മറ്റും ഉപയോഗിച്ച് ശരീരത്തിന്റെ സാന്നിദ്ധ്യത്തെ ആകർഷകമാക്കുന്നത് സാധാരണമാണ്. സാഹചര്യാനുസരണം

,നാസാരന്ധ്രത്തിൽ എത്തുകയും കോശങ്ങൾ ഉത്തേജിക്കുകയും ചെയ്യുന്നു. ഈ ഉത്തേജനം മസ്തിഷ്കം അറിയുന്നു. തുടർന്നു നടക്കുന്ന മസ്തിഷ്ക പ്രവർത്തനം വഴി അർത്ഥഗ്രഹണം സാധ്യമാകുന്നു.

മനുഷ്യശരീരവുമായി ബന്ധപ്പെട്ട ഓരോ അവസ്ഥകളാണ് പലപ്പോഴും ഗന്ധത്തിന് ആർത്ഥിക വിസ്തൃതി പകർന്നു തരുന്നത്. തൊട്ടടുത്തിരുന്നു പ്രണയിക്കുന്ന കാമുകീകാമുകന്മാർ, അവർ ആകർഷകമായ രീതിയിൽ പരസ്പരം ഗന്ധം അറിയുന്നുണ്ട്. ഈ ഗന്ധത്തിന് പലപ്പോഴും പ്രണയത്തിന്റെ തീക്ഷ്ണത വർദ്ധിപ്പിക്കുവാൻ കഴിയുന്നു. വൃത്തിയില്ലാത്ത ഒരു മനുഷ്യന്റെ ശരീരത്തിൽനിന്നും വരുന്ന ദുർവാസന അയാളോട് വെറുപ്പുളവാക്കുവാൻ കാരണമാകുന്നു.

**രസം**

രുചി അറിയുന്നതിലൂടെയാണ് രസം അനുഭവിക്കുന്നത്. വിയർപ്പിന്റെ രുചി, ഉമിനീരിന്റെ രുചി, രക്തത്തിന്റെ രുചി എന്നെല്ലാമുള്ള രുചിഭേദങ്ങളുണ്ട്. രസമെന്നാൽ രസനകൊണ്ട് അറിയേണ്ട ഗുണവിശേഷമാണ് രുചി അറിയേണ്ട വസ്തു വായിലെത്തുന്നതോടെ നാവിലെയും വായിലെയും ഗ്രന്ഥികൾ ഉമിനീരിന്റെ സഹായത്തോടെ ഉത്തേജിതമാകുന്നു. മസ്തിഷ്കത്തിലെത്തുന്ന ഈ ഉത്തേജനഫലം സവിശേഷമായ വിശകലനത്തിലൂടെ സാഹചര്യാനുസരണം അർത്ഥഗ്രഹണം നടത്തുന്നു. കയ്പ്, പുളി, ഉപ്പ്, മധുരം എന്നിവയാണ് പ്രാഥമിക രുചികൾ. ഇവയുടെ പല അനുപാത്തിലുമുള്ള സമന്വയങ്ങൾ രുചിഭേദങ്ങൾ സൃഷ്ടിക്കുന്നു.

**സ്പർശനം**

ശരീരംകൊണ്ട് ശരീരത്തെ സ്പർശിക്കുമ്പോഴാണ് ശരീരഭാഷാ സംബന്ധമായ അർത്ഥം ഉത്ഭൂതമാകുന്നത്. സാഹചര്യവും വ്യക്തികളുമെല്ലാം സ്പർശനത്തിന്റെ സ്വഭാവവും തോതും നിർണ്ണയിക്കുന്ന ഘടകങ്ങളാണ്. മനുഷ്യശരീരത്തിലെ ഏറ്റവും വലിയ ജ്ഞാനേന്ദ്രിയമായ ത്വക്കാണ് സ്പർശന വിഷയ സംബന്ധമായ അർത്ഥോൽപാദനം നിർവഹിക്കുന്നത്. ശരീരത്തിൽ സ്പർശിക്കുമ്പോൾ ത്വക്കിലെ കോശങ്ങൾ ഉത്തേജിതമാകുകയും ഈ ഉത്തേജനഫലം മസ്തിഷ്കത്തിലെത്തി സവിശേഷമായ വിശകലനത്തിനു വിധേയമാകുകയും തത്ഫലമായി അർത്ഥഗ്രഹണം സംഭവിക്കുകയുമാണ് ചെയ്യുന്നത്.

അമ്മ കുട്ടിയെ സ്പർശിക്കുന്നതും, ഭാര്യ ഭർത്താവിനെ സ്പർശിക്കുന്നതും, കാമുകൻ കാമുകിയെ സ്പർശിക്കുന്നതും ഭിന്ന

മനോഭാവത്തോടെയാണല്ലോ. യഥാർത്ഥത്തിൽ ഈ മനോഭാവവുമായി ബന്ധപ്പെട്ടാണ് അർത്ഥോൽപാദനം സംഭവിക്കുന്നത്. യാദൃച്ഛികമായ സ്പർശനം, ആക്രമണ സ്വഭാവമുള്ള സ്പർശനം, കാമവികാരമുള്ള സ്പർശനം, പീഡിപ്പിക്കുന്ന സ്പർശനം എന്നെല്ലാം സ്വഭാവത്തിനനുസരിച്ച് സ്പർശനത്തെ നിർണ്ണയ വിധേയമാക്കാവുന്നതാണ്.

**സമന്വയ സ്വഭാവം**

പഞ്ചേന്ദ്രിയങ്ങൾ ഒരേ സമയത്തുതന്നെ പല അനുപാതത്തിൽ സമന്വയിച്ചാണ് അർത്ഥഗ്രഹണത്തിനായി പ്രവർത്തിക്കുന്നത്. ഉദാഹരണമായി രണ്ടു വ്യക്തികൾ തമ്മിൽ കലഹിക്കുന്നു. കോപിച്ചുനിൽക്കുന്ന രൂപങ്ങളാണ് അവർ പരസ്പരം കാണുന്നത്. കോപത്തോടുകൂടിയ ആക്രോശവാക്കുകൾ അഥവാ ശബ്ദം സാഹചര്യാനുസരണം ഉപയോഗിക്കുന്നതിനനുസരിച്ച് കേൾക്കുന്നു. കലഹിക്കുന്ന വ്യക്തികൾ തമ്മിൽ ബലപ്രയോഗം നടന്നാൽ സംഭവിക്കുന്നത് സ്പർശനഫലമായ അവസ്ഥയാണ്. യഥാർത്ഥത്തിലിവിടെ കലഹത്തിന്റെ സ്വഭാവത്തിനനുസരിച്ച് പ്രവർത്തിക്കുകയാണല്ലോ ഇരുവരും ചെയ്യുന്നത്. ഈ പ്രവർത്തനഫലം സാഹചര്യാനുസരണമാണ് ആശയവിനിമയം നിർവഹിക്കുന്നത്. മനുഷ്യർ മനുഷ്യരുമായി ബന്ധപ്പെട്ടു നടത്തുന്ന എല്ലാ പ്രവൃത്തികളും ആശയ വിനിമയത്തിന്റെ അടിസ്ഥാനത്തിലും സ്വഭാവത്തിലുമാണ് നിർണ്ണയ വിധേയമാകുന്നത്. ആശയ വിനിമയം നടക്കാത്ത അവസ്ഥ നിർജീവാവസ്ഥയാണ്.

**മസ്തിഷ്കം**

ആശയാവതരണത്തിലും ആശയ ഗ്രഹണത്തിലും മസ്തിഷ്കത്തിനുള്ള സ്ഥാനം അതിനിർണ്ണായകമാണ്. ബോധപൂർവ്വമായി ശരീരഭാഷ വിനിയോഗിക്കുമ്പോൾ മസ്തിഷ്കം അതിൽ പൂർണ്ണ നിയന്ത്രണം ചെലുത്തിക്കൊണ്ടിരിക്കും. ഈ നിയന്ത്രണത്തിന്റെ തോത് ശരീരഭാഷ, വിനിമയകാരന്റെ ബുദ്ധി, അറിവ്, സംസ്കാരം, ഭാവന തുടങ്ങിയ മസ്തിഷ്ക സംബന്ധമായ അവസ്ഥാവിശേഷത്തിന്റെ തോതിനെ ആശ്രയിച്ചാണിരിക്കുന്നത്. അതുപോലെ തന്നെ ശരീരഭാഷയുടെ അർത്ഥഗ്രഹണം നിർവഹിക്കുന്നതിലും മസ്തിഷ്കത്തിന് നിർണ്ണായക സ്ഥാനമാണുള്ളത്. അർത്ഥഗ്രാഹകന്റെ മനോഭാവം, അറിവ്, വിശകലനശേഷി, യുക്തിബോധം, വസ്തുതകളെ സാഹചര്യാനുസരണം കല്പിച്ചെടുക്കുവാനുള്ള കഴിവ് എല്ലാം ഓരോ അനുപാതത്തിൽ സമന്വയിച്ചാണ് പ്രവർത്തിക്കുന്നത്.

മസ്തിഷ്കത്തിന് പ്രധാനമായും മൂന്ന് മേഖലകളാണുള്ളത്. സെറിബ്രം, സെറിബല്ലം, മെഡുല്ലഒബ്ളോംഗേറ്റ എന്നിവയാണവ. ഓരോ മേഖലയ്ക്കും നിയതമായ പ്രവർത്തനരീതികളാണുള്ളത്. ഈ പ്രവർത്തനരീതികൾ ശരീരഭാഷയുടെ അവതരണത്തെയും അർത്ഥഗ്രഹണത്തെയും സ്വാധീനിക്കുന്നവയാണ്. സുബോധം ഉളവാക്കുന്ന മസ്തിഷ്ക ഭാഗമാണ് സെറിബ്രം. കാഴ്ച, കേൾവി, തുടങ്ങിയവയുടെ ആസ്ഥാനവും ഭാവന, ചിന്ത, ഓർമ്മ, യുക്തിചിന്ത എന്നിവയുടെ ആസ്ഥാനവും സെറിബ്രം തന്നെയാണ്. ശ്വസനം, ചുമ, തുമ്മൽ എന്നിവയെ സാഹചര്യാനുസരണം നിയന്ത്രിക്കുന്നത് സെറിബെല്ലമാണ്. ഐച്ഛിക പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്ന മസ്തിഷ്കഭാഗം സെറിബ്രമാണെങ്കിൽ അനൈച്ഛിക പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്ന മസ്തിഷ്കഭാഗം മെഡുല്ലഒബ്ളോംഗേറ്റയാണ്. സെറിബ്രത്തിലേക്കും, സെറിബ്രത്തിൽ നിന്നുമുള്ള ആവേഗങ്ങളെയും പുനഃപ്രസരണം നടത്തുന്ന ഭാഗമാണ് തലാമസ്. ശരീരഭാഷയുടെ അവതരണ അർത്ഥഗ്രഹണരീതിക്കനുസരിച്ചാണ് സാഹചര്യാ നുസരണം മസ്തിഷ്കത്തിന്റെ ഈ മേഖലകൾ പ്രവർത്തിക്കുന്നത്.

## ആശയവിനിമയത്തിന്റെ സവിശേഷതകൾ

ഒരു വ്യക്തി ബോധപൂർവ്വം ശരീരഭാഷ പ്രയോഗിക്കുന്ന സമയവും ബോധപൂർവ്വമല്ലാതെ ശരീരഭാഷ ഉപയോഗിക്കുന്ന സമയവുമുണ്ട്. ഒരു വ്യക്തിയെ അയാളറിയാതെ നിരീക്ഷിച്ചാൽ അയാളുടെ ശരീരം സൃഷ്ടിക്കുന്ന കുറേയധികം ശരീരഭാഷകളെപ്പറ്റി മനസ്സിലാക്കുവാൻ കഴിയും. യഥാർത്ഥത്തിലിവിടെ അവതാരക നിൽനിന്നും അർത്ഥഗ്രഹണം നടത്തുന്ന വ്യക്തി അപ്രത്യക്ഷനായി നിൽക്കുകയാണ്. വ്യക്തികളുടെ മനസ് ചിന്തയുടെ മേഖലകളിലേക്ക് പ്രവേശിക്കുന്നതനുസരിച്ച് ശരീരം ഓരോ രീതിയിൽ മനസിന്റെ ചിന്തകളെ വെളിവാക്കിക്കൊണ്ടിരിക്കും. ഇതിന്റെ തോത് കൃത്യമായ ഒരു നിർണ്ണയത്തിന് വിധേയമല്ല. വ്യക്തികളുടെ സ്വഭാവം, ചിന്താരീതി, ഭാവനാരീതി, മനോഭാവം, സംസ്കാരം ശരീരഘടന തുടങ്ങിയുള്ള പല അവസ്ഥകളെ ആശ്രയിച്ചാണ് ശരീരം പ്രവർത്തിക്കുന്നത്.

ശരീരം കൊണ്ട് വിനിമയം ചെയ്യുന്ന ഭാഷകളെല്ലാം ശരീരഭാഷയിൽപ്പെടുന്നതുകൊണ്ട് അതിന്റെ ഉൽപാദന വിനിമയ ഗ്രഹണ രീതികൾക്ക് ഏറെ വിപുലനത്വമാണുള്ളത്. വാമൊഴിയും വരമൊഴിയുമെല്ലാം പൂർണ്ണമായ അഭ്യസ്ത വിദ്യയുടെ ഭാഗമാണ്. എന്നാൽ ശരീരഭാഷ അഭ്യസ്തവിദ്യയായും സാഹചര്യാനുസരണവും നടക്കുന്നു. ചിട്ടപ്പെടുത്തിയ കലകളിൽ അവതരിപ്പിക്കുന്ന ശരീരഭാഷ

അഭ്യസിച്ചെടുത്തതാണ്. സഹചര്യങ്ങൾ ഓരോ രീതിയിലാണ് സംഭവിക്കുന്നത്. സാഹചര്യങ്ങളോട് ഓരോ വ്യക്തിയും പ്രതികരിക്കുന്നത് അല്ലെങ്കിൽ സാഹചര്യത്തിനനുസരിച്ച് ഓരോ മനുഷ്യനും പ്രവർത്തിക്കുന്നത് ഓരോ രീതിയിലാണ്. ഇവിടെ വ്യക്തിയുടെ നൈസർഗ്ഗികമായ സ്വഭാവവും, ആർജിച്ചെടുത്ത മനോഭാവവും അറിവുമെല്ലാം പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതോ ചിട്ടപ്പെടുത്തുന്നതോ ആയ സാന്നിദ്ധ്യങ്ങളാണ്.

**ഉത്ഭവസ്ഥാനം**

ബോധപൂർവ്വമായി നടത്തുന്ന ശരീരഭാഷയുടെ ഉത്ഭവസ്ഥാനം വക്താവിന്റെ മസ്തിഷ്കമാണ്. ഇവിടെ ഒരു സംശയം ഉണ്ടാകുവാൻ ഇടയുണ്ട്. ഒരു വ്യക്തിയുടെ ശരീരത്തിലെ ഗന്ധം അതു സ്വാഭാവിക ഗന്ധമാണെങ്കിലും കൃത്രിമമായി ഉപയോഗിക്കുന്ന ഗന്ധമാണെങ്കിലും ഇതര മനുഷ്യരെ സ്വാധീനിക്കുന്നതിൽ ബുദ്ധിയുടെ സാന്നിദ്ധ്യമുണ്ടോ എന്നുള്ളത്. തീർച്ചയായും ഉണ്ട്. സുഗന്ധതൈലങ്ങൾ പൂശി സമൂഹത്തിലേക്കോ ഇതര വ്യക്തികൾക്കു മുന്നിലേക്കോ ഇറങ്ങുന്ന വ്യക്തി ബോധപൂർവ്വമായിത്തന്നെ ഗന്ധത്തിലൂടെ തന്റെ സവിശേഷമായ സാന്നിധ്യം എത്തിക്കുകയാണ്. ഗന്ധം കേവലമായിട്ടല്ല ആശയവിനിമയം നടത്തുന്നത്. ഗന്ധം പുറപ്പെടുന്ന വ്യക്തിയെ കാണുന്നു. അയാളുടെ പ്രവർത്തനങ്ങൾ കാണുകയും മനസിലാക്കുകയും ചെയ്യുന്നു. അയാളുടെ വസ്ത്രധാരണം വിലയിരുത്തുകയും സംഭാഷണങ്ങൾ ഗ്രഹിക്കുകയും ചെയ്യുന്നു. ഇതിന്റെയെല്ലാം സമഗ്രതയിൽനിന്നാണ് ആ വ്യക്തി സാഹചര്യാനുസരണം വിനിമയം ചെയ്യുന്ന ശരീരഭാഷ ഇതര വ്യക്തികൾ അറിയുന്നത് . യഥാർത്ഥത്തിൽ ഇതര വ്യക്തികൾക്കു മുന്നിൽ പ്രദർശിപ്പിക്കുന്നതും അവതരിപ്പിക്കുന്നതുമായ ഭാഷകളെപ്പറ്റി അവതാരകൻ പൂർണ്ണമായ അറിവുള്ളവനായിരിക്കും.

സാഹചര്യാനുസരണമുള്ള സ്പർശനത്തിനു തന്നെ പല സ്വഭാവങ്ങളാണുള്ളത്. അവതാരകന്റെ മസ്തിഷ്കമാണ് താൻ വിനിമയം ചെയ്യുന്ന സ്പർശനരീതിയുടെ ഭാവതലം നിർണ്ണയിക്കുന്നത്. ഒരു സുഹൃത്ത് സുഹൃത്തിനു കൈ കൊടുക്കുമ്പോൾ, കാമുകൻ കാമുകിയെ ആലിംഗനം ചെയ്യുമ്പോൾ, ഭാര്യ ഭർത്താവിനെ കൗതുകത്തോടെ തലോടുമ്പോഴെല്ലാം ക്രിയചെയ്യുന്നവരുടെ മനോഭാവത്തിനുസരിച്ചാണ് ക്രിയാസ്വഭാവം സംഭവിക്കുന്നത്.

**പ്രാപ്യസ്ഥാനം**

വക്താവിന്റെ അഥവാ അവതാരകന്റെ മസ്തിഷ്കത്തിൽ ഉദിച്ച

പ്രവൃത്തിപരമായ ചിന്ത അഥവാ ആശയം നിയതമായ രൂപത്തിൽ പ്രവർത്തനവിധേയമാകുന്നതോടെ അത് ആസ്വാദകന്റെ അഥവാ അർത്ഥഗ്രാഹകന്റെ മസ്തിഷ്കത്തിലെത്തുന്നു. അവതാരകൻ ഉദ്ദേശിച്ച അർത്ഥവ്യാപ്തിയോടെ അർത്ഥഗ്രാഹകൻ കാര്യങ്ങൾ മനസിലാക്കു മ്പോൾ മാത്രമാണ് ആശയവിനിമയം പൂർണ്ണമാകുന്നത്. ചിലപ്പോൾ അർത്ഥഗ്രഹണം ഭാഗികമായിരിക്കും. മറ്റുചിലപ്പോൾ ഭിന്നമായ അർത്ഥമായിരിക്കും ഗ്രഹിച്ചെടുക്കുന്നത്. ഇങ്ങനെ സംഭവിച്ചാൽ ആശയവിനിമയം പരാജയമായിത്തീരുകയെയുള്ളൂ. ഇവിടെയാണ് അവതാരകന്റെയും അർത്ഥഗ്രാഹകന്റെയും മസ്തിഷ്കങ്ങൾ തമ്മിൽ ആശയാവതരണബോധത്തിൽ അധിഷ്ഠിതമായ ഒരു ബന്ധം ആവശ്യമായി വരുന്നത്.

സാഹചര്യാനുസരണം ശരീരംകൊണ്ട് എങ്ങനെ ഭാഷ സൃഷ്ടിച്ച് അഥവാ ആശയങ്ങൾ സൃഷ്ടിച്ച് വിനിമയം ചെയ്യാമെന്ന് അവതാരകൻ അറിഞ്ഞിരിക്കണം. ശരീരം കൊണ്ട് മനുഷ്യൻ സാഹചര്യാനുസരണം സൃഷ്ടിക്കുന്ന ഭാഷ അഥവാ ആശയങ്ങൾ യുക്തിപൂർവ്വം ഗ്രഹിച്ചെടുക്കുവാനുള്ള അറിവ് അർത്ഥഗ്രാഹകനും ആവശ്യമാണ്. വാമൊഴിക്കോ വരമൊഴിക്കോ ഉള്ളതുപോലെയുള്ള താത്ത്വിക വശവും വ്യാകരണ മേഖലയും ശരീരഭാഷയുടെ അവതരണത്തിലില്ല. ബുദ്ധിയുടെ സഹായത്തോടെയുള്ള അറിവും വിശകലന മനോഭാവവുമെല്ലാമാണ് ശരീരഭാഷയുടെ നിയതമായ അവതരണത്തെയും കൃത്യമായ അർത്ഥഗ്രഹണത്തെയും സ്വാധീനിക്കുന്നത്.

ഒരു വ്യക്തി ഇനിയൊരു വ്യക്തിക്കുമുന്നിൽ ശരീരഭാഷ അവതരിപ്പിക്കുമ്പോൾ അവതാരകന്റെയും അർത്ഥഗ്രാഹകന്റെയും മസ്തിഷ്കങ്ങൾ തമ്മിൽ സാഹചര്യാനുസരണം ഒരു ഉടമ്പടിയിൽ ഏർപ്പെടുന്നുണ്ട്. പരസ്പരം മനസ്സിലാക്കുന്നതിന്റെയും അറിയുന്നതിന്റെയും അടിസ്ഥാനത്തിലുള്ള ഉടമ്പടി. ഈ മനസിലാക്കലും അറിയലും അർത്ഥാവതരണത്തെയും അർത്ഥഗ്രഹണത്തെയും അതിശക്തമായി സ്വാധീനിക്കുന്നുണ്ട്.

**വിനിമയ രീതി**

ശരീരഭാഷയുടെ വിനിമയരീതി അതിന്റെ സ്വഭാവത്തെ നിർണ്ണ യിക്കുന്ന പ്രധാനഘടകമാണ്. അതുപോലെതന്നെ അവതരണസ്വഭാ വത്തെയും അർത്ഥഗ്രഹണരീതിയേയും സ്വാധീനിക്കുന്നതിനും വിനി

മയരീതിക്കു കഴിയുന്നു. അർത്ഥോല്പാദനം ഏതുരീതിയിലാണോ നടത്തുന്നത് അതിനനുസരിച്ചാണ് വിനിമയരീതി നിർണ്ണയ വിധേയമാകുന്നത്. കാഴ്ചയിലൂടെയാണെങ്കിൽ രൂപഘടനയ്ക്കും ചലനരീതിക്കും വർണ്ണത്തിനും സ്ഥിതിചെയ്യുന്ന സ്ഥലത്തിനുമെല്ലാം നിർണ്ണായകസ്ഥാനമാണുള്ളത്. ഇവിടെ വിനിമയരീതി കാഴ്ചയുടെ സ്വഭാവത്തിൽ അധിഷ്ഠിതമായാണ് സംഭവിക്കുന്നത്. (ശബ്ദത്തിലൂടെയാണെങ്കിൽ കേൾവിയുടെ സ്വഭാവത്തിനനുസരിച്ചാണ് ആശയവിനിമയരീതി സംഭവിക്കുന്നത്.) ചിട്ടപ്പെടുത്തിയ ഭാഷകളാണെങ്കിൽ അതിൽ നിഗൂഹനം ചെയ്തു നിൽക്കുന്ന അർത്ഥമേഖലകൾക്ക് ആശയവിനിമയത്തെ ശക്തമായി സ്വാധീനിക്കുവാൻ കഴിയുന്നു. സംസാരഭാഷയോടൊപ്പം തന്നെ ശരീരത്തിന്റെ ചലനം, ഭാവം, രൂപം തുടങ്ങിയ അവസ്ഥകൾ കാഴ്ചയ്ക്കും നിദാനമായിത്തീരുന്നു.

ആശയവിനിമയം നടത്തുന്ന ശരീരവും ആശയം സ്വീകരിക്കുന്ന വ്യക്തിയുടെ ശരീരവും തമ്മിലുള്ള അകലം ആശയവിനിമയത്തെ സാഹചര്യാനുസരണം സ്വാധീനിക്കുന്നു. പരിചയത്തിന്റെ തോതും മാനസിക പൊരുത്തത്തിന്റെ തോതും ആശയവിനിമയത്തിന്റെ സ്വഭാവവും അകലം നിർണ്ണയിക്കുന്നതിൽ പ്രധാനമാണ്. രണ്ട് ആത്മസുഹൃത്തുക്കൾ തമ്മിലുള്ള സംസാരം അടുത്തടുത്തിരുന്നായിരിക്കും. കാമുകീകാമുകന്മാർ തമ്മിലുള്ള സംസാരം പലപ്പോഴും തൊട്ടുരുമ്മിയിരുന്നായിരിക്കും. രണ്ട് അപരിചിതർ തമ്മിൽ ചേർന്നുനിന്നു സംസാരിക്കുവാൻ സാധ്യത വളരെ കുറവാണ്. സ്വകാര്യങ്ങൾ പറയുന്ന ശരീരം വളരെ അടുത്തായിരിക്കും നിൽക്കുന്നത്. കലഹിക്കുന്ന ശരീരങ്ങൾക്ക് സ്വഭാവികമായും അടുത്തു നിൽക്കുവാൻ കഴിയുകയില്ല.

ഗന്ധം, സ്പർശം, രുചി തുടങ്ങിയവ വിനിമയം ചെയ്യുന്നതിന് സാഹചര്യാനുസരണം അതാതിന്റേതായ സ്വഭാവവിശേഷതകളാണുള്ളത്. ഗന്ധം എപ്പോഴും അന്തരീക്ഷത്തിന്റെ അഥവാ വായുവിന്റെ സാന്നിദ്ധ്യത്തെയാണ് വിനിമയവിധേയമാക്കുന്നത്. വിനിമയത്തിൽ ശരീരങ്ങൾ തമ്മിലുള്ള അകലം, ഗന്ധത്തിന്റെ സ്വഭാവം, അന്തരീക്ഷവായുവിന്റെ സഞ്ചാരരീതി തുടങ്ങിയവ നിർണ്ണായകമായ സ്വാധീനം ചെലുത്തുന്നവയാണ്. ആര് ,ആരെ, ഏതനുപാതത്തിൽ സ്പർശിക്കുന്നു എന്നുള്ളതും സ്പർശനസമയത്തെ മനോഭാവവും അന്തരീക്ഷവുമെല്ലാം വിനിമയത്തെ സ്വാധീനിക്കുന്നവയാണ്. ശരീരങ്ങൾ തമ്മിലുള്ള അടുപ്പം സ്പർശനത്തിന്റെ സവിശേഷതയാണ്. ആലിംഗനത്തിൽ ശരീരം ശരീരത്തെ പൂർണ്ണമായും സ്പർശിക്കുന്ന അവസ്ഥയാണുള്ളത്. ആലിംഗനത്തിന്റെ തോതും അവസ്ഥയും അന്തരീക്ഷവുമാണ് വികാരവിനിമ

യത്തെ നിർണ്ണയിക്കുന്ന ഘടകങ്ങൾ. എന്തിന്റെ രുചി ഏതനുപാതത്തിൽ എങ്ങനെ അറിയുന്നു എന്നുള്ളതാണ് രുചിസംബന്ധമായ ആശയവിനിമയത്തെ നിർണ്ണയിക്കുന്നതിൽ പ്രധാനം.

ഒരു വ്യക്തിയുടെ വികാരം മറ്റൊരു വ്യക്തിയിലേക്ക് സംക്രമിപ്പിക്കാൻ, അല്ലെങ്കിൽ വിനിമയം ചെയ്യുവാൻ ശരീരം സൃഷ്ടിക്കുന്ന പല ഭാഷകളെ ഒരേ സമയത്ത് സമന്വയിപ്പിച്ചാണ് ഉപയോഗിക്കുന്നത്. ഒരാളുടെ സന്തോഷത്തിൽ മറ്റുള്ളവർ പങ്കുചേരുന്നത്, ഒരാളുടെ ദുഃഖത്തിൽ ഇനിയൊരാൾ പങ്കുചേരുന്നതുമെല്ലാം ആശയവിനിമയത്തിന്റെ സ്വാധീനഫലമായിത്തന്നെയാണ്. ശരീരങ്ങൾ തമ്മിൽ കാമാധിഷ്ഠിതമായ വികാരങ്ങൾ പങ്കുവയ്ക്കുമ്പോൾ അവ പരസ്പരം സവിശേഷമായ ഭാഷ വിനിമയം ചെയ്യുകയാണു ചെയ്യുന്നത്. ഇവിടെ രൂപം, ശബ്ദം, ഗന്ധം, രസം, സ്പർശനം തുടങ്ങിയവയെല്ലാം ലൈംഗിക വികാരസ്വാധീനത്തോടെ പരസ്പരബന്ധിതമായി പ്രവർത്തിക്കുന്നു.

ശരീരഭാഷയെ സംബന്ധിച്ചിടത്തോളം ആശയോദ്ഭവവും ആശയസ്വീകരണവും നടക്കുന്നത് മനുഷ്യരിലാണ്. ഉത്ഭവകേന്ദ്രവും സ്വീകരണകേന്ദ്രവും ചിലപ്പോൾ ഒരു വ്യക്തി (ശരീരം) തന്നെ ആകാവുന്നതാണ്. സ്വന്തം ഛായയും രൂപവും കാണുന്ന സ്വന്തം ശരീരത്തെ സ്പർശിക്കുകയും അതിന്റെ ഗന്ധം അറിയുകയും ചെയ്യുന്ന വ്യക്തി സ്വയം ശരീരഭാഷ അറിയുകയാണു ചെയ്യുന്നത്. ഇതിനെ സാമാന്യമായ ശരീരഭാഷയുടെ അറിവെന്നു വ്യവഹരിച്ചാൽ മതി. വ്യക്തി ഇതര വ്യക്തികൾക്കു മുന്നിലോ, സമൂഹത്തിനു മുന്നിലോ അവതരിപ്പിക്കുന്ന ശരീരഭാഷകളാണ് ആശയങ്ങളുടെ വിപുലവിസ്തൃതമായ ലോകം സൃഷ്ടിക്കുന്നത്.

ഭാഷകൾ പ്രയോഗിക്കുവാനുള്ള കഴിവ് മനുഷ്യർ എപ്പോൾ , എങ്ങനെ സ്വായത്തമാക്കിയെന്നുള്ളതിന് തെളിവുകളില്ല. സാഹചര്യാനുസരണം ഭാഷകൾ സൃഷ്ടിക്കുവാനും സാഹചര്യാനുസരണം അർത്ഥഗ്രഹണം നടത്തുവാനുള്ള മനുഷ്യന്റെ സവിശേഷമായ കഴിവ് ഒരു പ്രതിഭാസം തന്നെയാണ്. കാലത്തിനനുസരിച്ച് , ആവിഷ്കാര സ്വഭാവത്തിന്റെ രീതിക്കനുസരിച്ച് ഭാഷാവതരണങ്ങളിൽ മാറ്റങ്ങൾ സംഭവിക്കുന്നു. ഈ മാറ്റങ്ങൾ അർത്ഥഗ്രഹണത്തേയും ശക്തിയുക്തമായി സ്വാധീനിക്കുന്നു. ശരീരം ആശയവിനിമയം ചെയ്യുന്ന അവസ്ഥകളെ വിശകലനം ചെയ്ത് (അതിന്റെ സ്വഭാവവിശേഷതകൾ മനസിലാക്കുന്നത്) ശരീരഭാഷയെപ്പറ്റിയുള്ള പഠനത്തിൽ പ്രസക്തമാണ്.

## ആശയവിനിമയ വിശകലനം

സാഹചര്യാനുസരണം ഉപയോഗിക്കുന്ന ശരീരഭാഷയുടെ സമ

ഗ്രമായ അവസ്ഥയെപറ്റി അതിന്റെ അവതാരകൻ ബോധവാനായിരിക്കും. ഇവിടെ അർത്ഥവിനിമയമെന്ന സമഗ്രാവസ്ഥയെയാണ് ഉദ്ദേശിച്ചിരിക്കുന്നത്. ശരീരഭാഷാവതാരകന്റെ സവിശേഷമായ സ്വഭാവവിശേഷതകൾ അയാൾ അവതരിപ്പിക്കുന്ന ശരീരഭാഷയിലും ദർശിക്കാവുന്നതാണ്. ഒരാശയം പല വ്യക്തികൾ ശരീരംകൊണ്ട് അവതരിപ്പിക്കുന്നത് ഒരേ രീതിയിലായിരിക്കണമെന്നില്ല. ഒരു വ്യക്തി ശരീരംകൊണ്ട് അവതരിപ്പിക്കുന്ന ഭാഷ പല വ്യക്തികൾ ഗ്രഹിച്ചെടുക്കുന്നത് ഒരേ രീതിയിലായിരിക്കില്ല. പ്രാഥമികമായ അർത്ഥം ഒന്നായി ഗ്രഹിക്കുമ്പോഴും അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടന്നു ചെല്ലുന്നതിൽ ഓരോരുത്തരുടെയും യുക്തിക്കും, വിശകലനശീലത്തിനും ബുദ്ധിക്കും ഓരോ രീതിയാണുള്ളത്. ഇങ്ങനെയെല്ലാമാണെങ്കിലും ശരീരഭാഷയെ വിശകലനം ചെയ്യുമ്പോൾ പൊതുവായി മനസ്സിലാക്കേണ്ട ചില കാര്യങ്ങളുണ്ട്. സമയം, സ്ഥലം, സമൂഹം, സാമ്പത്തികം, ബുദ്ധിയും സംസ്കാരവും, രാഷ്ട്രീയവും നിയമവും എന്നിവയാണവ. ഈ ഘടകങ്ങളെപറ്റിയുള്ള അറിവ് ശരീരഭാഷയുടെ പ്രയോഗരീതിയേയും അർത്ഥഗ്രഹണരീതിയേയുംപറ്റി ആഴത്തിൽ മനസ്സിലാക്കുവാൻ ഉപകരിക്കും. യഥാർത്ഥത്തിൽ ഈ ഘടകങ്ങൾക്കെല്ലാം സാഹചര്യാനുസരണം ആന്തരികവും ബാഹ്യവുമായ സാന്നിദ്ധ്യമാണുള്ളത്.

**സമയം**

അവതരണസമയം, അർത്ഥഗ്രഹണസമയം, അർത്ഥം നിലനിൽക്കുന്ന സമയം, എന്നിങ്ങനെ ശരീരഭാഷയുമായി ബന്ധപ്പെട്ട സമയത്തെ മൂന്നവസ്ഥകളായി തിരിക്കാവുന്നതാണ്. സമയത്തിന്റെ ഈ മൂന്നവസ്ഥകൾക്കും അവയുടെതായ പ്രാധാന്യവും പ്രസക്തിയുമുണ്ട്. ശരീരഭാഷ അവതരിപ്പിക്കുന്ന, അഥവാ പ്രകടിപ്പിക്കുന്ന സമയത്തെയാണ് അവതരണസമയമെന്നു പറയുന്നത്. ശരീരഭാഷയുടെ അവതരണപക്ഷത്താണ് ഈ സമയം പ്രസക്തമായിത്തീരുന്നത്. അവതരിപ്പിക്കുന്ന ആശയത്തിന്റെ സ്വഭാവത്തിനും വ്യാപ്തിക്കുമനുസരിച്ചാണ് അവതരണ സമയം സംഭവിക്കുന്നത്. യഥാർത്ഥത്തിൽ നിശ്ചിതമായ ഈ അവതരണ സമയത്തിനു മുമ്പ് അവതാരകൻ ഭാഷ അവതരിപ്പിക്കാൻ തയ്യാറെടുക്കുന്ന ഒരു ഘട്ടമുണ്ട്. തയ്യാറെടുപ്പിനായി എടുക്കുന്ന ഈ ഘട്ടത്തിൽ ഉപയോഗിക്കുന്ന സമയം അവതാരകനെ മാത്രം ആശ്രയിച്ചിരിക്കുന്നതാണ്. അതുകൊണ്ട് അതിനെപറ്റി പ്രാധാന്യത്തോടെ പ്രതിപാദിക്കുന്നതിൽ വലിയ അർത്ഥമില്ല.

ശരീരഭാഷയുടെ അർത്ഥം ഗ്രഹിക്കുന്നവരെയാണ് അർത്ഥഗ്രഹണസമയം സ്വാധീനിക്കുന്നത്. ശരീരഭാഷ നേരിട്ട് വിനിമയം ചെയ്യുന്ന എല്ലാ അവസരങ്ങളിലും അവതരണ സമയത്തുതന്നെയാണ് അർത്ഥ

ഗ്രഹണത്തിനായുള്ള ക്രിയ നടക്കുന്നത്. അർത്ഥഗ്രഹണം പൂർണമാകണമെങ്കിൽ ഇനിയും പല പ്രവർത്തനങ്ങൾ അർത്ഥഗ്രാഹകന്റെ മനസിൽ അല്ലെങ്കിൽ ചിന്തയിൽ നടക്കേണ്ടതുണ്ട്. വിശകലനം, ഭാവനയുടെ പ്രവർത്തനം, നിയതമായ അർത്ഥനിർണ്ണയം തുടങ്ങിയവയെല്ലാം മനസിൽ അല്ലെങ്കിൽ ചിന്തയിൽ നടക്കുന്ന പ്രധാന പ്രവർത്തനങ്ങളാണ്. ഇതിന്റെ പരിണതഫലമായാണ് നിയതാർത്ഥത്തിൽ അർത്ഥഗ്രഹണം സാധ്യമാകുന്നത്. ഈ സമയത്തെയാണ് അർത്ഥഗ്രഹണസമയമെന്നു വ്യവഹരിക്കുന്നത്.

അർത്ഥം ഗ്രഹിച്ചുകഴിഞ്ഞും അത് മനസിൽ നിലനിൽക്കുന്ന സമയം അർത്ഥഗ്രഹണത്തെ സംബന്ധിച്ച് പ്രസക്തമാണ്. ചില നിമിഷങ്ങൾ മുതൽ വർഷങ്ങൾവരെ മനസ്സിൽ നിലനിൽക്കുന്ന അർത്ഥങ്ങളുണ്ട്. ശരീരഭാഷകൊണ്ട് തുടർച്ചയായി ആശയം വിനിമയം ചെയ്യുമ്പോൾ മുമ്പ് അറിഞ്ഞ ആശയം അഥവാ ഭാഷ മനസിൽ നിലനിൽക്കുന്നത് തുടർന്നുള്ള ആശയഗ്രഹണത്തിൽ പ്രാധാന്യമർഹിക്കുന്നു. ആശയഗ്രഹണത്തിൽ തുടർച്ചാരാഹിത്യമോ അർത്ഥക്ലിഷ്ടതയൊ സംഭവിക്കാതിരിക്കാൻ അർത്ഥം നിലനിൽക്കുന്ന സമയം പ്രസക്തവുമാണ്.

**സ്ഥലം**

ശരീരം സ്ഥിതി ചെയ്യുന്നതിന് ആവശ്യമായ സ്ഥലം, ശരീരം പ്രതിനിധീകരിക്കുന്ന സ്ഥലം, ശരീരഭാഷ പ്രയോഗിക്കുവാനായി എടുക്കുന്ന സ്ഥലം എന്നിങ്ങനെ ശരീരഭാഷാവതരണവുമായി ബന്ധപ്പെട്ട സ്ഥലത്തെ നിർണ്ണയിക്കാവുന്നതാണ്. ശരീരഭാഷയുടെ അർത്ഥഗ്രഹണം നടത്തുന്ന വ്യക്തി നിൽക്കുന്ന സ്ഥലവും സാഹചര്യാനുസരണം പ്രസക്തമായിത്തീരുന്ന ശരീരഭാഷയുടെ അർത്ഥഗ്രഹണവുമായി ബന്ധപ്പെട്ട സ്ഥലനിർണ്ണയത്തിന്റെ ഭാഗമാണ്. ശരീരത്തിന്റെ വലിപ്പവും ധരിക്കുന്ന വസ്ത്രങ്ങളും ഇതര ആഭരണാദി അലങ്കാര വസ്തുക്കളുമായി ബന്ധപ്പെട്ട സ്ഥലത്തെയാണ് ശരീരം സ്ഥിതി ചെയ്യുന്നതിന് ആവശ്യമായ സ്ഥലമെന്നു പറയുന്നത്.

ജീവനും ബുദ്ധിയുമുള്ള ശരീരം സഞ്ചാരത്തിലും പ്രവൃത്തികളിലും അധിഷ്ഠിതമാണ്. ശരീരം ഏതു പശ്ചാത്തലത്തിൽ നിൽക്കുന്നുവോ അതാണ് ശരീരം പ്രതിനിധീകരിക്കുന്ന സ്ഥലം. പൊതുസ്ഥലത്താവാം, മദ്യശാലയിലാവാം, സിനിമാശാലയിലാവാം, കിടപ്പറയിലാവാം, സുഹൃത്തുക്കളുടെ ഒപ്പമാകാം ഒരു വ്യക്തി ഇരിക്കുന്നത്. യഥാർത്ഥത്തിൽ ഈ വ്യക്തിയുടെ ശരീരം സാഹചര്യാനുസരണം ഈ അവസ്ഥകളെ അല്ലെങ്കിൽ പശ്ചാത്തലത്തെ പ്രതിനിധീകരിക്കുന്നു. ശരീരം ഏത് പശ്ചാത്തലത്തിൽ, അന്തരീക്ഷത്തിൽ നിൽക്കുന്നുവോ

അതിന്റെ സ്വഭാവത്തിനും കൂടി അനുസരിച്ചായിരിക്കും സാഹചര്യാനുസരണം ഭാഷകൾ സൃഷ്ടിക്കുന്നത്. ഓരോ പശ്ചാത്തലത്തിലും നിൽക്കുന്ന ശരീരത്തിന് ഭാഷ ഉപയോഗിക്കുന്നതിന് സ്ഥലം ആവശ്യമായിവരുന്നു. ഈ സവിശേഷമായ സ്ഥലത്തെയാണ് ശരീരഭാഷ പ്രയോഗിക്കുവാനായി എടുക്കുന്ന സ്ഥലമെന്നു പറയുന്നത്.

ഒരിടത്തുനിന്നുതന്നെ ചിരിക്കുവാനും സംഭാഷണം പറയുവാനും കഴിയുന്നു. എന്നാൽ ഒരു അപകടത്തിൽനിന്നും ഭയന്ന് ഓടുമ്പോൾ കൂടുതൽ സ്ഥലം ശരീരത്തിന് ആവശ്യമായി വരുന്നു. രണ്ടു വ്യക്തികൾ സംസാരിച്ചുകൊണ്ട് നടക്കുമ്പോൾ, യാത്ര ചെയ്യുമ്പോൾ, കളികളിൽ ഏർപ്പെടുമ്പോഴെല്ലാം ശരീരത്തിന് സഞ്ചരിക്കുന്നതിന് സ്ഥലം ആവശ്യമാണ്. യഥാർത്ഥത്തിലിവിടെ ശരീരഭാഷയുടെ അർത്ഥം പൂർണ്ണമാകുവാൻ ഒരു ക്രിയ തന്നെ ചെയ്യേണ്ടിവരുന്നു. ഒന്നിലധികം ശരീരങ്ങൾ ചേർന്നാണ് ക്രിയ ചെയ്യുന്നതെങ്കിൽ ആ ശരീരങ്ങൾക്ക് സഞ്ചരിക്കുവാനും പ്രവൃത്തിക്കുവാനുമെല്ലാം ഏറെ സ്ഥലം ആവശ്യമാണ്. സവിശേഷമായ ഈ സ്ഥലത്തെയാണ് ശരീരഭാഷ പ്രയോഗിക്കുവാനായി എടുക്കുന്ന സ്ഥലമെന്നു പറയുന്നത്.

ശരീരഭാഷ അവതരിപ്പിക്കുന്ന വ്യക്തികൾ സ്ഥലത്തെ പ്രതിനിധീകരിച്ചു നിൽക്കുന്നതുപോലെതന്നെ പ്രസക്തമാണ് ശരീരഭാഷയുടെ അർത്ഥം ഗ്രഹിക്കുന്ന വ്യക്തികൾ നിൽക്കുന്ന സ്ഥലവും. ഉദാഹരണമായി പറഞ്ഞാൽ, ഒരു സ്ത്രീയും പുരുഷനും മുറിയിലിരിക്കുന്നു. അവർ പരസ്പരം സംഭാഷണങ്ങളിലൂടെയും ചിരികളികളിലൂടെയും ആശയവിനിമയം നടത്തുന്നുണ്ട്. ഇവരെ മുറിക്കുപുറത്തുനിന്ന് ഒരാൾ ഒളിഞ്ഞ് നിരീക്ഷിക്കുന്നു. ഒളിഞ്ഞുനോക്കുന്ന വ്യക്തിയും സാഹചര്യാനുസരണം അർത്ഥഗ്രഹണം നടത്തുന്നുണ്ട്. മുറിക്കകത്തിരുന്ന് ആശയവിനിമയം നടത്തുന്ന സ്ത്രീയുടെയും പുരുഷന്റെയും അന്തരീക്ഷത്തിൽനിന്നും ഭിന്നമായ അന്തരീക്ഷത്തിലാണ് ഒളിഞ്ഞുനോക്കുന്ന വ്യക്തി നിൽക്കുന്നത്. യഥാർത്ഥത്തിൽ ഭിന്നമായ അന്തരീക്ഷം / സ്ഥലം അർത്ഥഗ്രഹണത്തെയും ഭിന്നമായിത്തന്നെ സ്വാധീനിക്കുന്നു. ശരീരഭാഷാവതരണവുമായി ബന്ധപ്പെട്ട ഒരു ക്രിയ നടക്കുന്നു എന്നു കരുതുക. ഭിന്ന സ്ഥലത്തുനിൽക്കുന്നവർ ക്രിയ ഒന്നായിക്കാണുമ്പോഴും അതിന്റെ അർത്ഥഗ്രഹണം പലതായിത്തന്നെയാണ് നിർവ്വഹിക്കുന്നത്.

ഒരു കടൽത്തീരം. അവിടെ ഏറെ വ്യക്തികൾ സന്ദർശകരായി എത്തിയിട്ടുണ്ട്. കടൽത്തിരയിൽ പലരും കളിച്ചുകൊണ്ടിരിക്കുന്നു. പെട്ടെന്നുവന്ന തെല്ലു ശക്തമായ തിരയിൽ ഒരു കുട്ടി ഒഴുകിപ്പോകുന്നു. ഈ സംഭവം പലരും കാണുന്നുണ്ട്. എന്നാൽ കാണുന്നവർ

അതിൽനിന്നും ഗ്രഹിക്കുന്ന അർത്ഥങ്ങൾ ഭിന്നമാണ്. ഈ സംഭവത്തെ ഒരമ്മ കാണുന്നതും, സുഹൃത്തുക്കളായ കുട്ടികൾ കാണുന്നതും, അപരിചിതരായ ഇനിയും ചിലർ കാണുന്നതും ആ സംഭവത്തെ വാർത്തയാക്കുവാൻ ഫോട്ടോ എടുക്കുന്ന വ്യക്തി കാണുന്നതും ഭിന്നമായ അർത്ഥത്തോടെയാണ്. ചില മുക്കുവർ ഓടിവന്ന് ആ കുട്ടിയെ രക്ഷപെടുത്തുന്നു. യഥാർത്ഥത്തിൽ എല്ലാവരും കാണുന്ന സംഭവം ഒന്നു തന്നെ. എന്നാൽ അവർ അനുഭവിക്കുന്ന വികാരം അഥവാ അർത്ഥം ഭിന്നമാണ്. അപകടത്തിൽപ്പെടുന്നതും ഒലിച്ചുപോകുന്നതും മുങ്ങിത്താഴുന്നതും പ്രാണനുവേണ്ടി വെപ്രാളപ്പെടുന്നതുമായ അവസ്ഥ വിനിമയം ചെയ്യുന്നത് കുട്ടിയുടെ ശരീരമാണ്. ഈ ക്രിയയുടെ തുടർച്ചയെന്ന വണ്ണമാണ് മുക്കുവർ കുട്ടിയെ രക്ഷിക്കുന്നത്. തുടർന്നു കരയിൽ നിൽക്കുന്നവരുടെ പ്രതികരണങ്ങളും ആശ്വാസപ്രകടനങ്ങളും നടക്കുന്നു. മറ്റുചിലർ ഈ സംഭവങ്ങൾ മുഴുവൻ മാറിനിന്നു വീക്ഷിക്കുന്നുണ്ടായിരുന്നു. അവർ ഗ്രഹിക്കുന്ന അർത്ഥം മറ്റുള്ളവരിൽ നിന്നും ഭിന്നമായതാണ്.

**സമൂഹം**

ഓരോ വ്യക്തിയും സമൂഹത്തിന്റെ ഭാഗമാണ്. സാമൂഹ്യമായ അവസ്ഥ ഒന്നായിരിക്കുമ്പോൾത്തന്നെ അതിൽ പല അനുപാതത്തിലുള്ള സമൂഹങ്ങളുടെ കൂട്ടങ്ങൾ സാധാരണമാണ്. മതാധിഷ്ഠിത സമൂഹം, പ്രത്യയശാസ്ത്രാധിഷ്ഠിത സമൂഹം, വർണ്ണാധിഷ്ഠിത സമൂഹം, തൊഴിലധിഷ്ഠിത സമൂഹം, ലിംഗാധിഷ്ഠിത സമൂഹം, പ്രായാധിഷ്ഠിത സമൂഹം - ഈ പട്ടിക ഏറെയാണ്. ഓരോ സമൂഹത്തിനും അതിന്റേതായ നിയമവും പ്രവർത്തനരീതികളും സാംസ്കാരിക അന്തരീക്ഷവുമെല്ലാമുണ്ട്. പലപ്പോഴും ഒരു വ്യക്തിതന്നെ പല സമൂഹങ്ങളുടെ ഭാഗമായി പ്രവർത്തിക്കുന്നതും സ്വാഭാവികമാണ്. ശരീരഭാഷയുടെ അവതരണവുമായി ഈ സമൂഹങ്ങളെ വിലയിരുത്തുമ്പോൾ ആശയവിനിമയത്തിൽ ഇവ ചെലുത്തുന്ന സ്വാധീനം ശ്രദ്ധേയമാണ്. ഒരു സമൂഹത്തിലുള്ള വ്യക്തി ആ സമൂഹത്തിലുള്ള വ്യക്തിയോട് ആശയവിനിമയം നടത്തുന്നതുപോലെ ആയിരിക്കില്ല ഇനിയൊരു സമൂഹത്തിലുള്ള വ്യക്തിയോട് ആശയവിനിമയം നടത്തുന്നത്. സമൂഹത്തിന്റെ സ്വഭാവത്തിനനുസരിച്ച് വസ്ത്രധാരണരീതി, സംഭാഷണരീതി തുടങ്ങിയവയും ചിലർ വളർത്തിയെടുത്തിട്ടുണ്ട്. ഇവയും ആശയവിനിമയത്തെ സാഹചര്യാനുസരണം ഓരോ അനുപാതത്തിൽ സ്വാധീനിക്കുന്നു.

**സാമ്പത്തികം**

മനുഷ്യന്റെ ജീവിതരീതിയും സാമൂഹ്യാവസ്ഥയും നിർണ്ണയി

ക്കുന്നതിൽ / സൃഷ്ടിക്കുന്നതിൽ സാമ്പത്തികത്തിന് അതിന്റേതായ സ്ഥാനമാണുള്ളത്. സമ്പന്നൻ, മധ്യവർഗ്ഗക്കാരൻ, ദരിദ്രൻ എന്നു തിരിക്കുന്നതിന്റെ തന്നെ പ്രധാന മാനദണ്ഡം സാമ്പത്തികമാണല്ലോ. സമ്പത്തിനോടുള്ള ആഗ്രഹവും അതുനേടുന്ന രീതിയും അഥവാ തൊഴിലും വ്യക്തിയെ സമൂഹത്തിനുമുന്നിൽ നിർണ്ണയവിധേയമാക്കുന്ന ഒരു ഘടകമാണ്. വ്യക്തികളുടെ പ്രവർത്തനങ്ങളെയും സ്വഭാവത്തെയും സാമ്പത്തികം സ്വാധീനിക്കുമ്പോൾത്തന്നെ സ്വാഭാവികമായി അവരുടെ ശരീരഭാഷയേയും അത് സ്വാധീനിക്കുന്നു. മനോഭാവത്തെ രൂപപ്പെടുത്തുന്നതിലും ചിന്താരീതിയേയും ഭാവനയേയും രൂപപ്പെടുത്തുന്നതിലും സാമ്പത്തികത്തിന്റെ സ്വാധീനമുണ്ട്. ഇവയും വ്യക്തികളുടെ പ്രവർത്തനങ്ങളെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്. സമ്പത്തിന്റെ അനുപാതവും അതുനേടുന്ന രീതിയും വ്യക്തികൾക്ക് സമൂഹത്തിലുള്ള സ്ഥാനം നിർണ്ണയിക്കുന്നതിലെ ഒരു ഘടകമാണ്. യഥാർത്ഥത്തിൽ സാമ്പത്തികവുമായി ബന്ധപ്പെട്ട ഈ അന്തരീക്ഷമെല്ലാം ശരീരഭാഷയുടെ പ്രയോഗത്തെയും അർത്ഥഗ്രഹണത്തെയും സ്വാധീനിക്കുന്നു.

**ബുദ്ധിയും സംസ്കാരവും**

മനുഷ്യരുടെ ബൗദ്ധിക സാന്നിദ്ധ്യമുള്ള പ്രവർത്തനത്തിന് ശരീരഭാഷയുടെ സൃഷ്ടിയിൽ നിർണ്ണായക സ്വാധീനമാണല്ലോ ഉള്ളത്. അതുപോലെ തന്നെ ശരീരഭാഷയുടെ അർത്ഥഗ്രഹണത്തിലും ബൗദ്ധിക സാന്നിദ്ധ്യത്തിന് നിർണ്ണായക സ്വാധീനമാണ് ഉള്ളത്. ബൗദ്ധികസാന്നിദ്ധ്യത്തിന്റെ തോത് പ്രവൃത്തിയുടെ സ്വഭാവവും പ്രവർത്തി നടക്കുന്ന അന്തരീക്ഷവുമെല്ലാമായി ബന്ധപ്പെട്ടാണിരിക്കുന്നത്. ബുദ്ധിക്കുതന്നെ സാഹചര്യാനുസരണം പല സ്വഭാവനിർണ്ണയങ്ങൾ നടത്താവുന്നതാണ്. വൈകാരിക ബുദ്ധി, കൗശലബുദ്ധി, സാഹചര്യ ബുദ്ധി, വിശകലനബുദ്ധി, ഭാവനാധിഷ്ഠിതബുദ്ധി, ആവിഷ്കാരബുദ്ധി തുടങ്ങിയവയെല്ലാം ബുദ്ധിയുടെ പ്രയോഗത്തിനനുസരിച്ച് സവിശേഷമായി നടത്തുന്ന സ്വഭാവനിർണ്ണയങ്ങളാണ്. സാഹചര്യാനുസരണം ശരീരഭാഷയുടെ അവതരണത്തിലും അർത്ഥഗ്രഹണത്തിലും ബുദ്ധിയുടെ സവിശേഷമായ ഈ അവസ്ഥകൾ സ്വാധീനമായി പ്രവർത്തിക്കുന്നുണ്ട്.

സംസ്കാരം പല ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്ന ഒന്നാണ്. ഓരോ മനുഷ്യന്റെ ശരീരത്തിനും സവിശേഷമായ സംസ്കാരമുണ്ട്. അതുപോലെതന്നെ ഓരോ മനുഷ്യനും ജീവിക്കുന്ന സമൂഹത്തിന് സവിശേഷമായ സംസ്കാരമുണ്ട്. ശരീരത്തിന്റെ സംസ്കാരം മനസ്സിന്റെ പ്രവർത്തനങ്ങളും ശരീരത്തിന്റെ രൂപസ്വഭാവങ്ങളും പ്രവൃത്തിയുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. സമൂഹത്തിന്റെ സംസ്കാരം അവിടെ നില

നിൽക്കുന്ന നിയമം, ആചാരം, വിശ്വാസം, സാമൂഹ്യാന്തരീക്ഷം തുടങ്ങിയവയെയെല്ലാം ആശ്രയിച്ചാണിരിക്കുന്നത്. ശരീരഭാഷയുടെ അവതരണത്തിലും അർത്ഥഗ്രഹണത്തിലും സംസ്കാരം ചെലുത്തുന്ന സ്വാധീനം ഏറെയാണ്.

### രാഷ്ട്രീയവും നിയമവും

ഓരോ സമൂഹത്തിനും അതിന്റേതായ നിയമവും വ്യവസ്ഥയുമാണുള്ളത്. ഓരോ വ്യക്തിക്കും അവന്റേതായ രാഷ്ട്രീയബോധവും നിയമസങ്കല്പവുമാണുള്ളത്. ഇവയുടെ സ്വാധീനം പല അനുപാതത്തിൽ ശരീരഭാഷയുടെ അവതരണത്തെയും അർത്ഥഗ്രഹണത്തെയും സ്വാധീനിക്കുന്ന ഘടകങ്ങളാണ്. രാഷ്ട്രത്തിന്റെ പൊതുവായ നിയമങ്ങൾ , ഓരോ പ്രദേശത്തിന്റെയും ആചാരങ്ങളും ഭൂപ്രകൃതിയുമായി ബന്ധപ്പെട്ട നിയമങ്ങൾ, മതങ്ങൾ സൃഷ്ടിക്കുന്ന സവിശേഷമായ നിയമങ്ങൾ, വ്യക്തികളുടെ ചിന്തയ്ക്കും പ്രവൃത്തികൾക്കുമനുസരിച്ച് സ്വബുദ്ധിയിൽ സൃഷ്ടിക്കപ്പെടുന്ന നിയമങ്ങൾ എന്നിങ്ങനെ നിയമങ്ങൾ പലവിധമാണ്. ശരീരത്തിന്റെ രാഷ്ട്രീയവും സമൂഹത്തിന്റെ രാഷ്ട്രീയവും വ്യക്തികളെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്. യഥാർത്ഥത്തിൽ ഇവയെല്ലാം ശരീരഭാഷാസംബന്ധമായ എല്ലാ പ്രവർത്തനങ്ങളെയും ഓരോ അനുപാതത്തിൽ എല്ലായ്പ്പോഴും തന്നെ സ്വാധീനിച്ചുകൊണ്ടിരിക്കുന്നു.

## പാഠമാതൃകയാകുന്ന ശരീരം

കേവലമായ ശരീരം/ങ്ങൾ ഭാഷ ഉൽപാദിപ്പിക്കുന്നില്ല. ഈ ശരീരം/ങ്ങൾ ശരീരത്തിന്റെ നിയതമായ ഭാഷ പ്രദർശിപ്പിക്കുക മാത്രമാണു ചെയ്യുന്നത്. ശരീരത്തോടൊപ്പം ഭാഷാവതരണങ്ങൾകൂടി നടക്കുന്നതോടെ കേവലമായ ശരീരം സവിശേഷമായ അവസ്ഥ പ്രാപിക്കുന്നു. യഥാർത്ഥത്തിലിവിടെ സംഭവിക്കുന്നത് ശരീരത്തിന്റെ രൂപാന്തരമാണ്. ആശയങ്ങൾ/ഭാഷ അവതരിപ്പിക്കുന്നതിൽ അധിഷ്ഠിതമായ രൂപാന്തരം. മസ്തിഷ്കത്തിന്റെ സഹായത്തോടെ ആശയങ്ങൾ/ഭാഷ രൂപപ്പെടുത്തി അവതരിപ്പിക്കാൻ തയ്യാറായ ശരീരത്തെ 'സർഗ്ഗശക്തിയുള്ള ശരീരം' എന്നാണ് വ്യവഹരിക്കുന്നത്.

### സർഗ്ഗശക്തിയുള്ള ശരീരം

സർഗ്ഗശക്തിയുള്ള ശരീരം രൂപപ്പെടുന്നതിന് പല ഘടകങ്ങളുണ്ട്. ശരീരംകൊണ്ട് ആശയാവതരണം നടത്തുന്നതിനെപ്പറ്റിയുള്ള അറിവ്, ശരീരഭാഷ അവതരിപ്പിക്കാനായി തയ്യാറെടുത്ത സമയം, അവതാരകന്റെ മനോഭാവം തുടങ്ങിയവയെല്ലാം രൂപപ്പെടലിനെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്. കലാസാഹിത്യങ്ങളുടെ അവതരണവുമായി ബന്ധ

പ്പെട്ടാണ് സർഗ്ഗാത്മകത എന്ന പദം സാധാരണയായി ഉപയോഗിക്കുന്നത്. ഭാവനയുടെ സഹായത്തോടെ നവമായതെന്തും കല്പിച്ചെടുക്കുവാൻ കഴിയുന്ന പ്രവർത്തനത്തെയാണ് സർഗ്ഗാത്മകതയെന്നു വ്യവഹരിക്കുന്നത്. ശരീരഭാഷയുടെ അവതരണത്തിൽ ശരീരം മാധ്യമമായിട്ടാണല്ലൊ പ്രവർത്തിക്കുന്നത്. ഈ മാധ്യമത്തിലൂടെയാണ് ഭാഷ അവതരിപ്പിക്കുന്നത്. ഈ ഘട്ടത്തിൽ ശരീരം സവിശേഷമായി പ്രവർത്തിക്കുന്നുണ്ട്. ഈ സവിശേഷമായ പ്രവർത്തനത്തെ ഭാഷാസൃഷ്ടിയുമായി ബന്ധപ്പെട്ട ശരീരത്തിന്റെ സർഗ്ഗാത്മക പ്രവർത്തനമായി നിർണ്ണയിക്കുന്നതാണ് യുക്തം. ശരീരത്തിന്റെ ബോധപൂർവ്വമായ ചലനത്തിൽ, ഭാവമാറ്റത്തിൽ, അഭിനയത്തിൽ, സംഭാഷണത്തിൽ, സ്പർശനത്തിൽ, ഗന്ധം വിനിമയം ചെയ്യുന്നതിൽ, രസം അനുഭവിപ്പിക്കുന്നതിൽ എല്ലാം അർത്ഥസൃഷ്ടിയും ഒപ്പം അർത്ഥവിനിമയവും നടക്കുന്നു. ഈ അർത്ഥം അവതാരകപക്ഷത്തുനിന്നും അർത്ഥഗ്രഹണപക്ഷത്ത് എത്തുന്നതിന്റെ തോതാണ് ആശയലോകം സൃഷ്ടിക്കുന്നത്. ശരീരഭാഷകൊണ്ട് സൃഷ്ടിക്കുന്ന ഈ ആശയലോകത്തെ ഒരു പാഠമായി കല്പിച്ചാൽ ആ പാഠം സൃഷ്ടിക്കുന്ന അർത്ഥങ്ങൾ എല്ലാവരിലും / അർത്ഥഗ്രഹണം നടത്തുന്നവരിൽ ഒന്നായിരിക്കണമെന്നില്ല. അർത്ഥാവതരണത്തിന്റെ വിപുലമായ മേഖലകളിലേയ്ക്ക് കടന്നു ചെല്ലുന്നതിന്റെ തോത് അർത്ഥഗ്രഹണത്തെ സ്വാധീനിക്കുന്നു.

**പാഠം സൃഷ്ടിക്കുന്ന അർത്ഥം**

പാഠമെന്നു പറഞ്ഞാൽ അർത്ഥോല്പാദനം നടത്തുവാൻ കഴിയുന്ന ആശയങ്ങളുടെ സമഗ്രതയാണ്. ശരീരംകൊണ്ട് വിനിമയം ചെയ്യുന്ന ആശയം അഥവാ ഭാഷ പൂർണ്ണമായ ക്രിയയെ പ്രതിനിധീകരിക്കുമ്പോഴും ആശയം വിനിമയം ചെയ്യുമ്പോഴും അർത്ഥവ്യാപ്തിയുള്ള പാഠമായിത്തീരുന്നു. കലയിലാണെങ്കിലും സാഹിത്യത്തിലാണെങ്കിലും അർത്ഥവിനിമയം ചെയ്യുന്ന ആശയങ്ങളെ നിയതമായി ക്രമീകരിക്കുമ്പോഴാണ് പാഠമായിത്തീരുന്നത്. ഈ പാഠത്തിന്റെ കാഴ്ചക്കാർ/ വായനക്കാർ അനുവാചകരാണ്. ശരീരഭാഷയുടെ കാര്യത്തിലാകുമ്പോൾ അവതാരകരാണ് പാഠസൃഷ്ടി നിർവ്വഹിക്കുന്നത്. ആ പാഠത്തിന്റെ ഉപഭോക്താക്കൾ അർത്ഥഗ്രഹണം നടത്തുന്നവരാണ്. പാഠത്തിന്റെ അവതരണത്തിന് അർത്ഥവിനിമയം നടത്തുന്ന ചിഹ്നങ്ങൾ ആവശ്യമാണ്. സാഹിത്യത്തിലാകുമ്പോൾ അക്ഷരങ്ങളാണ് ചിഹ്നങ്ങളായിത്തീരുന്നത്. സിനിമയിലാകുമ്പോൾ രേഖപ്പെടുത്തിയ ദൃശ്യങ്ങളും ശബ്ദങ്ങളും ചേർന്ന് ചിഹ്നസൃഷ്ടി നിർവ്വഹിക്കുന്നു. ശരീരഭാഷയിലാകുമ്പോൾ ശരീരത്തിന്റെ സാഹചര്യാനുസരണമുള്ള പ്രവൃത്തികൾ ചിഹ്ന

സൃഷ്ടിക്ക് കാരണമാകുന്നു. യഥാർത്ഥത്തിൽ ഈ ചിഹ്നങ്ങൾ അവതരിപ്പിക്കുമ്പോൾ മാത്രം നിലനിൽക്കുന്നതാണ്. ഈ ചിഹ്നത്തിൽനിന്നും വേണം അർത്ഥഗ്രാഹകൻ ആശയങ്ങൾ സ്വീകരിച്ചെടുക്കുവാൻ. അവതരിപ്പിക്കുമ്പോൾ മാത്രം നിലനിൽക്കുന്ന ചിഹ്നത്തിൽനിന്നും ആർജ്ജിച്ചെടുത്തതോ മനസിലാക്കിയെടുത്തതോ ആയ അർത്ഥം തുടർന്നുള്ള ശരീരഭാഷാവതരണവുമായി യുക്തിപൂർവ്വം ചേർത്തുവയ്ക്കുമ്പോഴാണ് അർത്ഥഗ്രഹണം പൂർണ്ണമായും സംഭവിക്കുന്നത്/നടക്കുന്നത്.

**അർത്ഥഗ്രഹണത്തിന്റെ രീതി**

ശരീരംകൊണ്ട് ഒരു ക്രിയ അഥവാ പ്രവൃത്തി ചെയ്തുകഴിഞ്ഞാൽ ആ ക്രിയ സംബന്ധിച്ച അല്ലെങ്കിൽ പ്രവൃത്തി സംബന്ധിച്ച അർത്ഥലോകം (പാഠം) നിലനിൽക്കുന്നത് അർത്ഥഗ്രഹണം നടത്തിയവരിലാണ്. ക്രിയയുടെ അല്ലെങ്കിൽ പ്രവൃത്തിയുടെ അവതാരകനെയും ഇവിടെ വിസ്മരിക്കുന്നില്ല. ഒരു ക്രിയ അഥവാ പ്രവൃത്തി ഒന്നിലധികം ആളുകൾ ഗ്രഹിച്ചുകഴിഞ്ഞാൽ അവർ കണ്ട ക്രിയ അഥവാ പ്രവൃത്തി ഒന്നായിരിക്കുമ്പോഴും ഗ്രഹിച്ചെടുത്ത അർത്ഥം ഭിന്നമായിരിക്കും. യഥാർത്ഥത്തിൽ ഈ ഗ്രഹിച്ചെടുത്ത അർത്ഥത്തിന്റെ സമഗ്രതയിൽ നിന്നേ വസ്തുതകളെ കാണുവാനും തുടർവിചിന്തനങ്ങൾ നടത്തുവാനും കഴിയുകയുള്ളൂ.

ശരീരഭാഷയുടെ അസ്തിത്വം തന്നെ അതിന്റെ അവതരണരീതിയിലാണ്. രേഖപ്പെടുത്തി വയ്ക്കുന്ന ശീലപ്രവൃത്തി ശരീരഭാഷയുടെ ഭാഗമല്ല. ശരീരഭാഷയെ ഏതെങ്കിലും കലയുമായി ബന്ധിപ്പിച്ച് അവതരിപ്പിക്കുമ്പോൾ മാത്രമാണ് രേഖപ്പെടുത്തിവയ്ക്കുന്ന അവസ്ഥയ്ക്ക് പ്രസക്തിയുള്ളത്. അവതരണാനന്തരം ശരീരഭാഷയുടെ അർത്ഥം നിലനിൽക്കുന്നത് അർത്ഥഗ്രാഹകന്റെ മസ്തിഷ്കത്തിലാണ്. യഥാർത്ഥത്തിൽ ഇവിടെ പാഠമാകുന്ന ശരീരഭാഷ മൂർത്തമായി രേഖപ്പെടുത്തിയെടുത്ത ഒന്നല്ല. ബുദ്ധിയുടെ സഹായത്തോടെ ഓർമ്മയിൽ (memory) രേഖപ്പെടുത്തുന്നതാണ്. ശരീരഭാഷയുടെ അവതാരകന് (ഇവിടെ പാഠസ്രഷ്ടാവെന്നു വ്യവഹരിക്കാം) അവതരിപ്പിക്കുന്ന അർത്ഥത്തെപറ്റി (പാഠത്തെപ്പറ്റി) പൂർണ്ണമായ ധാരണയുണ്ടായിരിക്കും. ഇത് അർത്ഥാവതരണത്തെ സംബന്ധിച്ച (പാഠത്തെ സംബന്ധിച്ച) അവതാരകന്റെ കാഴ്ചപ്പാടാണ്. ഈ അർത്ഥാവതരണത്തിന്റെ ഫലം (പാഠത്തിന്റെ ഫലം) അർത്ഥഗ്രാഹകനിലെത്തി ആശയസൃഷ്ടി നടത്തുന്നതിന്റെ തോതാണ് പാഠഗ്രഹണത്തിന്റെ പരിണിതഫലം നിർണ്ണയിക്കുന്നത്.

# 5

# ചിഹ്നവ്യവസ്ഥയും അർത്ഥവിനിമയരീതിയും

**അ**ർത്ഥവ്യവസ്ഥകളെപ്പറ്റി ശാസ്ത്രീയമായി പഠിക്കുന്നതിന്റെ ഭാഗമാണ് ചിഹ്നശാസ്ത്രം (semiotics) രൂപീകൃതമായത്. ചിഹ്നം എന്നതുകൊണ്ട് അർത്ഥമാക്കുന്ന അടയാളങ്ങൾ മാത്രമല്ല ചിഹ്നപഠനത്തിന്റെ ഭാഗമായി വരുന്നത്. കലയും സാഹിത്യവും സംസ്കാരവുമെല്ലാം ചിഹ്നാത്മകമാണെന്ന രീതിയിലുള്ള വിപുലമായൊരു അർത്ഥകല്പനയിലാണ് ചിഹ്നങ്ങളെപറ്റിയുള്ള പഠനം ക്രമീകരിച്ചിരിക്കുന്നത്. ഏതെങ്കിലുമൊരു പ്രവൃത്തിയെ / ക്രിയയെ / സംഗതിയെ കുറിക്കുന്നതെന്തും ചിഹ്നമാണെന്ന് ലളിതമായി കല്പിക്കാവുന്നതാണ്. ഫെർഡിനാൻഡ് ദെ സൊസ്സ്യൂറിന്റെ അഭിപ്രായത്തിൽ ചിഹ്നങ്ങളുടെ വ്യവസ്ഥയാണ് ഭാഷ.

ശരീരഭാഷയെപറ്റിയുള്ള പഠനം ശക്തമായത് ആയിരത്തിതൊള്ളായിരത്തി എഴുപതിനുശേഷമാണ്. ഇതേകാലത്തുതന്നെയാണ് ചിഹ്നശാസ്ത്രവും സവിശേഷമായ വിശകലന പദ്ധതിയായി രൂപപ്പെട്ടത്. ഫ്രാൻസ് തന്നെ ആയിരുന്നു ഈ മുന്നേറ്റത്തിന്റെയും കേന്ദ്രം. ഒരു ഭാഷ കൈകാര്യം ചെയ്യുന്നവരുടെ ബോധമണ്ഡലത്തിൽ ആ ഭാഷയെ സംബന്ധിച്ച ഏറെക്കാര്യങ്ങൾ സമാനമായ അർത്ഥസ്വഭാവത്തോടെ നിലനിൽക്കുന്നു. സവിശേഷമായ ഈ അർത്ഥസ്വഭാവമാണ് ഭാഷകൾക്ക് സാഹചര്യാനുസരണം അർത്ഥം പകർന്നുനൽകുന്നതിലെ പ്രധാനഘടകം. യഥാർത്ഥത്തിൽ ഭാഷയെന്നു പറയുന്നത് അതുപയോഗിക്കുന്നവരുടെയെല്ലാം സാമൂഹ്യബൗദ്ധിക സ്വത്താണ്.

ഭാഷയെ ശാസ്ത്രീയമായി പഠിക്കുന്ന മേഖലയ്ക്കാണ് ഭാഷാശാസ്ത്രമെന്നു പറയുന്നത്. ഭാഷയുടെ സ്വഭാവമാണ് ഈ ശാസ്ത്രപഠനത്തിന്റെ രീതി നിർണ്ണയിക്കുന്നത്. ലിഖിത ഭാഷാശാസ്ത്രം ഭാഷണഭാഷാശാസ്ത്രം, ചിത്രഭാഷാശാസ്ത്രം, ശരീരഭാഷാശാസ്ത്രം എന്നെല്ലാം നിർണ്ണയിക്കുമ്പോൾ ശാസ്ത്രീയമായ പഠനത്തിന്റെ കൃത്യ

തയും സ്വഭാവവുമാണ് വ്യക്തമാകുന്നത്. വാസ്തവത്തിൽ ഭാഷയെ അർത്ഥോൽപാദനവുമായി ബന്ധിപ്പിച്ച് ശാസ്ത്രീയവും യുക്തിപരവുമായി പഠിക്കുന്നതിന്റെ ഭാഗമായാണ് ചിഹ്നശാസ്ത്രം വളർന്നുവന്നത്. ചിഹ്നങ്ങളെപ്പറ്റിയുള്ള ഭാഷാപണ്ഡിതന്മാരുടെ നിഗമനങ്ങൾ പലതും സമാനസ്വഭാവമല്ല പുലർത്തുന്നത്. ഇതിനെ ചിഹ്നസംബന്ധമായ അർത്ഥ ക്ലിഷ്ടതയായല്ല കാണേണ്ടത്; മറിച്ച് ചിഹ്നസംബന്ധമായ അർത്ഥ വിപുലനമായാണ് .

## ചിഹ്നനിരീക്ഷണത്തിന്റെ സ്വഭാവം

പ്രധാനമായും ഭാഷാചിഹ്നത്തെ വിശകലനം ചെയ്യുവാനായി രൂപപ്പെടുത്തിയിട്ടുള്ളതാണ് ഫെർഡിനൻഡ് ദെ സൊസ്സ്യൂറിന്റെ ചിഹ്ന നിരീക്ഷണം. കോഴ്സ് ഇൻ ജനറൽ ലിങ്ഗ്വിസ്റ്റിക്സ് (course in general linguistics) എന്ന ഗ്രന്ഥത്തിൽ സൊസ്സ്യൂർ നടത്തുന്ന നിരീക്ഷണം ശ്രദ്ധേയമാണ്. 'സമൂഹത്തിനുള്ളിലെ ചിഹ്നങ്ങളുടെ ജീവിതത്തെപറ്റി പഠിക്കുന്ന ഒരു ശാസ്ത്രത്തെകുറിച്ച് വിഭാവനം ചെയ്യാവുന്നതാണ്. സാമൂഹിക മനഃശാസ്ത്രത്തിന്റെയും അതുകൊണ്ടുതന്നെ പൊതുമനഃ ശാസ്ത്രത്തിന്റെയും ഭാഗമായിരിക്കും അത്. ഞാനതിനെ സിമിയോളജിയെന്നു (semiology) വിളിക്കും. ചിഹ്നങ്ങളെ രൂപപ്പെടുത്തുന്നത് എന്താണെന്നും ഏത് നിയമങ്ങളാണ് അവയെ നിയന്ത്രിക്കുന്നതെന്നും സിമിയോളജി വ്യക്തമാക്കും. ആ ശാസ്ത്രം ഇതുവരെ നിലവിൽ വന്നിട്ടില്ലാത്തതുകൊണ്ടു അത് എന്തായിരിക്കുമെന്നു വ്യക്തമാക്കാനാവില്ല. എന്നാൽ നിലവിൽ വരുവാനുള്ള അവസരം അതിനുണ്ട്.

സൊസ്സ്യൂറിന്റെ നിരീക്ഷണത്തിൽ ചിഹ്നങ്ങൾ (signs) സൂചകം (significant= Signifier) സൂചിതം (signifie= Signified)കാണിക്കുകയും എന്നിങ്ങനെ രണ്ടവസ്ഥകൾ സമ്മേളിച്ചുവരുന്നവയാണ് (സൂചകം + സൂചിതം = ചിഹ്നം). സൂചകമെന്നു പറയുന്നത് പദാർത്ഥവിജ്ഞാനപരമായ വസ്തുവാണ് (physical object). ബിംബം, ശബ്ദം, ആംഗ്യം തുടങ്ങിയവയെല്ലാം സൂചകമാണ്. സൂചിതമെന്നു പറയുന്നത് ഇതിനോടൊപ്പം മനസ്സിൽ തെളിഞ്ഞുവരുന്ന ആശയബിംബമാണ് (mental concept). ഭാഷയെ മുൻനിറുത്തിയുള്ള ശബ്ദബിംബമാണ് (sound image) സൂചകമെന്നും അതിനോടുചേർന്ന് മനസ്സിൽ ഉദിക്കുന്ന സംപ്രത്യയമാണ് (concept) സൂചിതമെന്നും സൊസ്സ്യൂർ വിശദീകരിക്കുന്നു. മരം എന്ന സംജ്ഞയെ ഉദാഹരിച്ചുകൊണ്ട് ഇക്കാര്യം വ്യക്തമാക്കാം. സൂചകമെന്നു പറയുന്നത് (signifier) മ്-അ-ര്-അ-മ് എന്ന ശബ്ദബിംബമാണ്. സൂചിതമെന്നു പറയുന്നത് (signified) ഈ ശബ്ദശൃംഖലയോടു ചേർന്ന് മനസ്സിലുണ്ടാകുന്ന വസ്തുവാണ്. അതായത് വൃക്ഷബിംബം. ഈ വൃക്ഷബിംബമാണ് മരം എന്ന ചിഹ്നത്തിന് (signs)

ആധാരം. യഥാർത്ഥത്തിൽ സൂചക-സൂചിത ബന്ധം ഒരു ഭാഷയിൽ മാത്രം പ്രസക്തമായ ധാരണാധിഷ്ഠിത കല്പനയാണ്. മരത്തെ സൂചിപ്പിക്കുന്ന പദം ഇംഗ്ലീഷിലും മറ്റുഭാഷകളിലും ഭിന്നമാണല്ലോ.

സൊസ്സ്യൂർ വ്യക്തമാക്കുന്ന ചിഹ്ന വ്യവസ്ഥകളെല്ലാം മനുഷ്യനിർമ്മിതവും വ്യവസ്ഥാപിതവുമാണ്. അനൈച്ഛികമായ ചിഹ്നങ്ങളെ അദ്ദേഹം ചിഹ്നമായി ഗണിക്കുന്നില്ല. വ്യവസ്ഥാപിതമായ ചിഹ്നവ്യവഹാരങ്ങൾക്കുമാത്രമേ സൊസ്സ്യൂറിന്റെ ചിഹ്നപഠനത്തിൽ പ്രവേശനം ലഭിച്ചിരുന്നുള്ളൂ. ആശയവിനിമയമാണ് അദ്ദേഹത്തിന്റെ ചിഹ്നസങ്കല്പനത്തിന്റെ അടിസ്ഥാനം. ഈ പശ്ചാത്തലത്തിലാണ് ചാൾസ് സാൻഡേഴ്സ് പിയേസിന്റെ (Charless Sanders Peirce) ചിഹ്നശാസ്ത്രം ശ്രദ്ധേയമാകുന്നത്. പിയേസ് വിക്ടോറിയ ലേഡി വെൽബിക്കെഴുതിയ ഒരു കത്തിൽ ചിഹ്നവ്യവഹാരത്തെപ്പറ്റി പറയുന്നത് ശ്രദ്ധേയമാണ്. 'ഗണിതം, നീതിശാസ്ത്രം, അതിഭൗതികം, ഭൂഗുരുത്വബലം, താപബലതന്ത്രം, പ്രകാശവിജ്ഞാനീയം, രസതന്ത്രം, താരതമ്യ ശരീരശാസ്ത്രം, മനശ്ശാസ്ത്രം, സ്വനവിജ്ഞാനം, ശാസ്ത്രചരിത്രം, സാമ്പത്തികശാസ്ത്രം, ജ്യോതിശാസ്ത്രം, പുരുഷനും സ്ത്രീയും, അന്തരീക്ഷവിജ്ഞാനം, നിശബ്ദത എന്നുവേണ്ട എന്തിനേയും സിമിയോട്ടിക് ആയല്ലാതെ പഠിക്കുവാനുള്ള യുക്തി ഒരിക്കലും എനിക്കുണ്ടായിട്ടില്ല.' സംവദിക്കുന്ന വസ്തുവിനെ മുൻനിറുത്തിയുള്ള ചിഹ്നസങ്കല്പനമാണ് ഇവിടെ ദർശിക്കുവാൻ കഴിയുന്നത്. ഇത് അടിസ്ഥാനമാക്കുന്നത് ആശയസംവേദനമാണ്.

സ്വഭാവത്തിനനുസരിച്ച് ചിഹ്നങ്ങൾ വർഗ്ഗീകരിക്കുവാനും സാഹചര്യാനുസരണമുള്ള അർത്ഥോല്പാദനത്തെപറ്റി നിർവചിക്കാനുമാണ് പിയേഴ്സ് ശ്രമിക്കുന്നത്. ഇദ്ദേഹത്തിന്റെ വീക്ഷണമനുസരിച്ച് ചിഹ്നശാസ്ത്രത്തിന്റെ പഠനവിഷയം 'സീമിയോസിസ്' (semiosis) ആണ്. ഇതിന്റെ സാമാന്യമായ അർത്ഥം അർത്ഥോത്പാദന പ്രക്രിയയെന്നാണ്. ചിഹ്നങ്ങളെ മുഖ്യവിഭാഗങ്ങളും ഉപവിഭാഗങ്ങളുമുള്ള അർത്ഥനിർമ്മിതിയോ അർത്ഥാരോപണമോ സാധിക്കുന്ന ഒരു ശ്രേണിയായി പിയെഴ്സ് വർഗ്ഗീകരിച്ചു. ഐക്കൺസ് (icons), സിംബൽസ് (symbols), ഇൻഡെക്സസ് (indexes) എന്നീ മൂന്ന് മുഖ്യവിഭാഗങ്ങളാണ് പിയെഴ്സിന്റെ ചിഹ്നനിർണ്ണയത്തിലുള്ളത്.

ഏതൊരു ചിഹ്നവും അതിന്റെ വസ്തുവിനാൽ നിർണ്ണയിക്കപ്പെട്ടിരിക്കുന്നു. വസ്തുവിന്റെ സ്വഭാവത്തെ മുൻനിറുത്തിയാണെങ്കിൽ അതിനെ ഐക്കൺസ് എന്നും സ്വന്തം നിലനില്പുകൊണ്ടും യാഥാർത്ഥ്യം കൊണ്ടും അത് വസ്തുവുമായി ബന്ധപ്പെടുന്നെങ്കിൽ അതിനെ സിംബൽസ് എന്നും ഏറിയോ കുറഞ്ഞോ നിശ്ചയമായി അത്

ഒരു വസ്തുവിനെ ശീലം നിമിത്തമായി കുറിക്കുന്നുവെങ്കിൽ അതിനെ ഇൻഡെക്സ് എന്നും നിർണ്ണയിക്കുന്നു. ദൃശ്യരൂപത്തിലുള്ള ചിഹ്നം, സഹബന്ധമുള്ള ചിഹ്നം, ലിഖിത രൂപത്തിലുള്ള ചിഹ്നം എന്ന് ഇവയെ സാമാന്യമായി നിർണ്ണയിക്കാവുന്നതാണ്.

ഡാനിഷ് ഭാഷാശാസ്ത്രജ്ഞനായ ജെംസ്ലോവ്, സൊസ്സ്യൂറിന്റെ ചിഹ്നകല്പനയിലെ സൂചകം, സൂചിതം എന്നിവയെ യഥാക്രമം പ്രകാശനം, (expression) ഉള്ളടക്കം (content) എന്നീ പദങ്ങൾകൊണ്ട് പകരം വയ്ക്കുന്നു. ഇവ രണ്ടിനെയും ചിഹ്നത്തിന്റെ രണ്ടു തലങ്ങളായി കണക്കാക്കിക്കൊണ്ടു നടത്തുന്ന വിപുലീകരണത്തിലാണ് ജെംസ്ലോവിന്റെ ചിഹ്നസങ്കല്പനത്തിന്റെ അടിത്തറ. ചിഹ്നം പ്രകാശനരൂപവും (expression) ഉള്ളടക്കരൂപവും (content form) ചേർന്നതാണ്. ഇവയുടെ വേർതിരിക്കാനാവാത്ത ബന്ധത്തിൽനിന്നുമാണ് ചിഹ്നം ഉണ്ടാകുന്നതെന്ന് ജെംസ്ലോവ് നിരീക്ഷിക്കുന്നു. പ്രകാശനം പ്രകാശനമായിരിക്കുന്നത് ഉള്ളടക്കത്തിന്റെ പ്രകാശനമെന്ന നിലയിലാണ്. ഉള്ളടക്കമായിരിക്കുന്നത് പ്രകാശനത്തിന്റെ ഉള്ളടക്കം എന്ന നിലയിലാണ്, എന്നു വ്യക്തമാക്കുന്നു. യഥാർത്ഥത്തിൽ ജെംസ്ലോവിന്റെ നിരീക്ഷണം പ്രകാശനം, ഉള്ളടക്കം എന്നീ തലങ്ങൾക്കു പുറമെ ചിഹ്നം ബാഹ്യലോകവുമായി ബന്ധപ്പെടുന്നതിന്റെ ചില സ്വഭാവംകൂടി പരാമർശിക്കുന്നുണ്ട്.

നരവംശശാസ്ത്രത്തെ ചിഹ്നശാസ്ത്രത്തിന്റെ ഒരു ശാഖയായി കാണുവാൻ ലെവിസ്ട്രോസ് ഇഷ്ടപ്പെട്ടു. സകല സാംസ്കാരിക പ്രതിഭാസങ്ങളും ഭാഷപോലെ വ്യവസ്ഥീകൃതമാണെന്നും ഭാഷയുടെ സ്വനിമപരമായ ഘടന രൂപപ്പെടുന്നതുപോലെ ഘടകങ്ങൾ ദ്വന്ദ്വപ്രതിയോഗാത്മകമായി യോജിച്ചാണ് രൂപപ്പെടുന്നതെന്ന് സ്ട്രോസ് നിരീക്ഷിച്ചു. യഥാർത്ഥത്തിൽ സൊസ്സ്യൂർ വിഭാവനം ചെയ്തതുപോലെ ഭാഷയുടെ ചുവടുപിടിച്ചുകൊണ്ട് വിഭിന്നങ്ങളായ സാംസ്കാരിക പ്രതിഭാസങ്ങളെ വിശകലനം ചെയ്യാമെന്നുതന്നെയാണ് സ്ട്രോസും നിരീക്ഷിച്ചത്. കുടുംബബന്ധം, പാചകം, അനുഷ്ഠാനങ്ങൾ, സംഭവങ്ങൾ, പ്രവൃത്തികൾ എന്നിവയൊക്കെ ഭാഷപോലെ ആശയവിനിമയം നിർവ്വഹിക്കുന്ന ചിഹ്നവ്യവസ്ഥയുടെ ഭാഗമായി അദ്ദേഹം കല്പിച്ചു. യഥാർത്ഥത്തിൽ ഇവയുടെ പ്രത്യക്ഷീകരണം ഭാഷണംപോലെ തന്നെ ഇനിയൊരു വ്യവസ്ഥയുടെ ഭാഗം മാത്രമാണ്.

എന്താണ് ചിഹ്നശാസ്ത്രമെന്നും അതിന്റെ സ്വഭാവം എന്തെന്നും വ്യക്തമാക്കുവാനാണ് ഇത്രയും കാര്യങ്ങൾ സാമാന്യമായി പ്രതിപാദിച്ചത്. യഥാർത്ഥത്തിൽ ചിഹ്നവിജ്ഞാനത്തെപറ്റിയുള്ള വളരെ ലഘുവായ ഒരു പ്രതിപാദനം മാത്രമാണിത്. എല്ലാ ഭാഷകളുടെ അവതരണത്തിലും

അതിന്റെ അവതരണവുമായി ബന്ധപ്പെട്ട ചിഹ്നങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ചിഹ്നങ്ങൾ സൃഷ്ടിക്കുകയും വിനിമയം ചെയ്യുകയും അറിയുകയും ചെയ്യുന്നതിന്റെ അടിസ്ഥാനത്തിലാണ് ഭാഷകൾ സജീവമായി നിലനിൽക്കുന്നതും ആശയവിനിമയം നിർവ്വഹിക്കുന്നതും. ചിഹ്നശാസ്ത്രവുമായി ബന്ധപ്പെടുത്തി ഭാഷയെ വിശകലനം ചെയ്ത പണ്ഡിതൻമാരുടെ നിഗമനങ്ങളിൽ നിന്നും ഒരു കാര്യം വ്യക്തമാകുന്നുണ്ട്. ഓരോരുത്തരുടെയും നിരീക്ഷണപഠനങ്ങളാണ് അവരുടെ നിഗമനങ്ങൾക്ക് ആധാരം. അർത്ഥവിനിമയം അഥവാ ആശയവിനിമയം നടത്തുന്ന എല്ലാ പ്രവൃത്തികളിലും സാഹചര്യങ്ങളിലും ഭാഷ നിലനിൽക്കുന്നുണ്ട്.

## സവിശേഷമായ ചിഹ്നവ്യവസ്ഥ

ശരീരഭാഷ സവിശേഷമായ ചിഹ്നവ്യവസ്ഥയുടെ ഭാഗമാണ്. ജീവനും ബുദ്ധിയുമുള്ള ശരീരമാണ് സാഹചര്യാനുസരണം ചിഹ്നസൃഷ്ടി നിർവ്വഹിക്കുന്നത്. ആശയവിനിമയത്തിൽ തുടർച്ച പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. അതുകൊണ്ടുതന്നെ നിശ്ചലതയെ ചലനം കൊണ്ട് തിരസ്കൃതമാക്കുന്ന പ്രവൃത്തി ശരീരഭാഷയുടെ വിനിമയത്തിൽ എപ്പോഴും സംഭവിച്ചുകൊണ്ടിരിക്കും. രൂപം, ശബ്ദം, ഗന്ധം, രസം, സ്പർശം തുടങ്ങി ഏത് അവസ്ഥ മുൻനിറുത്തിയാണൊ ആശയവിനിമയം നിർവ്വഹിക്കുന്നത്, അതിനനുസരിച്ചായിരിക്കും ചിഹ്നസൃഷ്ടി നടത്തുന്നത്. രൂപത്തിൽ കാഴ്ചയും, ശബ്ദത്തിൽ കേൾവിയും, രസത്തിൽ രുചിയും സ്പർശനത്തിൽ അനുഭവവുമെല്ലാമാണ് സാഹചര്യാനുസരണം വിനിമയം ചെയ്യുന്നത്. ആശയവിനിമയത്തിനായി ഇവയിൽ ഒന്നിലധികം ഘടകങ്ങളെ ഉപയോഗിക്കുമ്പോൾ ഉപയോഗിക്കുന്ന ഘടകങ്ങളുടെ യോഗത്തിനനുസരിച്ചുള്ള സമന്വയപരമായ ആശയവിനിമയമാണ് സംഭവിക്കുന്നത്. യഥാർത്ഥത്തിലിവിടെ ചിഹ്നങ്ങൾ ആശയവിനിമയത്തിൽ അധിഷ്ഠിതമായ ബഹുത്വപ്രവർത്തനങ്ങളാണ് നിർവ്വഹിക്കുന്നത്.

ശരീരം + ആശയം + ചലനം = ശരീരഭാഷ എന്ന് സാമാന്യമായി വ്യവഹരിക്കാവുന്നതാണ്. ശരീരം, ആശയം, ചലനം എന്നിവയെപ്പറ്റിയുള്ള അറിവ് വ്യാപ്തിയുള്ളതാണെങ്കിലേ ശരീരഭാഷയുടെ നിയതമായ സ്വഭാവം വ്യക്തമാകുകയുള്ളൂ. ശരീരം എന്നു പറയുമ്പോൾ ആശയവിനിമയം നിർവ്വഹിക്കുന്ന ശരീരമെന്നു മനസിലാക്കണം. ആശയവിനിമയത്തിന് എല്ലായ്പ്പോഴും ശരീരത്തിലെ മുഴുവൻ അവയവയങ്ങളുടെയും ആവശ്യമില്ല. കണ്ണ്, ചുണ്ട്, മുഖത്തിന്റെ സവിശേഷമായ ഒരു ഭാവം തുടങ്ങിയുള്ള ഏതെങ്കിലുമൊരു അവയവം അഥവാ അവസ്ഥ മതിയാകും പലപ്പോഴും ആശയവിനിമയം നിർവ്വഹിക്കുവാൻ. ഈ അവയവത്തിന്റെ അഥവാ അവസ്ഥയുടെ സാന്നിദ്ധ്യംതന്നെ സാഹചര്യാനു

സരണം ഓരോ രീതിയിലാണ്.

യഥാർത്ഥത്തിൽ ആശയമെന്നു പറയുന്നത് അമൂർത്തമായ ഒന്നാണ്. മാധ്യമീകരണം സംഭവിക്കുന്നതിലൂടെയാണ് അതിന് മൂർത്തമായ അവസ്ഥ കൈവരുന്നത്. ശരീരത്തിലെ അവയവങ്ങളും ഭാവാവസ്ഥകളുമായി സവിശേഷമായ രീതിയിൽ യോഗം ചേരുന്നതിലൂടെയാണ് ആശയം വെളിവാകുന്നത്. ആശയവിനിമയത്തിനായി ശരീരത്തോട് ഭാഷ ചേരുന്നതോടെ അത് സവിശേഷമായ അവസ്ഥയിലെത്തുന്നു. ശരീരമെന്നു വ്യവഹരിക്കുമ്പോൾ ആശയവിനിമയം നടത്തുന്ന ശരീരഭാഗം എന്നുതന്നെ മനസിലാക്കേണ്ടതാണ്. രോഷമുള്ള കണ്ണ് എന്നു പറയുമ്പോൾ 'കണ്ണ്' ശരീരത്തെയും 'രോഷം' ആശയത്തെയുമാണ് പ്രതിനിധീകരിക്കുന്നത്. 'ചിരിക്കുന്ന ചുണ്ട്' എന്നുപറയുമ്പോൾ ചുണ്ട് ശരീരത്തെയും ചിരി ആശയത്തെയുമാണ് സൂചിപ്പിക്കുന്നത്. രോഷമുള്ള കണ്ണും, ചിരിക്കുന്ന ചുണ്ടും ഒരിക്കലും നിശ്ചലമായിരിക്കില്ല. സജീവമായ രീതിയിൽ ആശയവിനിമയം നടത്തുവാൻ പാകത്തിന് പ്രവർത്തിക്കുന്നു. ഈ പ്രവർത്തനമാണ് ചലനത്തിന് ആധാരം. ആശയവിനിമയം തുടർച്ചയായി നടത്തുന്നതിന്റെ രീതിയാണ് ഭാഷയ്ക്ക് വിപുലനതത്വം നൽകുന്നത്. ഭാഷയിലൂടെ കേവലം ഒരാശയം മാത്രമല്ല അവതരിപ്പിക്കുന്നത്. ആശയങ്ങളുടെ ശ്രേണി തന്നെ അവതരിപ്പിക്കുന്നു. ആശയങ്ങൾ ശ്രേണിയായി അവതരിപ്പിക്കുമ്പോൾ ശരീരത്തിന്റെ ഒരവസ്ഥയിൽനിന്നു അഥവാ പ്രവൃത്തിയിൽ നിന്നും അഥവാ ഭാവത്തിൽനിന്നും ഇനിയൊന്നിലേയ്ക്ക് സഞ്ചരിച്ചെത്തേണ്ടതുണ്ട്. സാഹചര്യാനുസരണം അവസ്ഥയിലേക്കോ പ്രവൃത്തിയിലേക്കോ, ഭാവത്തിലേക്കോ ശരീരമെത്തുന്നത് അർത്ഥഗ്രാഹകന് കാണാവുന്ന രീതിയിലുള്ള ഗ്രഹിക്കാവുന്ന രീതിയിലുള്ള ചലനത്തിലൂടെയാണ്.

ശരീരം, ആശയം, ചലനം ഇവയുടെ സമന്വയിച്ചുള്ള പ്രവർത്തനം ശരീരം സൃഷ്ടിക്കുന്ന എല്ലാ ഭാഷകളിലും പ്രവർത്തിക്കുന്നു. ശരീരം ഗന്ധം വിനിമയം ചെയ്യുമ്പോൾ ശരീരം + ഗന്ധം + ചലനം = ശരീരഭാഷ (ശരീരത്തിന്റെ ഗന്ധം) (ഗന്ധവുമായി ബന്ധപ്പെട്ട ഭാഷയാണ് ഇവിടെ സൃഷ്ടിക്കുന്നത്). ശരീരം + സ്പർശനം + ചലനം = ശരീരഭാഷ (സ്പർശനവുമായി ബന്ധപ്പെട്ട ഭാഷയാണ് ഇവിടെ സൃഷ്ടിക്കുന്നത്). ശരീരം + ശബ്ദം + ചലനം = ശരീരഭാഷ (ശബ്ദവുമായി ബന്ധപ്പെട്ട ഭാഷയാണ് ഇവിടെ സൃഷ്ടിക്കുന്നത്). ശരീരം + രുചി + ചലനം = ശരീരഭാഷ (രുചിയുമായി ബന്ധപ്പെട്ട ഭാഷയാണ് ഇവിടെ സൃഷ്ടിക്കുന്നത്).

ആശയം സാഹചര്യാനുസരണം മാറ്റത്തിനു വിധേയമാണല്ലോ. അതുപോലെ ഒന്നിലധികം ആശയങ്ങൾ സമന്വയിച്ച് പല അനുപാത

ത്തിൽ പ്രവർത്തിക്കുന്ന അവസരങ്ങളും ഏറെയാണ്. സാഹചര്യാനുസരണമുള്ള ആശയം പ്രതിഫലിപ്പിക്കുന്നത് ശരീരമാണ്. ശരീരം ഭാഷ പ്രകാശിപ്പിക്കുന്നതിനനുസരിച്ചാണ് ചലനം സംഭവിക്കുന്നത്.

'ആശയം' എന്ന അവസ്ഥയ്ക്കും വിശദീകരണം ആവശ്യമാണ്. ശബ്ദം വിനിയോഗിക്കുമ്പോൾ അത് സംഭാഷണമാണെങ്കിൽ അതിനും നിയതമായ അർത്ഥമുണ്ട്. യഥാർത്ഥത്തിലിവിടെ ശബ്ദത്തെ സംഭാഷണമായി മാധ്യമീകരിച്ചവതരിപ്പിക്കുകയാണ് ചെയ്യുന്നത്. ഇവിടെ സംഭാഷണത്തിന്റെ അർത്ഥംകൂടി ഉൾപ്പെട്ട ശബ്ദമേഖലയാണ് ആശയമായി വ്യവഹരിക്കുന്നത്. 'കാഴ്ച' ആശയത്തിന് നിദാനമാകുമ്പോൾ അതിന്റെ സാഹചര്യാനുസരണമുള്ള സ്വഭാവവിശേഷങ്ങൾ ആശയത്തിന് കാരണമാകുന്നു. ആശയത്തിന് സാഹചര്യാനുസരണം നിയതമായ സ്വഭാവമാണുള്ളത്. 'ചലനവും' വിശദീകരണം അർഹിക്കുന്നു. ആശയാവതരണത്തിന്റെ ഭാഗമായി സംഭവിക്കുന്ന ചലനമാണ് ആശയത്തിന് വിസ്തൃതി പകർന്നു നൽകുന്നത്. ഗന്ധം ആശയമായി വരുമ്പോൾ അതിന്റെ ചലനം മൂർത്തമായി കാണുവാൻ കഴിയുകയില്ല. ശരീരത്തിന്റെ ചലനത്തിനനുസരിച്ച് അല്ലെങ്കിൽ പെരുമാറ്റത്തിനനുസരിച്ച് വായുവിലൂടെ സഞ്ചരിച്ചെത്തുന്ന ഗന്ധത്തെപ്പറ്റി മനസ്സിലാക്കുകയാണ് ചെയ്യുന്നത്. ചലനം സാഹചര്യാനുസരണം ഭാഷാവതരണത്തിന്റെ സ്വഭാവത്തിനനുസരിച്ച് മൂർത്തവും അമൂർത്തവുമായി സംഭവിക്കുന്നു എന്നുകൂടി മനസ്സിലാക്കേണ്ടതുണ്ട്.

അവതരണപക്ഷത്ത് ശരീരഭാഷ സൂചകവും സ്വീകരണപക്ഷത്ത് ശരീരഭാഷ സൂചിതവുമാണ്. സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ കാഴ്ചയിൽ അധിഷ്ഠിതമായ, കേൾവിയിൽ അധിഷ്ഠിതമായ, ഗന്ധത്തിൽ അധിഷ്ഠിതമായ, സ്പർശനത്തിൽ അധിഷ്ഠിതമായ, രുചിയിൽ അധിഷ്ഠിതമായ ശരീരഭാഷയെന്നു നിർണ്ണയിക്കാവുന്നതാണ്. കാഴ്ചയുടെ, കേൾവിയുടെ, ഗന്ധത്തിന്റെ, സ്പർശനത്തിന്റെ രുചിയുടെയെല്ലാം സാഹചര്യാനുസരണമുള്ള സ്വഭാവവും ശരീരഭാഷയെ നിയതമായ രീതിയിൽ നിർണ്ണയിക്കുന്ന പ്രസക്തമായ ഘടകമാണ്.

## പുനർനിർവചനവിധേയമാകുന്ന ഭാഷ

യഥാർത്ഥത്തിൽ ഭാഷയെന്ന മുൻസങ്കല്പത്തെയാണ് ശരീരഭാഷയുടെ പഠനം പുനർനിർവചിച്ചത്. അർത്ഥോൽപാദനം നിർവ്വഹിക്കുകയും ആശയവിനിമയം നടത്തുകയും ചെയ്യുന്ന എല്ലാ മനുഷ്യകർമ്മങ്ങളെയും ഭാഷയായിക്കാണുവാനും പഠിക്കുവാനുമാണ് ശരീരഭാഷ പ്രാപ്തമാക്കുന്നത്. ആശയവിനിമയം നടത്തുവാൻ മനുഷ്യർക്ക് പല രീതികളുണ്ടല്ലോ. ഈ രീതികളുടെ വിപുലനത്വവും അവയുടെ പ്രാധാന്യവും പ്രസക്തിയുമാണ് വ്യക്തമാക്കുന്നത്. ശരീരത്തിന്റെ സാന്നി

ദ്ധ്യത്തോടെ അതിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി സൃഷ്ടിക്കുന്ന ഭാഷയാണല്ലോ ശരീരഭാഷ. ആശയവിനിമയം നടത്തുന്ന അവസരത്തിൽ ശരീരം സാന്നിദ്ധ്യമായിരിക്കുമ്പോഴും പ്രവർത്തിക്കുമ്പോഴുമെല്ലാം ഭാഷാസൃഷ്ടി നിർവ്വഹിക്കുന്നുണ്ട്. ഇതിന്റെ തോത് ഓരോ അവസരത്തിലും സാഹചര്യാനുസരണം ഭിന്നമായിരിക്കുമെന്നുമാത്രം.

ശരീരത്തിന്റെ സാന്നിദ്ധ്യം ഭാഷ സൃഷ്ടിക്കുന്ന അവസ്ഥയെ സാമാന്യമായി നിർണ്ണയിക്കാം.

- ആംഗ്യം, ഭാവം, ചലനം എന്നിവയിലൂടെ (കിനിസിസ്) ഭാഷ സൃഷ്ടിക്കുന്നു.
- ക്രിയ ചെയ്തതിന്റെ ഭാഗമായി ഭാഷ സൃഷ്ടിക്കുന്നു.
- സംഭവവുമായി ബന്ധപ്പെട്ട് പലർക്കൊപ്പം ഒരാളായിനിന്ന് ഭാഷ സൃഷ്ടിക്കുന്നു.
- ഭാഷണത്തിലൂടെ (സംഭാഷണം) ഭാഷ സൃഷ്ടിക്കുന്നു.
- സ്പർശം, ഗന്ധം, രുചി എന്നിവ വിനിമയം ചെയ്യുന്നതിലൂടെ ഭാഷ സൃഷ്ടിക്കുന്നു.
- മുകളിൽ പറഞ്ഞ ഒന്നിലധികം ഘടകങ്ങളുടെ സമന്വയത്തിലൂടെ ഭാഷ സൃഷ്ടിക്കുന്നു.

സാഹചര്യം, സമയം, അന്തരീക്ഷം, വിനിമയം ചെയ്യുന്ന ആശയം, വിനിമയം ചെയ്യുന്ന വ്യക്തി, സ്വീകരിക്കുന്ന വ്യക്തി, മുൻപരിചയത്തിന്റെ തോത്, ബന്ധപ്പെടുന്ന അവസ്ഥ തുടങ്ങിയുള്ള ഏറെക്കാര്യങ്ങൾ ഈ ഭാഷാസൃഷ്ടിയെ സാഹചര്യാനുസരണം സ്വാധീനിക്കുന്ന ഘടകങ്ങളാണ്.

**ആംഗ്യം, ഭാവം, ചലനം എന്നിവയിലൂടെ (കിനിസിസ്) ഭാഷ സൃഷ്ടിക്കുന്നു**

സംഭാഷണമില്ലാത്ത ശരീരഭാഷാവതരണത്തെയാണ് കിനിസിസ് എന്നു വ്യവഹരിക്കുന്നതെന്ന് മുമ്പ് വ്യക്തമാക്കിയിരുന്നല്ലോ. സവിശേഷമായ ആംഗ്യങ്ങൾ, ഭാവങ്ങൾ, ചലനങ്ങൾ തുടങ്ങിയവയെല്ലാം സാഹചര്യാനുസരണം ആശയം വിനിമയം ചെയ്യുന്നുണ്ട്. ചെയ്യുന്ന പ്രവൃത്തിയാണ് ഈ ഭാഷയ്ക്ക് ആസ്പദം. വിജയത്തെ സൂചിപ്പിക്കുന്ന 'V' അടയാളം കൈവിരലുകൊണ്ട് കാണിക്കുന്നതും യാത്രയ്ക്ക് പോകുകയാണെന്ന അർത്ഥത്തിൽ കൈകൊണ്ട് മുന്നോട്ടു ചൂണ്ടി സൂചിപ്പിക്കുന്നതും കൈയ്യടിച്ച് വിജയിയെ പ്രോത്സാഹിപ്പിക്കുന്നതുമെല്ലാം സാഹചര്യാനുസരണം ആംഗ്യം കൊണ്ടു പ്രകടിപ്പിക്കുന്ന അർത്ഥങ്ങളാണ്. ഭാവം വിടരുന്നത് മുഖത്താണ്. യാദൃച്ഛികമായി സുഹൃ

ത്തിനെ കാണുമ്പോൾ മുഖത്ത് വിടരുന്ന ഭാവം, വാത്സല്യവതിയായ അമ്മയുടെ ഭാവം, രോഷം കൊണ്ടിരിക്കുന്ന വ്യക്തിയുടെ ഭാവം എല്ലാം സാഹചര്യാനുസരണമുള്ള അർത്ഥവിനിമയത്തിന്റെ സ്വഭാവമാണ് വ്യക്തമാക്കുന്നത്. യഥാർത്ഥത്തിൽ ചലനം എല്ലാ പ്രവർത്തികളൊടുമൊപ്പമുള്ളതാണ്. പിന്നിൽ നിന്നു വിളിക്കുന്ന വ്യക്തിയെ തിരിഞ്ഞു നോക്കി ചിരിക്കുന്നതും, മുന്നിൽ നിന്നു വിളിക്കുന്ന വ്യക്തിയുടെ അടുത്തേയ്ക്ക് നടന്നുചെല്ലുന്നതുമെല്ലാം ചലനത്തിൽ അധിഷ്ഠിതമായ അർത്ഥസൃഷ്ടിയുടെ ഭാഗമാണ്.

## ക്രിയ ചെയ്യുന്നതിന്റെ ഭാഗമായി ഭാഷ സൃഷ്ടിക്കുന്നു

ക്രിയ എന്നു പറഞ്ഞാൽ പ്രവൃത്തിയെന്നുതന്നെ നിർണ്ണയിക്കാം. ഒരാൾ ഓടുന്നു, മറ്റൊരാൾ കളിക്കുന്നു, ഇനിയൊരാൾ പന്ത് തട്ടുന്നു, വേറൊരാൾ ചീട്ടുകൾ അടുക്കി വയ്ക്കുന്നു. പ്രാർത്ഥനയിൽ മുഴുകിയിരിക്കുന്ന വ്യക്തി തുടങ്ങിയവരെല്ലാം ഓരോ ക്രിയ ചെയ്യുന്നവരാണ്. യഥാർത്ഥത്തിൽ ഇവർ ചെയ്യുന്ന ക്രിയകൾക്കനുസരിച്ചുള്ള പ്രവൃത്തിയാണ് അർത്ഥസൃഷ്ടി നിർവ്വഹിക്കുന്നത്. ക്രിയ ചെയ്യുന്ന രീതിയിലൂടെയാണ് അതിന്റെ സ്വഭാവം വ്യക്തമാകുന്നത്. ക്രിയ ചെയ്യുന്ന വ്യക്തിയേയും അയാളുടെ പ്രവർത്തനങ്ങളേയും നിരീക്ഷിക്കുന്നതിലൂടെയാണ് സാഹചര്യാനുസരണം അർത്ഥഗ്രഹണം നടത്തുവാൻ കഴിയുന്നത്. ഇവിടെ ശരീരത്തിന്റെ സാന്നിദ്ധ്യവും ചെയ്യുന്ന പ്രവൃത്തിയും തമ്മിലുള്ള ബന്ധം തന്നെയാണ് അർത്ഥഗ്രഹണത്തെ സ്വാധീനിക്കുന്നത്.

## സംഭവവുമായി ബന്ധപ്പെട്ട് പലർക്കൊപ്പം ഒരാളായി നിന്ന് ഭാഷ സൃഷ്ടിക്കുന്നു

പൊതുസ്ഥലത്തുവച്ചു നടക്കുന്ന ഒരു അപകടം യാദൃച്ഛികമായി സംഭവിക്കുന്ന സംഭവമാണ്. കൊലപാതകം ഇനിയൊരു സംഭവമാണ്. വിവാഹം മറ്റൊരു സംഭവമാണ്. യഥാർത്ഥത്തിൽ ഈ മൂന്നു സംഭവത്തിന്റെയും സ്വഭാവം ഭിന്നമാണ്. അതിലെല്ലാം ഒന്നിലധികമോ ഒരു കൂട്ടമോ ആളുകൾ സ്വഭാവികമായിത്തന്നെ ഭാഗഭാക്കാകുന്നുമുണ്ട്. അപകടം യാദൃച്ഛികമായ ഒരു സംഭവമാണ്. എന്നാൽ കൊലപാതകം കരുതിക്കൂട്ടിയുള്ള ഒരു പ്രവൃത്തിയാണ്. ഇതിൽ ക്രൂരതയുടെയും നിയമനിഷേധത്തിന്റെയും ഗൂഢാലോചനയുടെയുമെല്ലാമായ ഒരു തലം കൂടിയുണ്ട്. വിവാഹം ഒരു മംഗളകർമ്മമാണ്. സമൂഹത്തിന്റെ നിയമങ്ങൾക്കനുസരിച്ച് യുവതീയുവാക്കൾ വധൂവരന്മാരായി സംഗമിക്കുന്ന പ്രവൃത്തിയാണത്.

ഒരു ബസ്സ് കാറുമായി ഇടിക്കുന്നതാണ് അപകടത്തിനാസ്പദം. ഇതുകണ്ട് അടുത്തുനിൽക്കുന്നവർ പലരും ഓടുന്നു. മറ്റുചിലർ സംഭവം

നടന്നിടത്തേയ്ക്ക് ഓടിയെത്തി രക്ഷാപ്രവർത്തനം നടത്തുന്നു. പരുക്ക് പറ്റിയവരും പരുക്കുപറ്റാതെ രക്ഷപെട്ടവരും രക്ഷാപ്രവർത്തനത്തിന് എത്തിയവരുമെല്ലാം ഓരോ രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. ഇവർ പല തരത്തിലുള്ള ആശയങ്ങൾ പ്രകടിപ്പിക്കുകയും കൈമാറുകയും ചെയ്യുന്നു. ഇങ്ങനെയുള്ള പ്രവർത്തനങ്ങളുടെ സമഗ്രതയാണ് സംഭവത്തെ പൂർണ്ണമാക്കുന്നത്. കൊലപാതകം നടത്തുന്നവരുടെ ഗൂഢാലോചന, കൊല്ലപ്പെടുന്നവന്റെ ദൈന്യത, കൊലപാതകമെന്ന ക്രിയ തുടങ്ങിയവയുടെ സമഗ്രത തന്നെയാണ് കൊലപാതകമെന്ന സംഭവമായിത്തീരുന്നത്. വിവാഹത്തിൽ പ്രധാന ക്രിയകൾ ചെയ്യുന്നത് വധൂവരന്മാരാണ്. കാർമികനാണ് അവരെക്കൊണ്ട് അതെല്ലാം ചെയ്യിക്കുന്നത്. അതിൽ സംബന്ധിക്കുന്നവരെല്ലാം ഓരോ രീതിയിൽ അവരുടെ സാന്നിദ്ധ്യം പ്രകടിപ്പിക്കുന്നുണ്ട്. യഥാർത്ഥത്തിൽ ഈ പ്രവർത്തനങ്ങളുടെ മുഴുവൻ ഫലമായാണ് വിവാഹമെന്ന സംഭവം നടക്കുന്നത്. ഇതിന് മുൻനിശ്ചയപ്രകാരമുള്ള ചിട്ടവട്ടങ്ങളും നിയമങ്ങളുമെല്ലാമുണ്ടെന്നുമാത്രം. ഈ സംഭവങ്ങളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ഓരോരുത്തരും അവരുടെ സാന്നിദ്ധ്യം പ്രകടിപ്പിക്കുന്നുണ്ട് / പ്രദർശിപ്പിക്കുന്നുണ്ട്. ഇവിടെ ഒരാളുടെ പ്രവർത്തനത്തിന്റെ അസാന്നിദ്ധ്യം സംഭവമെന്ന സമഗ്രരൂപത്തിന്റെ അവസ്ഥയ്ക്ക് വ്യത്യാസം വരുത്തുന്നുണ്ട്. പ്രവർത്തനത്തിന്റെ തോതും സംഭവത്തിന്റെ സ്വഭാവവുമെല്ലാമാണ് ഇതിനെ നിർണ്ണയിക്കുന്നത്.

### ഭാഷണത്തിലൂടെ (സംഭാഷണം) ഭാഷ സൃഷ്ടിക്കുന്നു

സംഭാഷണത്തിനുതന്നെ തുടർച്ചയായി ആശയവിനിമയം നടത്തുന്നതിന് കഴിയുന്നു. വാക്കുകൾക്ക് കല്പിച്ചു നൽകിയ അർത്ഥാരോപണം പ്രയോജനപ്പെടുത്തിയാണ് ഇതു സാധിക്കുന്നത്. എന്നാൽ ശരീരഭാഷയെ സംബന്ധിച്ചിടത്തോളം വക്താവും ശ്രോതാവും അല്ലെങ്കിൽ ആശയാവതാരകനും ആശയഗ്രാഹകനും നേരിൽ കണ്ടാണ് ആശയവിനിമയം/ സംഭാഷണം നടത്തുന്നത്. അതുകൊണ്ടുതന്നെ സാഹചര്യാനുസരണമുള്ള ഭാവപ്രകടനത്തിന്, അംഗചലനത്തിന്, ഇതര ചലനങ്ങൾക്ക് എല്ലാം അതാതിന്റേതായ സ്ഥാനമാണുള്ളത്. വക്താവ് ശ്രോതാവിനെയും ശ്രോതാവ് വക്താവിനെയും സമഗ്രമായി ദർശിക്കുന്നതുകൊണ്ടുതന്നെ അവരുടെ രൂപത്തിനും ഛായയ്ക്കും വസ്ത്രധാരണത്തിനുമെല്ലാം പ്രസക്തിയുണ്ട്. അത് ആരോട് , ഏതു സന്ദർഭത്തിൽ, എന്താശയം വിനിമയം ചെയ്യുന്നു എന്നുള്ളത് സംഭാഷണത്തെ സംബന്ധിച്ച അർത്ഥവിനിമയത്തെ സ്വാധീനിക്കുന്ന ഘടകമാണ്. പരസ്പരമുള്ള സംഭാഷണത്തിന്റെ ദൈർഘ്യം അതിന്റെ സ്വഭാവ

ത്തെയും അന്തരീക്ഷത്തെയും സൃഷ്ടിക്കുന്നതിൽ നിർണ്ണായകമാണ്. സംഭാഷണത്തിലൂടെ വിനിമയം ചെയ്യുന്ന ആശയവും ശരീരത്തിന്റെ അവസ്ഥയെ നിർണ്ണയിക്കുന്നതിൽ പ്രസക്തമാണ്.

**സ്പർശം, ഗന്ധം, രുചി എന്നിവ വിനിമയം ചെയ്യുന്നതിലൂടെ ഭാഷ സൃഷ്ടിക്കുന്നു**

ഈ ഘടകങ്ങൾ ഭാഷാവിനിമയത്തിന്റെ സവിശേഷ സ്വഭാവമാണ് വ്യക്തമാക്കുന്നത്. ഇവിടെയും ഭാഷയുടെ അവതാരകനും ഭാഷയുടെ സ്വീകർത്താവും പരസ്പരം കാണുന്നതിന്റെ പശ്ചാത്തലത്തിൽ തന്നെയാണ് ശരീരഭാഷ സംഭവിക്കുന്നത്. ആര് ,എപ്പോൾ സ്പർശിച്ചുവെന്നുള്ളതും ആരുടെ ഗന്ധം അറിഞ്ഞെന്നുമുള്ളതും എന്തു രുചി, എങ്ങനെ അറിഞ്ഞെന്നുമുള്ളതും ആശയവിനിമയത്തിന്റെ സ്വഭാവം നിർണ്ണയിക്കുന്നതിൽ പ്രസക്തമായിത്തീരുന്ന ഘടകമാണ്. കാഴ്ചയൊ, ശബ്ദമൊ (സംഭാഷണവുമാകാം) പ്രദാനം ചെയ്യുന്ന ആർത്ഥികാനുഭവമല്ല ഈ ഘടകങ്ങൾ പ്രദാനം ചെയ്യുന്നത്. സവിശേഷമായ അവസ്ഥയുമായി ബന്ധപ്പെട്ടാണ് ഈ ഘടകങ്ങൾ ആശയവിനിമയം നിർവ്വഹിക്കുന്നത്.

**മുകളിൽ പറഞ്ഞ ഒന്നിലധികം ഘടകങ്ങളുടെ സമന്വയത്തിലൂടെ ഭാഷ സൃഷ്ടിക്കുന്നു**

പ്രവൃത്തിയുടെ അഥവാ ആശയ വിനിമയത്തിന്റെ സ്വഭാവമാണ് അതു വിനിമയം ചെയ്യുന്ന രീതി നിർണ്ണയിക്കുന്നത്. നാലഞ്ചു വിദ്യാർത്ഥികൾ സംസാരിച്ചുകൊണ്ട് സ്കൂളിലേയ്ക്ക് നടന്നുപോകുന്നു. പോകുന്ന വഴിയ്ക്ക് ഒരു കാർ പലർ ചേർന്ന് തല്ലി തകർത്ത് കത്തിക്കുന്നു. കാറ് തല്ലിത്തകർക്കുവാനും കത്തിക്കുവാനുമുള്ള കാരണങ്ങളെ പറ്റി വിദ്യാർത്ഥികൾ അവരുടെ നിഗമനങ്ങൾ പറയുന്നു. വിദ്യാർത്ഥികൾ സ്കൂളിലേയ്ക്കു പോകുന്നത് അവർ ചെയ്യുന്ന ക്രിയയാണ്. സംഭാഷണത്തിലൂടെ അവർ ഏറെ കാര്യങ്ങൾ / അർത്ഥം വിനിമയം ചെയ്യുന്നുമുണ്ട്. സംസാരിക്കുന്ന വിദ്യാർത്ഥിയുടെ ആംഗ്യം, ഭാവം, ചലനം തുടങ്ങിയവയെല്ലാം മറ്റു വിദ്യാർത്ഥികൾ കാണുന്നുണ്ട്. കാറ് പലർ ചേർന്ന് തല്ലിത്തകർക്കുന്നത് അവർ (വിദ്യാർത്ഥികൾ) കണ്ട ഒരു സംഭവമാണ്. ആ സംഭവം നടത്തുന്നത് കുറെ മനുഷ്യരാണ്. അവരുടെ പ്രവർത്തനങ്ങൾ, ഭാവം തുടങ്ങിയവയെല്ലാം ഗ്രഹിച്ചതിനുശേഷമാണ് വിദ്യാർത്ഥികൾ ആ സംഭവത്തിന് ആസ്പദമായ കാര്യങ്ങൾ നിഗമനമായി പറയുന്നത്. ഇവിടെ ശരീരഭാഷയുമായി ബന്ധപ്പെട്ടതല്ലെങ്കിലും അതിന്റെ പ്രവർത്തനഫലമായി കത്തിയ കാറിന്റെ ഗന്ധം അവർ അറി

യുന്നുണ്ട്. യഥാർത്ഥത്തിലീ ഗന്ധം സംഭവത്തിന്റെ ഭാഗംതന്നെയാണ്. ഇവിടെ ആശയവിനിയമം സംഭവിക്കുന്നത് പല ഘടകങ്ങളുടെ സമന്വയിച്ചുള്ള പ്രവർത്തനത്തിലൂടെയാണ്.

**ആശയവിനിമയ ശൃംഖല**

ആശയവിനിമയ ശൃംഖല സ്വഭാവികമായി ഭാഷയുടെ ശൃംഖല തന്നെയാണ്. പ്രവൃത്തികൾ ചെയ്യുന്ന മനുഷ്യർ ആശയവിനിമയത്തിലൂടെ അവരുടെ ജീവിതത്തെ ചിട്ടയുള്ളതും അർത്ഥപൂർണ്ണതയുള്ളതുമെല്ലാമാക്കുന്നു. ഏറെ ആശയങ്ങളുടെ അവതരണത്തിനും തുടർച്ചയുണ്ട്. തുടർച്ചയുടെ തോത് പ്രവൃത്തിയുടെ സ്വഭാവവുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. സാമാന്യമായ ഉദാഹരണങ്ങളിലൂടെ തുടർച്ചയായ പ്രവൃത്തിയുടെ സ്വഭാവവും ഭാഷാവതരണത്തിന്റെ രീതിയും വ്യക്തമാക്കാം.

ഒരു അധ്യാപകൻ ക്ലാസ്സെടുക്കുന്നു. വിദ്യാർത്ഥികൾ അത് ശ്രദ്ധയോടെ നിരീക്ഷിച്ചുകൊണ്ടിരിക്കുന്നു. ഇവിടെ അധ്യാപകൻ ആശയങ്ങളുടെ അവതാരകനും വിദ്യാർത്ഥികൾ ആശയങ്ങളുടെ ഗ്രാഹകരുമാണ്. ഒരു ക്ലാസ്സ് എന്നു പറയുന്നതുതന്നെ കുറെ പൊതുവായ ആശയങ്ങൾ വിനിമയം ചെയ്യുന്നുണ്ട്. പാണ്ഡിത്യവും പക്വതയുമുള്ള വ്യക്തിയാണ് അധ്യാപകൻ. വിദ്യാർത്ഥികൾ ശ്രദ്ധയോടെയും അനുസരണയോടെയും അദ്ദേഹത്തെ ശ്രദ്ധിക്കുകയും വിലയിരുത്തുകയുമെല്ലാം ചെയ്യുന്നു തുടങ്ങിയവയാണ് പൊതുവായ ആശയങ്ങൾ. ഈ ക്ലാസ്സിന്റെ സൂക്ഷ്മതയിലേക്ക് ചെല്ലുമ്പോഴാണ് അധ്യാപകൻ അവതരിപ്പിക്കുന്ന വസ്തുതകൾക്ക് പ്രസക്തി കൈവരുന്നത്. ഈ പ്രസക്തി നിർണ്ണയിക്കുന്നതിൽ വിദ്യാർത്ഥികൾക്കും ഒരു സ്ഥാനമുണ്ട്. അധ്യാപകൻ അവതരിപ്പിച്ചത് വിദ്യാർത്ഥികൾ എങ്ങനെ ഗ്രഹിച്ചു എന്നതിന്റെ അടിസ്ഥാനത്തിലാണ് ആ സ്ഥാനം നിർണ്ണയിക്കപ്പെടുന്നത്. വിദ്യാർത്ഥികൾ അധ്യാപകനെ ഏകകാലികമായി കണ്ടും കേട്ടുമാണ് അദ്ദേഹം പറയുന്ന ആശയലോകത്ത് എത്തിയതും അർത്ഥങ്ങൾ ഗ്രഹിച്ചതും. യഥാർത്ഥത്തിലിത് ക്ലാസ്സ് എന്നു പറയുന്നപൊതുവായ ക്രിയയ്ക്കുള്ളിൽ നിന്ന് സൃഷ്ടിക്കുന്ന ആശയമേഖലയാണ്. ഈ ആശയമേഖല അധ്യാപകൻ പറയുന്ന ശാസ്ത്രമോ, സാഹിത്യമോ കലയോ സാമൂഹ്യപാഠമോ, കണക്കോ എന്തുമാകാം. അധ്യാപകൻ ക്ലാസ്സിൽ പറഞ്ഞത് പഠിക്കുകയോ പരിശീലിക്കുകയോ ചെയ്യുന്ന വിദ്യാർത്ഥികൾ ക്ലാസ്സിന്റെ തുടർച്ചയായി ഭാഷാസൃഷ്ടി തന്നെയാണ് നിർവ്വഹിക്കുന്നത്. ഇത് ഒന്നിലധികം അവസ്ഥകളുടെ അഥവാ ഘടകങ്ങളുടെ സമന്വയിച്ചുള്ള അഥവാ ശൃംഖലയായ ആശയവിനിമയത്തിന്റെ ഒരു രീതിയാണ്.

വിവാഹം എന്നു പറയുന്ന പ്രവൃത്തിയിലൂടെ അല്ലെങ്കിൽ സംഭ

വത്തിലൂടെ ഒരു സ്ത്രീയും ഒരു പുരുഷനും തമ്മിൽ പരസ്പര വിശ്വാസ സഹകരണങ്ങളോടെ ഒന്നിച്ചു ജീവിച്ചുകൊള്ളാമെന്ന വ്യവസ്ഥയ്ക്ക് വിധേയരായിത്തീരുകയാണ്. ഈ വ്യവസ്ഥയുടെ തുടർച്ചയാണ് അവരുടെ വിവാഹജീവിതം. വിവാഹം എന്ന ചടങ്ങ് സവിശേഷമായ ഭാഷയിൽ, പ്രവൃത്തിയിൽ അധിഷ്ഠിതമാണ്. ഈ സവിശേഷമായ ഭാഷയ്ക്ക് അല്ലെങ്കിൽ പ്രവൃത്തിക്ക് ഉള്ളിൽ നിന്നുകൊണ്ട് തുടർന്നു സൃഷ്ടിക്കുന്ന ഭാഷയാണ് അല്ലെങ്കിൽ പ്രവൃത്തിയാണ് തുടർന്നുള്ള ജീവിതം. ഇണ ചേരുന്നതും തൊഴിൽതേടുന്നതും, തൊഴിൽ ചെയ്യുന്നതും, സന്താനങ്ങളെ സൃഷ്ടിച്ച് പരിപാലിക്കുന്നതുമെല്ലാം തുടർച്ചയുള്ള പ്രവൃത്തിയുടെ അഥവാ ഭാഷയുടെ ഭാഗമാണ്. ഈ പ്രവൃത്തികളെ അഥവാ ഭാഷയെ സൃഷ്ടിക്കുന്ന കേന്ദ്രമായ പ്രവൃത്തി അഥവാ ഭാഷയാണ് വിവാഹം. വിവാഹം, വിവാഹാനന്തരമുള്ള ക്രിയകൾ തുടങ്ങിയവ പൊതുവായി നിൽക്കുമ്പോഴും ഓരോ വ്യക്തിയേയും സംബന്ധിച്ച് ഇവ വ്യത്യസ്തങ്ങളാണ്. ഓരോരുത്തരും നടത്തുന്ന വിവാഹം ഓരോന്നും, വിവാഹാനന്തരം ഓരോരുത്തരും ചെയ്യുന്ന പ്രവൃത്തികൾ ഓരോന്നുമാണ്. വിഭിന്നവൽക്കരണത്തിന് ശരീരത്തിനും ശരീരം സൃഷ്ടിക്കുന്ന ഭാഷയ്ക്കുമുള്ള സ്ഥാനം നിർണ്ണായകമാണ്. യഥാർത്ഥത്തിലിവിടെ വിവാഹമെന്ന പ്രവൃത്തിയുടെ ഫലമായ ആശയവിനിമയശൃംഖലയാണ് ദർശിക്കാൻ കഴിയുന്നത്.

പ്രവൃത്തിക്കുള്ളിൽ പ്രവൃത്തി. ആ പ്രവൃത്തിക്കുള്ളിൽ ഇനിയും പ്രവൃത്തികൾ അഥവാ ഭാഷയ്ക്കുള്ളിൽ ഭാഷ. ആ ഭാഷകൾക്കുള്ളിൽ ഇനിയും ഭാഷകൾ എന്ന് സാഹചര്യാനുസരണം വ്യവച്ഛേദിച്ചെടുക്കുവാൻ കഴിയുന്ന ആശയവിനിമയ ശൃംഖലയാണ് തുടർച്ചയുള്ള ഏറെ ശരീരഭാഷകളിലുമുള്ളത്. യഥാർത്ഥത്തിലീ സവിശേഷമായ ഭാഷാരീതി മുൻഭാഷാ പഠനങ്ങളെയും കല്പനകളെയും പുനർനിർവചനത്തിനു വിധേയമാക്കുന്നു.

## ആശയവിനിമയപഠനം

ഭാഷാശാസ്ത്രത്തെ സംബന്ധിച്ചിടത്തോളം ആശയവിനിമയത്തെപറ്റിയുള്ള പഠനത്തിന് പ്രധാന സ്ഥാനമാണുള്ളത്. ഭാഷണ സമ്പ്രദായത്തെ മുൻനിറുത്തിയാണ് ഏറെ ആശയവിനിമയരീതികളും പഠനവിധേയമാക്കിയിരിക്കുന്നത്. ബ്യൂളറുടെ നിർണ്ണയത്തിൽ ആശയവിനിമയത്തിന് മൂന്ന് അടിസ്ഥാന ഘടകങ്ങളാണുള്ളത്. സന്ദേശകർത്താവ്, സ്വീകർത്താവ്, പരാമർശിതം എന്നിവയാണവ. ഈ ഘടകങ്ങളെ പ്രതി മൂന്ന് അടിസ്ഥാന ധർമ്മങ്ങളാണ് ആശയവിനിമയത്തിലുള്ളതെന്നും ബ്യൂളർ പറയുന്നു. പ്രകാശനം, അഭ്യർത്ഥന, പരാമർശം/പ്രതിനിധാനം എന്നിവയാണവ. കെ.എം. പ്രഭാകരവാരിയർ എല്ലാത്തരം ആശയവി


നിമയത്തിലും ഉത്ഭവകേന്ദ്രം, പ്രേക്ഷകം, സന്ദേശമാധ്യമം, സ്വീകരണി, പ്രാപ്യസ്ഥാനം എന്നീ അഞ്ച് ഘടകങ്ങൾ ഉണ്ടെന്നു നിർണ്ണയിക്കുന്നു. ഇവ യഥാക്രമം വക്താവിന്റെ മസ്തിഷ്കം, ഉച്ചാരാണാവയങ്ങൾ, അന്തരീക്ഷവായു, കർണനാഡികൾ, ശ്രോതാവിന്റെ മസ്തിഷ്കം എന്നിവയാണ്. യാക്കോബ്സൻ ആശയവിനിമയത്തിൽ വക്താവ്, സന്ദർഭം, സന്ദേശം, മാധ്യമം, കോഡ്, ശ്രോതാവ് എന്നീ ആറ് ഘടകങ്ങളാണ് നിർണ്ണയിക്കുന്നത്. യഥാർത്ഥത്തിൽ ഈ നിർണ്ണയങ്ങൾ ആശയവിനിമയത്തിന്റെ പൊതുവായ സ്വഭാവമാണ് വ്യക്തമാക്കുന്നത്.

## സാമാജികധർമ്മം

സാംസ്കാരിക നരവംശശാസ്ത്രജ്ഞനായ ബ്രോണിസ്ലാ മലിനോവ്സ്കിയുടെ സങ്കല്പനമാണ് സാമാജികധർമ്മം. ആശയവിനിമയത്തിനുള്ള അന്തരീക്ഷസൃഷ്ടിയാണ് ഇവിടെ ലക്ഷ്യമാക്കുന്നത്. വക്താവും ശ്രോതാവും തമ്മിൽ ആശയവിനിമയത്തിന് ആവശ്യമായ ബന്ധം ഉറപ്പിക്കുവാനുള്ള ശ്രമമാണ് സാമാജികധർമ്മം നിർവ്വഹിക്കുന്ന ഭാഷാപ്രയോഗങ്ങളിലുണ്ടാവുക. ആശയവിനിമയം നടത്തുന്നതിനാവശ്യമായ ബന്ധം ഉറപ്പിക്കുന്നതിനും ശ്രദ്ധയാകർഷിക്കുന്നതിനുമായി പുറപ്പെടുവിക്കുന്ന സന്ദേശങ്ങളും ഇക്കൂട്ടത്തിൽപെടുന്നു. എല്ലാ ഭാഷകളുടെ വിനിമയത്തിലും സാമാജികധർമ്മം പ്രധാനഘടകമാണ്. അവതാരകനും അർത്ഥഗ്രാഹകനും തമ്മിലുള്ള ബന്ധം ഭാഷകളുടെ അവതരണത്തെയും അർത്ഥസൃഷ്ടിയെയും ആഴത്തിൽ സ്വാധീനിക്കുന്നു.

## ശരീരഭാഷയുടെ വിനിമയം

അവതാരകനിൽ നിന്നും / വക്താവിൽ നിന്നും അർത്ഥഗ്രാഹകനിൽ/ സ്വീകർത്താവിൽ എത്തുന്നതോടെയാണ് ഏതൊരു ഭാഷയും പോലെ ശരീരഭാഷയും ആശയവിനിമയം പൂർണ്ണമാക്കുന്നത്. ശരീരഭാഷയിൽ മൂർത്തമാധ്യമമായി ശരീരം നിൽക്കുന്നു. അതുകൊണ്ടു തന്നെ കാഴ്ചയുടെ സ്വഭാവവും രീതിയും അർത്ഥ ഗ്രഹണത്തെ സ്വാധീനിക്കുന്ന ഘടകമാകുന്നു. അതുപോലെതന്നെ ബോധപൂർവ്വമായി ശരീരഭാഷ അവതരിപ്പിക്കുന്ന സമയങ്ങളിൽ അവതാരകൻ സ്വീകർത്താവിനെ നേരിട്ട് കാണുന്നുമുണ്ട്. പരസ്പരമുള്ള ഈ കാഴ്ച ആശയവിനിമയത്തെ സ്വാധീനിക്കുന്നു.



അവതാരകൻ സാഹചര്യാനുസരണം സ്ത്രീയൊ പുരുഷനോ ആകാം. ഏതു പ്രായത്തിലും സംസ്കാരത്തിലും പെട്ടവരാകാം. അവരുടെ ശരീരത്തിന് നിയതമായ ഒരു ഭാഷയുമുണ്ട്. ഈ അടിസ്ഥാന പശ്ചാത്തലത്തിൽ നിന്നുകൊണ്ടാണ് അവതാരകൻ/ അവതാരക ശരീരഭാഷ അവതരിപ്പിക്കുന്നത്. ശരീരഭാഷ അവതരിപ്പിക്കുന്നതിനുമുമ്പു തന്നെ ആർക്കുവേണ്ടിയാണ് അല്ലെങ്കിൽ ആർക്കുമുന്നിലാണ് അവതരിപ്പിക്കുന്നതെന്നുള്ള പൂർണ്ണ ധാരണയുണ്ട്. കൃത്യമായി പറഞ്ഞാൽ അവതാരകൻ സ്വീകർത്താവിനെ കാണുന്നു. ഇത് അവതരണ സംബന്ധമായ കാഴ്ചയുടെ ഘട്ടമാണ്. ഈ കാഴ്ച സംഭവിക്കുന്നതിന് കൃത്യമായ ഒരു സന്ദർഭം ഉണ്ടായിരിക്കും. ഈ സന്ദർഭം ശരീരഭാഷ അവതരിപ്പിക്കുന്നതിന് കാരണമായ സന്ദർഭമാണ്. സന്ദർഭാനുസരണം ശരീരഭാഷ അവതരിപ്പിക്കുവാനുള്ള തീരുമാനവും തുടർന്നുള്ള അവതരണം നിർവ്വഹിക്കുന്നതും ബുദ്ധിയുടെ സാന്നിദ്ധ്യത്തിലൂടെയാണ്. ഈ ബുദ്ധി അവതാരകന്റെ ബുദ്ധിയാണ്. തുടർന്ന് അവതാരകൻ ആശയപ്രകാശനം നിർവ്വഹിക്കുന്നു. ഇതിനായി ശരീരഭാഷാ സംബന്ധമായ ഏതു രീതിയും പ്രയോഗിക്കുന്നു.

സ്വീകർത്താവ് സ്ത്രീയോ പുരുഷനോ ആകാം, ഏതു പ്രായത്തിലും സംസ്കാരത്തിലും പെട്ടവരാകാം. സ്വാഭാവികമായി ആശയവിനിമയം നടക്കുന്നതിനു മുമ്പുതന്നെ അവതാരകനെ സ്വീകർത്താവ് അല്ലെങ്കിൽ അർത്ഥഗ്രാഹകൻ / ഗ്രാഹിക കാണുന്നു. ഇത് ആശയസ്വീകരണ സംബന്ധമായ കാഴ്ചയുടെ ഘട്ടമാണ്. ഈ കാഴ്ച സംഭവിക്കുന്നതിന് കൃത്യമായ ഒരു സന്ദർഭം ഉണ്ടായിരിക്കും. ഈ സന്ദർഭം ശരീരഭാഷ ഗ്രഹിക്കുന്നതിന് കാരണമായ സന്ദർഭമാണ് . സന്ദർഭാനുസരണം ശരീരഭാഷാ ഗ്രഹിക്കുവാനുള്ള അവസ്ഥ സൃഷ്ടിക്കുന്നത് ബുദ്ധിയുടെ യുക്തമായ സാന്നിദ്ധ്യമാണ്. ഈ ബുദ്ധി സ്വീകർത്താവിന്റെ ബുദ്ധിയാണ്. തുടർന്ന് സ്വീകർത്താവ് ആശയഗ്രഹണം നടത്തുന്നു. ഇതിനായി ശരീരഭാഷാ സംബന്ധമായ അറിവുകൾ സ്വീകർത്താവിനെ സഹായിക്കുന്നു. ഈ അറിവ് സ്വഭാവികമായി വളർത്തിയെടുത്തതൊ പരിശീലിച്ചെടുത്തതോ നിരീക്ഷിച്ച് അറിഞ്ഞെടുത്തതോ എന്തുമാകാം.

## പരിചയത്തിന്റെയും ബന്ധപ്പെടലിന്റെയും തോത്

ആശയവിനിമയം നടത്തുവാൻ ശരീരഭാഷയ്ക്ക് വിപുലവിസ്തൃതമായ മേഖലകളാണല്ലോ ഉള്ളത്. ആശയത്തിന്റെ അവതാരകനും സ്വീകർത്താവും തമ്മിലുള്ള പരിചയവും ബന്ധവും ആശയവിനിമയത്തെ സ്വാധീനിക്കുന്ന ഘടകമാണ്. മുമ്പു വ്യക്തമാക്കിയ സാമാജികധർമ്മത്തെപ്പറ്റി ഇവിടെ ഓർമ്മിക്കേണ്ടതുണ്ട്. ആശയവിനിമയ

ത്തിനുള്ള അന്തരീക്ഷസൃഷ്ടിയാണ് സാമാജികധർമ്മം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കിയിരുന്നല്ലോ. അവതാരകനും സ്വീകർത്താവും തമ്മിൽ വളരെ അടുത്തു പരിചയമുണ്ടാകാം. സാമാന്യമായി പരിചയമുണ്ടാകാം ചിലപ്പോൾ മുൻപരിചയങ്ങൾ ഒന്നും കാണണമെന്നുമില്ല. ഈ പരിചയത്തിന്റെ തോത് എങ്ങനെയുമാകാവുന്നതാണ്. രക്തബന്ധത്തിന്റെ പേരിൽ ബന്ധപ്പെടുന്നതാവാം, സ്നേഹബന്ധത്തിന്റെ പേരിൽ ബന്ധപ്പെടുന്നതാവാം. യഥാർത്ഥത്തിൽ ഓരോ ബന്ധപ്പെടലിനും സവിശേഷമായ ഓരോ അവസ്ഥയുണ്ട്. ഈ പരിചയവും ബന്ധവും ശരീരഭാഷയുടെ അവതരണത്തെയും അർത്ഥഗ്രഹണത്തെയും സ്വാധീനിക്കുന്ന ഘടകമാണ്. ഭാര്യ ഭർത്താവുമായി ബന്ധപ്പെടുന്നതും, അച്ഛൻ മകനുമായി ബന്ധപ്പെടുന്നതും പോലീസുകാരൻ കള്ളനുമായി ബന്ധപ്പെടുന്നതും ജഡ്ജി വക്കീലുമായി ബന്ധപ്പെടുന്നതുമെല്ലാം ഓരോ രീതിയിലും അന്തരീക്ഷത്തിലുമാണ്. ഇത്തരം രീതികളും അന്തരീക്ഷവും ശരീരഭാഷയുടെ അവതരണ അർത്ഥഗ്രഹണ സ്വഭാവത്തെ സ്വാധീനിക്കുന്നു.

### ശരീരബാഹ്യമായ ഘടകങ്ങൾ

ശരീരഭാഷയുടെ അവതരണത്തിലും അർത്ഥോൽപാദനത്തിലും ശരീരബാഹ്യമായ പല ഘടകങ്ങളുടെയും ശക്തമായ സാന്നിദ്ധ്യമുണ്ട്. ഈ ഘടകസാന്നിദ്ധ്യങ്ങൾ സാഹചര്യാനുസരണം ശരീരത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ടാണ് അർത്ഥാവതരണം നിയതരൂപത്തിൽ സംഭവിക്കുന്നത്. രണ്ട് അപരിചിതർ ട്രെയിനിൽ വച്ച് പരിചയപ്പെടുന്നു. ഇവിടെ സാഹചര്യമായി നിൽക്കുന്നത് ട്രെയിൻ യാത്രയാണ്. വസ്ത്രധാരണം, പ്രായം, ലിംഗം ശരീരത്തിന്റെ ഭാഷ തുടങ്ങിയവ പരിചയപ്പെടുന്നതിനുമുമ്പ് കാഴ്ചയിലൂടെ മനസിലാക്കുന്ന ഘടകങ്ങളാണ്. പരസ്പരമുള്ള കാഴ്ച അല്പം സൂക്ഷ്മത്തിലേയ്ക്ക് ഇറങ്ങിച്ചെന്നാൽ സാഹചര്യങ്ങളിൽ നിന്ന് സാമാന്യ സംസ്കാരം വ്യക്തമാക്കിയെടുക്കുവാൻ കഴിയും. പരിചയപ്പെടുന്നവരുടെ യാത്രാലക്ഷ്യങ്ങൾ മനോഭാവത്തെ സ്വാധീനിക്കുന്ന ഇനിയൊരു ഘടകമാണ്. ഒരേ കമ്പാർട്ടുമെന്റിലിരുന്ന് യാത്ര ചെയ്യുന്നവരുടെ സാന്നിദ്ധ്യവും കംമ്പാർട്ടുമെന്റിലെ അവസ്ഥയും അന്തരീക്ഷസൃഷ്ടിയുടെ ഭാഗമാണ്. ട്രെയിൻ യാത്ര എന്ന സാഹചര്യത്തിനുള്ളിൽത്തന്നെ പരിചയപ്പെടുന്നതിന് കാരണമായ സാഹചര്യങ്ങൾ ഉണ്ടാകും. എന്തെങ്കിലുമൊരാവശ്യം, അല്ലെങ്കിൽ അല്പം സംസാരിക്കണമെന്ന ആഗ്രഹം, അപരനെ പറ്റി അറിയണമെന്ന ആഗ്രഹം തുടങ്ങിയവയെല്ലാം സാഹചര്യങ്ങളാകാവുന്നതാണ്. ട്രെയിൻ, അതിന്റെ കംപാർട്ട്മെന്റ് യാത്ര തുടങ്ങിയവയെല്ലാം ശരീരബാഹ്യമായ ചില പ്രധാന ഘടകങ്ങളാണ്.

## പ്രവൃത്തികളുടെ ഭാഗമായ ശരീരഭാഷ

ഒരു പ്രവൃത്തിയുടെ അഥവാ ക്രിയയുടെ ഭാഗമായി ശരീരഭാഷ ഉപയോഗിക്കുമ്പോൾ അല്ലെങ്കിൽ സംഭവിക്കുമ്പോൾ നടക്കുന്ന ആശയ പ്രകാശനത്തിൽ അർത്ഥഗ്രാഹകൻ അല്ലെങ്കിൽ സ്വീകർത്താവ് പ്രസക്ത മായി വരുന്ന ഘടകമല്ല. അതുകൊണ്ട് പരസ്പരാശയവിനിമയം എന്ന അവസ്ഥയ്ക്കു പകരം ആശയാവതരണം എന്ന അവസ്ഥ പരിഗണിക്കു ന്നതാണ് യുക്തം. പലപ്പോഴും ആശയാവതാരകൻ തന്നെ അതിന്റെ ഫലം അനുഭവിക്കുന്ന അവസ്ഥയും സാഹചര്യാനുസരണം അല്ലെങ്കിൽ പ്രവൃത്തിയുടെ സ്വഭാവത്തിനനുസരിച്ച് ദർശിക്കാവുന്നതാണ്. വ്യക്ത മായി പറഞ്ഞാൽ പ്രവൃത്തിയുടെ സ്വഭാവം ശരീരഭാഷയുടെ സ്വഭാവം നിർണ്ണയിക്കുന്നു.

ഒരാൾ വസ്ത്രങ്ങൾ അഴിക്കുന്നു. പുതിയത് ധരിക്കുന്നു. ബാത്തു റൂമിൽ കയറുന്നു. തേച്ചുകുളിക്കുന്നു. ഈ പ്രവൃത്തികൾ പൊതുവെ മറ്റുള്ളവർക്കു മുന്നിൽ കാണിക്കുവാനുള്ളതല്ല. അതുകൊണ്ടുതന്നെ അർത്ഥം ഗ്രഹിക്കുന്ന/ സ്വീകരിക്കുന്ന വ്യക്തിയെക്കുറിച്ച് ചിന്തിക്കേണ്ട കാര്യമില്ല. ബോധപൂർവ്വമായ ഈ പ്രവൃത്തിയും അതിന്റെ ഫലവും അവതാരകൻ അറിയുകയും ഫലം അനുഭവിക്കുകയും ചെയ്യുന്നുണ്ട്. ഒരാൾ ഉറങ്ങുന്നു. ഉറങ്ങുന്ന പ്രവൃത്തി നടക്കുമ്പോൾത്തന്നെ ഫലം ഉറ ങ്ങുന്ന വ്യക്തി അനുഭവിക്കുന്നുണ്ട്. ഉണർന്നു കഴിയുമ്പോൾ ഉറക്ക ത്തിൽനിന്നും ആർജ്ജിച്ചെടുത്ത ശാന്തതയും ശക്തിയും ഇനിയുള്ള പ്രവർത്തനങ്ങൾക്ക് കാരണഭൂതമാകുന്നു. യഥാർത്ഥത്തിൽ ഇവിടെ യെല്ലാം പ്രവൃത്തിക്കനുസരിച്ച് അതിന്റെ പ്രത്യുൽപ്പന്നമായ ശരീരം ഭാഷ സൃഷ്ടിക്കുകയോ അവതരിപ്പിക്കുകയോ ആണ് ചെയ്യുന്നത്.

ഒരു വിവാഹം. ഇവിടെ മുൻനിശ്ചയപ്രകാരം ചടങ്ങുകൾ നട ക്കുകയാണ്. ചടങ്ങിനുള്ളിൽ നിന്നുകൊണ്ടാണ് ആശയപ്രകടനങ്ങൾ നടക്കുന്നത്. വധൂവരന്മാരെക്കൊണ്ട് കാർമികൻ മുൻനിശ്ചയപ്രകാരമുള്ള ക്രിയകൾ ചെയ്യിക്കുന്നു. ഈ ക്രിയ കാണുന്നവരും അതിൽ ഭാഗഭാക്കാ കുന്നവരും വിവാഹമെന്ന ചടങ്ങിന്റെ ഭാഗമായി പ്രവർത്തിക്കുന്നവരാ ണ്. ഇവിടെ വധൂവരന്മാരുടെ വസ്ത്രധാരണം, അണിഞ്ഞൊരുങ്ങൽ തുടങ്ങിയവയും ഭാവപ്രകടനങ്ങളും സാഹചര്യാനുസരണമുള്ള പെരു മാറ്റങ്ങളും അർത്ഥസൃഷ്ടിയുടെ ഭാഗമാണ്. ഇതിന്റെ ഭാഗമായി കാർമി കന്റെ വസ്ത്രധാരണവും പെരുമാറ്റവുമെല്ലാം സാഹചര്യാനുസരണം സംഭ വിക്കുന്നുമുണ്ട്. അതിൽ പങ്കെടുക്കുന്നവരുടെ സാന്നിദ്ധ്യവും അവരുടെ പ്രവർത്തനങ്ങളും ചടങ്ങിന്റെ ഭാഗമായിത്തീരുന്നു. ഈ ചടങ്ങ് മുൻനി ശ്ചയപ്രകാരം നടക്കുമ്പോൾ തന്നെ അതിനുള്ളിൽ നിന്നുകൊണ്ട് ഓരോ രുത്തരും അവരുടെതായ ശരീരഭാഷ മറ്റുള്ളവർക്കുമുന്നിൽ പ്രകടിപ്പിക്കു ന്നു. ചടങ്ങിനെത്തിയവർ തമ്മിൽ പല അനുപാതത്തിലുള്ള ആശയവി

നിമയങ്ങൾ നടത്തുന്നു. ഇവിടെ പ്രവൃത്തിയുടെ ഭാഗമായ ശരീരഭാഷയും ആശയവിനിമയത്തിനായുള്ള സ്വാഭാവിക ശരീരഭാഷയും ഏകകാലികമായി സംഭവിക്കുന്നു.

വിജനമായ സ്ഥലത്തുകൂടി ബൈക്കിൽ പോകുന്ന ഒരു വ്യക്തി. ബൈക്ക് റോഡിൽക്കിടന്ന ഉരുളൻ കല്ലിൽ കയറുകയും മറിയുകയും ചെയ്യുന്നു. യാത്രക്കാരൻ റോഡിൽ വീണു മരിക്കുന്നു. ഇവിടെ സംഭവം നടന്നുകഴിഞ്ഞു. പൂർണ്ണമായ അർത്ഥത്തോടും സാഹചര്യത്തോടും കൂടിയാണ് സംഭവങ്ങൾ എല്ലാം നടന്നത്. സംഭവത്തിൽ ഉൾപ്പെട്ട വ്യക്തി മരണത്തിലൂടെ അതിന്റെ ഫലം അനുഭവിക്കുന്നു. എന്നാൽ ഇതര വ്യക്തികൾക്ക് ആ സംഭവത്തിനു കാരണമായ സാഹചര്യം അഥവാ അർത്ഥം അവ്യക്തമാണ്. എന്തുതന്നെ ആയാലും പ്രവൃത്തി സംഭവിച്ചതോടെ അല്ലെങ്കിൽ സംഭവം നടന്നതോടെ അതൊരു യാഥാർത്ഥ്യമായി നിലനിൽക്കുന്നു. അപകടത്തെപ്പറ്റിയും മരണത്തെപ്പറ്റിയും ആരെങ്കിലും അന്വേഷിക്കുകയും അറിയുകയും ചെയ്താൽ അത് ശരീരഭാഷാ സംബന്ധമായ ഭൂതകാല കല്പനയുടെ ഭാഗമായിത്തീരുന്നു. മരിച്ച വ്യക്തിയെ പരിശോധിക്കുകയും മറവുചെയ്യുകയും മറ്റും ചെയ്യുന്ന പ്രവൃത്തികൾ നടന്നാൽ അത് മുമ്പുനടന്ന സംഭവത്തിന്റെ അഥവാ പ്രവൃത്തിയുടെ തുടർസംഭവം അഥവാ തുടർപ്രവൃത്തിയായിത്തീരുകയാണ്.

സാഹചര്യങ്ങൾ അഥവാ അവസ്ഥകൾ സൃഷ്ടിക്കുന്നതിൽ ശരീരത്തിനുള്ള സ്വാധീനം എപ്പോഴും നേരിട്ടായിരിക്കണമെന്നില്ല. ബുദ്ധിയിലൂടെയും യുക്തിയിലൂടെയുമാകാം സാഹചര്യങ്ങൾ സൃഷ്ടിക്കുന്നത്. യാദൃച്ഛികമായി പലതും സംഭവിക്കുമ്പോൾ മനുഷ്യരുടെ മുൻനിശ്ചയങ്ങളും നിഗമനങ്ങളും മാറിമറിയുന്നു. യാദൃച്ഛികമായ സംഭവത്തിന്റെ തുടർച്ചയായിട്ടായിരിക്കും പിന്നീടുള്ള പ്രവർത്തനങ്ങൾ നടക്കുന്നത്. യാദൃച്ഛികമായി ഒരു സംഭവം /ക്രിയ നടക്കണമെങ്കിൽ അതിന് ആധാരമായ ഒരവസ്ഥ മുമ്പുണ്ടായിരിക്കണം. യഥാർത്ഥത്തിൽ അർത്ഥസൃഷ്ടി അർത്ഥവിനിമയം അർത്ഥഗ്രഹണം തുടങ്ങിയവയെല്ലാം സാഹചര്യാനുസരണംകൂടി സംഭവിക്കുന്നതാണ്. പ്രവൃത്തികളിൽ അല്ലെങ്കിൽ ക്രിയകളിൽ ശരീരം ബോധപൂർവ്വവും അല്ലാതെയും യാദൃച്ഛികമായും സ്വാഭാവികമായുമെല്ലാം ഭാഗഭാക്കാകുന്നു എന്ന് നിരീക്ഷിക്കുന്നതാണ് യുക്തം.

അവതാരകനും അർത്ഥഗ്രാഹകനും ബോധപൂർവ്വമായി ബന്ധപ്പെടാത്തതോ അർത്ഥഗ്രാഹകൻ ഇല്ലാത്തതോ ആയ ശരീരഭാഷാവതരണത്തിന്റെ മേഖലകൾ ഏറെയാണ്. ഇവയെ ശരീരഭാഷയുടെ സവിശേഷമായ മേഖലകളായി പരിഗണിക്കുന്നതാണു യുക്തം. ഇത്തരം ശരീരഭാഷകളാണ് ഓരോ മനുഷ്യനും ഏറെ ഉപയോഗിക്കുന്നതും ജീവിതകർമ്മത്തിന്റെ ശക്തമായ ഭാഗമായിരിക്കുന്നതും. ശരീരഭാഷയെപറ്റിയുള്ള പഠനത്തിൽ ഇവയ്ക്ക് സവിശേഷ സ്ഥാനമാണുള്ളത്.

## ശരീരബാഹ്യമായ ഘടകങ്ങളുടെ സാന്നിദ്ധ്യം

പ്രവൃത്തികളുടെ ഭാഗമായി ശരീരം അർത്ഥം സൃഷ്ടിക്കുന്ന അവസരത്തിൽ ശരീരബാഹ്യമായ ഏറെ ഘടകങ്ങളുടെ സാന്നിദ്ധ്യം ശ്രദ്ധേയമായ രീതിയിൽത്തന്നെയുണ്ട്. ശരീരബാഹ്യമായ ഘടകങ്ങളുടെ ശക്തമായ സാന്നിദ്ധ്യത്തിൽനിന്നുമാണ് ഒരു നിയതമായ ക്രിയ അഥവാ സംഭവം രൂപപ്പെടുന്നതുതന്നെ. മുമ്പ് സൂചിപ്പിച്ച ബൈക്ക്‌യാത്രതന്നെ ഉദാഹരണമായെടുക്കാം. ബൈക്ക് ഒരു പ്രധാന ഘടകമാണ്. അതുപോകുന്ന റോഡ് ഇനിയൊരു പ്രധാന ഘടകമാണ്. അപകടകാരണമായ ഉരുളൻകല്ലും പ്രധാന ഘടകം തന്നെയാണ്. ഇവയെല്ലാം മൂർത്തരൂപമുള്ള സാന്നിദ്ധ്യങ്ങളാണ്. വിജനമായ സ്ഥലം, അന്തരീക്ഷമാണ് വ്യക്തമാക്കുന്നത്. സമയം, യാത്ര തുടങ്ങിയവയും ശ്രദ്ധേയമായ സാന്നിദ്ധ്യങ്ങളാണ്. റോഡിലേയ്ക്കുള്ള വീഴ്ചയും പ്രാണൻ പോകുന്ന അവസ്ഥയും തൽഫലമായി സംഭവിക്കുന്ന മരണവും പ്രവർത്തനത്തിന്റെ ഭാഗമാണ്. യഥാർത്ഥത്തിലിവിടെ ശരീരം പല അവസ്ഥകളോട് പല അനുപാതത്തിൽ ബന്ധപ്പെടുന്നുണ്ട്. ഈ ബന്ധമാണ് ക്രിയയുടെ അല്ലെങ്കിൽ പ്രവൃത്തിയുടെ സ്വഭാവം നിർണ്ണയിക്കുന്നത്. ക്രിയയുടെ അഥവാ പ്രവർത്തനത്തിന്റെ സ്വഭാവത്തിനനുസരിച്ചാണ് ശരീരം ഭാഷ സൃഷ്ടിക്കുന്നത്. ഇനിയൊരു രീതിയിൽ വ്യക്തമാക്കിയാൽ സാഹചര്യാനുസരണം ശരീരം ബന്ധപ്പെടുകയും സൃഷ്ടിക്കുകയും ചെയ്ത അവസ്ഥയാണ് ക്രിയ അഥവാ പ്രവർത്തനം നിയതരൂപത്തിൽ നിർണ്ണയവിധേയമാക്കുന്നത്. ഇവിടെ അർത്ഥോൽപാദനം ശരീരത്തിന്റെ സാന്നിദ്ധ്യഫലമായാണ് സംഭവിക്കുന്നത്. ശരീരബാഹ്യമായ ഘടകങ്ങൾ അർത്ഥോൽപാദനത്തിനായി ശരീരത്തോടൊപ്പം സാഹചര്യാനുസരണം സംഭവിക്കുന്നു എന്നുമാത്രം. സംഭവത്തിൽനിന്ന്/ ക്രിയയിൽ നിന്ന് ശരീരം മാറിനിന്നാൽ അത് ഇല്ലാതാകുന്നു. (പ്രവൃത്തി ഇല്ലാതാകുന്നു). പ്രവൃത്തികളുടെ ഭാഗമായി ശരീരം സാഹചര്യാനുസരണം സൃഷ്ടിക്കുന്ന അർത്ഥത്തെപ്പറ്റി ചിന്തിക്കുമ്പോൾ ശരീരബാഹ്യമായ വസ്തുക്കളുടെയും അവസ്ഥകളുടെയും സാന്നിദ്ധ്യം കൂടി പരിഗണിക്കേണ്ടതുണ്ട്. കാരണം ഇവയുടെയെല്ലാം സവിശേഷമായ യോഗമാണ് ഭാഷ സൃഷ്ടിക്കുന്നത്.

പ്രവൃത്തികളുടെ ഭാഗമായി ശരീരം സാഹചര്യാനുസരണം സൃഷ്ടിക്കുന്ന അർത്ഥങ്ങളെപറ്റി ചിന്തിക്കുമ്പോൾ ശരീരബാഹ്യമായ വസ്തുക്കളുടെയും അവസ്ഥകളുടെയും സാന്നിദ്ധ്യംകൂടി പരിഗണിക്കേണ്ടതുണ്ട്. കാരണം ഇവയുടെയെല്ലാം സവിശേഷമായ യോഗമാണ് ഭാഷ സൃഷ്ടിക്കുന്നത്.

# 6

# അടിസ്ഥാനശരീരഭാഷയും അവയവസാന്നിദ്ധ്യവും

എല്ലാ മനുഷ്യരും പൊതുവായി ഉപയോഗിക്കുന്ന ശരീരസാന്നിദ്ധ്യമുള്ള പ്രവൃത്തികളെയാണ് അടിസ്ഥാന ശരീരഭാഷയെന്നു പറയുന്നത്. കരയുക, ചിരിക്കുക, അലറുക തുടങ്ങിയവ സാഹചര്യാനുസരണം നടത്തുന്ന പ്രവൃത്തികളാണ്. ഇവയെ ജന്മസിദ്ധമായ കഴിവുകളെ ആധാരമാക്കിയുള്ള പ്രവൃത്തികൾ എന്നാണ് പറയുന്നത്. വാഹനം ഓടിക്കുക, വസ്ത്രം ധരിക്കുക, തലമുടി ചീകുക, നീന്തുക എന്നിവ പരിശീലനംകൊണ്ടു നേടിയ വൃത്തികളാണ്. ജന്മസിദ്ധമായ വൃത്തികളെ ജൈവികവൃത്തികൾ എന്നും അഭ്യസനംകൊണ്ട് ആർജ്ജിച്ചെടുക്കുന്നവയെ അഭ്യസ്തവൃത്തികൾ എന്നുമാണ് പറയുന്നത്. ഭാഷണം പോലുള്ള ചിട്ടപ്പെടുത്തിയ ഭാഷകൾ അഭ്യസ്തവൃത്തിയുടെ ഭാഗമാണല്ലൊ. ആശയവിനിമയത്തിനായി ബോധപൂർവ്വം ശരീരംകൊണ്ട് ആശയം സൃഷ്ടിച്ച് വിനിമയം ചെയ്യുന്നത് അഭ്യസ്തവൃത്തിയുടെ ഭാഗമാണ്. വൃത്തിയെന്നാൽ ശാരീരികമോ മാനസികമോ, ബോധപൂർവ്വമോ അബോധപൂർവ്വമോ ആയിട്ടുള്ള എല്ലാ പ്രതികരണങ്ങളേയും സൂചിപ്പിക്കുന്ന പദമാണ്.

ശരീരഭാഷ പ്രദർശിപ്പിക്കുന്നത് അഥവാ പ്രകടിപ്പിക്കുന്നത് ശരീരത്തിലെ വിവിധ അവയവങ്ങളുടെ സഹായത്തോടെയാണ്. അവയവങ്ങൾ എന്നു പറഞ്ഞാൽ ശരീരത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവയാണല്ലൊ. ശരീരഭാഷ സൃഷ്ടിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഈ അവയവങ്ങളെ ഉപകരണങ്ങൾ എന്നും (Tools) പറയാറുണ്ട്. ശരീരത്തിലുള്ള അവയവങ്ങൾ അഥവാ ഉപകരണങ്ങളും ശരീരബാഹ്യമായ വസ്തുക്കൾ അഥവാ ഉപകരണങ്ങളും സമ്മേളിപ്പിച്ചാണ് പല ശരീരഭാഷകൾ അവതരിപ്പിക്കുന്നത്. വസ്ത്രം, ആഭരണങ്ങൾ, ശരീരത്തിൽ ചാർത്തുന്ന അലങ്കാരവസ്തുക്കൾ തുടങ്ങിയവയെല്ലാം ശരീരഭാഷ സൃഷ്ടിക്കുന്ന ശരീരബാഹ്യമായ ഉപകരണങ്ങളാണ്. കണ്ണ്, മൂക്ക്, ചുണ്ട്, കൈകൾ, അരക്കെട്ട് തുടങ്ങിയവയെല്ലാം ശരീ

രഭാഷ സൃഷ്ടിക്കുന്ന ശരീരത്തിലെ ഉപകരണങ്ങളാണ്. ശരീരത്തിന്റെ പ്രവർത്തനങ്ങൾ ഒരു രീതിയിൽ നടക്കുമ്പോൾ ഇനിയൊരു രീതിയിലാണ് ശരീരഭാഷയുടെ പ്രവർത്തനങ്ങൾ നടക്കുന്നത്. അവതാരകർ അവരുടെ ബുദ്ധിക്കും പരിചയത്തിനും അനുസരിച്ച് ശരീരഭാഷ പ്രദർശിക്കുമ്പോൾ അല്ലെങ്കിൽ അവതരിപ്പിക്കുമ്പോൾ അർത്ഥഗ്രാഹകർ അവരുടെ ബുദ്ധിക്കും പരിചയത്തിനുമനുസരിച്ചാണ് അർത്ഥം മനസിലാക്കിയെടുക്കുന്നത്, അല്ലെങ്കിൽ ഗ്രഹിച്ചെടുക്കുന്നത്. ഇവിടെയാണ് ശരീരഭാഷാസംബന്ധമായ അറിവ് പ്രസക്തമായിത്തീരുന്നത്.

## ശരീരഭാഷാസിദ്ധി

വാമൊഴിയും വരമൊഴിയും ചിത്രലിപിയുമെല്ലാം ഉപയോഗിച്ചിരുന്നതിനുമുമ്പ്, അല്ലെങ്കിൽ ശീലിച്ചെടുക്കുന്നതിനു മുമ്പ് ശരീരഭാഷ ആശയവിനിമയത്തിനായി ഉപയോഗിച്ചിരുന്നു. ഈ ഉപയോഗത്തിൽ അഭ്യസ്തവൃത്തിയുടെ തോത് മാത്രമാണ് നിർണ്ണയ വിധേയമാക്കുവാൻ കഴിയാത്തത്. മനുഷ്യൻ സ്വയം അറിഞ്ഞുതുടങ്ങിയപ്പോൾ , മറ്റുള്ളവരെ അംഗീകരിച്ചുതുടങ്ങിയപ്പോൾ , അറിവ് ആർജിച്ചുതുടങ്ങിയപ്പോൾ സ്വാഭാവികമായി ശരീരഭാഷയും ശീലിച്ചുതുടങ്ങിയിരിക്കണം. അനുദിനമെന്നതുപോലെ പുരോഗതിയിലേയ്ക്ക് വളർന്നുകൊണ്ടിരുന്നപ്പോൾ ശരീരഭാഷാസംബന്ധമായ പുതിയ പാഠങ്ങളും സ്വായത്തമാക്കിക്കൊണ്ടിരുന്നു. സാഹചര്യങ്ങൾ മനസ്സിലാക്കുവാനും സാഹചര്യത്തിനനുസരിച്ച് ജീവിക്കുവാനും സാഹചര്യാനുസരണം ആശയവിനിമയം നടത്തുവാനും മനുഷ്യന് ജന്മസിദ്ധമായിത്തന്നെ അപരിമേയമായ കഴിവാണുള്ളത്. ഈ കഴിവിന്റെ പശ്ചാത്തലത്തിൽ മറ്റുള്ളവരെ നിരീക്ഷിച്ചും പഠിച്ചും സ്വയം നിർണ്ണയിച്ചും ഭാഷയുടെ അവതരണം നിർവ്വഹിക്കുന്നു.

കൊച്ചുകുട്ടികൾ സ്പർശനത്തിലൂടെയും ശബ്ദത്തിലൂടെയും മാതാവിനെ തിരിച്ചറിയുന്നത് ജന്മസിദ്ധമായി ലഭിച്ച ആശയഗ്രഹണസിദ്ധികൊണ്ടാണ്. ഒന്നര, രണ്ട് വയസാകുമ്പോഴേയ്ക്കും കുട്ടികൾ മാതൃഭാഷ (സംഭാഷണഭാഷ) ശീലിച്ച് ഉപയോഗിക്കുന്നതിന് ആസ്പദം ആശയവിനിമയം നടത്തുവാനുള്ള ജന്മസിദ്ധമായ ത്വരയാണ്. മനോഹരമായ വസ്ത്രങ്ങൾ ധരിക്കുന്നതും സമൂഹത്തിനു മുന്നിൽ മാന്യമായും ചിട്ടയോടും പെരുമാറുന്നതും സവിശേഷമായ ശരീരഭാഷാപ്രകടന സിദ്ധിയുടെ ഭാഗമാണ്. മനോഹരമായ അഭിനയപ്രകടനങ്ങളും കലകളുടെ അവതരണവും സാധിക്കുന്നത് ശരീരഭാഷാസിദ്ധിയെ പ്രയോജനപ്പെടുത്തിയാണ്.

ബോധപൂർവ്വമായി ഓരോ ക്രിയകൾ ചിട്ടയോടെ ചെയ്യുമ്പോഴും പ്രവൃത്തികളുമായി സാഹചര്യാനുസരണം ബന്ധപ്പെടുമ്പോഴും സ്വാധീനമായി നിൽക്കുന്നത് ശരീരംകൊണ്ട് ഭാഷകൾ അവതരിപ്പിക്കുവാ

നുള്ള സിദ്ധിതന്നെയാണ്. വ്യായാമം ചെയ്യുകയും ശരീരത്തെ അണിയിച്ചൊരുക്കി ചിട്ടപ്പെടുത്തുകയുമെല്ലാം ചെയ്യുന്ന മനുഷ്യർ ശരീരത്തിന്റെ ഭാഷയെ ക്രമീകരിക്കുകയാണു ചെയ്യുന്നത്.

**ശരീരത്തിന്റെ ഭാഷാക്രമീകരണവും – ശരീരം സൃഷ്ടിക്കുന്ന ഭാഷയും**

ശരീരത്തിന്റെ സ്വാധീനത്തിൽ നിന്നുമാണല്ലൊ ശരീരഭാഷകൾ സൃഷ്ടിക്കുന്നത്. ശരീരത്തിന്റെ പ്രവൃത്തിക്ക് ശാരീരികമായ പ്രവൃത്തിയും ബൗദ്ധികമായ പ്രവൃത്തിയുമാണുള്ളത്. ചില പഠിതാക്കൾ ലൈംഗികവികാരത്തിൽ അധിഷ്ഠിതമായ പ്രവൃത്തി എന്നുകൂടി ശരീരത്തിന്റെ പ്രവൃത്തിയെ നിർണ്ണയിക്കുന്നു. മനുഷ്യന്റെ എല്ലാ പ്രവൃത്തികൾക്കും ആധാരം ശരീരമാണ്. യഥാർത്ഥത്തിൽ ഈ പ്രവൃത്തികളിലൂടെയും അല്ലെങ്കിൽ ഈ പ്രവൃത്തികൾക്കായി സാഹചര്യാനുസരണം ശരീരത്തെ വിനിയോഗിക്കുകയാണ് ചെയ്യുന്നത്. ചെയ്യുന്ന പ്രവൃത്തിയുടെ സ്വഭാവത്തിനനുസരിച്ച് ശരീരത്തിന്റെ ഭാഷയ്ക്ക് രൂപാന്തരം സംഭവിക്കുന്നു. ഒരു കരാട്ടാക്കാരന്റെ ശരീരം, ഒരു കളരി അഭ്യാസിയുടെ ശരീരം, ഒരു വെയിറ്റ് ലിഫ്റ്ററുടെ ശരീരം, ഒരു നർത്തകിയുടെ ശരീരം ഒരു സൗന്ദര്യപ്രദർശകയുടെ ശരീരം തുടങ്ങിയവ സാഹചര്യാനുസരണം സവിശേഷമായ പ്രവൃത്തികൾകൊണ്ട് സൃഷ്ടിക്കുന്നതാണ്. ഈ പ്രവൃത്തിയെ സ്വാധീനിക്കുവാൻ പാകത്തിന് അവരുടെ ചിന്തകൾ, ഭാവനകൾ, തുടങ്ങിയവ പ്രവർത്തിക്കുന്നുമുണ്ട്. ഇവിടെ ശരീരത്തിന്റെ നൈസർഗ്ഗികമായ ഭാഷയെ ശരീരത്തിന്റെ പ്രവൃത്തികൊണ്ട് രൂപാന്തരപ്പെടുത്തുകയോ ചിട്ടപ്പെടുത്തുകയോ ആണ് ചെയ്യുന്നത്. യഥാർത്ഥത്തിൽ ഈ ചിട്ടയോടെയുള്ള പ്രവർത്തനത്തിനും അധ്വാനത്തിനും ആസ്പദമായ ഘടകം ജന്മസിദ്ധമായ ശരീരഭാഷാസിദ്ധിയാണ്. ജന്മസിദ്ധമായ ശരീരഭാഷാസിദ്ധിയെ കർമ്മസിദ്ധമായി വളർത്തിയെടുക്കുന്ന മനുഷ്യർ സമൂഹത്തിനുമേൽ തന്റെ ഭാഷാസിദ്ധി പ്രകടിപ്പിക്കുകയാണു ചെയ്യുന്നത്.

സവിശേഷമായ ഒരു നിരീക്ഷണം അല്ലെങ്കിൽ കണ്ടെത്തൽ നടത്തുന്നതിന് ആധാരം ബൗദ്ധികസാന്നിദ്ധ്യമുള്ള പ്രവർത്തനങ്ങളാണ്. ഉദാഹരണമായി ഒരു ഇലക്ട്രോണിക്സ് ഉപകരണം കണ്ടെത്തുന്നു. കണ്ടെത്തലിന്റെ മൂർത്തരൂപമാണ് ഇലക്ട്രോണിക്സ് ഉപകരണം. ബൗദ്ധികസാന്നിദ്ധ്യമുള്ള പ്രവർത്തനത്തിന്റെ പ്രത്യുൽപന്നമാണ് ഈ ഇലക്ട്രോണിക്സ് ഉപകരണമെന്നു പറയാം. മനുഷ്യൻ കല്പിച്ചെടുത്തതോ സൃഷ്ടിച്ചെടുത്തതോ ആയ എല്ലാ വസ്തുക്കളിലും അവന്റെ ബുദ്ധിയുടെ സാന്നിദ്ധ്യം ഒരു രീതിയിലല്ലെങ്കിൽ ഇനിയൊരു രീതിയിൽ എത്തിയിട്ടുണ്ട്. നിയതരൂപമുള്ള ഉപകരണങ്ങളിൽ ,വസ്തുക്കളിൽ, പ്രവർത്തനശേഷിയുള്ള ഇലക്ട്രോണിക്സ് മാധ്യമ വസ്തുക്ക

ളിലെല്ലാം ക്രമീകരണത്തിന്റേതായ ഒരു തലമുണ്ട്. ഇവയുടെയെല്ലാം രൂപീകരണത്തിൽ മനുഷ്യന്റെ സവിശേഷമായ നിർമ്മാണകുശലത ദർശിക്കാവുന്നതാണ്. യഥാർത്ഥത്തിൽ ഈ നിർമ്മാണകുശലത സവിശേഷമായ ഭാഷാസിദ്ധിയുടെ ഭാഗമാണ്.

ഓരോ മനുഷ്യന്റെ ഉള്ളിലും ഓരോ സമയത്ത് ഉത്ഭൂതമാകുന്ന കാമവികാരം ഓരോ രീതിയിലാണ്. സാഹചര്യാനുസരണം ഓരോരുത്തരോടുമുള്ള താൽപര്യവും ജനിക്കുന്നു. ഇതിന്റെ ബാഹ്യപ്രകടനമായി രതി അനുഷ്ഠിക്കുന്നതിനും രീതികളുണ്ട്. വത്സ്യായൻ അതിന്റെ ചില ശരീരിക സമ്പ്രദായത്തെപറ്റി കാമസൂത്രത്തിൽ വ്യക്തമാക്കുന്നുമുണ്ട്. യഥാർത്ഥത്തിൽ ഇതിനെല്ലാം ആസ്പദം മനുഷ്യന്റെ സവിശേഷമായ ശരീരഭാഷാകല്പനസിദ്ധിയും ശരീരഭാഷാവിനിമയ സിദ്ധിയുമെല്ലാമാണ്.

## വിനിമയസിദ്ധിയും അർത്ഥഗ്രഹണസിദ്ധിയും

ശരീരഭാഷ കല്പിച്ച് അവതരിപ്പിക്കുന്നതുപോലെതന്നെ മറ്റുള്ളവർ പ്രദർശിപ്പിക്കുന്നതോ അവതരിപ്പിക്കുന്നതോ ആയ ശരീരഭാഷ സാഹചര്യാനുസരണം ഗ്രഹിക്കുവാനുള്ള കഴിവും മനുഷ്യർക്കുണ്ട്. സാഹചര്യാനുസരണം യുക്തമായ രീതിയിൽ ശരീരഭാഷ പ്രദർശിപ്പിക്കുവാനുള്ള അഥവാ അവതരിപ്പിക്കുവാനുള്ള കഴിവിനെ ശരീരഭാഷാ പ്രദർശനസിദ്ധി അഥവാ ശരീരഭാഷാവതരണസിദ്ധിയെന്നാണ് പറയുന്നത്. ശരീരഭാഷ അവതരിപ്പിക്കുന്നതുപോലെ തന്നെ പ്രധാനമാണ് നിയതമായ അർത്ഥവ്യാപ്തി അർത്ഥഗ്രാഹകനിലേയ്ക്ക് വിനിമയം ചെയ്യുന്നത്. ഇതിനായി അർത്ഥഗ്രാഹകനെ ആകർഷിക്കുകയും വിനിമയം ചെയ്യുന്ന ശരീരഭാഷ ഗ്രഹിക്കുവാൻ പ്രാപ്തമാക്കുകയും ചെയ്യണം. ശരീരഭാഷ ഉദ്ദേശിച്ച അർത്ഥവ്യാപ്തിയോടെ വിനിമയം ചെയ്യുവാനുള്ള കഴിവിനെയാണ് ശരീരഭാഷാവിനിമയസിദ്ധിയെന്നു പറയുന്നത്. ശരീരഭാഷാ അവതരണസിദ്ധിയും വിനിമയസിദ്ധിയും അവതരണപക്ഷവുമായി ബന്ധപ്പെട്ട സിദ്ധികളാണ്. എന്നാൽ അർത്ഥഗ്രഹണസിദ്ധി ശരീരഭാഷയുടെ അർത്ഥഗ്രഹണവുമായി ബന്ധപ്പെട്ട സിദ്ധിയാണ്. സാഹചര്യാനുസരണം നിയതമായ അർത്ഥവ്യാപ്തിയോടെ ശരീരഭാഷ ഗ്രഹിക്കുവാനുള്ള കഴിവാണ് ശരീരഭാഷാർത്ഥഗ്രഹണസിദ്ധിക്ക് ആസ്പദം. ശരീരഭാഷ അവതരിപ്പിക്കുന്ന വ്യക്തിയെ സാഹചര്യാനുസരണം നിരീക്ഷിച്ച് ശരീരത്തിന്റെ ഭാഷയേയും ശരീരം സൃഷ്ടിക്കുന്ന ഭാഷയേയും സവിശേഷമായ വിശകലനത്തിന് വിധേയമാക്കി വേണം ശരീരഭാഷയുടെ അർത്ഥഗ്രഹണം സാധിക്കുവാൻ. മനുഷ്യനെയും അവന്റെ സ്വഭാവത്തെയും പ്രവൃത്തികളെയും പറ്റിയുള്ള നിയതമായ പഠനം ശരീരഭാഷയുടെ അർത്ഥഗ്രഹണത്തെ സഹായിക്കുന്ന

ഒരു ഘടകമാണ്. ശരീരഭാഷയെപറ്റിതന്നെയുള്ള അറിവിന്റെ വ്യാപ്തിയാണ് അർത്ഥഗ്രഹത്തെ സഹായിക്കുന്ന മറ്റൊരു പ്രധാന ഘടകം.

## ശരീരഭാഷ സൃഷ്ടിക്കുന്ന അവയവങ്ങൾ

ശരീരഭാഷ സൃഷ്ടിക്കുവാൻ ശരീരത്തിലെ മുഴുവൻ അവയവങ്ങളുടെ സാന്നിദ്ധ്യവും ഒരു രീതിയിലല്ലെങ്കിൽ ഇനിയൊരു രീതിയിലുണ്ട്. ശരീരഭാഷയുടെ അർത്ഥഗ്രാഹകൻ കാണുന്നത് ശരീരത്തിലെ ബാഹ്യമായ അവയവങ്ങളുടെയും അവസ്ഥകളുടെയും സാന്നിദ്ധ്യമാണ്. ശരീരഭാഷ സൃഷ്ടിക്കുവാൻ ശരീരത്തിലെ അവയവങ്ങൾക്കൊപ്പം ഇനിയൊരനുപാതത്തിൽ ധരിക്കുന്ന വസ്ത്രങ്ങൾക്കും അണിയുന്ന ആഭരണങ്ങൾക്കും ഇതരവസ്തുക്കൾക്കുമെല്ലാം അതാതിന്റേതായ സ്ഥാനമാണുള്ളത്. ഈ പശ്ചാത്തലത്തിലാണ് ശരീരത്തിലെ അവയവങ്ങളെയും ശരീരബാഹ്യമായവയെയുമെല്ലാം ചേർത്ത് ശരീരഭാഷ സൃഷ്ടിക്കുന്ന ഉപകരണങ്ങൾ എന്നു പറയുന്നത്. ശരീരഭാഷ അവതരിപ്പിക്കുന്ന അവസരത്തിൽ ശരീരത്തിലെ ഓരോരോ അവയവങ്ങൾ സാഹചര്യാനുസരണം ഇതര ഘടകങ്ങളുമായി ചേർന്നാണ് പ്രവർത്തിക്കുന്നത്.

നിയതമായ ശരീരഭാഷ അവതരിപ്പിക്കാൻ ശരീരത്തിലെ ഓരോ അവയവത്തിനും അതാതിന്റേതായ സ്ഥാനവും പ്രസക്തിയുമാണല്ലോ ഉള്ളത്. കൈകൾകൊണ്ടു നടത്തുന്ന ചലനം, കാലുകൾകൊണ്ടു നടത്തുന്ന ചലനം, അരക്കെട്ടുകൊണ്ടു നടത്തുന്ന ചലനം, കണ്ണുകൾകൊണ്ടു നടത്തുന്ന ചലനം, ചുണ്ടുകൾകൊണ്ടു നടത്തുന്ന ചലനം എന്നെല്ലാം ഓരോ അവയവത്തിനും ചലനങ്ങൾ നിർണ്ണയിച്ച് അർത്ഥോൽപാദനം നടത്താവുന്നതാണ്. കൈകൾ കൊണ്ടു വരുകയാണ്, പോകുകയാണ് എന്നെല്ലാം ആംഗ്യം കാണിച്ച് ആശയവിനിമയം നടത്തുവാൻ കഴിയുന്നു. നൃത്തമാടുമ്പോൾ കൈമുദ്രകളിലൂടെ സവിശേഷമായ ആശയപ്രകാശനം നിർവ്വഹിക്കുന്നു. കാലുകൾകൊണ്ടാണ് ഓടുന്നതും, ഫുഡ്ബോൾ കളിക്കുന്നതും നൃത്തമാടുന്നതുമെല്ലാം. ഇവിടെയെല്ലാം കാലിന്റെ ചലനം സാഹചര്യാനുസരണം അർത്ഥോൽപാദനം നടത്തുകയാണു ചെയ്യുന്നത്. നടത്തത്തിന്റെ രീതി നിർണ്ണയിക്കുവാൻ അരക്കെട്ടിന്റെ ചലനത്തിനു കഴിയുന്നു. നൃത്തത്തിന്റെ സ്വഭാവത്തിനനുസരിച്ചാണ് അരക്കെട്ടിന്റെ ചലനത്തെ ക്രമീകരിക്കുന്നത്. യഥാർത്ഥത്തിൽ ഇവയെല്ലാം അരക്കെട്ടുമായി ബന്ധപ്പെട്ട അർത്ഥോൽപാദനത്തിന്റെ ഓരോ രീതികളാണ്. ദഹിപ്പിക്കുന്ന നോട്ടം, കടക്കണ്ണിട്ടുള്ള നോട്ടം, കാമാതുരമായ നോട്ടം, കൗതുകകരമായ നോട്ടം, ദയനീയ നോട്ടം, എന്നെല്ലാം സാഹചര്യാനുസരണം നോട്ടത്തെ വർഗ്ഗീകരിക്കുമ്പോൾ വെളിവാകുന്നത് കണ്ണിന്റെ ഭാഷയുടെ വൈവിദ്ധ്യമാണ്. ചിരിക്കുന്ന ചുണ്ട്, പിറുപിറുക്കുന്ന ചുണ്ട്, ചുംബിക്കുന്ന ചുണ്ട് എന്നെല്ലാം സാഹചര്യാനുസരണം

ചുണ്ടിന്റെ അർത്ഥോൽപാദനത്തെ നിർണ്ണയിക്കാവുന്നതാണ്.

ആശയവിനിമയത്തിനായുള്ള ശരീരത്തിലെ അവയവങ്ങളെ സ്വയം ചലന ശക്തിയുള്ള അവയവങ്ങളെന്നും ചലനശക്തിയില്ലാത്ത അവയവങ്ങളെന്നും തിരിക്കാവുന്നതാണ്. കണ്ണുകൾ, കൺപോളകൾ, ചുണ്ടുകൾ, കൈകൾ, കൈവിരലുകൾ, കാലുകൾ, കാൽവിരലുകൾ തുടങ്ങിയവ ചലനശക്തിയുള്ള അവയവങ്ങളാണ്. തലമുടി, നഖം തുടങ്ങിയവ സ്വയം ചലനശേഷിയില്ലാത്തവയാണ്. കണ്ണുനീർ സവിശേഷമായ അവസ്ഥയുമായി ബന്ധപ്പെട്ടുള്ള കണ്ണിന്റെ ഉൽപന്നമാണ്. സന്തോഷം വരുമ്പോളുള്ള കണ്ണുനീർ, സങ്കടം വരുമ്പോളുള്ള കണ്ണുനീർ എന്നെല്ലാം സാഹചര്യാനുസരണം നിർണ്ണയിക്കാവുന്നതാണ്. തൊലിയുടെ നിറം ശരീരത്തിന്റെ സവിശേഷമായ ഇനിയൊരവസ്ഥയാണ്.

വസ്ത്രങ്ങൾ, ആഭരണങ്ങൾ, ഇതര അലങ്കാര വസ്തുക്കൾ ഇവയുടെ ആകൃതി, ധരിക്കുന്ന രീതി, വർണ്ണം, വർണ്ണങ്ങളുടെ പല അനുപാതത്തിലുള്ള സമന്വയസ്വഭാവം തുടങ്ങിയവ ശരീരഭാഷ അവതരിപ്പിക്കുന്നതിലെ ബാഹ്യസാന്നിദ്ധ്യങ്ങളാണ്. സാഹചര്യാനുസരണമുള്ള ഭാവപ്രകടനം, അഭിനയം തുടങ്ങിയവ ശരീരഭാഷ അവതരിപ്പിക്കുന്നതിലെ ആഭ്യന്തരഘടകങ്ങളാണ്. ഇവ മനസിന്റെ സവിശേഷമായ പ്രവർത്തനങ്ങളിലൂടെയാണ് ബാഹ്യമായിത്തെളിഞ്ഞുവരുന്നത്. യഥാർത്ഥത്തിൽ ഈ അവയവങ്ങളുടെയും സാന്നിദ്ധ്യങ്ങളുടെയും പ്രവർത്തനം അവതരിപ്പിക്കുന്ന ശരീരഭാഷയുടെ സ്വഭാവത്തിനനുസരിച്ചാണ് സംഭവിക്കുന്നത്. തലമുടി ചീകി ഒതുക്കി വയ്ക്കുന്നതിന്റെയും സവിശേഷമായ രീതിയിൽ ക്രമീകരിക്കുന്നതിന്റെയും അടിസ്ഥാനത്തിൽ ശരീരത്തിന്റെ ഭാഷ സൃഷ്ടിക്കുന്നതിന് ഒരു പരിധിവരെ കഴിയുന്നു. നീട്ടിവളർത്തിയ തലമുടി സ്ത്രീകൾക്ക് അലങ്കാരമായി പരിഗണിക്കുമ്പോൾ അത് ആണുങ്ങൾക്ക് ചേരുന്നതല്ലെന്ന നിർണ്ണയമാണ് പൊതുവെ സമൂഹത്തിനുള്ളത്. യഥാർത്ഥത്തിലിവിടെ മുടിയുടെ സ്വഭാവം ലിംഗനിർണ്ണയത്തെയും ശരീരഭാഷാവതരണത്തെയുമെല്ലാം സ്വാധീനിക്കുന്ന ഘടകമായി നിൽക്കുന്നു.

## സ്ഥലസങ്കല്പവും സ്വഭാവനിർണ്ണയവും

ഒരാൾക്ക് ചുറ്റും നിർവചിക്കപ്പെട്ട വായുവിന്റെ ഒരു പ്രദേശം ഉണ്ടായിരിക്കും. ഈ പ്രദേശം സാഹചര്യാനുസരണം മാറ്റത്തിനു വിധേയമാണ്. എന്നാൽ വസ്തുവകകളുമായി ബന്ധപ്പെട്ട അവകാശസ്ഥലത്തിന്റെ അതിര് കൃത്യമായ നിർണ്ണയത്തിനു വിധേയവുമാണ്. വേലിയാൽ ചുറ്റപ്പെട്ട പുരയിടം, കൈവശമുള്ള ഭൂമി, വാഹനത്തിനുൾവശം, കിടപ്പുമുറി, പഠനമുറി തുടങ്ങിയവ ഓരോരുത്തരുടെയും അവകാശസ്ഥലത്തിൽപെടുന്നവയാണ്. അമേരിക്കയിലെ നരവംശ ശാസ്ത്രജ്ഞനായ

എഡ്‌വേർഡ് ടി. ഹാൾ (Edword T. Hall) ആണ് മനുഷ്യരുടെ 'സ്ഥലപരമായ' ആവശ്യത്തെയും പ്രവർത്തനങ്ങളെയും പറ്റി പഠിച്ചവരിൽ പ്രധാനി. 1960-കളുടെ തുടക്കത്തിൽ ഹാൾ 'ബന്ധപ്പെട്ടു നിൽക്കുന്ന (proxemies) എന്ന പദം ഉപയോഗിക്കുകയുണ്ടായി. വ്യക്തിത്വപരമായ പ്രദേശത്തിന്റെ (personal territory) വ്യാപ്തി മനുഷ്യരുടെ സ്വഭാവത്തെ സ്വാധീനിക്കുന്നതിനെ പറ്റി ഹാൾ വ്യക്തമാക്കുന്നത് ശ്രദ്ധേയമാണ്. ഈ മേഖലയിലേയ്ക്ക് ഇനിയൊരാൾ അതിക്രമിച്ചുകയറുന്നതോടെ മനുഷ്യരുടെ സ്വഭാവത്തിന് സാഹചര്യാനുസരണം മാറ്റം സംഭവിക്കുന്നത് ികമാണെന്ന് ഹാൾ വ്യക്തമാക്കുന്നു.



| | | | |
|---|---|---|---|
| ഏറ്റവും അടുത്ത മണ്ഡലം. 45 സെ.മി. വരെ. | വ്യക്തിപരമായ മണ്ഡലം. 45 സെ.മീ. മുതൽ 1.5 മീറ്റർ വരെ. | സാമൂഹിക മണ്ഡലം. 1.5 മീറ്റർ മുതൽ 3 മീറ്റർ വരെ. | പൊതു മണ്ഡലം 3 മീറ്റർ മുതൽ 5 മീറ്റർ വരെയുള്ള സ്ഥലം. |

ശാസ്ത്രീയമായ അടിത്തറ ഉറപ്പിക്കാൻ കഴിഞ്ഞ ഒന്നാണ് ഓരോരുത്തരും സാഹചര്യാനുസരണം ആവശ്യപ്പെടുന്ന വ്യക്തിപരമായ പ്രദേശത്തെപറ്റിയുള്ള നിരീക്ഷണങ്ങൾ. സാഹചര്യാനുസരണം വ്യക്തികൾ ഉപയോഗിക്കുന്ന വായുമണ്ഡലത്തെ നാലായാണ് നിർണ്ണയിച്ചിരിക്കുന്നത്. അവ ഏറ്റവും അടുത്ത മണ്ഡലം (intimate zone) വ്യക്തിപരമായ മണ്ഡലം (personal zone) സാമൂഹിക മണ്ഡലം (social zone) പൊതുമണ്ഡലം (public zone) എന്നിവയാണ്. വ്യക്തിയിൽ നിന്നും 45 സെ.മീ. വരെ അകലെയുള്ള സ്ഥലത്തെയാണ് ഏറ്റവും അടുത്ത മണ്ഡലമായി പരിഗണിക്കുന്നത്. വ്യക്തിയിൽ നിന്നകന്ന് 45 സെ.മീ. നും 1.5 മീറ്ററിനും ഇടയിലുള്ള സ്ഥലത്തെയാണ് വ്യക്തിപരമായ മണ്ഡലമെന്നു പറയുന്നത്. വ്യക്തിയിൽ നിന്ന് 1.5 മീറ്ററിനും മൂന്നു മീറ്ററിനും ഇടയ്ക്കുള്ള സ്ഥലമാണ് സാമൂഹിക മണ്ഡലം. വ്യക്തിയിൽ നിന്ന് 3 മീറ്റർ മുതൽ 5 മീറ്റർ വരെ അകന്ന സ്ഥലത്തെയാണ് പൊതുമണ്ഡലമെന്നു പറയുന്നത്. യഥാർത്ഥത്തിൽ ഈ നിർണ്ണയം ഓരോ സമൂഹത്തിലും ഓരോ രീതിയിലാണ് നടത്തിയിരിക്കുന്നത്. ഇവിടെ കൊടുത്തിരിക്കുന്നത് ഈ നിർണ്ണയത്തിന്റെ പൊതുവായ ദൈർഘ്യസ്വഭാവമാണ്. 'ബോഡിലാംഗ്വേജ്' എന്ന ഗ്രന്ഥത്തിൽ ജൂലിയസ് ഫാസ്റ്റും വ്യക്തികൾക്ക് ആവശ്യമായ സ്ഥലത്തെപറ്റി പ്രതിപാദിക്കുന്നുണ്ട്.

**ഏറ്റവും അടുത്ത മണ്ഡലം**

ഒരു മനുഷ്യനെ സംബന്ധിച്ച് സ്വകാര്യവും പ്രധാനപ്പെട്ടതുമാണ് ഈ മണ്ഡലം. വൈകാരിക ബന്ധമുള്ളവർക്കുമാത്രമെ ഈ മേഖലയിലേയ്ക്ക് ആഹ്ലാദപൂർണ്ണമായ സ്വാഗതമുള്ളൂ. പരസ്പരം ചുംബിക്കുന്നവർ ബോധപൂർവ്വമായി ഈ മണ്ഡലം പങ്കുവയ്ക്കുന്നവരാണ്. പരസ്പരം ചുംബിക്കുന്നവർ അരക്കെട്ട് വേർപെടുത്തിയാണ് വയ്ക്കുന്നതെങ്കിൽ അവർക്കിടയിലെ ബന്ധത്തെപറ്റി മനസ്സിലാക്കാൻ എളുപ്പമാണ്. പ്രണയിക്കുന്നവർ ശരീരം പരസ്പരം അമർത്തിയും അരക്കെട്ടുകൾ ചേർത്തുവച്ചുമായിരിക്കും ചുംബിക്കുന്നത്. യഥാർത്ഥത്തിലിവിടെ മനസ്സിന്റെ വികാരം ശരീരം പ്രകടിപ്പിക്കുകയാണു ചെയ്യുന്നത്.

സാമൂഹ്യമായ ചുറ്റുപാടുകളിൽ ഈ വായുമണ്ഡലസംരക്ഷണത്തിന് കഴിയാതെ വരുന്നു; അല്ലെങ്കിൽ പ്രസക്തി നഷ്ടപ്പെടുന്നു. ജനബാഹുല്യമുള്ള പൊതുസ്ഥലങ്ങൾ, ലിഫ്റ്റ്, തീവണ്ടി, ബസ്സുകൾ തുടങ്ങിയവയിൽ ഒരു വ്യക്തിയുടെ ഏറ്റവുമടുത്ത മണ്ഡലങ്ങളിൽ മറ്റുള്ളവർ അതിക്രമിച്ചു കയറുന്നത് സാധാരണവും സ്വാഭാവികവുമാണ്. തിരക്കിൽപെടുന്ന മനുഷ്യർ ക്ഷീണിതരും പരവശരുമായി കാണുന്നതിന് ആസ്പദമായ കാര്യം ഏറ്റവും അടുത്ത മണ്ഡലം നഷ്ടപ്പെടുന്നതോടെ മനസ്സിനു സംഭവിക്കുന്ന അസ്വസ്ഥതയാണ്.

## വ്യക്തിപരമായ മണ്ഡലം

ഔദ്യോഗിക വിരുന്നുകൾ, ചായ സൽക്കാരങ്ങൾ, സുഹൃദ്സംഗമങ്ങൾ തുടങ്ങിയവയിൽ ഒരാൾ മറ്റൊരാളോട് പാലിക്കുന്ന ദൂരമാണ് വ്യക്തിപരമായ മണ്ഡലത്തിന് ആസ്പദം. യഥാർത്ഥത്തിൽ ഇത്തരം പരിപാടികൾക്കെല്ലാം ഔപചാരികതയുടെ സ്വഭാവമാണുള്ളത്. പൊതുവെ ഇത്തരം ചടങ്ങുകൾക്ക് ക്ഷണിക്കുന്നത് വൈകാരിക ബന്ധം അത്രതന്നെയില്ലാത്ത സുഹൃത്തുക്കൾ, ബിസിനസ് പങ്കാളികൾ തുടങ്ങിയവരെയാണ്. അവർക്കുമുന്നിൽ നിയതമായ സ്വഭാവവും വ്യക്തിത്വവും നിലനിറുത്തുവാൻ നിശ്ചിതമായ അകലം പാലിക്കുന്നത് ഉപകരിക്കും. ഇത്തരം ചടങ്ങുകളിൽ ചിട്ടയോടെയുള്ള വസ്ത്രധാരണം, യുക്തിപൂർവ്വമായ സംഭാഷണം സംസ്കാരസമ്പന്നമായ ആംഗ്യചലങ്ങൾ തുടങ്ങിയവയാണ് ഉപയോഗിക്കുന്നത്. സവിശേഷമായ വ്യക്തിത്വം നിലനിറുത്തുവാനും ആവശ്യമെങ്കിൽ സൃഷ്ടിക്കുവാനും കഴിയുന്ന അവസ്ഥയാണ് ഇവിടെയെല്ലാം ആവശ്യമായി വരുന്നത്.

ചില സന്ദർഭങ്ങളിൽ വ്യക്തിപരമായ മണ്ഡലത്തെ അതിക്രമിച്ച് ഏറ്റവും അടുത്ത മണ്ഡലത്തിലേയ്ക്കുവന്നുള്ള ആലിംഗനങ്ങളും കൈകൊടുക്കലും പ്രോത്സാഹിപ്പിക്കലുമെല്ലാം നടക്കുന്നു. വാസ്തവത്തിലിത് പ്രകടനാധിഷ്ഠിതമായി സ്നേഹവും പ്രോത്സാഹനവും കാണി

ക്കുന്നതിന്റെ ഭാഗം മാത്രമാണ്. ഇത്തരം പ്രവർത്തനങ്ങൾക്ക് ഏതാനും നിമിഷത്തെ സാന്നിദ്ധ്യം മാത്രമെ സാധാരണയായി ഉണ്ടാകുകയുള്ളൂ.

**സാമൂഹികമണ്ഡലം**

സമൂഹത്തിലുള്ള ഓരോ വ്യക്തികളോടും സാഹചര്യാനുസരണം ബന്ധപ്പെടുന്നതിന്റെയും ആശയവിനിമയം നടത്തുന്നതിന്റെയും അടിസ്ഥാനത്തിലാണല്ലോ വ്യക്തികൾ സമൂഹത്തിൽ നിർണ്ണയിക്കപ്പെടുന്നത്. വ്യക്തിപരമായി അറിയാവുന്നവരും ബന്ധപ്പെടുന്നവരുമായി സാഹചര്യാനുസരണം പുലർത്തുന്ന ദൂരത്തെ അടിസ്ഥാനമാക്കിയാണ് വ്യക്തിപരമായ മണ്ഡലം നിർവചന വിധേയമാക്കിയത്. സമൂഹത്തിലുള്ളതും അപരിചിതരുമായ വ്യക്തികളോടും തൊഴിൽപരമായി തന്നെക്കാൾ താഴ്ന്ന നിലവാരം പുലർത്തുന്നവരോടും സാഹചര്യാനുസരണം പുലർത്തുന്ന അകലമാണ് സാമൂഹികമണ്ഡലത്തിന് ആസ്പദം. അപരിചിതർ, തോട്ടികൾ, കൽപണിക്കാർ, കീഴാളജാതിക്കാർ, പുതിയ തൊഴിലാളികൾ തുടങ്ങിയവരിൽനിന്നെല്ലാം സാമൂഹികമണ്ഡലം നിർണ്ണയിച്ചിരിക്കുന്ന അകലത്തിൽ നിന്നാണ് ആശയവിനിമയം നടത്തുന്നതും ബന്ധപ്പെടുന്നതും.

സാഹചര്യാനുസരണം സാമൂഹികമണ്ഡലം അനുശാസിക്കുന്ന അകലം പാലിച്ച് സംസാരിക്കുന്നവർ അവരുടെ വ്യക്തിപ്രഭാവം ഉയർത്തിക്കാണിക്കുവാൻ സ്വഭാവികമായിത്തന്നെ ശ്രമിക്കുന്നു. പ്രത്യേകിച്ച് തന്നെക്കാൾ താഴ്ന്ന തൊഴിൽ ചെയ്യുന്നവരോടും, തന്നെക്കാൾ സാമ്പത്തികം കുറവുള്ളവരോടും താഴ്ന്ന ജാതിയിൽപെട്ടവരോടുമെല്ലാം. സംഭാഷണത്തിലെ ധാർഷ്ട്യഭാവം ആംഗ്യങ്ങളിലെ ആജ്ഞാഭാവം നോട്ടത്തിലെ മേധാവിത്വസ്വഭാവം തുടങ്ങിയവ സാഹചര്യാനുസരണം ഇവരിൽ ദർശിക്കുവാൻ കഴിയും. രണ്ട് അപരിചിതർ തമ്മിലാണ് ബന്ധപ്പെടുന്നതെങ്കിൽ സ്വാഭാവികമായിത്തന്നെ അവർക്കിടയിൽ ആദ്യം സൗഹൃദത്തിന്റെ അന്തരീക്ഷമായിരിക്കില്ല ഉണ്ടായിവരുന്നത്. വാസ്തവത്തിൽ ഇവയെയെല്ലാം ഒരു പൊതുസ്വഭാവമായി മാത്രമെ ഗണിക്കാനാവൂ. ബന്ധപ്പെടുന്ന വ്യക്തികളുടെ സവിശേഷമായ സ്വഭാവവിശേഷം സാഹചര്യാനുസരണം ഈ നിരീക്ഷണങ്ങളിൽ മാറ്റം വരുത്തുന്നു.

**പൊതുമണ്ഡലം**

വ്യക്തി സമൂഹവുമായി സാഹചര്യാനുസരണം ബന്ധപ്പെടുന്നതിന്റെ അടിസ്ഥാനത്തിലാണ് ഈ മണ്ഡലദൈർഘ്യം നിശ്ചയിച്ചിരിക്കുന്നത്. ആൾക്കൂട്ടത്തെ അഭിസംബോധന ചെയ്യുവാൻ സുരക്ഷിതമായി തിരഞ്ഞെടുക്കുന്ന ദൈർഘ്യം ഒരു മത്സരം നടക്കുമ്പോൾ കാണികളെ അകറ്റി നിറുത്തുന്ന ദൈർഘ്യം തുടങ്ങിയവയെല്ലാം പൊതുമ

ണ്ഡലത്തിന്റെ നിർണ്ണയത്തിൽപെട്ടതാണ്. പൊതുമണ്ഡലത്തിന്റെ ദൈർഘ്യത്തെ സുരക്ഷിത മണ്ഡലമായും പരിഗണിക്കാറുണ്ട്. ആൾക്കൂട്ടത്തിൽ നിന്ന് അകന്ന് നടക്കാൻ ശ്രമിക്കുന്നതും കൂട്ടിലിട്ടിരിക്കുന്ന കാഴ്ചശാലയിലെ വന്യമൃഗത്തിൽനിന്ന് അകന്നു നടക്കുന്നതും നിരത്തിലൂടെ ഒരു മോട്ടോർ വാഹനം വരുമ്പോൾ കൂടുതൽ ഓരം ചേർന്നു നിൽക്കുന്നതുമെല്ലാം സ്വഭാവികമായിത്തന്നെ സ്വീകരിക്കുന്ന മുൻകരുതലിന്റെ ഭാഗമാണ്. യഥാർത്ഥത്തിലിവിടെ വ്യക്തി സ്വയം തന്നെ സുരക്ഷിതമണ്ഡലം സൃഷ്ടിക്കുകയാണ് ചെയ്യുന്നത്.

ഒരു കൂട്ടം വ്യക്തികൾ പ്രതിഷേധിക്കാൻ വേണ്ടി ഒരു സ്ഥലത്ത് കൂടുന്നു. കൂടി നിൽക്കുന്നതിനനുസരിച്ച് അവരുടെ വ്യക്തിമണ്ഡലങ്ങളും ഏറ്റവും അടുത്ത മണ്ഡലവുമെല്ലാം നഷ്ടമാകുന്നു. ഇവിടെ വ്യക്തികൾക്ക് ഒറ്റയൊറ്റയായി പ്രതികരിക്കാൻ കഴിയാത്ത അവസ്ഥ വരുന്നു. വ്യക്തമായി പറഞ്ഞാൽ വ്യക്തിയുടെ അസ്തിത്വം ആൾക്കൂട്ടത്തിൽ ലയിച്ചുനിൽക്കുകയാണ്. ആൾക്കൂട്ടത്തിന്റെ സാന്ദ്രത വർദ്ധിക്കുന്നതിനനുസരിച്ച് കൂടുതൽ ആളുകൾക്ക് ഒരേ സ്ഥലത്തുവച്ച് അവരുടെ ഏറ്റവുമടുത്ത മണ്ഡലങ്ങൾ നഷ്ടമാകുന്നു. ഇത് അവരിൽ അമർഷവും വിദ്വേഷവും വളർത്തുന്നു. ഇതിന്റെ ഫലമായി പ്രതിഷേധം അക്രമാസക്തമാക്കുന്നു. പോലീസുകാർ ജനക്കൂട്ടത്തെ പിരിച്ചുവിട്ടുകൊണ്ട് അവരുടെ ഏറ്റവും അടുത്ത മണ്ഡലവും വ്യക്തിമണ്ഡലവുമെല്ലാം തിരിച്ചു നൽകുകയാണ്. ഇതൊടെ അവർ ശാന്തരാകുന്നു. നഗരങ്ങളിൽ അരാജകത്വവും അക്രമപ്രവർത്തനങ്ങളും വളരുന്നതിനു കാരണമായി എടുത്തുകാണിക്കുന്നത് അവിടുത്തെ ജനസാന്ദ്രതയാണ്. സാന്ദ്രത ഏറുന്നതോടെ മണ്ഡലങ്ങൾ നഷ്ടമാകുന്നു. ഇതിന്റെ പ്രതിഫലനം അവരുടെ പ്രവൃത്തികളിൽ നിറഞ്ഞുനിൽക്കുന്നതാണ് നിയമനിഷേധമായ പ്രവർത്തികൾക്ക് ആധാരം. ഫ്ളാറ്റുകളിൽ സ്ഥിരമായി ജീവിക്കുന്നവർക്ക് വിശാല വീക്ഷണം നഷ്ടപ്പെടുന്നതായി ചില പഠിതാക്കൾ നിരീക്ഷിച്ചിട്ടുണ്ട്. അവർക്ക് സ്വാർത്ഥത ഏറുകയും മനോവിശകലനശേഷി കുറയുകയും ചെയ്യുമെന്ന് നിരീക്ഷിച്ചിരിക്കുന്നു. യഥാർത്ഥത്തിൽ ഇതിനെല്ലാം ആസ്പദമായ വസ്തുത സ്വന്തമായ മണ്ഡലങ്ങൾ നഷ്ടപ്പെടുന്നതും ഇല്ലാതാകുന്നതുമാണ്.

## സ്വാഭാവിക വിനിമയ സ്വീകരണങ്ങൾ

നൈസർഗ്ഗികമായും നിരീക്ഷണത്തിലൂടെയും പഠനത്തിലൂടെയുമെല്ലാം ആർജ്ജിച്ചെടുത്ത ശരീരഭാഷകൾ സാഹചര്യാനുസരണം സ്വാഭാവിക പ്രക്രിയപോലെ വിനിമയം ചെയ്യുന്നതും സ്വീകരിക്കുന്നതും മനുഷ്യശീലത്തിന്റെ ഭാഗമാണ്. അവതാരകനും അർത്ഥഗ്രാഹകനുമാണല്ലൊ ഈ സവിശേഷമായ ഭാഷാവിനിമയസ്വീകരണപ്രക്രിയയിൽ

ഭാഗഭാക്കാകുന്നത്. ശരീരഭാഷ പ്രകടിപ്പിക്കുക, വിനിമയം ചെയ്യുക, സ്വീകരിക്കുക എന്നീ ത്രിത്വത്തിന്റെ ഐക്യമാണ് ആശയവിനിമയം യുക്തമായ രീതിയിൽ നിർവ്വഹിക്കുന്നത്.

**അടിസ്ഥാനപരമായ ശരീരഭാഷ**

മനുഷ്യരിൽ ചില നൈസർഗ്ഗിക വാസനകളുണ്ട്. അവ അടിസ്ഥാന ശരീരഭാഷയുമായി ബന്ധപ്പെട്ടതാണ്. സന്തോഷം വരുമ്പോൾ ചിരിക്കുക, സങ്കടം വരുമ്പോൾ കരയുക, രോഷം വരുമ്പോൾ കോപിക്കുക തുടങ്ങിയവ അടിസ്ഥാന ശരീരഭാഷ(Basic body language) യുടെ ഭാഗമാണ് . ജന്മസിദ്ധമായ വൃത്തികൾ ആധാരമാക്കിയുള്ള ഇവയെ ജൈവിക വൃത്തികൾ എന്നും വ്യവഹരിക്കാറുണ്ട്. ഒരു വ്യക്തി കരയുന്ന രീതിയിലായിരിക്കില്ല മറ്റൊരാൾ കരയുന്നത്. മറ്റൊരു വ്യക്തി ചിരിക്കുന്നതുപോലെ ആയിരിക്കില്ല ഇനിയൊരാൾ ചിരിക്കുന്നത്. ഓരോരുത്തരും കോപിക്കുന്ന രീതികൾ തമ്മിലും വ്യത്യാസമുണ്ട്. ഇത് പ്രതിജനഭിന്നമായ മനുഷ്യ സ്വഭാവത്തിന്റെ ഭാഗമാണ്.

ചിരിക്കുക, കരയുക, കോപിക്കുക എന്നീ ശരീരഭാഷകളുടെ അർത്ഥം പൂർണ്ണമാകണമെങ്കിൽ സാഹചര്യം കൂടി അറിയേണ്ടതുണ്ട്. സാഹചര്യത്തോടൊപ്പം ഈ വൃത്തി നിർവ്വഹിക്കുന്നവരുടെ ശീലസ്വഭാവങ്ങൾകൂടി മനസിലാക്കുമ്പോഴേ അർത്ഥഗ്രഹണം പൂർണ്ണമാകുകയുള്ളൂ. കാരണം സാഹചര്യങ്ങളോട് ഓരോരുത്തരും പ്രതികരിക്കുന്നത് ഓരോ രീതിയിലാണല്ലോ. കൃത്യമായ ഉദ്ദേശ ലക്ഷ്യത്തോടെ ചിരിക്കുക, കരയുക, കോപിക്കുക എന്നീ പ്രവൃത്തികൾ ചെയ്യുമ്പോൾ അതിന്റെ കേവലമായ നൈസർഗ്ഗിക സ്വഭാവം അപ്രത്യക്ഷമാകുകയും പ്രയോഗലക്ഷ്യത്തെ സംബന്ധിച്ച സവിശേഷമായ അർത്ഥം സംഭവിക്കുകയും ചെയ്യുന്നു.

**സാഹചര്യാനുസൃതമുള്ള പ്രതികരണം**

സാഹചര്യങ്ങളോടുള്ള മനുഷ്യരുടെ പ്രതികരണം അവരുടെ ശരീരഭാഷാവിനിയോഗവുമായും ആ വിനിയോഗത്തിന്റെ സ്വീകരണവുമായും ബന്ധപ്പെട്ടാണിരിക്കുന്നത്. വാത്സല്യം വരുമ്പോൾ ഒരാൾ മറ്റുള്ളവരൊട് പ്രതികരിക്കുന്ന രീതി പരിശോധിച്ചാൽ ഇതിന്റെ സ്വഭാവം വ്യക്തമാകും. ചിലപ്പോൾ പുഞ്ചിരിയിലൂടെ വാത്സല്യം അറിയിക്കുന്നു. മറ്റു ചിലപ്പോൾ നല്ല വാക്കുകൾ പറഞ്ഞ് വാത്സല്യം പങ്കുവയ്ക്കുന്നു. ഇനിയൊരവസരത്തിൽ ഷെയ്ക്ക് ഹാന്റ് കൊടുത്തു വാത്സല്യം പ്രകടിപ്പിക്കുന്നു. ആലിംഗനം ചെയ്തും ചുംബനത്തിലൂടെ ഗാഢമായും വാത്സല്യം പ്രകടിപ്പിക്കുന്നത് സാധാരണമാണ്.

ചുംബനമെന്ന ശരീരഭാഷയുടെ അർത്ഥതലങ്ങൾ ഏറെയാണ്.

ഒരമ്മ കുഞ്ഞിനെ ചുംബിക്കുമ്പോൾ അതിലൂടെ വിനിമയം ചെയ്യുന്ന ഭാവം/ആശയം മാതൃവാത്സല്യമാണ്. അച്ഛൻ കുഞ്ഞിനെ ചുംബിക്കുമ്പോൾ നിറഞ്ഞുനിൽക്കുന്ന ഭാവം/അർത്ഥം പിതൃവാത്സല്യമാണ്. ഇതേ കുഞ്ഞിനെ മറ്റൊരാൾ ചുംബിക്കുമ്പോൾ അതിൽ കൗതുകകരമായ വാത്സല്യമാണുള്ളത്. കാമുകൻ കാമുകിയെ ചുംബിക്കുന്നതും ഭാര്യ ഭർത്താവിനെ ചുംബിക്കുന്നതും ഭിന്നമായ വികാരത്തോടും മനോഭാവത്തോടുമാണ്. യഥാർത്ഥത്തിലിവിടെ വൈകാരികമായൊരു ഭാവത്തെ ശരീരത്തിന്റെ ഭാഷകൊണ്ട് വിനിമയം ചെയ്യുകയാണു ചെയ്യുന്നത്. സാഹചര്യാനുസരണം പുരുഷൻ ചുംബിക്കുന്ന രീതിയും സ്ത്രീ ചുംബിക്കുന്ന രീതിയും ഭിന്നമായിരിക്കും. ഈ ഭിന്നതയ്ക്ക് ആസ്പദം അവരുടെ ശാരീരികമായ പ്രത്യേകതകളും ചിന്താപരമായ വ്യത്യസ്തതയുമെല്ലാമാണ്.

സാഹചര്യങ്ങളോട് പ്രതികരിക്കുന്നതിൽ മനുഷ്യരുടെ സംസ്കാരത്തിന്, സ്വഭാവത്തിന്, മനോഭാവത്തിന്, മനോബലത്തിന്, വിദ്യാഭ്യാസത്തിന്, സ്ഥാനമാനങ്ങൾക്ക് എല്ലാം അതാതിന്റേതായ സ്ഥാനമാണുള്ളത്.

### സാഹചര്യാനുസരണം പ്രയോഗിക്കുന്ന ചില ശരീരഭാഷകൾ

നീ ചായ കുടിച്ചോ? എന്ന് അമ്മ മകനോട് ചോദിക്കുന്നു. മകൻ കണ്ണിറുക്കി കാണിച്ചാൽ അതിന്റെ അർത്ഥം ചായ കുടിച്ചില്ലെന്നാണ്. തല കുലുക്കി കാണിച്ചാൽ അതിന്റെ അർത്ഥം ചായ കുടിച്ചെന്നും. ഇത് തികച്ചും സ്വാഭാവികമായ ഒരാശയ പ്രകടനമാണ്. മകന്റെ ശരീരം കൊണ്ടുള്ള ആശയ വിനിമയത്തെ അല്പംകൂടി ശക്തമാക്കാൻ, തോള് അല്പമൊന്ന് മുകളിലേയ്ക്ക് ചലിപ്പിച്ചതിനുശേഷം കണ്ണിറുക്കി കാണിച്ചാൽ അതിന് 'ചായ കുടിച്ചില്ലെന്നു' പറയുന്ന ശരീരഭാഷയുടെ ശക്തി വർദ്ധിക്കുന്നു. ചിരിച്ചുകൊണ്ട് തലയാട്ടിക്കാണിച്ചാൽ അമ്മയെ ബുദ്ധിമുട്ടിക്കാതെ ചായകുടിച്ചെന്ന അർത്ഥമാണ് ലഭിക്കുന്നത്.

ഒരു യുവാവ് തെല്ലകലെയായി നിൽക്കുന്ന യുവതിയോട് മറ്റുള്ളവരുടെ കണ്ണുവെട്ടിച്ച് ആശയവിനിമയം നടത്തുന്നതു നിരീക്ഷിച്ചാൽ ശരീരഭാഷയുടെ പ്രയോഗിക സ്വഭാവവും പ്രസക്തിയും വ്യക്തമാകും. പൊതുസ്ഥലത്തുവച്ച് ഒരുപറ്റം ആൾക്കാർ സംബന്ധിക്കുന്ന ചടങ്ങ് നടക്കുന്നു. അതിൽ സംബന്ധിച്ചുകൊണ്ടിരുന്ന ഒരു യുവാവ് അവിടെ നിൽക്കുന്ന ഒരു യുവതിയോട് തലവെട്ടിച്ച് മറ്റ് ആളുകൾ ഇല്ലാത്ത സ്ഥലത്തേയ്ക്ക് വരുവാൻ സൂചിപ്പിക്കുന്നു. യുവതി കണ്ണുകളുടെ പുരികം അല്പമൊന്നുയർത്തുന്നതിനൊപ്പം താടിയുംകൂടി (മുഖം) അല്പമൊന്നുയർത്തി കണ്ണുകളെ തീഷ്ണമാക്കി നിറുത്തിയാൽ എന്തിനെന്ന് ആകാംക്ഷയോടെ തിരിച്ച് ചോദിക്കുകയാണ്. യുവാവ് ചുംബനത്തെ അനുസ്മരിപ്പിക്കുന്ന രീതിയിൽ ചുണ്ട് ചെറുതായൊന്നു ചലിപ്പിച്ചാൽ

ഒരു ചുംബനത്തിനാണെന്ന ആശയം യുവതിക്ക് മനസ്സിലാകും. യുവതി കണ്ണ് അല്പമൊന്ന് വിടർത്തി ഗൗരവത്തിൽ നോക്കിയാൽ അവനെ എതിർക്കുകയാണെന്ന് വ്യക്തം. ശക്തിയുള്ള നോട്ടം യുവാവിനുനേരെ അയച്ചതിനുശേഷം മുഖം വെട്ടിച്ച് തിരിഞ്ഞാൽ, അതിൽ യുവതിയുടെ പ്രതിഷേധത്തിന്റെ തീക്ഷ്ണതയാണ് വ്യക്തമാകുന്നത്. യുവതി മൃദുവായൊന്നു മന്ദഹസിച്ചുകൊണ്ട് തലകുലുക്കിയാൽ അതിന്റെ അർത്ഥം സമ്മതമാണെന്നാണ്. ഇതെല്ലാം അടിസ്ഥാനപമായ ശരീരഭാഷയുടെ ഭാഗമാണ്.

ഒരു നിരത്തിലൂടെ അപരിചിതനായ ഒരു യുവാവും യുവതിയും എതിരെ നടന്നുവരുന്നു. അവർ പരസ്പരം കാണുന്നതിനുമുമ്പ് സ്വന്തം ചിന്തകളിൽ മുഴുകി ശരീരത്തെ തളർത്തിയിട്ടാണ് നടക്കുന്നത്. അവർ അടുത്തെത്തി പരസ്പരം കണ്ടുകഴിയുമ്പോൾ, അവർപോലും അറിയാതെ അവരുടെ മനസ്സുകൾ ഉണരുന്നു. ഇരുവരും ശരീരം നേരെയാക്കി മനസ്സിനെ ഉന്മേഷകരമായ അവസ്ഥയിലേക്ക് എത്തിച്ച് പരസ്പരം ശ്രദ്ധയാകർഷിക്കുവാനായി പ്രവർത്തിക്കുന്നു. യുവാവ് നെഞ്ചുയർത്തി ആത്മവിശ്വാസമുള്ള കാൽവയ്പുകളോടെ നടക്കുന്നു. യുവതി മാറിടമുയർത്തി ശൃംഗാരഭാവത്തിൽ അരക്കെട്ടു ചലിപ്പിച്ച് നടക്കുന്നു. സാഹചര്യാനുസരണം നടക്കുന്ന ഈ സവിശേഷമായ ശരീരഭാഷയ്ക്ക് ആസ്പദം എതിർലിംഗത്തിൽപെട്ടവരുടെ ശ്രദ്ധയും താൽപര്യവും പിടിച്ചുപറ്റുകയെന്നുള്ളതാണ്. യഥാർത്ഥത്തിലിത് നൈസർഗ്ഗികമായ ആകർഷണത്തിന്റെ ഫലമായി സ്വാഭാവികമായി സംഭവിക്കുന്ന ശരീരഭാഷാവിനിയോഗമാണ്.

**വസ്ത്രധാരണത്തിന്റെ സ്വാധീനം**

മുഖത്തെ ശരീരത്തിന്റെ കണ്ണാടിയായി വിശേഷിപ്പിക്കാറുണ്ടല്ലൊ. മനസിലെ ചിന്തകൾ, ആഗ്രഹം, സ്വഭാവം തുടങ്ങിയവ വസ്ത്രധാരണത്തിലും തുടർന്നുള്ള അംഗചലനാദി പ്രവർത്തനങ്ങളിലും ദർശിക്കാനാവും. കടുംനിറമുള്ള വസ്ത്രങ്ങൾ ധരിക്കുന്നവർ പൊതുവെ ആഗ്രഹങ്ങൾ ഉള്ളവരും ഭാവനാസമ്പന്നരുമാകുവാൻ സാധ്യത ഏറെയാണ്. നിറംകുറവുള്ളതും വൃത്തിയുള്ളതുമായ വസ്ത്രം ധരിക്കുന്നവർ പൊതുവെ ശാന്തശീലക്കാരും മിതഭാഷികളുമാകുവാനാണ് സാധ്യത. യഥാർത്ഥത്തിൽ ഇതെല്ലാം പൊതുവായ നിരീക്ഷണത്തിന്റെ ഭാഗമാണ്. യുവതിയായ കാമുകി കാമുകന്റെ അടുത്തേയ്ക്ക് പോകുന്നത് അണിഞ്ഞൊരുങ്ങിയും വാസനാതൈലങ്ങൾ പൂശിയും ശരീരത്തിന്റെ വടിവ് എടുത്തുകാണിക്കുന്ന രീതിയിൽ പ്രദർശിപ്പിച്ചുമെല്ലാമായിരിക്കും. അതിഭാഷണം ഈ കാമുകിയുടെ സവിശേഷമായ ഇനിയൊരു സ്വഭാവമായിരിക്കും.

ശരീരവടിവിനെപ്പറ്റിയും സൗന്ദര്യത്തെപ്പറ്റിയും വ്യക്തമായ ധാരണ ഉണ്ടായിരിക്കുകയും അതു മറ്റുള്ളവർക്കുമുന്നിൽ പ്രദർശിപ്പിക്കണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്ന ഒരു യുവതി. അവൾ ധരിക്കുന്ന വസ്ത്രം ശരീരവടിവ് എടുത്തുകാണിക്കുന്നതായിരിക്കും. ശരീരത്തിന്റെ വർണ്ണവുമായി ചേരുന്ന നിറത്തിലുള്ള വസ്ത്രമായിരിക്കും ധരിക്കുന്നത്. വസ്ത്രധാരണത്തിൽ മാത്രമല്ല പെരുമാറ്റത്തിലും പ്രദർശന സ്വഭാവം സർവ്വത്ര നിറഞ്ഞുനിൽക്കും. ഒരു പൊതുസ്ഥലത്ത് ഇരിക്കുന്നതുപോലും ശരീരവടിവും സൗന്ദര്യവും പ്രദർശിപ്പിക്കുന്ന രീതിയിലായിരിക്കും. യുവാക്കളിലും ഈ പ്രദർശനസ്വഭാവം സാഹചര്യാനുസരണം ദർശിക്കാവുന്നതാണ്. അല്പംകൂടി വിശദമായിപ്പറഞ്ഞാൽ ഏതു പ്രായത്തിലും ഏതു ലിംഗത്തിലും പെട്ടവരിൽ പ്രദർശ സ്വഭാവവും അതിനു യോജിക്കുന്ന വസ്ത്രധാരണം, സംഭാഷണം, അംഗചലനങ്ങൾ തുടങ്ങിയവ ദർശിക്കുവാൻ കഴിയും. ഓരോ പ്രദേശത്തെയും വസ്ത്രധാരണരീതികൾ ഭിന്നമായതുകൊണ്ട് പൊതുവായ ഒരു പ്രതിപാദനം ഇതിനു യോജിക്കുകയില്ല. കാണുന്നവർക്ക് സാഹചര്യാനുസരണം പ്രദർശനസ്വഭാവത്തിന്റെ തോതും അളവും ഗ്രഹിച്ചെടുക്കാവുന്നതേയുള്ളൂ.

**ശ്രദ്ധേയമായ ചില ശരീരഭാഷാചിഹ്നങ്ങൾ**

ചില പ്രത്യേക ചിഹ്നങ്ങളെ സാർവ്വത്രികമായി അംഗീകരിച്ച് ആശയവിനിമയത്തിനായി മനുഷ്യർ വളർത്തിയെടുത്തിട്ടുണ്ട്. കൈയ്യിലെ പെരുവിരൽ മാത്രം മുകളിലേയ്ക്കുയർത്തി മറ്റുവിരലുകൾ എല്ലാം മടക്കി സുഹൃത്തിനെ കാണിക്കുന്നു. ഇത് സുഹൃത്തിന് സാഹചര്യാനുസരണം വിജയം നേരുന്ന ചിഹ്നമാണ്. ചൂണ്ടുവിരലും മധ്യവിരലും നിവർത്തി 'വി' ആകൃതിയിൽ (മറ്റുവിരലുകൾ മടക്കി) കാണിക്കുന്നതും വിജയാശംസയുടെ ചിഹ്നമാണ്. ആര്, ആരെ, എന്തിനു കാണിക്കുന്നു എന്നുള്ളത് അതിന്റെ അർത്ഥവ്യാപ്തി വ്യക്തമാക്കുന്നു. ഇത് മത്സരപരീക്ഷയ്ക്കുപോകുന്ന മകളെ അമ്മ കാണിക്കുന്നതാവാം. കാറോട്ടമത്സരത്തിനു പോകുന്ന കാമുകനെ കാമുകി കാണിക്കുന്നതാവാം. മത്സരവേദിയിലിരുന്ന് മനോഹരമായി സംഗീതം ആലപിച്ച മകളെ സംഗീതം കഴിഞ്ഞപ്പോൾ, സംഗീതാദ്ധ്യാപകൻ കൂടിയായ പിതാവ്, സംഗീതം നന്നായിരുന്നു എന്ന് കാണിച്ചു പ്രോത്സാഹിപ്പിക്കുന്നത് പെരുവിരലും ചൂണ്ടുവിരലും ചേർത്ത് വൃത്താകൃതിയിലാക്കിയാണ്. ഈ സമയത്ത് മറ്റു വിരലുകൾ ഉയർത്തി പിടിച്ചിരിക്കും.

ഇതുപോലുള്ള ചിഹ്നങ്ങളെ സാഹചര്യാനുസരണം മനുഷ്യർ ആശയവിനിമയത്തിനായി വളർത്തിയെടുത്തവയാണ്. ഇവയ്ക്ക് സാർവത്രികമായിത്തന്നെ അർത്ഥമേഖലയും കല്പിച്ച് നൽകിയിരിക്കുന്നു.

യഥാർത്ഥത്തിൽ ഇവിടെയെല്ലാം സാഹചര്യത്തിനനുസരിച്ച് ചിഹ്നം കാണിക്കുന്നവരുടെ മാനസിക വികാരം കൂടി പ്രതിഫലിക്കുന്നുണ്ട്. ഈ പ്രതിഫലനം തെളിയുന്നത് അവതാരകന്റെ മുഖഭാവത്തിലും ശരീരത്തിന്റെ ആകെയുള്ള ചലനത്തിലുമാണ്. കൈയ്യടിച്ച് വിജയിയെ സമൂഹം ഒന്നായി പ്രോത്സാഹിപ്പിക്കുന്നത് സംഘപരമായ ശരീരഭാഷാപ്രയോഗത്തിന്റെ ഫലമാണ്. യഥാർത്ഥത്തിൽ ഈ സവിശേഷമായ രീതിയും മനുഷ്യർ സാർവത്രികമായി വളർത്തിയെടുത്ത് അംഗീകരിച്ച അടിസ്ഥാന ശരീരഭാഷയുടെ ഭാഗമാണ്. ഈ ചിഹ്നങ്ങളുടെ അർത്ഥത്തെപറ്റിയെല്ലാം സമൂഹത്തിലുള്ള എല്ലാ മനുഷ്യർക്കും അറിയാമെന്നുള്ളതും സാഹചര്യാനുസരണം അവതരിപ്പിക്കുകയോ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടെന്നുമുള്ളതാണ് ഇവയുടെ സ്വാഭാവികതയ്ക്ക് ആസ്പദം.

## സാമൂഹ്യബുദ്ധിയും പൊതുവായ പ്രവർത്തനങ്ങളും

സമൂഹജീവിയായ മനുഷ്യരുടെ ബുദ്ധിക്ക് ഒരു സാമൂഹ്യസ്വഭാവമുണ്ട്. സവിശേഷമായ ഈ ബുദ്ധിയെ സാമൂഹ്യബുദ്ധിയെന്നാണ് വ്യവഹരിക്കുന്നത്. സാമൂഹ്യബുദ്ധിയുള്ള മനുഷ്യരുടെ പ്രവർത്തനങ്ങളിൽ സാമൂഹ്യസ്വഭാവത്തിൽ അധിഷ്ഠിതമായ ഏറെ സമാനതകൾ ദർശിക്കുവാൻ കഴിയും. വീടുകെട്ടി താമസിക്കുക, സാമൂഹ്യരീതിക്ക് അനുസരിച്ച് വിവാഹിതരാവുക, രക്തബന്ധത്തിൽ പെട്ടവരെ സ്നേഹിക്കുകയും പരിഗണിക്കുകയും ചെയ്യുക, സാമൂഹ്യവും മതപരവുമായ ചടങ്ങുകളിൽ സാഹചര്യാനുസരണം പങ്കുകൊള്ളുക, വാർത്തകൾ കാണുകയും വായിക്കുകയും ചെയ്ത് സമൂഹത്തെ അറിയുക, കലകളും സാഹിത്യവും ആസ്വദിക്കുക, സമൂഹം അനുശാസിക്കുന്ന രീതിക്കുള്ളിൽ നിന്ന് വസ്ത്രധാരണം നടത്തുക, സഹജീവികളോട് സഹിഷ്ണുതയോടെ പെരുമാറുക തുടങ്ങി സമൂഹം നിർണ്ണയിച്ചിരിക്കുന്ന പ്രവൃത്തികൾ ഏറെയാണ്. മനുഷ്യർ സാഹചര്യാനുസരണം ഇവയെല്ലാം ചെയ്യുന്നത് സമൂഹം നിർണ്ണയിച്ചിരിക്കുന്ന പ്രവൃത്തികൾ എന്ന ധാരണയിലല്ല. മനുഷ്യന്റെ ബുദ്ധി സാമൂഹ്യക്രമത്തിന് വിധേയമായിക്കഴിയുമ്പോൾ ഇവയെല്ലാം അടിസ്ഥാനപരമായ പ്രവൃത്തികൾപോലെ സ്വാഭാവികമായി നിർവ്വഹിക്കുകയാണ്. ഈ പ്രവൃത്തികൾക്കെല്ലാം സാന്നിദ്ധ്യമായി നിൽക്കുന്ന ശരീരം സമൂഹ്യബുദ്ധിയിൽ അധിഷ്ഠിതമായ പ്രവർത്തനങ്ങൾ അഥവാ ആശയവിനിമയങ്ങളാണ് നിർവ്വഹിക്കുന്നത്.

മനുഷ്യരുടെ പ്രവർത്തനങ്ങൾക്ക് പൂർണ്ണമായ തുടർച്ചയില്ല. കുളിക്കുന്ന, ഭക്ഷണം കഴിക്കുന്ന, വ്യായാമം ചെയ്യുന്ന, വായിക്കുന്ന, സിനിമയ്ക്കുപോകുന്ന, ടി.വി കാണുന്ന, പ്രണയിക്കുന്ന, ജന്മദിനങ്ങൾ ആഘോഷിക്കുന്ന, മരണാനന്തരമുള്ള ചടങ്ങുകളിൽ പങ്കെടുക്കുന്ന, കട

യിൽ പോകുന്ന പ്രവർത്തനങ്ങളെല്ലാം സവിശേഷമായ ഓരോ സ്വഭാവത്തോടുകൂടിയവയാണ്. യഥാർത്ഥത്തിൽ ഇത്തരം പ്രവർത്തനങ്ങളിലൂടെ മനുഷ്യൻ സമൂഹത്തിൽ അവന്റെ അസ്തിത്വം സൃഷ്ടിക്കുകയും സമൂഹത്തിന്റെ ഭാഗമായി തീരുകയുമാണ് ചെയ്യുന്നത്. എന്നാൽ മനുഷ്യർ ചെയ്യുന്ന ഈ പ്രവർത്തനങ്ങൾക്കെല്ലാം സാമൂഹ്യമായ ഒരു മാനമുണ്ട്. സാമൂഹ്യബുദ്ധിയാണ് ഇവയ്ക്കു പിന്നിൽ ക്രിയാത്മകമായി പ്രവർത്തിക്കുന്നത്.

ഓരോ പ്രവൃത്തിക്കും അതാതിന്റേതായ നിയമവും താളവുമുണ്ട്. പ്രത്യേകിച്ച് സാമൂഹ്യസ്വഭാവമുള്ള പ്രവർത്തനങ്ങൾക്കും സമൂഹം അനുശാസിക്കുന്ന പ്രവർത്തനങ്ങൾക്കുമെല്ലാം. ഒരു വിദ്യാർത്ഥി കലാലയത്തിൽ പോകുന്നതും ഉദ്യോഗസ്ഥർ ആപ്പീസുകളിൽപോകുന്നതുമെല്ലാം ഇതിനുദാഹരണങ്ങളാണ്. വിദ്യാർത്ഥിക്ക് കൃത്യ സമയത്ത് സ്കൂൾ വാഹനത്തിൽ കയറേണ്ടതുണ്ട്. കൃത്യസമയത്തുതന്നെ ക്ലാസ്സു തുടങ്ങുന്നു. മുൻനിശ്ചയപ്രകാരമുള്ള ടൈംടേബിൾ അനുസരിച്ച് ക്ലാസുകൾ മുന്നോട്ടുപോകുന്നു. ഒപ്പം അധ്യാപകർ മാറിമാറിവന്ന് അവരുടെ ക്ലാസ്സുകൾ എടുക്കുന്നു. മധ്യാഹനസമയത്തും മറ്റും അനുവദിച്ചിരിക്കുന്ന ഇടവേളകൾ (ഇന്റർവെൽസ്) നൽകുന്നു. ക്ലാസ്സുകൾ അവസാനിച്ചുകഴിഞ്ഞ് വീട്ടിലേയ്ക്ക് മടങ്ങിയെത്തുന്നു. യഥാർത്ഥത്തിലിവിടെ നിയതമായ നിയമവും താളവുമാണ് വിദ്യാർത്ഥികളുടെ പഠനം എന്ന പ്രക്രിയയെ നയിക്കുന്നത്. ഈ പ്രക്രിയ തുടരുമ്പോഴും അതിനുള്ളിൽ നിന്നുകൊണ്ട് വിദ്യാർത്ഥികൾ വിപുലമായ പാഠമേഖലകൾ പഠിച്ചെടുക്കുന്നു. അറിവാർജ്ജനത്തിന്റെ സവിശേഷമായ ഈ മേഖല സാമൂഹ്യബുദ്ധി സൃഷ്ടിക്കുന്നതിന്റെ ഒരു ഘടകമാണ്. കുടുംബത്തിലെ അന്തരീക്ഷം സമൂഹത്തിൽ ദർശിക്കുന്നതും സമൂഹത്തിൽ നിന്ന് അറിയുന്നതുമായ കാര്യങ്ങളും ഒരു വ്യക്തിയുടെ സാമൂഹ്യബുദ്ധി രൂപപ്പെടുത്തുന്നതിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്നു.

വിദ്യാർത്ഥികളുടെ വസ്ത്രത്തിലെ സമാനത, പഠിക്കുന്ന അറിവുകളുടെ (പുസ്തകങ്ങൾ) സമാനത, പരീക്ഷകൾ എഴുതുന്നതിലെ സാമനതകൾ തുടങ്ങിയവ അവരുടെ മനസ്സിൽ സമത്വബോധത്തിന്റെയും സാമൂഹ്യബോധത്തിന്റെയും ചിന്തകൾ വളർത്തുന്നു. ഈ ചിന്തകൾ അവരുടെ തുടർന്നുള്ള ഏറെ പ്രവർത്തനങ്ങളെയും സ്വാധീനിക്കുന്നു. ഈ സ്വാധീനത്തിന്റെ ഫലം പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട അർത്ഥോല്പാദനത്തിൽ അഥവാ ഭാഷാവതരണത്തിൽ സവിശേഷമായ രീതിയിൽ ദർശിക്കുവാൻ കഴിയും .

# 7

# കാലത്തിന്റെയും അന്തരീക്ഷത്തിന്റെയും സ്വാധീനം

കാലവും അന്തരീക്ഷവും ശരീരഭാഷയുടെ അവതരണത്തെയും അവതരണാനന്തര അർത്ഥോൽപാദനത്തെയും പല അനുപാതത്തിൽ സ്വാധീനിക്കുന്ന ഘടകങ്ങളാണ്. വാസ്തവത്തിൽ ശരീരഭാഷ സാഹചര്യാനുസരണം ബോധപൂർവ്വം അവതരിപ്പിക്കുന്നതിനേക്കാൾ അധികമായി സംഭവിക്കുന്നത് സാഹചര്യാനുസരണമാണ്. അതുകൊണ്ടുതന്നെ സാഹചര്യങ്ങൾ സംഭവിക്കുന്ന അന്തരീക്ഷത്തിന് അർത്ഥസൃഷ്ടിയിൽ അതിപ്രധാന സ്ഥാനമാണുള്ളത്. അർത്ഥഗ്രാഹകർ ഇല്ലാത്ത സമയത്തും അവതാരകൻ അർത്ഥഗ്രാഹകരെപ്പറ്റി ചിന്തിക്കാത്ത സമയത്തും ശരീരം സാഹചര്യാനുസരണം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. യഥാർത്ഥത്തിൽ ഈ സമയങ്ങളിലെല്ലാം അർത്ഥോല്പാദനം സംഭവിച്ചുകൊണ്ടുതന്നെയാണിരിക്കുന്നത്. ശരീരഭാഷയുടെ അർത്ഥസൃഷ്ടിയിൽ ഭൂതകാലത്തിനും ഭാവികാലത്തിനും വർത്തമാനകാലത്തിനും അതാതിന്റേതായ സ്ഥാനമാണുള്ളത്. വാമൊഴിയിലും വരമൊഴിയിലും അവതരിപ്പിക്കുന്ന ഭൂതവർത്തമാന ഭാവികാലങ്ങളുടെ വ്യാകരണമോ വാക്യഘടനയോ അർത്ഥരീതിയോ ശരീരഭാഷയിൽ പ്രസക്തമാകുന്നില്ല. ശരീരഭാഷയെ സംബന്ധിച്ചിടത്തോളം ഈ ത്രികാലങ്ങൾ അതിന്റെ ആഖ്യാന സവിശേഷതയ്ക്ക് അനുസരിച്ചാണ് പ്രവർത്തിക്കുന്നത്.

അന്തരീക്ഷകല്പനയിലും ശരീരഭാഷയ്ക്ക് അതിന്റേതായ സ്വാഭാവമാണുള്ളത്. ശരീരഭാഷ അവതരിപ്പിക്കുന്ന സാഹചര്യവുമായി ബന്ധപ്പെട്ട അന്തരീക്ഷവും പശ്ചാത്തലവുമായി ബന്ധപ്പെട്ട അന്തരീക്ഷവും അവതാരകനും അർത്ഥഗ്രാഹകനും പ്രതിനിധീകരിക്കുന്ന അന്തരീക്ഷവുമെല്ലാം അതാതിന്റേതായ പ്രാധാന്യത്തോടെ നിൽക്കുന്നു. ഈ അന്തരീക്ഷങ്ങളെല്ലാം വിഭിന്നമാണെങ്കിലും ഇവ ഏകകാലികമായി പ്രവർത്തിക്കുമ്പോഴാണ് ശരീരഭാഷയെ സംബന്ധിച്ച് പ്രസക്തമാകുന്നത്.

## ഭൂതഭാവിവർത്തമാനങ്ങളുടെ പ്രവർത്തനം

ശരീരഭാഷ എല്ലായ്പ്പോഴും മൂർത്തമായി സംഭവിക്കുന്നത് വർത്ത

മാനകാലത്തിലാണെന്ന് മുമ്പു വ്യക്തമാക്കിയിരുന്നല്ലോ. വർത്തമാന കാലം സംഭവിക്കുമ്പോൾതന്നെ അതിന് സ്വാഭാവികമായ ഒരു ഭൂത കാലം ഉണ്ടായിരിക്കും. അതുപോലെ വർത്തമാനത്തിന്റെ തുടർച്ച ഭാവി കാലവുമായിരിക്കും. ഈ പശ്ചാത്തലത്തിൽ ശരീരഭാഷ ഭൂതകാല ത്തിലും ഭാവികാലത്തിലും അതിന്റെ സ്വാധീന പ്രവർത്തനങ്ങൾ എങ്ങനെ നിർവ്വഹിക്കുന്നു എന്ന് മനസ്സിലാക്കേണ്ടതുണ്ട്. സങ്കല്പം, കല്പനം, നിഗമനം, അർത്ഥോല്പാദനം തുടങ്ങിയ അവസ്ഥകളുടെ സ്വാധീനമാണ് ഭാഷകൾക്ക് നിയതമായ ആർത്ഥിക വിസ്തൃതി പ്രദാനം ചെയ്യുന്നത്.

ഒരു ഉദ്യാനത്തിലെ മനോഹരമായ പുൽത്തകിടിയിൽ യുവാവും യുവതിയും പ്രണയിച്ചുകൊണ്ടിരിക്കുന്നു. യഥാർത്ഥത്തിൽ ഇവർ പര സ്പരം വിനിമയം ചെയ്യുന്ന ശരീരഭാഷയാണ് പ്രണയത്തിന് ആസ്പദ മായ വർത്തമാനകാലം. ഇവർ പ്രണയിച്ചുകൊണ്ടിരിക്കുവാൻ ഇടയായ കാരണവും അതിലേയ്ക്ക് നയിച്ച പ്രവർത്തനങ്ങളുമുണ്ട്. കഴിഞ്ഞുപോയ ഈ സംഭവങ്ങളാണ് ഭൂതകാലത്തിന് ആസ്പദം. യഥാർത്ഥത്തിൽ ഈ ഭൂതകാലത്തിന്റെ തുടർച്ചയായിട്ടാണ് വർത്തമാനകാലം സംഭവിച്ചുകൊ ണ്ടിരിക്കുന്നത്. തുടർന്നുകൊണ്ടിരിക്കുന്ന പ്രണയത്തിന് ഒരു പരിസ മാപ്തി ഉണ്ടാകും. അത് അവരുടെ വിവാഹമൊ വേർപിരിയലൊ എന്തു മാകാം. ഇതാണ് ഭാവികാലം. ഈ കാലത്തിൽ നടക്കുവാനുള്ള ശരീര ഭാഷയുടെ അഥവാ പ്രവർത്തനങ്ങളുടെ സ്വഭാവമാണ് വർത്തമാനകാല ത്തിലെ പ്രവർത്തനങ്ങൾ നിർണ്ണയിക്കുന്നത്. ഇത് ബോധപൂർവ്വമോ അല്ലാതെയോ മനുഷ്യർ നടത്തുന്ന പ്രവർത്തനമാണ്.

**ഭൂതകാലം**

കഴിഞ്ഞുപോയ കാലത്തിനാണല്ലോ ഭൂതകാലമെന്നു പറയുന്ന ത്. വർത്തമാനകാലസംഭവങ്ങൾക്ക് നിയതമായ സ്വഭാവവും രൂപവും അതുവഴി അർത്ഥവുമെല്ലാം പകർന്നു നൽകുന്നത് ഭൂതകാലമാണ്. ശരീ രഭാഷയെ സംബന്ധിച്ചിടത്തോളം അതിന്റെ ഭൂതകാലം കഴിഞ്ഞുപോയ അവസ്ഥയെ അഥവാ സംഭവത്തെ മുൻനിറുത്തിയുള്ള ബോധമാണ്. ബോധനമെന്നാൽ വർത്തമാനകാലത്ത് സംഭവിക്കുന്ന ക്രിയയുടെ ഭൂത കാലത്തെപ്പറ്റിയുള്ള അറിവെന്നാണ് അർത്ഥമാക്കുന്നത്.

ഒരു കള്ളൻ ഇരുളിന്റെ മറവിലിരുന്ന് പലതും പ്രവർത്തിക്കു ന്നു. ഈ പ്രവൃത്തികൾ ഒരു വീട്ടിൽക്കയറി പണവും ആഭരണങ്ങളും മോഷ്ടിക്കാനുള്ള തയ്യാറെടുപ്പാണ്. മോഷണം നടക്കുന്നതോടെ കള്ളൻ നടത്തിവന്ന പ്രവർത്തനങ്ങൾ പൂർത്തിയാകുന്നു. മോഷ്ടാവിനെ പിടി ക്കാനും മോഷണമുതൽ തിരിച്ചുകിട്ടുവാനുമായി വീട്ടുകാർ പോലീസിൽ പരാതിപ്പെടുന്നു. പോലീസ് അന്വേഷണം നടത്തി തൊണ്ടിസഹിതം

കള്ളനെ പിടികൂടുന്നു. കള്ളനെ പിടികൂടുന്നതോടെയാണ് മോഷണ ത്തെപറ്റിയുള്ള സംഭവങ്ങൾ വെളിവാകുന്നത്. ഈ സംഭവങ്ങൾ അഥവ അറിവ് വെളിവാകുന്നത് കള്ളന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട വെളി പ്പെടുത്തലിലൂടെയാണ്. യഥാർത്ഥത്തിൽ മോഷണവും തുടർന്നുള്ള അന്വേഷണവും കഴിഞ്ഞുപോയ സംഭവങ്ങളാണ്. ഇവയ്ക്കുപിന്നിൽ പ്രവർത്തിച്ചവർ അവരുടെ ശരീരംകൊണ്ടാണ് പ്രവർത്തനങ്ങൾ എല്ലാം നടത്തിയത്. യഥാർത്ഥത്തിൽ ഈ പ്രവർത്തനങ്ങളുടെ തുടർച്ചയാണ് നിലവിലുള്ള അവസ്ഥ സൃഷ്ടിച്ചിരിക്കുന്നത്. ഈ അവസ്ഥ വ്യക്ത മായി (നിലവിലുള്ള അവസ്ഥ) മനസിലാക്കണമെങ്കിൽ ഭൂതകാലത്തെ പറ്റിയുള്ള അറിവ് ആവശ്യമാണ്. ഈ പശ്ചാത്തലത്തിലാണ് ഭൂതകാല പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ശരീരഭാഷാബോധനം പ്രസക്തമാ യിത്തീരുന്നത്.

യഥാർത്ഥത്തിലിവിടെ കള്ളൻ, കള്ളന്റെ പ്രവർത്തനങ്ങൾ, പോലീസുകാർ, അവരുടെ പ്രവർത്തനങ്ങൾ, മുതൽ നഷ്ടപ്പെട്ട വീട്ടു കാർ, അവരുടെ പ്രവർത്തനങ്ങൾ തുടങ്ങിയവയെല്ലാം ഓരോ അനു പാതത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇവിടെയെല്ലാം ഈ പ്രവർത്തനവു മായി ബന്ധപ്പെട്ടവരുടെ ശരീരം ആശയസൃഷ്ടി അഥവാ ഭാഷാസൃഷ്ടി നടത്തുന്നുമുണ്ട്. വർത്തമാനകാലത്തിലെ ശരീരഭാഷയെ അല്ലെങ്കിൽ പ്രവർത്തനങ്ങളെ പൂർണ്ണമായ വ്യക്തതയോടെ മനസ്സിലാക്കുവാൻ ഭൂത കാലത്തിലെ പ്രവർത്തനങ്ങൾ അഥവാ ഭാഷാസൃഷ്ടി ആവശ്യമായി മാറുന്നു. വാസ്തവത്തിലിത് ഓർമ്മയും വിശകലനവുമെല്ലാമായി ബന്ധ പ്പെട്ട ബോധനമാണ്.

ശരീരത്തിന്റെ ഭാഷയ്ക്കുമുണ്ട് അതിന്റേതായ ഭൂതകാലം. ഇപ്പോൾ വൃദ്ധനായിരിക്കുന്ന ഒരു വ്യക്തി. ഇദ്ദേഹം കുട്ടിയായിരുന്ന പ്പോൾ തടിച്ചാണിരുന്നത്. യുവാവായിരുന്നപ്പോൾ സുന്ദരനായിരുന്നു. വിവാഹം കഴിച്ചപ്പോൾ മധ്യവയസ് പിന്നിട്ടിരുന്നു. യഥാർത്ഥത്തിൽ ഇതെല്ലാം ശരീരത്തിന്റെ ഭാഷ പ്രായവുമായി ബന്ധപ്പെട്ടു നിൽക്കുന്ന അവസ്ഥയാണ്. പഠനകാലം, പ്രണയകാലം, കായിക വിനോദത്തിൽ ഏർപ്പെട്ടിരുന്ന കാലം, സിനിമയിൽ പ്രവർത്തിച്ചിരുന്നകാലം, കോടതി യിൽ കേസുനടത്തിയിരുന്ന കാലം, മദ്യപിച്ചിരുന്ന കാലം, മതവിശ്വാ സിയായിരുന്ന കാലം, മദിരാശിയിൽ താമസിച്ചിരുന്ന കാലം എന്നെല്ലാം സാഹചര്യാനുസരണം പ്രതിപാദിക്കുമ്പോൾ പ്രവർത്തനരീതിയും കാല വുമെല്ലാം ശരീരത്തിന്റെ ഭാഷയ്ക്ക് സവിശേഷമായൊരവസ്ഥാബോ ധനം കല്പിച്ചുനൽകുന്നുണ്ട്.

**ഭാവികാലം**

നടക്കുവാൻ പോകുന്ന അവസ്ഥയെയാണല്ലോ ഭാവികാലമെന്നു

കല്പിക്കുന്നത്. വർത്തമാനകാലത്തിൽ മനുഷ്യർ നടത്തുന്ന ഏറെ പ്രവർത്തനങ്ങളും ഭാവികാലം മുന്നിൽ കണ്ടുകൊണ്ടാണ്. ഒരു വിദ്യാർത്ഥി പഠിക്കുന്നതും, യുവതിയുവാക്കൾ വിവാഹിതരാകുന്നതും, വീട് പണിയുന്നതും, സമൂഹത്തിലുള്ള പലരുമായി ബന്ധങ്ങൾ സ്ഥാപിക്കുന്നതുമെല്ലാം വർത്തമാനകാലത്തിൽ നടക്കുന്ന പ്രവൃത്തികളായി ഗണിക്കുമ്പോൾത്തന്നെ ഇവയുടെ ഫലപ്രാപ്തി സംഭവിക്കുന്നത് ഭാവികാലത്തിലാണ്. യഥാർത്ഥത്തിൽ ഭാവികാലത്തിലെ ഈ അവസ്ഥകൾക്ക് ആസ്പദമായുള്ളത് ശരീരത്തിന്റെ പ്രവർത്തനങ്ങളാണ്. ഈ പ്രവർത്തനത്തിന്റെ പരിണതഫലമോ തുടർച്ചയോ ആയിട്ടാണ് ഭാവികാലത്തിലെ സംഭവങ്ങൾ ഉണ്ടാകുന്നത്. ബുദ്ധിയും ഭാവനയുമുള്ള മനുഷ്യർ ഭാവികാലത്തെ മുൻകൂട്ടി കാണുന്നു. പ്രവൃത്തിയിൽ അധിഷ്ഠിതമായ അവസ്ഥയെ മുൻനിറുത്തി ഭാവികാലത്തെപ്പറ്റി കല്പിക്കുമ്പോൾ അതിൽ സ്വാഭാവികമായിത്തന്നെ ശരീരത്തിന്റെയും അതിന്റെ പ്രവർത്തനങ്ങളുടെയും സാന്നിദ്ധ്യമുണ്ടായിരിക്കും. ഇതിനെ ഭാവികാലസംബന്ധമായ ശരീരഭാഷാ കല്പനമെന്നു പറയാവുന്നതാണ്.

ഒരു കായികതാരം ഭാവിയിൽ വരാൻ പോകുന്ന മത്സരങ്ങളെയും അതിൽ നിന്നു നേടാൻ കഴിയുന്ന വിജയത്തെയും മുന്നിൽ കണ്ടാണ് വർത്തമാനകാലക്രിയകൾ ക്രമീകരിക്കുന്നത്. ശരീരത്തിന്റെ ഭാഷയ്ക്കും കാലാനുസൃതമാറ്റം സംഭവിക്കും. പ്രായം ഏറിവരുന്നത് ഇതിന്റെ ഭാഗമാണ്. ശരീരസൗന്ദര്യം വർദ്ധിപ്പിക്കുവാൻ വേണ്ടി പ്രവർത്തിക്കുന്നവർ ഭാവികാലത്തിൽ ശരീരത്തെ കൂടുതൽ സുന്ദരവും ആകർഷകവും ആക്കുവാൻവേണ്ടിയാണ് ശ്രമിക്കുന്നത്.

**വർത്തമാനകാലം**

സംഭവങ്ങൾ അഥവാ ക്രിയ നടന്നുകൊണ്ടിരിക്കുന്ന കാലത്തെയാണ് വർത്തമാനകാലമെന്നു പറയുന്നത്. വർത്തമാനകാലത്തിനു പിന്നിലേയ്ക്കുള്ള ഭൂതകാലവും മുന്നിലേയ്ക്കുള്ള ഭാവികാലവും നേരിട്ട് അനുഭവങ്ങൾ അഥവാ ഭാഷ വിനിമയം ചെയ്യുന്നില്ല. ഭൂതകാലം കഴിഞ്ഞുപോയ സംഭവങ്ങളെ അഥവാ ക്രിയയെ മുൻനിറുത്തിയും ഭാവികാലം സാങ്കല്പികമായ കല്പനകളെ മുൻനിറുത്തിയുമാണ് ആശയവിനിമയം നടത്തുന്നതെന്ന് മുമ്പു വ്യക്തമാക്കിയിരുന്നല്ലോ. ഈ പശ്ചാത്തലത്തിലാണ് ശരീരഭാഷയിലെ വർത്തമാനകാലത്തിന്റെ പ്രസക്തി വിശകലനവിധേയമാക്കേണ്ടത്. ശരീരഭാഷ വർത്തമാനകാലത്തിൽ സംഭവിക്കുന്നില്ലെങ്കിൽ ഭൂതഭാവികാലങ്ങൾ പ്രസക്തിയില്ലാത്തതായിത്തീരുന്നു. മനോഭാവം പ്രകടിപ്പിക്കുന്നതിൽ , പ്രതികരണം അവതരിപ്പിക്കുന്നതിൽ, സംഭവങ്ങൾ അവതരിപ്പിക്കുന്നതിൽ, ഒരു സംഭവവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതിൽ എല്ലാം സാന്നിദ്ധ്യമായി നിൽക്കുന്നത്

ശരീരവും അതു സൃഷ്ടിക്കുന്ന ഭാഷകളുമാണ്. ഇവയെല്ലാം വർത്തമാനകാലത്തിൽ സംഭവിക്കുന്നത് ഭൂതകാലത്തിന്റെ തുടർച്ചയായിട്ടാണ്. അതുപോലെ വർത്തമാനകാലത്തിൽ സംഭവിക്കുന്ന പ്രവർത്തനങ്ങൾക്ക് അഥവാ ഭാഷയ്ക്ക് ഭാവികാലത്തെ വിസ്മരിക്കുവാനുമാവില്ല. യഥാർത്ഥത്തിൽ ഈ കാലത്രയങ്ങളുടെ സ്വാധീനവും തുടർച്ചാദൈർഘ്യവും നിർണ്ണയ വിധേയമാക്കുവാൻ കഴിയുന്നതിലെ പ്രധാനഘടകം അവതരിപ്പിക്കുന്ന അഥവാ സംഭവിക്കുന്ന പ്രവർത്തനങ്ങളുടെ അഥവാ ക്രിയയുടെ സ്വഭാവത്തിനും രീതിക്കുമനുസരിച്ച് ശരീരം ബന്ധപ്പെടുന്നതിന്റെ അടിസ്ഥാനത്തിലാണ്.

## അന്തരീക്ഷകല്പനയുടെ പ്രസക്തി

ശരീരഭാഷയെ സംബന്ധിച്ചിടത്തോളം അന്തരീക്ഷ സാന്നിദ്ധ്യത്തിന് ബഹുത്വ സ്വഭാവമാണുള്ളത്. ശരീരഭാഷ അവതരിപ്പിക്കുന്ന സാഹചര്യവുമായി ബന്ധപ്പെട്ട അന്തരീക്ഷം, പശ്ചാത്തലവുമായി ബന്ധപ്പെട്ട അന്തരീക്ഷം , ശരീരഭാഷയുടെ അവതാരകനും അർത്ഥഗ്രാഹകനും പ്രതിനിധീകരിക്കുന്ന അന്തരീക്ഷം എന്നിവയെല്ലാമാണ് പ്രാധാന്യത്തോടെ നിൽക്കുന്നവ. സാഹചര്യാനുസരണം ഇവയുടെ സ്വാധീനാധിഷ്ഠിത പ്രവർത്തനം ഏകകാലികമായി സംഭവിക്കുന്നു എന്നുള്ളതും ശ്രദ്ധേയമായ വസ്തുതയാണ്.

### സാഹചര്യവുമായി ബന്ധപ്പെട്ട അന്തരീക്ഷം

ഓരോ പ്രവൃത്തി അഥവാ ക്രിയ നടക്കുന്നത് സവിശേഷമായ ഓരോ സാഹചര്യത്തിലാണ്. സാഹചര്യം ബോധപൂർവ്വം സൃഷ്ടിക്കുന്നതോ യാദൃച്ഛികമായി സംഭവിക്കുന്നതോ ആവാം. പിരിഞ്ഞു താമസിക്കുന്ന ഭാര്യാഭർത്താക്കന്മാർ തമ്മിൽ ഒരു സുഹൃത്തിന്റെ സാന്നിദ്ധ്യത്തിൽ ഒന്നാകുന്നതിന് പരസ്പരം സംസാരിക്കാമെന്നു നിശ്ചയിക്കുന്നു. നിശ്ചയിച്ചിരുന്ന സമയത്തും സ്ഥലത്തും വച്ച് അവർ സംസാരിക്കുകയും കലഹങ്ങൾ ക്ഷമിച്ച് ഒന്നാകുകയും ചെയ്തു. ഈ സംഭവം മുൻ നിശ്ചയപ്രകാരം സൃഷ്ടിച്ച അന്തരീക്ഷത്തിലാണ് സംഭവിച്ചത്. രണ്ട് സുഹൃത്തുക്കൾ തമ്മിൽ തിരക്കുള്ള ഒരു റെയിൽവേ സ്റ്റേഷനിൽവച്ച് യാത്രയ്ക്കിടയിൽ യാദൃച്ഛികമായി കണ്ടുമുട്ടുന്നു. ഇവരുടെ കണ്ടുമുട്ടലിന് കാരണമായ സാഹചര്യാന്തരീക്ഷം യാദൃച്ഛികമാണ്. യഥാർത്ഥത്തിലിവിടെ സാഹചര്യങ്ങളാണ് അന്തരീക്ഷസൃഷ്ടി നിർവ്വഹിച്ചിരിക്കുന്നത്. സാഹചര്യാനുസരണമുള്ള ഈ അന്തരീക്ഷത്തിന്റെ സ്വാധീനത്തിൽ നിന്നായിരിക്കാം വ്യക്തികൾ പെരുമാറുന്നതും പ്രവർത്തിക്കുന്നതും. സ്വാഭാവികമായിത്തന്നെ അത് അവരുടെ ശരീരഭാഷകളെ സ്വാധീനിക്കുന്നുണ്ട്. ഭാര്യയും ഭർത്താവും മുൻനിശ്ചയപ്രകാരം സംസാരിക്കുമ്പോൾ എന്തു സംസാരിക്കണം, എങ്ങനെ സംസാരിക്കണം, പ്രതികരണങ്ങൾ എങ്ങനെ ആയിരി

ക്കണം എന്നെല്ലാമുള്ള ഒരു മുൻനിശ്ചയം ആശയവിനിമയത്തിൽ സ്വാധീനമായി നിൽക്കുന്നു. സുഹൃത്തുക്കളുടെ യാദൃശ്ചികമായ കണ്ടുമുട്ടലിന് മുൻനിശ്ചയങ്ങളൊന്നുമില്ല. യാദൃച്ഛികത പ്രദാനം ചെയ്യുന്ന ആശ്ചര്യമോ സന്തോഷമോ എല്ലാമാണ് ആശയവിനിമയത്തിൽ പ്രതിഫലിച്ചുനിൽക്കുന്നത്. യഥാർത്ഥത്തിൽ ഇതെല്ലാം സാഹചര്യവുമായി ബന്ധപ്പെട്ട അന്തരീക്ഷമാണ്.

**പശ്ചാത്തലവുമായി ബന്ധപ്പെട്ട അന്തരീക്ഷം**

പ്രവൃത്തി അഥവ ക്രിയ നടക്കുന്ന സ്ഥലം ആശയവിനിമയം നടത്തുന്ന വ്യക്തികളെയും അവരുടെ ആശയപ്രകാശനരീതിയേയും പലവിധത്തിൽ സ്വാധീനിക്കുന്നു. ഈ സ്വാധീനത്തിന്റെ തോത് ആശയവിനിമയത്തിന് സവിശേഷമായ ഒരന്തരീക്ഷം പ്രദാനം ചെയ്യുന്നു. പ്രവൃത്തി അഥവാ ക്രിയ നടക്കുന്ന സ്ഥലം മുൻനിശ്ചയപ്രകാരം തിരഞ്ഞെടുത്തതോ സ്വഭാവികമായി ഭവിക്കുന്നതോ ആകാം. മുമ്പു സൂചിപ്പിച്ച ഉദാഹരണംതന്നെ ഇവിടെയും മാതൃകയായി എടുക്കാം. പിരിഞ്ഞു താമസിക്കുന്ന ഭാര്യാഭർത്താക്കന്മാർ സംഗമത്തിനായി സുഹൃത്തിന്റെ സാന്നിദ്ധ്യത്തിൽ തിരഞ്ഞെടുത്ത സ്ഥലമാണ് പശ്ചാത്തലം. ഇത് സുഹൃത്തിന്റെ വീടാകാം, പാർക്കാവാം, റസ്റ്റോറന്റാവാം, പ്രകൃതിരമണീയമായ ഏതെങ്കിലും പ്രദേശമാകാം. തിരഞ്ഞെടുക്കുന്ന പശ്ചാത്തലത്തിന്റെ സവിശേഷതകൾ അവിടെയെത്തുന്നവരെ സ്വാധീനിക്കുന്നു. സ്ഥലസൗകര്യങ്ങൾക്കനുസരിച്ചായിരിക്കും അവർ ആശയവിനിമയത്തിനായി നിൽക്കുകയോ ഇരിക്കുകയോ നടക്കുകയോ ചെയ്യുന്നത്. സ്ഥലം കാണുമ്പോൾത്തന്നെ അതിനെ പറ്റിയുള്ള കുറെയധികം ധാരണ അവിടെയെത്തുന്നവരിലേയ്ക്ക് സംക്രമിച്ചെത്തുക സാധാരണമാണ്. അതുപോലെ പശ്ചാത്തലം ശാന്തമാങ്കിൽ നിശ്ശബ്ദത സാന്നിദ്ധ്യമായി നിൽക്കുന്നു. രണ്ട് സുഹൃത്തുക്കൾ തമ്മിൽ തിരക്കുള്ള റെയിൽവേ സ്റ്റേഷനിൽവച്ച് കണ്ടുമുട്ടുന്നത് യാദൃച്ഛികമായാണ്. ഇവിടെ പശ്ചാത്തലം സാഹചര്യാനുസരണം സ്വാഭാവികമായി സംഭവിക്കുന്നതാണ്. റെയിൽവേസ്റ്റേഷനിലെ തിരക്കുള്ള അന്തരീക്ഷമാണ് ഇവിടെ പശ്ചാത്തലമായിത്തീരുന്നത്. യഥാർത്ഥത്തിലിത് കണ്ടുമുട്ടൽ എന്ന ക്രിയ നടക്കുന്ന പശ്ചാത്തലമാണ്. ഈ പശ്ചാത്തലത്തിന്റെ സ്വാധീനം അവരുടെ ആശയവിനിമയത്തെ കാര്യമായിത്തന്നെ സ്വാധീനിക്കുന്നു. തിരക്കുകളുടെ അസ്വസ്ഥതയും ശബ്ദത്തിന്റെ കലപിലാ ശബ്ദവുമെല്ലാം പശ്ചാത്തല സാന്നിദ്ധ്യമായിട്ടുണ്ട്. ഇതിനെ അറിഞ്ഞുകൊണ്ടും തിരസ്കരിച്ചുകൊണ്ടുമെല്ലാമാണ് അവരുടെ ആശയവിനിമയം .

**അവതാരകനും അർത്ഥഗ്രാഹകനും പ്രതിനിധീകരിക്കുന്ന അന്തരീക്ഷം**

ഈ അന്തരീക്ഷം സൃഷ്ടിക്കുന്ന പശ്ചാത്തലത്തിന് വൈയക്തികസ്വഭാവവും സാമൂഹ്യസ്വഭാവവും അവസ്ഥാവിശേഷവുമുണ്ട്. ആശ

യവിനിമയത്തിൽ ഈ പശ്ചാത്തലത്തിന്റെ സ്വാധീനം നിഷേധിക്കാനാവാത്ത സ്വാധീനമാണു ചെലുത്തുന്നത്. ആശയവിനിമയം നടത്തുന്ന വ്യക്തിയെ സംബന്ധിച്ച പശ്ചാത്തലമാണ് വൈയക്തിക സ്വഭാവത്തിന് ആസ്പദം. ലിംഗം, പ്രായം, സംസ്കാരം, വിദ്യാഭ്യാസം, മനോഭാവം തുടങ്ങിയവയെല്ലാം വൈയക്തിക സ്വഭാവത്തിന്റെ ഭാഗമാണ്. സാമൂഹ്യമായ അന്തരീക്ഷവും, നിയമസങ്കല്പവും സദാചാരവിശ്വാസവുമെല്ലാമാണ് ഒരാളുടെ സാമൂഹ്യസ്വഭാവം രൂപപ്പെടുത്തുന്ന പ്രധാന ഘടകങ്ങൾ. ഒരു വ്യക്തി ഇതര വ്യക്തികളോട് പെരുമാറുന്നതും ആശയവിനിമയം നടത്തുന്നതുമെല്ലാം സാമൂഹ്യമായ സ്വഭാവപശ്ചാത്തലത്തിന്റെ അന്തരീക്ഷത്തിലാണ്. ആശയവിനിമയം നടത്തുമ്പോഴും സ്വീകരിക്കുമ്പോഴുമുള്ള സവിശേഷമായ അന്തരീക്ഷവും മനോഭാവവുമാണ് അവസ്ഥാവിശേഷം സൃഷ്ടിക്കുന്നത്. സാമാന്യമായ ഉദാഹരണത്തിലൂടെ അവസ്ഥാവിശേഷം എന്തെന്നു വ്യക്തമാക്കാം. രണ്ട് സുഹൃത്തുക്കൾ തമ്മിൽ റെയിൽവേ സ്റ്റേഷനിൽവച്ചു കാണുന്നു. ഇതിലൊരാൾ ഒഴിവുകാലം ആസ്വദിക്കാനായി നഗരത്തിലെത്തിയതാണ്. ഒരു യുവാവിനോടൊപ്പം ഹോട്ടലിൽ നിന്നും പിടിച്ച മകളെ ആരുമറിയാതെ മോചിപ്പിക്കുവാനാണ് അടുത്തയാൾ നഗരത്തിലെത്തിയത്. ഭിന്നമനസോടെ എത്തിയ ഇവർ തമ്മിലുള്ള ആശയവിനിമയം അവരുടെ മനോഭാവത്തിനനുസരിച്ചുള്ള അവസ്ഥാവിശേഷത്തിന്റെ പശ്ചാത്തലത്തിലായിരിക്കും. ഒരാൾ സന്തോഷവാനും അടുത്ത ആൾ അസ്വസ്ഥനുമായിരിക്കും. സന്തോഷവാൻ സുഹൃത്തിനെ ഒപ്പം കിട്ടുവാൻ ആഗ്രഹിക്കുമ്പോൾ അസ്വസ്ഥൻ സുഹൃത്തിനെ ഒഴിവാക്കാനായിരിക്കും ശ്രമിക്കുന്നത്.

## ഘടനയും അന്തരീക്ഷവും

സാഹചര്യാനുസരണമുള്ള ശരീരഭാഷയുടെ ഘടന അതിന്റെ സ്വഭാവം നിർണ്ണയിക്കുന്നതിൽ പ്രസക്തമാണ്. ഘടനയെന്ന പദത്തിന് ചേർക്കൽ, സംഭവം എന്നെല്ലാമാണല്ലൊ സാമാന്യമായ അർത്ഥകല്പനകൾ. ശരീരഭാഷയുടെ ഘടനയെന്നു പറഞ്ഞാൽ ശരീരവും ഭാഷയും സാഹചര്യാനുസരണം ചേരുമ്പോൾ സംഭവിക്കുന്ന അർത്ഥസൃഷ്ടിയുടെ അവസ്ഥയാണ്. ഇവിടെ സാഹചര്യാനുസരണം ഭാഷയവതരിപ്പിക്കുന്ന ശരീരമാണ് അതിന്റെ ഘടന നിർണ്ണയിക്കുന്നത്. അന്തരീക്ഷകല്പനകളുടെ പ്രസക്തിയെപറ്റി മുമ്പ് വ്യക്തമാക്കിയിരുന്നല്ലൊ. അന്തരീക്ഷത്തിന്റെ കൂടി സ്വാധീനം ഒരനുപാതത്തിലല്ലെങ്കിൽ ഇനിയൊരനുപാതത്തിൽ ഘടനയുടെ സ്വഭാവം നിർണ്ണയിക്കുന്നതിന്റെ ഭാഗമായി നിൽക്കുന്നു. ശരീരം എന്തെല്ലാം ആശയങ്ങളാണ് സാഹചര്യാനുസരണം വിനിമയം ചെയ്യുന്നതെന്നുള്ള അറിവ് അതിന്റെ സ്വഭാവം നിർണ്ണയിക്കുന്നതിൽ പ്രസക്തമാണ്. ബോധപൂർവ്വവും അബോധപൂർവ്വവുമായി ശരീരം ഭാഷ വിനിമയം ചെയ്യുന്നുണ്ട്. അബോധപൂർവ്വമായി ഭാഷ വിനിമയം ചെയ്യുമ്പോൾ അർത്ഥഗ്രാഹകൻ ശരീരത്തിന്റെ ചല

നാദി പ്രവർത്തനങ്ങൾ നിരീക്ഷിച്ച് അർത്ഥഗ്രഹണം നിർവ്വഹിക്കുക യാണ്. ശരീരഭാഷയുടെ അവതാരകൻ അയാൾ വിനിമയം ചെയ്യു ന്നതോ സൃഷ്ടിക്കുന്നതോ ആയ ആശയങ്ങളെപറ്റി ബോധവാനേയ ല്ല. ബോധപൂർവ്വം ആശയവിനിമയം നിർവ്വഹിക്കുമ്പോൾ ശരീരംകൊണ്ട് പ്രകടിപ്പിക്കുന്ന ആശയങ്ങളെപറ്റിയും അർത്ഥഗ്രാഹകനെപറ്റിയും പൂർണ്ണമായിത്തന്നെ അറിയുന്നു.

അബോധപൂർവ്വമായോ ബുദ്ധിയുടെയും യുക്തിയുടെയും കടി ഞ്ഞാണില്ലാതെയോ ശരീരഭാഷ അവതരിപ്പിക്കുന്ന സമയങ്ങൾ പല താണ്. മനസിൽ നടക്കുന്ന സംഘർഷങ്ങൾ, പ്രതിഷേധങ്ങൾ, ചിന്താ രീതികൾ, ദൈന്യാവസ്ഥ തുടങ്ങിയവയെല്ലാമാണ് ശരീരത്തിന്റെ ചല നാദിപ്രവർത്തങ്ങളിലൂടെയും ഭാവപ്രകടനത്തിലൂടെയും വിനിമയം ചെയ്യുന്നത്.

തിരക്കുള്ള നഗരത്തിലൂടെ പോകുമ്പോഴും മറ്റാരും തന്നെ ശ്രദ്ധി ക്കുന്നില്ലെന്നും തോന്നുമ്പോഴും ചെയ്യുന്ന ശരീരത്തിന്റെ ചലനാദിചേ ഷ്ടാപ്രവർത്തനങ്ങൾ സവിശേഷമായ രീതിയിലായിരിക്കും. അശ്രദ്ധ മായ നടപ്പും, പെരുമാറ്റവും നോട്ടവുമെല്ലാം ഈ സന്ദർഭത്തിൽ സ്വഭാ വികമായിത്തന്നെ നടത്തുന്നു. യുവതീയുവാക്കളും മനസ്സിൽ കാല്പ നികതയുള്ളവരുമാണെങ്കിൽ എതിർലിംഗത്തിൽപെട്ടവരെ നോക്കുന്ന തിലും ശ്രദ്ധിക്കുന്നതിലും ഒരു മിതത്വമില്ലായ്മ സാധാരണമായിത്തന്നെ പ്രകടമാണ്.

ബോധപൂർവ്വം ശരീരഭാഷ വിനിമയം ചെയ്യുന്നതിന്റെ ലക്ഷ്യം ആശയപ്രകാശനമാണല്ലോ. എന്താശയം , ഏതനുപാതത്തിൽ വിനി മയം ചെയ്യുന്നു എന്നുള്ളത് ശരീരഭാഷയുടെ സ്വഭാവത്തെ സംബന്ധിച്ച് പ്രസക്തമായ വസ്തുതയാണ്. ഇതരമനുഷ്യരുമായി ബന്ധം സ്ഥാപി ക്കുവാൻ, മനോഭാവം പ്രകടിപ്പിക്കുവാൻ, പ്രതികരണങ്ങൾ അറിയിക്കു വാൻ എല്ലാം ശരീരഭാഷ വിനിയോഗിക്കുന്നു. അല്പംകൂടി സൂഷ്മ ത്തിലേയ്ക്കുചെന്നു നിരീക്ഷിച്ചാൽ രസിപ്പിക്കാൻ, അറിവ് പകർന്നു കൊടുക്കുവാൻ, പ്രലോഭിപ്പിക്കുവാൻ, പീഢിപ്പിക്കുവാൻ എല്ലാം സാഹ ചര്യാനുസരണം ഓരോ രീതിയിൽ ശരീരഭാഷ വിനിയോഗിക്കുന്നു. ഇങ്ങനെയെല്ലാം സാഹചര്യാനുസരണം ഓരോ രീതിയിൽ ഭാഷകൾ അവതരിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ ശരീരത്തിന്റെ ഘടനയ്ക്കും മാറ്റം സംഭവിക്കുന്നു. ശരീരത്തിന്റെ ഈ മാറ്റം ആശയപ്രകാശനവുമായി ബന്ധപ്പെട്ട സ്വഭാവത്തിൽ/ഘടനയിൽ അധിഷ്ഠിതമാണ്.

പെരുമാറ്റം, പ്രവർത്തനങ്ങൾ, അംഗചലനങ്ങൾ, ഭാവപ്രകടന ങ്ങൾ തുടങ്ങിയവയിലൂടെയെല്ലാമാണല്ലോ സാഹചര്യാനുസരണം ആശ യപ്രകാശനം നടക്കുന്നത്. ഈ പശ്ചാത്തലത്തിൽ ശരീരത്തിന്റെ നിയ തമായ ഭാഷയ്ക്കൊപ്പം അവസ്ഥയ്ക്കും ഭാഷാസൃഷ്ടിയിൽ പ്രസക്തി

ഏറെയാണ്. സ്ത്രീയുടെ , പുരുഷന്റെ, കുട്ടിയുടെ, യുവാവിന്റെ , മധ്യ വയസ്കരുടെ, വൃദ്ധരുടെ, ഹിന്ദുവിന്റെ, മുസൽമാന്റെ, നസ്രാണിയുടെ, പാഴ്സിയുടെ, രാഷ്ട്രീയക്കാരന്റെ, ഭിക്ഷക്കാരന്റെ, കള്ളന്റെ, സന്യാസിയുടെ, ലൈംഗികത്തൊഴിലാളിയുടെ, ലൈംഗികവിരോധിയുടെ, എല്ലാം പെരുമാറ്റങ്ങൾ, പ്രവർത്തനങ്ങൾ, അംഗചലനങ്ങൾ, ഭാവപ്രകടനങ്ങൾ തുടങ്ങിയവ സാഹചര്യാനുസരണം ഭിന്നമായിരിക്കും. ശരീരഭാഷയുടെ ഘടനയെപറ്റി ചിന്തിക്കുമ്പോൾ സവിശേഷമായ ഈ അവസ്ഥകൂടി പരിഗണനാവിധേയമാക്കി എടുക്കേണ്ടതുണ്ട്.

## അധികാരം, ആക്രമണം, ലൈംഗികത

അധികാരം, ആക്രമണം, ലൈംഗികത എന്നീ അവസ്ഥകൾ മനുഷ്യജീവിതത്തെ അഗാധമായി സ്വാധീനിക്കുന്നവയാണ്. സാഹചര്യാനുസരണം ഇവ പ്രവർത്തിക്കുന്നു. ഇവയുടെ ഫലം അനുഭവിക്കുന്നതും ശരീരമാണ്. മറ്റുള്ളവരുടെ അധികാരം, ആക്രമണം, ലൈംഗികത തുടങ്ങിയവ കാണുവാനും അറിയുവാനും ഇടയാകുന്നതും സാധാരണമാണ്. ഇവയ്ക്ക് മനോഭാവങ്ങളെ രൂപപ്പെടുത്തുന്നതിൽ നിർണ്ണായക സ്ഥാനമാണുള്ളത്. അധികാരം, ആക്രമണം, ലൈംഗികത എന്നിവയുടെ പ്രവർത്തനങ്ങൾക്ക് മാനവരാശിയുടെ ഉത്ഭവത്തോളംതന്നെ പഴക്കമുണ്ട്. കാലാനുസൃതമായി ഇവയുടെ സ്വഭാവവും പ്രവർത്തനവും ഓരോ രീതിയിൽ നടന്നുവരുന്നു. ശരീരം ഏത് അന്തരീക്ഷത്തിൽ ,ഏതനുപാതത്തിൽ ഇവ പ്രകടിപ്പിച്ചു എന്നതിന്റെയും ആരോട്, എങ്ങനെ പ്രകടിപ്പിച്ചു എന്നതിന്റെയും അടിസ്ഥാനത്തിലാണ് അർത്ഥസൃഷ്ടി നടക്കുന്നത്.

ശരീരം സൃഷ്ടിക്കുന്ന ഭാഷകളെപറ്റി വിലയിരുത്തുന്നവർ എല്ലാം തന്നെ അധികാരം, ആക്രമണം, ലൈംഗികത എന്നിവയെപറ്റി വ്യക്തമായി പ്രതിപാദിക്കാറുണ്ട്. കാരണം മനുഷ്യന്റെ സവിശേഷവാസനകൾ ഇവയിൽ അധിഷ്ഠിതമായാണ് പ്രവർത്തിക്കുന്നത്. അധികാരം സമൂഹത്തിലെ സ്ഥാനനിർണ്ണയവും ധനാർജനവുമെല്ലാമായി ബന്ധപ്പെട്ടതാണെങ്കിൽ ആക്രമണം നിലനിൽപിന്റെയും പിടിച്ചുനിൽപിന്റെയും ഭാഗമാണ്. ലൈംഗികത അനിവാര്യമായ മാനുഷ്യകകർമ്മത്തിന്റെ സുഖവും ശാന്തതയും പ്രദാനം ചെയ്യുന്ന ശാരീരികശക്തിയുടെ ഭാഗമാണ്. ഇവയിൽ ശരീരം നേരിട്ട് ഇടപെടുകയും ശരീരത്തിന്റെ ഭാഷയ്ക്കും സ്വഭാവത്തിനും മനോഭാവത്തിനുമനുസരിച്ച് ഭാഷകൾ സൃഷ്ടിക്കുകയും ചെയ്യുന്നു.

### അധികാരം

ഏറെ ആർത്ഥിക വിസ്തൃതിയുള്ള പദമാണ് അധികാരം. രാഷ്ട്രത്തിന്റെ അധികാരം, പണത്തിന്റെ അധികാരം, ശാസ്ത്രത്തിന്റെ അധികാരം, കുലത്തിന്റെ അധികാരം, മതത്തിന്റെ അധികാരം, ഭാഷയുടെ

അധികാരം, കരുത്തിന്റെ അധികാരം, നിറത്തിന്റെ അധികാരം, സ്ഥാന ത്തിന്റെ അധികാരം ഇങ്ങനെ അധികാരത്തിന്റെ മേഖലകൾ വിപുലവും വിസ്തൃതവുമാണ്. വൈയക്തികവും സാമൂഹ്യവുമായ ഘടകങ്ങൾ പല അനുപാതത്തിൽ അധികാരത്തെ സ്വാധീനിക്കാറുണ്ട്. മനുഷ്യനു മേൽ മനുഷ്യൻ സ്ഥാപിക്കുന്ന അധികാരമെന്നു പറയുമ്പോൾ അത് ബൗദ്ധികമാകാം, ശരീരികമാകാം, പ്രവർത്തനാധിഷ്ഠിതമാകാം, ആചാ രാധിഷ്ഠിതമാകാം. എന്തുതന്നെ ആയാലും അധികാരം ചെലുത്തുന്ന ശരീരം ആശയത്തിന്റെ അവതരണ വിനിമയങ്ങളാണ് നടത്തുന്നത്. അധികാരം അനുഭവിക്കുന്ന ശരീരത്തിന്റെ പരിണതഫലം അഥവാ അർത്ഥഗ്രഹണമാണ് നിർവഹിക്കുന്നത്.

വ്യക്തമായ പ്രവർത്തനങ്ങളിലൂടെയാണ് ശരീരം അതിന്റെ അധി കാരം സ്ഥാപിക്കുന്നത്. ഭരണാധികാരി നിയമങ്ങളിലൂടെ അധികാരം സ്ഥാപിക്കുന്നത് സാധാരണമാണ്. അധികാരം കൂടുതലുള്ളവരെ ഇതര മനുഷ്യർ അഥവാ ആൾക്കൂട്ടങ്ങൾ ശ്രദ്ധിക്കുക സാധാരണമാണ്. ഭര ണാധികാരികൾ വരുമ്പോൾ ജനങ്ങൾ കൂടുന്നത് ഇതിനുദാഹരണമാണ്. നേതാക്കൾക്കു പിന്നിൽ ജനം അണിനിരക്കുന്നതിന് ആധാരമായ ഘടകം അവരുടെ അധികാര വിസ്തൃതിയാണ്. ഇതിന് സാഹചര്യാനുസരണം പ്രവർത്തനങ്ങളുടെയോ പ്രത്യയശാസ്ത്രങ്ങളുടെയോ പിന്തുണയുണ്ടാകും. പോലീസിനെ സാധാരണ ജനം അനുസരിക്കുന്നതിന് ആധാരമായ പ്രഥമ ഘടകം അവരുടെ അധികാരമാണ്. ഇത് നിയമം നടപ്പാക്കാൻ സമൂഹം അംഗീകരിച്ചു നൽകിയ സ്ഥാനമാണ്. അധികാരത്തിന്റെ സ്ഥാനനിർണ്ണ യമായി പോലീസ് വസ്ത്രധാരണവും അതിലെ ചിഹ്നങ്ങളും ഉപയോഗി ക്കുന്നു. അധികാരികൾ നിയതമായ പ്രവർത്തനങ്ങളിലൂടെയാണ് അവ രുടെ അധികാരം പ്രകടിപ്പിക്കുന്നത്. ഈ പ്രവർത്തനം ശരീരത്തിന്റെ അർത്ഥോൽപാദനവുമായി ബന്ധപ്പെട്ടതാണ്.

ഒന്നിലധികം മനുഷ്യർകൂടുന്ന എല്ലാ മേഖലകളിലും അധികാ രത്തിന്റെ സാന്നിദ്ധ്യം ഓരോ രീതിയിൽ ദർശിക്കുവാൻ കഴിയും. സ്ത്രീകളെ അപേക്ഷിച്ച് പുരുഷന്മാരാണ് അധികാരം പ്രകടിപ്പിക്കു വാനും നേടുവാനും കൂടുതലായി ഇഷ്ടപ്പെടുന്നത്. അതുകൊണ്ടാണ് ഏറെ ലോക രാഷ്ട്രങ്ങളുടെയും തലപ്പത്തിരിക്കുന്നവർ പുരുഷന്മാരാ യിരിക്കുന്നത്. ഓരോ മത്സരങ്ങളിൽ ഏർപ്പെടുകയും അതിൽ വിജയി ക്കുകയും ചെയ്യുന്നവർ സവിശേഷമായ അധികാരമാണ് പ്രദർശിപ്പി ക്കുന്നത്. ഒളിമ്പിക്സുകൾ പോലുള്ള മത്സര മാമാങ്കങ്ങൾ സൗഹൃദ ത്തിനും ആനന്ദത്തിനുമൊപ്പം ഇനിയൊരനുപാതത്തിൽ അധികാരസൃ ഷ്ടിയുടെയും കൂടി ഭാഗമാണ്. വിജയിക്കുന്നവർ തോൽക്കുന്നവർക്കു മേൽ ആധിപത്യം പുലർത്തുന്നു. പണസമ്പാദനം, പ്രശസ്തി, ബഹു മതികൾ തുടങ്ങിയവയെല്ലാം കാലികമായ സാമൂഹ്യാവസ്ഥയിൽ അധി

കാരപ്രകടനത്തിന്റെ ഓരോ മേഖലകളാണ്. യഥാർത്ഥത്തിൽ ഇവയ്ക്കനുസരിച്ച് വ്യക്തികളുടെ ശരീരവും പ്രവർത്തനവും സമന്വയിച്ച് പ്രവർത്തിക്കുമ്പോൾ അധികാരത്തിന്റെ ഭാഷ രൂപപ്പെടുകയാണ്.

നമ്മൾ ഇന്നു ജീവിക്കുന്ന കാലം ബൗദ്ധിക അധികാരത്തിൽ അധിഷ്ഠിതമാണ്. വ്യക്തി, സമൂഹം, രാഷ്ട്രം തുടങ്ങിയവയെല്ലാം ബുദ്ധിയിൽ അധിഷ്ഠിതമായാണ് നിലനിൽക്കുന്നതും പ്രവർത്തിക്കുന്നതും. വ്യക്തി വ്യക്തികൾക്കുമേലും സമൂഹം സമൂഹങ്ങൾക്കുമേലും രാഷ്ട്രം രാഷ്ട്രങ്ങൾക്കുമേലും ആധിപത്യം പുലർത്തുന്നത് ബൗദ്ധികസാന്നിദ്ധ്യമുള്ള തന്ത്രാധിഷ്ഠിതമായ പ്രവർത്തനങ്ങളിലൂടെയാണ്. ബൗദ്ധിക സാന്നിദ്ധ്യമുള്ള അധികാരത്തിന്റെ ശരീരഭാഷ പ്രചരിപ്പിക്കുന്നതിൽ ദൃശ്യമാധ്യമങ്ങൾക്കുള്ള സ്ഥാനം നിർണ്ണായകമാണ്. ഇന്റർനെറ്റുപോലുള്ള മാധ്യമങ്ങൾ ബൗദ്ധിക അധികാരം വ്യാപിപ്പിക്കുന്ന കാലികമായ ഇലക്ട്രോണിക്സ് സങ്കേതങ്ങളാണ്.

**ആക്രമണം**

വ്യക്തികൾ വ്യക്തികളെ ആക്രമിക്കുന്നതും, സമൂഹങ്ങൾ സമൂഹങ്ങളെ ആക്രമിക്കുന്നതും രാഷ്ട്രങ്ങൾ രാഷ്ട്രങ്ങളെ ആക്രമിക്കുന്നതും സാമൂഹ്യവ്യവസ്ഥയുടെ സവിശേഷതകളായാണ് ഏറെയും വിലയിരുത്തപ്പെടുന്നത്. അടിസ്ഥാനപരമായി ഈ ആക്രമണങ്ങളിലെല്ലാം മനുഷ്യനിലെ സവിശേഷമായൊരു വാസനയുടെ പ്രതിഫലനമാണുള്ളത്. മറ്റുള്ളവർക്കുമേൽ ആധിപത്യം പുലർത്തുകയും അവരെക്കൊണ്ട് തന്റെ ന്യായങ്ങൾ അംഗീകരിപ്പിക്കുകയും ചെയ്യുകയെന്ന വാസന. ആക്രമണത്തിന് സാഹചര്യാനുസരണം പല രീതികളും സ്വഭാവങ്ങളുമാണുള്ളത്. രാഷ്ട്രങ്ങൾ രാഷ്ട്രങ്ങളുമായി നടത്തുന്ന ആക്രമണം. ഇതിനുതന്നെ യുദ്ധമുറകളിലൂടെയുള്ള ആക്രമണം, സാമ്പത്തികാക്രമണം, സംസ്കാരം നശിപ്പിക്കുന്ന ആക്രമണം എന്നെല്ലാമുള്ള രീതികളാണുള്ളത്.

ആക്രമണത്തിന്റെ സാമാന്യസ്വഭാവം മനസിലാക്കാൻ വ്യക്തികൾ വ്യക്തികളെ എങ്ങനെയെല്ലാം ആക്രമിക്കുന്നു എന്ന് വിശകലനം ചെയ്യാം. മാനസികം, ബൗദ്ധികം, ശാരീരികം എന്ന് ശരീരാവസ്ഥയുമായി ബന്ധപ്പെട്ട ആക്രമണങ്ങളെ പ്രാഥമികമായി നിർണ്ണയിക്കാം. ഒരു വ്യക്തിയെ മാനസികമായി തകർക്കുവാനോ, ഉത്തേജിപ്പിക്കുവാനോ വേണ്ടിനടത്തുന്ന പ്രവർത്തനങ്ങളാണ് മാനസികമായ ആക്രമണത്തിന് ആധാരം. ബുദ്ധിയും യുക്തിയുമുപയോഗിച്ച് സാഹചര്യാനുസരണം നടത്തുന്ന ആക്രമണത്തെയാണ് ബൗദ്ധികാക്രമണമെന്നു പറയുന്നത്. വ്യക്തിയെ ശാരീരികമായി ആക്രമിക്കുന്ന രീതികളെല്ലാം ശാരീരികാക്രമത്തിൽപെടുന്നു. ഇവിടെയെല്ലാം ആക്രമണരീതിയും സാഹചര്യവും

അർത്ഥോൽപാദനത്തെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്.

ഒരാൾ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഇടയിൽ കയറി സംസാരിച്ച് അയാളെ നിശബ്ദനാക്കുന്നത് ആക്രമണത്തിന്റെ ഭാഷണ വുമായി ബന്ധപ്പെട്ട ഒരു രീതിയാണ്. ഒരാൾ അവതരിപ്പിക്കുന്ന വാദമു ഖങ്ങളെ യുക്തിപൂർവ്വം ഖണ്ഡിച്ച് ആക്രമിക്കുന്നതിൽ ബുദ്ധിയുടെയും യുക്തിയുടെയും സാന്നിദ്ധ്യങ്ങളാണുള്ളത്. ഒരാളെ പ്രലോഭിപ്പിച്ച് കാര്യ ങ്ങൾ സാധിക്കുന്നത് ആക്രമണത്തിലെ തന്നെ ചതിയുടെ മുഖമാണ് വ്യക്തമാക്കുന്നത്. എന്നാൽ ഭീഷണിപ്പെടുത്തിയും അധികാരം ചെലു ത്തിയുമുള്ള ആക്രമണം ശക്തിയുടെ സ്വഭാവമാണ് പ്രകടമാക്കുന്നത്. സ്ത്രീ പുരുഷനെ ആക്രമിക്കുന്നതും പുരുഷൻ സ്ത്രീയെ ആക്രമിക്കു ന്നതും കാലിക സമൂഹത്തിൽ സാധാരണ ദർശിക്കുവാൻ കഴിയുന്ന സംഭ വങ്ങളാണ്. ഈ ആക്രമണങ്ങൾ പണത്തിനുവേണ്ടിയോ അധികാര ത്തിനുവേണ്ടിയോ ലൈംഗികതയ്ക്കുവേണ്ടിയോ ആകാവുന്നതാണ്. വ്യക്തികളുടെ സ്വഭാവം , ആക്രമണത്തിന്റെ രീതി, സന്ദർഭം തുടങ്ങി യവ അർത്ഥസൃഷ്ടി നടത്തുന്നതിൽ പ്രസക്തമായ ഘടകങ്ങളാണ്.

**ലൈംഗികത**

എല്ലാ മനുഷ്യരും ലൈംഗിക വികാരത്തോടു കൂടിയവരാണ്. ലിംഗവ്യത്യാസവും പ്രായവ്യത്യാസവും വ്യക്തികളുടെ ലൈംഗിക മനോ ഭാവത്തെ ബാധിക്കുന്ന ഘടകങ്ങളാണ്. എന്നാൽ ഇതിന്റെ തോത് ശാസ്ത്രീയമായ ഒരു നിർണ്ണയത്തിനു വിധേയമല്ല. ശരിയായ ലൈംഗിക ചിന്തകളും പ്രവൃത്തികളും മാനസികാരോഗ്യത്തിന്റെ കൂടി പ്രതിഫല നമാണ്. സമൂഹത്തിന്റെ നിയമങ്ങൾ ലൈംഗികതയ്ക്ക് നിയന്ത്രണം അഥവാ സദാചാരരേഖ കല്പിച്ചിട്ടുണ്ട്. വ്യക്തികളുടെ പ്രവർത്തന ങ്ങളെ നിയന്ത്രിക്കുന്നതിനും നിശ്ചയിക്കുന്നതിനും അവരുടെ ലൈംഗിക സങ്കല്പത്തോടുള്ള മനോഭാവത്തിന് നിർണ്ണായക സ്ഥാനമാണുള്ളത്.

ലൈംഗികത മനുഷ്യന്റെ ശക്തിയുടെ , സൗന്ദര്യത്തിന്റെ, നില നിൽപിന്റെയെല്ലാം മേഖലകളെ ആഴത്തിൽ സ്വാധീനിക്കുന്നു. മാന സികമായും ശാരീരികമായും ആരോഗ്യമുള്ള വ്യക്തികൾ നിയതമായ ലൈംഗിക പ്രവർത്തനത്തിന്റെയും സങ്കല്പത്തിന്റെയും വാഹകരായി രിക്കും. സൗന്ദര്യം ആസ്വദിക്കാനുള്ളതാണ്. കലയിൽ, സാഹിത്യ ത്തിൽ, കാഴ്ചയിൽ, സങ്കല്പത്തിൽ, സ്വപ്നത്തിൽ, നിറങ്ങളിൽ, പ്രകൃ തിയിൽ, മനുഷ്യരിൽ എല്ലാം സൗന്ദര്യമുണ്ട്. ഇവ ആസ്വദിക്കാൻ ഭാവ ന, ചിന്ത, ജ്ഞാനം, മനോഭാവം തുടങ്ങിയവ ആവശ്യമാണ്. ഇവ യ്ക്കൊപ്പം ലൈംഗികത എന്ന അവസ്ഥ കൂടി ചേരുമ്പോഴേ ആസ്വാ ദനം പൂർണ്ണമാവുകയുള്ളൂ. ഇവയോടൊപ്പം ലൈംഗികതയുടെ സ്വാധീനം എങ്ങനെയാണ് പ്രവർത്തിക്കുന്നതെന്ന് കൃത്യമായൊരു

നിർണ്ണയത്തിന് സാധ്യമല്ല.

പ്രണയം മനുഷ്യനിലെ ഏറ്റവും മനോഹരമായ വികാരങ്ങളിലൊന്നാണ്. ഈ വികാരത്തിന് ആസ്പദമായ ഘടകം ലൈംഗികതയാണ്. സ്ത്രീയ്ക്ക് പുരുഷനോടും പുരുഷന് സ്ത്രീയോടുമുള്ള ആകർഷണം സ്ത്രീലൈംഗികതയുടെയും പുരുഷ ലൈംഗികതയുടെയും ഭാഗമാണ്. ആഗ്രഹിക്കുന്ന ഇണയെ ലഭിക്കുവാൻ വേണ്ടി അതിക്രമങ്ങൾ കാണിക്കുന്നവർ ഏറെയാണല്ലൊ. ഇവരിലെ ലൈംഗികത അക്രമാസക്തമാകുന്നതിന്റെ ബഹിർസ്ഫുരണമാണ് അതിക്രമങ്ങൾ. ഇണയെ കീഴ്പ്പെടുത്തി പീഢിപ്പിക്കുന്നത് ലൈംഗികതയുടെ രോഗാവസ്ഥയാണ് വ്യക്തമാക്കുന്നത്. സാഹചര്യാനുസരണം ഇവിടെയെല്ലാം ശരീരം ലൈംഗികതയുമായി ബന്ധപ്പെട്ട അർത്ഥോൽപാദനമാണ് നടത്തുന്നത്.

**മനോഭാവത്തിന്റെ രൂപപ്പെടൽ**

അധികാരം, ആക്രമണം, ലൈംഗികത എന്നിവയുടെ സ്വാധീനമോ വാസനയോ മനുഷ്യരുടെ എല്ലാ പ്രവർത്തനങ്ങളിലും ദർശിക്കുവാൻ കഴിയും. എന്നാൽ ഇവയുടെ തോത് വ്യക്തികളെ ആശ്രയിച്ച് ഭിന്നമായിരിക്കുമെന്നു മാത്രം. പലപ്പോഴും പ്രത്യക്ഷത്തിൽ തിരിച്ചറിയാൻ കഴിയാത്ത വിധം ഇവയുടെ സ്വാധീനം പ്രവർത്തനങ്ങളിൽ ലീനമായി നിൽക്കുന്നു.

കുട്ടികൾ കൗമാരപ്രായത്തിലെത്തുന്നതോടെ അവരുടെ ശരീരത്തിന്റെ ഭാഷ ശരീരഭാഷാസൃഷ്ടിയെ സമൃദ്ധമായി സ്വാധീനിക്കുന്നത് സാധാരണമാണ്. ആൺകുട്ടികൾ വളർന്നുവരുന്ന ശരീരം പൗരുഷം ദ്യോതിപ്പിക്കുന്ന രീതിയിൽ ചലിപ്പിക്കുവാൻ അഥവാ പ്രവർത്തിപ്പിക്കാൻ നവമായ രീതിയിൽ ശീലിക്കുന്നു. നെഞ്ചിന്റെ വളർച്ചയും ഉയരത്തിന്റെ പുതിയ വളർച്ചയും രോമങ്ങളുടെ പ്രകടമായ വളർച്ചയും ദർശിച്ച് ആശ്വാസവും ഒപ്പം സന്തോഷവും കൊള്ളുന്നു. പലപ്പോഴുമിത് പ്രദർശിപ്പിക്കുവാനുള്ള വാസന അവർ കാണിക്കുന്നു. പെൺകുട്ടികൾ വളർന്നുവരുന്ന മാറിടവും പ്രകടമായി വരുന്ന സ്ത്രൈണഭാവങ്ങളും ഒളിപ്പിച്ചുവയ്ക്കുവാൻ ശ്രമിക്കുന്നു. മുൻ ശീലമില്ലാത്ത ഈ പ്രവൃത്തിയിലൂടെ അവർ പ്രകോപനമുണ്ടാക്കുകയാണെന്ന് മറ്റുള്ളവർക്ക് തോന്നുന്നു. മറ്റുള്ളവരുടെ നോട്ടവും പെരുമാറ്റവും പെൺകുട്ടികളെ നമ്രമുഖികളാക്കുന്നു. യഥാർത്ഥത്തിൽ ഈ അവസ്ഥ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും സ്വഭാവരൂപീകരണത്തിലും അതിലൂടെ ശരീരഭാഷാവതരണത്തിലും സ്വാധീനം ചെലുത്തുന്നു. ഈ സ്വാധീനഫലം അധികാരസ്വഭാവം, അക്രമണ മനോഭാവം, ലൈംഗികചിന്താരീതി തുടങ്ങിയവയുടെ പ്രവർത്തനങ്ങളെ സാഹചര്യാനുസരണം സ്വാധീനിക്കുന്നു.

# സാഹിത്യത്തിലും കലയിലുമുള്ള ശരീരഭാഷയുടെ സാന്നിദ്ധ്യം

സാഹിത്യവും കലയും മനുഷ്യർക്ക് ആസ്വദിക്കുവാനുള്ള മാധ്യമങ്ങളാണ്. സാഹചര്യാനുസരണം ഇവയുടെ ധർമ്മങ്ങളെ രസിപ്പിക്കുക, ഉദ്ബോധിപ്പിക്കുക, സൗന്ദര്യാനുഭൂതി സൃഷ്ടിക്കുക എന്നെല്ലാം നിർണ്ണയവിധേയമാക്കാവുന്നതാണ്. സാഹിത്യത്തിന്റെ അന്തരീക്ഷം കലയുടെ അന്തരീക്ഷം എന്നെല്ലാം വ്യവഹരിക്കുമ്പോൾതന്നെ ഇവയ്ക്ക് സവിശേഷങ്ങളായ വ്യക്തിത്വമാണുള്ളതെന്ന് വ്യക്തമാകും. സാഹിത്യത്തിന്റെ മാധ്യമം ലിഖിതഭാഷയും കലയുടെ മാധ്യമം ദൃശ്യാവതരണവുമാണ്. സാഹിത്യത്തിനുതന്നെ സ്വഭാവാനുസരണം ഏറെ മേഖലകളുണ്ട്. കഥ, നോവൽ, കവിത തുടങ്ങിയവ ഇതിനുദാഹരണങ്ങളാണ്. കലയ്ക്കും പല രൂപങ്ങൾ ഉണ്ട്. നൃത്തം, കഥകളി, നാടകം, സിനിമ തുടങ്ങിയവയെല്ലാം കലയുടെ വിവിധ രൂപങ്ങളാണ്.

കലയുടെയും സാഹിത്യത്തിന്റെയും സൃഷ്ടാക്കൾ മനുഷ്യർ തന്നെയാണല്ലൊ. ഭാവന, സർഗ്ഗാത്മകത, യുക്തി, ആഖ്യാനവൈഭവം തുടങ്ങിയവയാൽ സമൃദ്ധമായിരിക്കും കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും ബുദ്ധി. കലയും സാഹിത്യവും ഇവർ സൃഷ്ടിക്കുന്നത് ഇതര മനുഷ്യർക്ക് കണ്ടും വായിച്ചും ആസ്വദിക്കാനാണ്. കലയുടെയും സാഹിത്യത്തിന്റെയും സൃഷ്ടാക്കാൾ ആശയത്തിന്റെ അവതാരകരും കാണുകയും വായിക്കുകയും ചെയ്യുന്ന അനുവാചകർ അർത്ഥഗ്രാഹകരുമാണ്.

## സാഹിത്യത്തിലെ ശരീരഭാഷ

ലിഖിതഭാഷയ്ക്ക് പകർന്നു നൽകിയിരിക്കുന്ന അർത്ഥകല്പനകളാണ് സാഹിത്യത്തിൽ ശരീരഭാഷ സൃഷ്ടിക്കുന്നതിന് ആസ്പദം. ഇത് അമൂർത്തമായ കല്പനകളുടെയോ സങ്കല്പങ്ങളുടെയോ ആകെത്തുകയാണ്. കഥകൾ പറയുന്ന സാഹിത്യകൃതികളിലേയ്ക്കു വന്നാൽ അതിനു ചില പൊതുസ്വഭാവം ദർശിക്കാവുന്നതാണ്. വ്യക്തമായി പറഞ്ഞാൽ കഥയെന്നാൽ തിരിച്ചറിയാൻ കഴിയാത്ത സംഭവങ്ങളുടെ പരമ്പരയാണ്. ഈ പരമ്പരകളെ അതിന്റെ സമഗ്രതയിൽ അവതരിപ്പിക്കുമ്പോൾ കഥാപാത്രങ്ങൾ അതിന്റെ ആഖ്യാതാക്കളായി പ്രത്യക്ഷരാകുന്നു. ഈ കഥാപാത്രങ്ങൾ എങ്ങനെയിരിക്കുന്നു, എന്തു കാണിക്കുന്നു എന്നെല്ലാം കഥയിലെ സംഭവപരമ്പരകളുമായി ബന്ധപ്പെടുത്തി ആഖ്യാനിക്കുമ്പോൾ സ്വാഭാവികമായിത്തന്നെ അവരുടെ (കഥാപാത്രങ്ങളുടെ) ശരീരഭാഷയെപ്പറ്റി വ്യക്തമാകുന്നു. യഥാർത്ഥത്തിലിത് കാണുവാൻ കഴിയുന്നതല്ല. ഭാവനാസമ്പന്നനായ അല്ലെങ്കിൽ ആസ്വാദക പ്രതിഭയായ വായനക്കാരന്റെ മനോമുകരത്തിലാണ് കഥാപാത്രങ്ങളും അവ

രുടെ പ്രവർത്തനങ്ങളും ജനിക്കേണ്ടത്. സ്വാഭാവികമായിത്തന്നെ അനുവാചകൻ കഥാപാത്രങ്ങളുടെ പ്രവർത്തനങ്ങളെപറ്റി മനോമുകുരത്തിൽ കല്പിക്കുമ്പോൾ സാഹിത്യാഖ്യാനത്തിന്റെ സ്വഭാവത്തിനനുസരിച്ചുള്ള ശരീരഭാഷയെപ്പറ്റിത്തന്നെയാണ് ചിന്തിക്കുന്നത്. ഇതിനെ സാഹിത്യത്തിലെ അമൂർത്തമായ ശരീരഭാഷാകല്പനമെന്നോ ആസ്വാദനമെന്നോ വ്യവഹരിക്കുന്നതാണ് യുക്തം.

**കലയിലെ ശരീരഭാഷ**

കലകളുടെ അവതാരകർ മനുഷ്യരാണല്ലോ. കലാരൂപത്തിന്റെ സ്വഭാവത്തിനനുസരിച്ചാണ് അതിന്റെ ആഖ്യാനസ്വഭാവം രൂപപ്പെട്ടുവരുന്നത്. കലയുടെ സ്വഭാവത്തിനനുസരിച്ചാണ് നടൻമാർ/നടികൾ വേഷം കെട്ടി കഥാപാത്രങ്ങളാകുന്നത്. ഇങ്ങനെ കഥാപാത്രങ്ങൾ ആയിക്കഴിഞ്ഞ് കലാരൂപത്തിന്റെ സ്വഭാവത്തിനനുസരിച്ച് ശരീരഭാഷ പ്രദർശിപ്പിക്കുകയാണ് ചെയ്യുന്നത്. യഥാർത്ഥത്തിൽ എല്ലാ അവതരണകലകളും ശരീരഭാഷയുടെകൂടി പ്രത്യുൽപന്നമാണ്. വ്യക്തമായി പറഞ്ഞാൽ കലയിലെ കഥ അവതരിപ്പിക്കുന്നത് അല്ലെങ്കിൽ ആശയവിനിമയം നടത്തുന്നത് ശരീരഭാഷകളിലൂടെയാണ്. ഈ ശരീരഭാഷ മുൻനിശ്ചയപ്രകാരം തയ്യാറാക്കിയതോ ചിട്ടപ്പെടുത്തിയതോ ആണ്. നടൻ/നടി സാഹചര്യാനുസരണം തയ്യാറാക്കിയതൊ ചിട്ടപ്പെടുത്തിയതൊ ആയ ശരീരഭാഷ പ്രദർശിപ്പിക്കുകയാണു ചെയ്യുന്നത്.

നാടകത്തിലും, കഥകളിയിലും സിനിമയിലുമെല്ലാം ശരീരഭാഷ പ്രദർശിപ്പിക്കുന്നതിന് അതാതിന്റെതായ രീതികളാണുള്ളത്. നാടകത്തിലും കഥകളിയിലും കഥാപാത്രങ്ങൾ വേദിയിലെത്തി കാണികൾക്കു മുന്നിൽ നേരിട്ട് ശരീരഭാഷ അവതരിപ്പിച്ചുകാണിക്കുന്നു. സിനിമയിലെ ശരീരഭാഷ രേഖപ്പെടുത്തി ക്രമീകരിച്ച് പ്രദർശിപ്പിക്കുന്ന പ്രതിരൂപങ്ങളുടെ ആകെത്തുകയാണ്. ഇവിടെ ശരീരഭാഷ സൃഷ്ടിക്കുവാൻ ശാസ്ത്രത്തിനും തന്ത്രത്തിനും നിർണ്ണായകമായ സ്ഥാനമാണുള്ളത്.

കായികകലകൾ ആസ്വാദ്യമാകുന്നത് അതിലെ കളിക്കാർ കളിയുടെ നിയമത്തിനനുസരിച്ച്/ കായികരൂപത്തിന്റെ നിയമത്തിനനുസരിച്ച് പ്രവർത്തിക്കുന്നതുകൊണ്ടാണ്. ഈ പ്രവൃത്തികൾ കളിയുടെ അർത്ഥഗ്രാഹകർ അഥവാ ആസ്വാദകർ ദർശിക്കുന്നത് കളിക്കാരിലൂടെയാണ്. കളിക്കാരുടെ ശരീരഭാഷയാണ് കായികരൂപത്തിന് രീതിയും സ്വഭാവവും പ്രദാനം ചെയ്യുന്നത്. ഗുസ്തി, ബോക്സിങ്, ഫുഡ്ബോൾ കളി, ഓട്ടമത്സരം തുടങ്ങിയ ഏതു കായികരൂപമെടുത്താലും കായികതാരം/ങ്ങൾ ഇല്ലങ്കിൽ ആ കലാരൂപം അപ്രസക്തമായിത്തീരുന്നു. കായികരൂപത്തിന്റെ നിയമത്തിനനുസരിച്ച് കായികതാരങ്ങൾ പ്രവർത്തിക്കുമ്പോൾ സ്വാഭാവികതപോലെ കളിയിലെ ശരീരഭാഷ രൂപപ്പെടുകയാണു ചെയ്യുന്നത്.

ശരീരഭാഷ സമൃദ്ധവും സൗന്ദര്യാത്മകവുമായി അവതരിപ്പിക്കു

ന്നതിൽ ആധുനികകാലത്തിറങ്ങുന്ന പരസ്യങ്ങൾക്ക് പ്രധാന സ്ഥാന മാണുള്ളത്. മനുഷ്യരുടെ ശരീരം മനുഷ്യർക്കെന്നും ആസ്വാദ്യവും പ്രചോദനവും സൗന്ദര്യാത്മകവുമായ മാധ്യമമോ വസ്തുവോ എല്ലാമാ ണ്. ഈ സവിശേഷമായ അവസ്ഥയെ കലാപരമായി പ്രയേജനപ്പെടു ത്തിയാണ് ഏറെ പരസ്യങ്ങളും അവതരിപ്പിക്കുന്നത്. നിശ്ചല പരസ്യ ചിത്രങ്ങളിൽ നിന്ന് (still photos) ചലനാത്മകമായ ചിത്രങ്ങളിലേയ്ക്കുള്ള (moving image) വളർച്ച പരസ്യകലയുടെ സാധ്യതകളാണ് വ്യക്തമാ ക്കുന്നത്. ഒരു ഭാവം അഥവാ അവസ്ഥ പ്രദാനം ചെയ്യുന്നതിൽ നിന്ന് ഒരാഖ്യാന രൂപം പല അവസ്ഥകളിലൂടെയും ഭാവങ്ങളിലൂടെയും അവ തരിപ്പിക്കാൻ ചലചിത്രപരസ്യങ്ങൾക്ക് കഴിയുന്നു. ടെലിവിഷൻ ചാന ലുകളിലൂടെയും ഇന്റർനെറ്റിലെ നാനാവിധമായ സൈറ്റുകളിലൂ ടെയുമെല്ലാം അവതരിപ്പിക്കുന്ന പരസ്യങ്ങൾ കണ്ടു വിലയിരുത്തിയാൽ ശരീരഭാഷയുടെ പ്രസക്തിയും പ്രാധാന്യവും വ്യക്തമാകും. സൗന്ദ ര്യം, ഭാവം, ചലനം, വർണ്ണം, പ്രകാശം, പശ്ചാത്തലം, ആശയവിനിമയ രീതി, വീക്ഷണദിശകളുടെ ക്രമീകരണം, പശ്ചാത്തലസംഗീതം ഇവയെ പ്രയോജനപ്പെടുത്തി സാധ്യമാക്കുന്ന അന്തരീക്ഷസൃഷ്ടി അതിൽ ഉൾച്ചേർത്തു നിറുത്തിയിരിക്കുന്ന ആശയം എല്ലാം അവതരിപ്പിക്കുന്നത് പരസ്യത്തിന്റെ ഭാഗമാണ്. ഇവയെല്ലാം അവതരിപ്പിക്കുന്നത് പരസ്യ ത്തിൽ സവിശേഷമായ ശരീരഭാഷകൾ സൃഷ്ടിക്കുവാനാണ്. കാലിക മായി പ്രദർശിപ്പിക്കുന്ന ഏറെപ്പരസ്യങ്ങളും സവിശേഷമായ ശരീരഭാ ഷയുടെ സൗന്ദര്യാത്മകമായ പ്രത്യുല്പന്നങ്ങളാണ്.

## അവതാരകരുടെയും അർത്ഥഗ്രാഹകരുടെയും സ്വഭാവസവിശേഷത കൾ

സാഹിത്യത്തിന്റെ അവതാരകർ അതിന്റെ രചയിതാക്കളാണ്. അർത്ഥഗ്രാഹകൻ സാഹിത്യകൃതിയുടെ പാരായണം നിർവ്വഹിക്കു ന്നവരും. ഒരു സാഹിത്യകാരൻ കൃതിയിലൂടെ സവിശേഷ വ്യക്തിത്വം പുലർത്തുന്ന ഏറെ കഥാപാത്രങ്ങൾക്ക് രൂപം കൊടുക്കുന്നു. വായന ക്കാരൻ അയാളുടെ ഭാവനയ്ക്കനുസരിച്ച് കഥാപാത്രങ്ങളെയും അവ രുടെ പ്രവർത്തനങ്ങളെയും സങ്കല്പിച്ച് സാഹിത്യാധിഷ്ഠിതമായ ശരീ രഭാഷ കല്പിച്ചെടുക്കുന്നു. കലയിലേയ്ക്കു വരുമ്പോൾ അതിന്റെ അവ തരണപക്ഷത്ത് പലരുടെയും സ്വാധീനം ദർശിക്കാവുന്നതാണ്. ഉദാ ഹരണമായി നാടകകലയെടുക്കാം.. നാടകരചയിതാവ് ആദ്യം കൃതി അഥവാ പാഠം സൃഷ്ടിക്കുന്നു. തുടർന്ന് അതിന്റെ അവതരണത്തി നായി നടിനടന്മാരെ തിരഞ്ഞെടുക്കുന്നു. നടിനടന്മാരാണ് നാടകമെന്ന കഥാരൂപം തന്മയത്വത്തോടെ അവതരിപ്പിക്കുന്നത്. പ്രേക്ഷകർ കാണു ന്നതും ആസ്വദിക്കുന്നതും നടിനടന്മാർ അവതരിപ്പിക്കുന്ന കഥാപാത്ര ത്തെയാണ് അല്ലെങ്കിൽ കഥാപാത്രങ്ങളുടെ ശരീരഭാഷയാണ്.

അവതാരകരുടെ മനോഭാവത്തിന് ശരീരഭാഷയുടെ അവതര

ണത്തിൽ നിർണ്ണായക സ്വാധീനമാണുള്ളത്. അവരുടെ ശരീരഭാഷ വിനിയോഗ പ്രതിഭാവിലാസത്തിനനുസരിച്ചായിരിക്കും അവതരണം നിർവ്വഹിക്കുന്നത്. എന്നാൽ ആസ്വാദകർ അഥവാ അർത്ഥഗ്രാഹകർ അവരുടെ ആസ്വാദന പ്രതിഭയ്ക്ക് അഥവാ അർത്ഥഗ്രഹണഭാവനയ്ക്ക് അനുസരിച്ചായിരിക്കും അതിന്റെ അർത്ഥഗ്രഹണം നിർവ്വഹിക്കുന്നത്. ഓരോ ആസ്വാദകനും സാഹചര്യാനുസരണം ഓരോ രീതിയിലായിരിക്കും അർത്ഥഗ്രഹണം നിർവ്വഹിക്കുന്നതെന്നു പറയുന്നതായിരിക്കും യുക്തം. സാഹിത്യത്തോടും കലയോടുമെല്ലാമുള്ള മനോഭാവം, ആസ്വാദനവിലാസം തുടങ്ങിയവയെല്ലാം ഇവിടെ പ്രസക്തമായി വരുന്ന വസ്തുതകളാണ്.

കാലത്തിന്റെയും അന്തരീക്ഷത്തിന്റെയും സ്വാധീനത്തിൽ നിന്നുമാണ് ഓരോ സാഹിത്യകൃതിയും കലാരൂപവും സാക്ഷാത്കൃതമാകുന്നത്. കാലത്തിന്റെ രീതിക്കും അന്തരീക്ഷത്തിന്റെ സ്വഭാവത്തിനുമനുസരിച്ച് മനുഷ്യന്റെ പ്രവർത്തനങ്ങളിൽ വരുന്ന മാറ്റം അവരുടെ ചിന്തയേയും മനോഭാവത്തെയും മാറ്റുന്നു. ഈ മാറ്റം അവരുടെ ശരീരഭാഷയിലും സ്വാഭാവികമായിത്തന്നെ ദർശിക്കാം. സാഹിത്യകൃതിയിൽ വിശദീകരിക്കുന്നതും കലയിൽ അവതരിപ്പിക്കുന്നതുമായ ശരീരഭാഷകൾക്ക് സ്വഭാവികമായിത്തന്നെ കാലത്തിന്റെയും അന്തരീക്ഷത്തിന്റെയും സ്വാധീനത്തിൽ നിന്നും മുക്തമാകാനാവില്ല.

സാഹിത്യവും കലയും ജീവിതത്തിന്റെ പ്രതിഫലനങ്ങൾ ആയിരിക്കുമ്പോൾതന്നെ ഇവയുടെ സ്വാധീനത്തിൽ നിന്നും സർഗ്ഗാത്മകമായി പ്രവർത്തിക്കുകയും ചിന്തിക്കുകയും ചെയ്യുന്ന സമൂഹത്തിന് മാറി നിൽക്കാനാവില്ല. അതുകൊണ്ടുതന്നെ സാഹിത്യത്തിലൂടെ അമൂർത്തമായി കല്പിച്ചവതരിപ്പിക്കുന്ന ശരീരഭാഷയ്ക്കും കലയിലൂടെ മൂർത്തമായി പ്രകടിപ്പിക്കുന്ന ശരീരഭാഷയ്ക്കും കാലികമായി സവിശേഷമായ സ്ഥാനവും പ്രസക്തിയുമുണ്ട്.

# 8

# ശരീരത്തിന്റെ ഭാഷയും കിനിസിസും

**ശ**രീരത്തിന്റെ ഭാഷയും കിനിസിസും തമ്മിലുള്ള ബന്ധം ശരീരഭാഷയുടെ അവതരണത്തിലും അർത്ഥഗ്രഹണത്തിലും സവിശേഷമായ പ്രാധാന്യത്തോടെ ബന്ധപ്പെട്ടാണിരിക്കുന്നത്. രൂപം, ഛായ, നിറം, ലിംഗം തുടങ്ങിയവയുടെ സ്വഭാവസ്വാധീനമാണല്ലോ ശരീരത്തിന്റെ ഭാഷയ്ക്ക് ആസ്പദം. സംഭാഷണാദി ശബ്ദസൂചനകളില്ലാതെ ശരീരംകൊണ്ടു വിനിമയം ചെയ്യുന്ന ഭാഷയ്ക്കാണല്ലോ കിനിസിസ് എന്നു പറയുന്നത്. നിശബ്ദമായ ഈ ഭാഷയുടെ അർത്ഥഗ്രഹണം പൂർണ്ണമായും കാഴ്ചയിലൂടെയാണ് സാധ്യമാകുന്നത്. ശരീരത്തിന്റെ നിയതമായ ഭാഷയുടെ കാഴ്ചയിലൂടെയാണ് ശരീരം സൃഷ്ടിക്കുന്ന ഭാഷയുടെ മേഖലകളിലേയ്ക്ക് അർത്ഥഗ്രാഹകൻ അർത്ഥം ഗ്രഹിച്ചെത്തുന്നത്.

ശരീരഭാഷ സൃഷ്ടിക്കുന്ന വ്യക്തിയുടെ അഥവാ അർത്ഥാവതാരകന്റെ ശരീരം അർത്ഥസൃഷ്ടി നിർവ്വഹിച്ചുകൊണ്ടിരിക്കുമ്പോൾ വസ്ത്രധാരണത്തിന്റെ രീതി, ചലനാദി പ്രവർത്തനങ്ങളുടെ സ്വഭാവം തുടങ്ങിയവയും ശരീരത്തിന്റെ ഭാഷയോടൊപ്പം ചേരുന്നു. ശരീരത്തിന്റെ ഭാഷയോടൊപ്പം ആവിഷ്കരിക്കേണ്ട അർത്ഥസംബന്ധമായ ഭാവം, സൂചനകൾ തുടങ്ങിയവ, ബുദ്ധി, മനോഭാവം, ആവിഷ്കാരരീതി തുടങ്ങിയവയോട് സാഹചര്യാനുസരണം ചേരുന്നതിലൂടെയാണ് ശരീരഭാഷയുടെ പ്രധാന ഭാഗമായ കിനിസിസ് സംഭവിക്കുന്നത്. ശരീരത്തിന്റെ ഭാഷയും അതിനോടൊപ്പം ചേർന്നുവരുന്ന കിനിസിസും വേർതിരിക്കാനാവാത്ത വിധം സംയോജിച്ചുതന്നെയാണ് പ്രവർത്തിക്കുന്നത്.

ശരീരത്തിലെ ഓരോ അവയവത്തിനും അതിന്റേതായ ഛായയും ആകൃതി വിശേഷവുമുണ്ട്. വ്യക്തികളുടെ സമാനമായ അവയവങ്ങൾക്കു തമ്മിലും വ്യത്യാസമുണ്ട്. ഭിന്നവ്യക്തികളുടെ കണ്ണുകൾ തമ്മിലും ചുണ്ടുകൾ തമ്മിലും മൂക്കുകൾ തമ്മിലുമെല്ലാം ഈ പൊതുവ്യത്യാസം സൂഷ്മമായ കാഴ്ചാവിശകലനത്തിലൂടെ ദർശിക്കാവുന്നതാണ്. ഭിന്നമനുഷ്യശരീരങ്ങളിലെ അവയവങ്ങൾ തമ്മിൽ സൂക്ഷ്മത്തിൽ പുലർത്തുന്ന വ്യത്യാസം ഈ അവയവങ്ങൾ സൃഷ്ടിച്ച് വിനിമയം ചെയ്യുന്ന ആശയങ്ങളേയും ഭാഷകളേയും സ്വാധീനിക്കുന്നു.

ബോധപൂർവ്വമുള്ള കിനിസിസിന്റെ വിനിയോഗത്തിലൂടെ ശരീരങ്ങൾ ശരീരങ്ങളോട് നിശബ്ദമായി സംവദിക്കുന്നു. ഒരു പ്രവൃത്തി അഥവാ സംഭവവുമായി ബന്ധപ്പെട്ട് കിനിസിസ് സംഭവിക്കുമ്പോൾ ആ പ്രവൃത്തി ചെയ്യുന്നതിന്റെ അല്ലെങ്കിൽ സംഭവം നടക്കുന്നതിന്റെ ഭാഗമായിട്ടാണ് കിനിസിസ് സംഭവിക്കുന്നത്. ആശയവിനിമയത്തിന്റെ ഏറ്റവും തീക്ഷ്ണവും അഗാധവുമായ അവസ്ഥകൾ മുതൽ സൂചനകളും ലാഘവകരമായ അവസ്ഥകളുംവരെ സൃഷ്ടിക്കുവാൻ കിനിസിസിന് കഴിയുന്നു. ആശയങ്ങൾ ശരീരത്തിന്റെ ഭാഷയോട് സന്ദർഭാനുസരണം ഓരോ അനുപാതത്തിൽ ചേർന്നു പ്രവർത്തിക്കുന്നതിന്റെ രീതിയും സ്വഭാവവുമാണ് കിനിസിസിന്റെ രീതിയും സ്വഭാവവും വ്യക്തമാക്കുന്നത്.

## ആശയങ്ങളുടെ സ്വഭാവവും അവതരണവും

അർത്ഥകല്പനകൾ നടത്തുവാൻ കഴിയുന്ന അവസ്ഥാവിശേഷങ്ങളുടെ സമഗ്രതയാണ് ആശയമായിത്തീരുന്നത്. ആശയത്തിന് ദൈർഘ്യം അതിർവരമ്പ് തീർക്കുന്നില്ല. ഒരു നിമിഷാർധംകൊണ്ട് അവതരിപ്പിക്കുന്ന ആശയങ്ങൾ മുതൽ നൂറ്റാണ്ടുകൾകൊണ്ട് പൂർണ്ണമാകുന്ന ആശയങ്ങൾവരെയുണ്ട്. അവതരണസമയത്ത് നേരിട്ട് വ്യക്തമാകുന്ന ആശയവും തുടർച്ചയായ പ്രവർത്തനങ്ങളുടെ ഫലമായി വ്യക്തമാകുന്ന ആശയങ്ങളുമുണ്ട്. അതുപോലെതന്നെ ശരീരംകൊണ്ട് നേരിട്ട് അവതരിപ്പിക്കുന്ന ആശയങ്ങളും ആശയാവതരണത്തിന്റെ ഭാഗമായുള്ള ശരീരത്തിന്റെ സാന്നിദ്ധ്യംകൊണ്ട് പൂർണ്ണമാകുന്ന ആശയങ്ങളുമുണ്ട്. ഉദാഹരണങ്ങളിലൂടെ ഈ ആശയാവിഷ്കാര മേഖലകളിലേയ്ക്ക് സാമാന്യമായി കടന്നുചെല്ലാം.

പരിചയക്കാരനെ/ പരിചയക്കാരിയെ ചിരിച്ചുകാണിച്ച് നടന്നകലുന്ന രീതിയിൽ ഒരു നിമിഷംകൊണ്ട് അവസാനിക്കുന്ന ആശയവിനിമയമാണുള്ളത്. ഏറെ നാളുകൾക്കുശേഷം കണ്ടുമുട്ടുന്ന സുഹൃത്തുക്കൾ തമ്മിൽ ആഹ്ലാദത്തോടെ സംസാരിക്കുകയും അടുത്തുള്ള റസ്റ്റോറന്റിൽക്കയറി രുചികരമായ ഭക്ഷണം കഴിക്കുകയും ചെയ്യുന്ന പ്രവൃത്തിയിൽ ആശയാവതരണത്തിന് അല്പംകൂടി ദൈർഘ്യമുണ്ട്. ഇവിടെയെല്ലാം ആശയാവതരണത്തിൽ ശരീരം നേരിട്ട് ഇടപെടുന്നു.

ഒരു രാഷ്ട്രത്തിന്റെ പുനർനിർമ്മാണ പ്രവർത്തനം വർഷങ്ങളായിത്തുടരുന്നു. ഇതിൽ ഏറെ വ്യക്തികളും പ്രസ്ഥാനങ്ങളും ഭാഗഭാക്കായിട്ടുണ്ട്. ഈ ആശയത്തിന്റെ പൂർണ്ണതയ്ക്ക് വർഷങ്ങളുടെ ദൈർഘ്യം ആവശ്യമാണ്. ഇവിടെയെല്ലാം വ്യക്തികളുടെ ബൗദ്ധികതയുടെയും ശരീരത്തിന്റെയുമെല്ലാം സാന്നിദ്ധ്യം പ്രസക്തം തന്നെയാണ്. ഇവിടെ കേവലം കുറെ വ്യക്തികളുടെ പ്രവർത്തനമെന്ന അവസ്ഥയിൽ നിന്നും ഭിന്നമായി ഒരുപാടു വ്യക്തികളുടെ പ്രവർത്തനഫലമായ

അവസ്ഥ സംജാതമാകുന്നു. ഇവിടെ ആശയം വർഷങ്ങളിലൂടെ അല്ലെങ്കിൽ നൂറ്റാണ്ടുകളിലൂടെയാണ് പൂർണ്ണമാകുന്നത്. തുടർച്ചയായ പ്രവർത്തനങ്ങളുടെ പരിണിതഫലമാണ് ഇവിടെ ആശയം സൃഷ്ടിക്കുന്നതും വ്യക്തമാക്കുന്നതും. ആശയാവതരണത്തിന്റെ ഭാഗമായി ഇവിടെ ശരീരത്തിന്റെ സാന്നിദ്ധ്യം സംഭവിക്കുന്നു എന്നേയുള്ളൂ.

## അന്തരീക്ഷവ്യത്യാസവും വ്യക്തിവ്യത്യാസവും

അന്തരീക്ഷവ്യത്യാസവും വ്യക്തിവ്യത്യാസവും ആശയാവതരണത്തെ ശക്തമായി സ്വാധീനിക്കുന്ന ഘടകങ്ങളാണ്. അന്തരീക്ഷമെന്നാൽ ചെയ്യുന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട അവസ്ഥ അഥവാ സ്വഭാവമാണ് ഇവിടെ വിവക്ഷ. വ്യക്തമായി പറഞ്ഞാൽ പ്രവൃത്തിയുടെ രീതിയാണ് അന്തരീക്ഷം സൃഷ്ടിക്കുന്നതെന്ന കല്പനയാണ് സ്വീകരിക്കുന്നത്. ഒരേ അന്തരീക്ഷത്തിൽ നിന്നുകൊണ്ട് ഭിന്നവ്യക്തികൾ പ്രവർത്തിക്കുന്നത് വ്യത്യസ്തമായ രീതിയിലായിരിക്കും. അതുപോലെതന്നെ ഒരേ വ്യക്തി ഭിന്ന അന്തരീക്ഷത്തിൽ പ്രവർത്തിക്കുന്നതും വ്യത്യസ്തമായിട്ടായിരിക്കും. ഉദാഹരണങ്ങളിലൂടെ വസ്തുതകൾ വ്യക്തമാക്കാം.

യജമാന-ദാസ ബന്ധം, അധ്യാപക-വിദ്യാർത്ഥി ബന്ധം, ഭാര്യ -ഭർതൃബന്ധം, സ്ത്രീ-പുരുഷ ബന്ധം തുടങ്ങിയവ സവിശേഷമായ ആശയാഖ്യാനത്തിന്റെ പരിണിതഫലമായി സൃഷ്ടിക്കുന്ന ബന്ധങ്ങളാണ്. യഥാർത്ഥത്തിലിവിടെ ബന്ധങ്ങൾ സൃഷ്ടിക്കുന്നത്/ മൂർത്തമാക്കുന്നത് പ്രവർത്തനങ്ങൾ നടത്തുന്ന ശരീരങ്ങളാണ്. യജമാനനും ദാസനും തമ്മിലുള്ള ബന്ധത്തിൽ ഇരു വ്യക്തികളും പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. അധ്യാപക വിദ്യാർത്ഥിബന്ധത്തിലും ഭാര്യ - ഭർത്തൃബന്ധത്തിലും സ്ത്രീപുരുഷബന്ധത്തിലും ഇരുവ്യക്തികളുടെയും പരസ്പരമുള്ള പ്രവൃത്തികൾ പ്രസക്തമായിത്തീരുന്നവയാണ്.

യജമാനനും ദാസനും തമ്മിലുള്ള ബന്ധത്തിന്റെ അന്തരീക്ഷം അല്ലെങ്കിൽ സ്വഭാവം എന്തുമാകാവുന്നതാണ്. യജമാനൻ സമ്പന്നനായ കൃഷിക്കാരനും ദാസൻ അയാളുടെ തോട്ടത്തിലെ പണിയാളുമാകാം. യജമാനൻ രാജാവും ദാസൻ അയാളുടെ വസ്ത്രങ്ങൾ അലക്കുന്നവനുമാകാവുന്നതാണ്. യജമാനൻ ക്രൂരനായ റൗഡിയും ദാസൻ അയാളുടെ ആജ്ഞാനുവർത്തിയായ കൊലയാളിയുമാകാവുന്നതാണ്. ഇവിടെയെല്ലാം അന്തരീക്ഷം അല്ലെങ്കിൽ സ്വഭാവം മാറുന്നതിനനുസരിച്ച് പ്രവൃത്തിയും മാറുന്നു. യജമാനനും ദാസനുമെന്നു പറയുന്നത് കേവലമായ ഒരു കല്പനയല്ല. ഇന്നും അസംഖ്യം മേഖലകളിൽ തുടർന്നു കൊണ്ടിരിക്കുന്ന ഒരവസ്ഥയുടെ സൂചകപദമാണ്.

അധ്യാപകർ എന്നു പറയുന്നതിന്റെ ആധിക്യം ഊഹിക്കാവു

ന്നതല്ലേയുള്ളൂ. വിദ്യാർത്ഥികളുടെ സംഖ്യയും അസംഖ്യമാണല്ലോ. ഓരോ അധ്യാപകനും ഓരോ വിദ്യാർത്ഥിയും ഭിന്നമായ വ്യക്തിത്വവും അസ്തിത്വവുമാണ് പുലർത്തുന്നത്. രൂപം, ഛായ, നിറം, ലിംഗം, പ്രായം, പ്രവൃത്തി, വസ്ത്രം, അറിവ് തുടങ്ങിയവയെല്ലാം അവരെ വൈവിധ്യമുള്ളവരാക്കുന്ന ഘടകങ്ങളാണ്.

ഭാര്യ- ഭർത്തൃബന്ധമെന്ന പൊതുകല്പനകൊണ്ട് സ്ത്രീയും പുരുഷനും തമ്മിൽ ഒരു ഉടമ്പടിയിലൂടെ ഒന്നായിത്താമസിച്ച് പ്രവർത്തിക്കുന്നു എന്ന അർത്ഥമാണ് പ്രാഥമികമായി ലഭിക്കുന്നത്. എന്നാൽ ഓരോ ഭാര്യമാരുടെയും ഓരോ ഭർത്താക്കന്മാരുടെയും ശരീരത്തിന്റെ ഭാഷയും ശരീരംകൊണ്ട് സൃഷ്ടിക്കുന്ന ഭാഷയും ഓരോന്നായിരിക്കണം. അവരുടെ താമസസ്ഥലവും അവർ ബന്ധപ്പെടുന്ന മേഖലകളും ഇനിയൊരനുപാതത്തിൽ വ്യത്യസ്തത പുലർത്തുന്നവയായിരിക്കും. ആശയാവതരണത്തിന്റെ വൈവിദ്ധ്യവും വിപുലത്വവും വ്യക്തമാക്കാൻ ഉതകുന്നതാണ് സവിശേഷമായ ഈ അവസ്ഥകളെല്ലാം. സ്ത്രീപുരുഷബന്ധമെന്നു പറയുമ്പോൾ അത് ഏതു പുരുഷനും ഏതു സ്ത്രീയും തമ്മിലുള്ളതാകാം. ബന്ധത്തിന്റെ തോതും സ്വഭാവവും എന്തുമാകാം. ഏതു പ്രായത്തിലും സംസ്കാരത്തിലുംപെട്ടവർ തമ്മിലുമാകാം. തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട ബന്ധം, കലയുടെ അവതരണവുമായി ബന്ധപ്പെട്ട ബന്ധം, ബൗദ്ധികമായ ബന്ധം, സഹോദരബന്ധം തുടങ്ങി ഏതുരീതിയിലുമാകാം.

അന്തരീക്ഷവും വ്യക്തികളും മാറുന്നതിനനുസരിച്ച് ആശയാവതരണത്തിന്റെ സ്വഭാവം മാറുകയും സവിശേഷമായ രീതിയിൽ രൂപപ്പെടുകയുമെല്ലാം ചെയ്യുന്നു എന്നു വ്യക്തമാക്കാനാണ് ഇത്രയും കാര്യങ്ങൾ സൂചിപ്പിച്ചത്. യഥാർത്ഥത്തിൽ ഇവിടെയെല്ലാം സംഭാഷണരഹിതമായ ശരീരഭാഷയുടെ സാന്നിദ്ധ്യവും പ്രവർത്തനവുമാണ് ആശയാവതരണത്തിന്റെ വിപുലമായ മേഖലകൾ രൂപപ്പെടുത്തുന്നതും ക്രമീകരിക്കുന്നതും.

## കിനിസിസിന്റെ പ്രയോഗരീതി

മനുഷ്യർ എല്ലായ്പ്പോഴുംതന്നെ ബോധപൂർവ്വമോ അല്ലാതെയോ ഒരു രീതിയിലല്ലെങ്കിൽ ഇനിയൊരു രീതിയിൽ കിനിസിസ് ഉപയോഗിക്കുന്നുണ്ട്. ഇതിന്റെ തോത് കൃത്യമായ ഒരു നിർണ്ണയത്തിന് വിധേയമല്ല. ശരീരത്തിലെ ചില അവയവങ്ങൾ കൃത്യവും കാര്യക്ഷമവുമായി പൂർണ്ണമായ ആശയവിനിമയം നടത്തുമ്പോൾ ഇതര അവയവങ്ങൾ പരോക്ഷ സ്വാധീനമായി വർത്തിക്കുന്നുണ്ട്. സാഹചര്യാനുസരണം കിനിസിസ് പ്രയോഗിക്കുന്നതിന് കാരണമായി നിൽക്കുന്ന ഘടകം അതിനെ സംബന്ധിച്ചുള്ള അറിവും പഠനവുമാണ്. അവ സാമാന്യ

മായി ചുവടെ ചേർക്കുന്നു.

- ജന്മസിദ്ധമായി
- പരിശീലിച്ചെടുക്കുന്നതിലൂടെ
- കണ്ടെത്തുന്നതിലൂടെ
- അനുകരണത്തിലൂടെ

ആശയവിനിമയത്തിനായോ ഒരു പ്രവൃത്തിയുടെ ഭാഗമായോ കിനിസിസ് ഉപയോഗിക്കുന്ന അവസരങ്ങളിലെല്ലാം ഇവയുടെ പ്രവർത്തനമോ സ്വാധീനമോ പല അനുപാതത്തിൽ സംഭവിക്കുന്നു.

**ജന്മസിദ്ധമായി**

ജന്മസിദ്ധമായി ലഭിക്കുന്ന കഴിവുകളുടെ അടിസ്ഥാനത്തിൽ നടത്തുന്ന 'കിനിസിസുകൾ' ഏറെയാണ്. സാഹചര്യാനുസരണം ദുഃഖിക്കുന്നതും സന്തോഷിക്കുന്നതുമെല്ലാം ഇതിൽപ്പെടുന്നു. സഹജീവികളുമായി ബന്ധപ്പെടുന്നതും ഭക്ഷണം തേടിപ്പിടിച്ച് കഴിക്കുന്നതും പാർപ്പിടം നിർമ്മിച്ച് പാർക്കുന്നതുമെല്ലാം ജന്മസിദ്ധമായ വാസനയുടെ ഭാഗമാണ്. ജന്മസിദ്ധമായ ഇത്തരം പ്രവർത്തനങ്ങളിൽ കർമ്മസിദ്ധമായി കാലത്തിന്റെയും കാലിക സംസ്കാരത്തിന്റെയും രീതികൾ ഉൾച്ചേർത്തിരിക്കുന്നു.

**പരിശീലിച്ചെടുക്കുന്നതിലൂടെ**

സംഭാഷണഭാഷ പൂർണ്ണമായും പരിശീലിച്ചെടുക്കുന്നതാണല്ലോ. സംഭാഷണം പറയുന്ന വേളയിലുള്ള ശരീരത്തിന്റെ അവസ്ഥയും ഭാവവും സംഭാഷണബാഹ്യമായ ഇനിയൊരു ഭാവം അഥവാ അർത്ഥം വിനിമയം ചെയ്യുന്നുണ്ട്. സവിശേഷമായ ഈ കിനിസിസിന്റെ ഭാഗങ്ങൾ പലതും ശീലിച്ചെടുക്കുന്നതാണ്. അടുക്കും ചിട്ടയുമുള്ള ജീവിതചര്യകളും ജീവിത പ്രവർത്തനങ്ങളും ശീലിച്ചെടുക്കുന്നതാണ്. ചില ആംഗ്യഭാഷകൾ, അഭിനയരീതികൾ തുടങ്ങിയവ പരിശീലിച്ചെടുത്ത് ആശയവിനിമയം സാഹചര്യാനുസരണം നിർവ്വഹിക്കുന്നത് സാധാരണമാണ്. വിവാഹം, സന്താനങ്ങളെ സംസ്കാരത്തിനനുസരിച്ച് വളർത്തുന്നത്, ചാരിത്ര്യ സംരക്ഷണം, മതാചാരപരമായ ചടങ്ങുകൾ, ഉത്സവരീതികൾ സവിശേഷമായ ആചാരക്രിയകൾ തുടങ്ങിയവയും പരീശീലിച്ചെടുക്കുന്നവയാണ്. കലാകായികാവതരണങ്ങൾ മുഴുവൻ സവിശേഷമായ വ്യാകരണ ഘടനയോടെ പരിശീലിച്ചെടുക്കുന്നവയാണ്.

**കണ്ടെത്തുന്നതിലൂടെ**

ഇതര മനുഷ്യർ അവതരിപ്പിക്കുന്ന കിനിസിസുകൾ മനസിലാ

ക്കിയെടുത്ത് പ്രയോഗിക്കുന്നത് കണ്ടെത്തലിന്റെ ഫലമായാണ്. യുക്തവും കൃത്യവുമായി ആശയവിനിമയം നടത്താമെന്ന ധാരണയും വിശ്വാസവുമാണ് ഈ കണ്ടെത്തലുകൾക്ക് ആസ്പദം. സാഹചര്യാനുസരണം ആശയങ്ങൾ അഥവാ അർത്ഥം വിനിമയം ചെയ്യുവാൻ എങ്ങനെയെല്ലാം പെരുമാറണം ,പ്രവർത്തിക്കണം എന്നെല്ലാമുള്ള കണ്ടെത്തലുകൾ ഇവിടെ പ്രസക്തമാണ്.

**അനുകരണം**

അനുകരണവാസന മനുഷ്യന്റെ സവിശേഷവും പ്രത്യേകവുമായ സ്വഭാവഗുണമാണ്. മനുഷ്യർ ചുറ്റുമുള്ളവരെ നിരീക്ഷിച്ചും പഠിച്ചുമാണ് സമൂഹത്തിൽ പ്രവർത്തിക്കാനും നിലനിൽക്കുവാനും ശീലിക്കുന്നത്. ഇതിൽ അനുകരണത്തിനുള്ള സ്ഥാനം നിർണ്ണായകമാണ്. വസ്ത്രധാരണത്തിൽ, പെരുമാറ്റത്തിൽ, കലകളുടെ അവതരണത്തിൽ, സംഘം ചേരുന്നതിൽ, ആനന്ദിക്കുന്നതിൽ എല്ലാം അനുകരണത്തിന്റെ തോത് ഓരോ അനുപാതത്തിൽ പ്രവർത്തിക്കുന്നുണ്ട്.

**ആശയം വിനിമയം ചെയ്യുന്ന പ്രവർത്തനങ്ങൾ**

ആശയം/ങ്ങൾ വിനിമയം ചെയ്യുന്നതിന് കിനിസിസ്/ സംഭാഷണം ഹിതമായ ഭാഷയ്ക്ക് വിപുലവിസ്തൃതമായ മേഖലകളാണുള്ളത്. അവ എന്തെന്നു വ്യക്തമാക്കുവാൻ ചില മേഖലകളെപറ്റി ചുവടെ സൂചിപ്പിക്കാം.

- സൗന്ദര്യം ഉളവാക്കുന്ന പ്രവർത്തനം
- വെറുപ്പ് ഉളവാക്കുന്ന പ്രവർത്തനം
- കാമം ഉണർത്തുന്ന പ്രവർത്തനം
- അതിശയം സൃഷ്ടിക്കുന്ന പ്രവർത്തനം
- ആനന്ദം വളർത്തുന്ന പ്രവർത്തനം
- സംസ്കാരം വെളിവാക്കുന്ന പ്രവർത്തനം
- പ്രായം തെളിയിക്കുന്ന പ്രവർത്തനം
- മനോഭാവം വ്യക്തമാക്കുന്ന പ്രവർത്തനം
- ഭയം വളർത്തുന്ന പ്രവർത്തനം
- ജ്ഞാനം വെളിവാക്കുന്ന പ്രവർത്തനം

യഥാർത്ഥത്തിൽ ഇവിടെയെല്ലാം സാഹചര്യാനുസരണം ഓരോ ആർത്ഥികാവസ്ഥകൾ വിനിമയം ചെയ്യുകയാണ്. ഒരു വ്യക്തിയുടെ

തന്നെ പ്രവർത്തനത്തിൽ ഇതിൽ ഏതെങ്കിലുമൊരു അവസ്ഥയുടെയോ ഒന്നിലധികം അവസ്ഥകളുടെ സമന്വയിച്ചതോ ആയ ആശയങ്ങളാണ് വെളിവാകുന്നത്. പ്രവർത്തനങ്ങളുടെ പൊതുസ്വഭാവം വ്യക്തമാക്കുവാനാണ് ഇത്രയും വസ്തുതകൾ സൂചിപ്പിച്ചത്.

ആശയാവതരണത്തിൽ ശരീരത്തിന്റെ നിയതമായ ഭാഷയ്ക്കൊപ്പം ശരീരത്തിലെ അവയവങ്ങളുടെ പ്രവർത്തനവും പ്രസക്തമായ ഘടകമാണ്.

- കണ്ണിന്റെ പ്രവർത്തനം
- കണ്ണിമകളുടെ പ്രവർത്തനം
- കൈകളുടെ പ്രവർത്തനം
- ചുണ്ടുകളുടെ പ്രവർത്തനം
- മുഖത്തിന്റെ പ്രവർത്തനം
- കാലുകളുടെ പ്രവർത്തനം
- അരക്കെട്ടിന്റെ പ്രവർത്തനം

ശരീരത്തിലെ ഓരോ അവയവത്തിന്റെ പ്രവർത്തനത്തിനും സാഹചര്യാനുസരണം ആശയം അഥവാ അർത്ഥം സൃഷ്ടിക്കുന്നതിൽ അതിന്റേതായ സ്ഥാനമുണ്ട്. പലപ്പോഴും ഒന്നിലധികം അവയവങ്ങൾ പല അനുപാതത്തിൽ ചേർന്നാണ് പ്രവർത്തിക്കുന്നത്.

സാഹചര്യാനുസരണവും കിനിസിസിന്റെ പ്രവർത്തനങ്ങളെ നിർണ്ണയിക്കാവുന്നതാണ്.

- മതപരമായ ചടങ്ങുകളിലെ കിനിസിസ്
- കലാപങ്ങളിലെ കിനിസിസ്
- അപകടങ്ങളിലെ കിനിസിസ്
- വിവാഹചടങ്ങിലെ കിനിസിസ്
- ഗുസ്തിയിലെ കിനിസിസ്
- ഫുഡ്ബോൾകളിയിലെ കിനിസിസ്
- വസ്ത്രധാരണത്തിലെ കിനിസിസ്

'കിനിസിസ്' എന്ന ആശയവിനിമയാവസ്ഥയുടെ വിസ്തൃതി വെളിവാക്കാനാണ് ഇത്രയും കാര്യങ്ങൾ വ്യക്തമാക്കിയത്. എല്ലാ പ്രവർത്തനങ്ങളും സംഭവവുമായി ബന്ധിപ്പിച്ച് ആശയാവതരണത്തെ നിർണ്ണയി

ക്കുമ്പോൾ കിനിസിസിന്റെ വ്യാപ്തി വ്യക്തമാകുന്നു.

കിനിസിസിന്റെ അവതരണത്തിനും സാഹചര്യാനുസരണം ഭിന്ന സ്വഭാവമാണുള്ളത്. ഒരു പ്രവൃത്തി അഥവാ ക്രിയയുമായി ബന്ധപ്പെട്ട് കിനിസിസ് സംഭവിക്കുമ്പോൾ അർത്ഥഗ്രാഹകർ ഉണ്ടായിരിക്കണമെന്നില്ല. പ്രവൃത്തിയുടെ സ്വഭാവത്തിനനുസരിച്ച് കിനിസിസും സംഭവിക്കുന്നു. ഒരു വ്യക്തിക്കു മുന്നിൽ ഇനിയൊരു വ്യക്തി അവതരിപ്പിക്കുന്ന കിനിസിസ്. രണ്ട് വ്യക്തികൾ പരസ്പം അവതരിപ്പിക്കുന്ന കിനിസിസ്. ഒരു വ്യക്തി ഒന്നിലധികമോ ഒരു സംഘമോ ആളുകൾക്കു മുന്നിൽ അവതരിപ്പിക്കുന്ന കിനിസിസ്. ഒരു സംഘം ആളുകൾ സംഘം ചേർന്ന് അവതരിപ്പിക്കുന്നതോ പ്രദർശിപ്പിക്കുന്നതോ ആയ കിനിസിസ് എന്നെല്ലാമുള്ള നിർണ്ണയം സ്വഭാവികമായിത്തന്നെ അതിന്റെ അവതരണപരമായ വിപുലനത്വമാണ് വ്യക്തമാക്കുന്നത്.

## കിനിസിസും സംഭാഷണവും

ആശയവിനിമയത്തിൽ കിനിസിസിനും സംഭാഷണത്തിനും ഭിന്നവ്യക്തിത്വവും സ്വഭാവും ദൗത്യവുമാണുള്ളത്. മുഖാമുഖം നടത്തുന്ന എല്ലാ സംഭാഷണാദി പ്രവർത്തനങ്ങളിലും കിനിസിസ് അതിശക്തമായ സാന്നിദ്ധ്യമാണ് പുലർത്തുന്നത്. യഥാർത്ഥത്തിൽ സംഭാഷണഭാഷ ഒരു ആശയം വിനിമയം ചെയ്യുമ്പോൾ കിനിസിസ് ഇനിയൊരാശയ മേഖലയാണ് അവതരിപ്പിക്കുന്നത്. അവതരണത്തിന്റെ അർത്ഥം പൂർണമാകണമെങ്കിൽ ഇവ സമന്വയിച്ചുതന്നെ നിൽക്കണം.

സംഭാഷണഭാഷയിൽ സ്ത്രീകളുടെ സംഭാഷണം പുരുഷന്മാരുടെ സംഭാഷണം എന്ന് ലിംഗപരമായി തിരിക്കുന്നതുപോലെതന്നെ സ്ത്രീകളുടെ ശരീരം അവതരിപ്പിക്കുന്ന കിനിസിസ് പുരുഷന്മാരുടെ ശരീരം അവതരിപ്പിക്കുന്ന കിനിസിസ് എന്ന വേർതിരിവ് സാമാന്യമായിത്തന്നെയുണ്ട്. സംഭാഷണത്തിന്റെ ഒരു സവിശേഷത ശബ്ദത്തിന്റെ രീതിയും സ്വഭാവവുമാണ്. ശബ്ദത്തിലൂടെ വ്യക്തികളെ തിരിച്ചറിയാൻ കഴിയും. ഇതുപോലെയുള്ള സവിശേഷത കിനിസിസിനുമുണ്ട്. ഓരോ വ്യക്തിയുടെ ശരീരത്തിനും അതിന്റേതായ ഭാഷയുണ്ട്. നിയതമായ ഭാഷയുള്ള ശരീരത്തിന്റെ ആശയവിനിമയത്തിനും നിയതമായ സ്വഭാവമുണ്ട്. ഈ സ്വഭാവം 'കിനിസിസി'ന്റെ സ്വഭാവവുമായി അല്ലെങ്കിൽ സംഭാഷണരഹിതമായ ഭാഷയുടെ സ്വഭാവവുമായി ബന്ധപ്പെട്ടാണിരിക്കുന്നത്.

ശീലിച്ചെടുത്ത ആംഗ്യഭാഷകളിലൂടെ വ്യക്തമായിത്തന്നെ ആശയവിനിമയം നടത്തുവാൻ കഴിയുമല്ലോ. സംഭാഷണരഹിതമായ ഈ ഭാഷയെ കിനിസിസെന്നല്ല ആംഗ്യഭാഷയെന്നുതന്നെയാണ് വ്യവഹരി

ക്കുന്നത്. സംഭാഷണവും ശീലിച്ചെടുക്കുന്ന ഭാഷാവതരണത്തിന്റെ ഭാഗമാണ്. ശബ്ദത്തെ ചിട്ടപ്പെടുത്തി ക്രമീകരിച്ച് ഭാഷയായി അവതരിപ്പിക്കുകയാണു ചെയ്യുന്നത്. തൊണ്ട, നാവ്, ചുണ്ട് തുടങ്ങിയ അവയവങ്ങൾ സംഭാഷണഭാഷയെ സാഹചര്യാനുസരണം ഓരോ അനുപാതത്തിൽ സ്വാധീനിക്കുന്നു/ അല്ലെങ്കിൽ അവതരിപ്പിക്കുന്നു. അതുപോലെതന്നെ കൈകൾകൊണ്ട് ചിട്ടപ്പെടുത്തിയ ചിഹ്നങ്ങൾ അവതരിപ്പിച്ചാണ് ആംഗ്യഭാഷ അവതരിപ്പിക്കുന്നത്. ആശയവിനിമയം നടത്തുന്നവർ മുഖാമുഖം കാണുമ്പോൾ ശരീരത്തിന്റെ ഭാഷ അവർ പരസ്പരം കാണുകയും അറിയുകയും ചെയ്യുന്നു. യഥാർത്ഥത്തിലിവിടെ കാഴ്ചയുടെ സാധ്യത ആശയവിനിമയത്തെ സ്വാധീനിക്കുകയാണു ചെയ്യുന്നത്. ഇതിന്റെ തോത് താത്ത്വികമായ ഒരു നിർവചനത്തിനു വിധേയമല്ല. ബുദ്ധിയുടെ സാന്നിദ്ധ്യം ശരീരത്തിന്റെ ഭാഷയെ സ്വാധീനിക്കുന്നില്ല എന്നതുതന്നെയാണ് പ്രധാന കാരണം. സംഭാഷണത്തെയും കിനിസിസിനെയും ബുദ്ധിയുടെ സ്വാധീനം നിർണ്ണായകമായ രീതിയിൽത്തന്നെ സ്വാധീനിക്കുന്നു. എന്നാൽ സംഭാഷണത്തെ സ്വാധീനിക്കുന്ന രീതിയും അനുപാതവുമല്ല കിനിസിസിനെ സ്വാധീനിക്കുന്ന ബുദ്ധിയുടെത്.

സംഭാഷണത്തിന് വാമൊഴിയുടെ വ്യാകരണവും വാക്യരചനാക്രമവുമാണുള്ളത്. വക്താവ് ഉപയോഗിക്കുന്ന ഭാഷ ശ്രോതാവ് അറിഞ്ഞിരിക്കേണ്ടതുണ്ട്. ഉദാഹരണമായി മലയാളഭാഷയാണ് വക്താവ് ഉപയോഗിക്കുന്നതെങ്കിൽ ആ ഭാഷ ശ്രോതാവും അറിഞ്ഞിരിക്കണം. യഥാർത്ഥത്തിലിവിടെ ആശയത്തെ ഭാഷണചിഹ്നങ്ങളാക്കിമാറ്റി അവതരിപ്പിക്കുകയാണു ചെയ്യുന്നത്. ഇത് പൂർണ്ണമായും അഭ്യസ്തവൃത്തിയിൽ അധിഷ്ഠിതമായ പ്രവർത്തനമാണ്. യഥാർത്ഥത്തിൽ ഇവിടെ ഉപയോഗിക്കുന്ന ബുദ്ധി അമൂർത്ത കല്പനകൾ സൃഷ്ടിക്കുവാൻ പര്യാപ്തമായുള്ളതാണ്.

കിനിസിസിന് എല്ലായ്പ്പോഴും ശരീരത്തിന്റെ ഭാഷയെ ഒരനുപാതത്തിലല്ലെങ്കിൽ ഇനിയൊരനുപാതത്തിൽ ആശയവിനിമയത്തിനായി ഉപയോഗിക്കേണ്ടിവരുന്നു. കാഴ്ചയിലൂടെ അവസ്ഥ അർത്ഥസൃഷ്ടിയേയും അർത്ഥവിനിമയത്തേയും അർത്ഥഗ്രഹണത്തേയും എല്ലായ്പ്പോഴും സ്വാധീനിച്ചുകൊണ്ടിരിക്കും. എല്ലാ മനുഷ്യരുടെയും ശരീരങ്ങൾ തമ്മിൽ സാമ്യമുള്ളതുപോലെ വ്യത്യാസവുമുണ്ട്. ഈ സാമ്യവ്യത്യാസങ്ങൾ കിനിസിസിനെയും സ്വാധീനിക്കുന്നു. ശരീരങ്ങൾ തമ്മിലുള്ള സാമ്യമാണ് പൊതു ഭാഷാസൃഷ്ടിക്ക് ആസ്പദമെങ്കിൽ ശരീരങ്ങൾ തമ്മിലുള്ള വ്യത്യാസമാണ് ഈ ഭാഷാസൃഷ്ടിയെ ഒന്നിനൊന്ന് വ്യക്ത്യധിഷ്ഠിതമാക്കുന്നത്. എല്ലാ മനുഷ്യർക്കും ബുദ്ധിയുണ്ടെങ്കിലും അതിന്റെ തോത് ഭിന്നമായിരിക്കും. അത് വിനിയോഗിക്കുന്ന രീതി

യിലും വ്യത്യാസങ്ങളുണ്ട്. ബുദ്ധി ബോധപൂർവ്വവും അല്ലാതെയും പ്രയോഗിക്കാറുണ്ടല്ലൊ. കിനിസിസിന്റെ അവതരണത്തിലേയ്ക്കു വരുമ്പോൾ ബോധപൂർവ്വമായ ബുദ്ധിയുടെ സാന്നിദ്ധ്യവും സംഭവിക്കുന്നത് സാധാരണമാണ്. ശരീരംകൊണ്ട് മൂർത്തമായി ആശയം സൃഷ്ടിച്ച് വിനിമയം ചെയ്യുന്നതിന്റെ തോത് ബൗദ്ധിക സാന്നിദ്ധ്യത്തിന്റെ പരിണിതഫലം കൂടിയാണ്.

**ആഖ്യാനത്തിന്റെ ബലതന്ത്രം**

ആശയാവതരണത്തിൽ ശരീരം ബന്ധപ്പെടുന്നതിന്റെയും ഇടപെടുന്നതിന്റെയും തോതാണ് കിനിസിസ് സംബന്ധമായ ഭാഷാഖ്യാനത്തിന്റെ ബലതന്ത്രം നിർണ്ണയിക്കുന്നത്. ഗണിതം, ശാസ്ത്രം, സാമൂഹ്യപാഠങ്ങൾ തുടങ്ങിയ വിഷയങ്ങൾ അവതരിപ്പിക്കാൻ രേഖപ്പെടുത്തുന്ന ഭാഷയ്ക്ക് ഒരു സ്ഥാനമുണ്ട്. ഈ ഭാഷയെ വാമൊഴിയിലൂടെ അവതരിപ്പിക്കുമ്പോൾ അവതരിപ്പിക്കുന്ന വിഷയത്തിന്റെ അർത്ഥമേഖലകളാണ് പ്രഥമസ്ഥാനത്തു നിൽക്കുന്നത്. യഥാർത്ഥത്തിലിവിടെ അർത്ഥാവതരണത്തിന് ശരീരം മാധ്യമമായി നിൽക്കുകയാണു ചെയ്യുന്നത്.

എന്നാൽ ശരീരവുമായി ബന്ധപ്പെട്ട ആശയാവതരണത്തിൽ ശരീരം ശക്തമായ സാന്നിദ്ധ്യമാകുകയാണു ചെയ്യുന്നത്. ജനനം, മരണം, കാമാവതരണം തുടങ്ങിയവയിൽ ശരീരത്തിന്റെ സാന്നിദ്ധ്യം കൊണ്ടാണ് ഭാഷ രൂപപ്പെട്ടുവരുന്നത്. വിവാഹം, മദ്യപാനം, നൃത്തം, കലഹം തുടങ്ങിയവയെ ചിട്ടപ്പെടുത്തി അവതരിപ്പിക്കുന്ന ഭാഷ ഇനിയൊരനുപാതത്തിൽ ശരീരം ആഖ്യാനിക്കുകയാണു ചെയ്യുന്നത്.

സ്ത്രീചരായ, പുരുഷചരായ എന്നു വ്യവഹരിക്കുമ്പോൾ സവിശേഷമായൊരവസ്ഥ വ്യക്തമാകുന്നു. സ്ത്രീശരീരം സൃഷ്ടിക്കുന്ന ഭാഷ, പുരുഷശരീരം സൃഷ്ടിക്കുന്ന ഭാഷ എന്ന് വ്യക്തമാകുമ്പോൾ ആഖ്യാനത്തിലെ ലിംഗസ്വാധീനവും ആഖ്യാനാന്തര അർത്ഥത്തിലെ സ്വഭാവവിശേഷതയും സൂചിതമാകുന്നു. ഭാഷയുടെ പൊതുസ്വഭാവത്തിൽ അധിഷ്ഠിതമായ അന്തരീക്ഷത്തിൽനിന്നുകൊണ്ട് 'ശരീരങ്ങൾ' സൃഷ്ടിക്കുന്ന ഭാഷാ വൈവിധ്യത്തിലേയ്ക്കുള്ള മേഖലകളാണ് ഇവിടെ വ്യക്തമാകുന്നത്.

**ആശയം അവതരിപ്പിക്കുന്ന ശരീരം**

- സ്ത്രീശരീരം
- പുരുഷശരീരം

**ഈ ശരീരങ്ങളുടെ സവിശേഷതകൾ**

- പ്രായം
- ഛായ
- വർണ്ണം
- വലിപ്പം
- ആകൃതി
- സംസ്കാരം
- ആരോഗ്യാവസ്ഥ

**ആശയവിനിമയത്തിനായി ശരീരം ഉപയോഗിക്കുന്ന വസ്തുക്കൾ**

- സ്വഭാവികമായ ഭാവപ്രകടനം
- അഭിനയം
- നൈസർഗ്ഗികമായ ചലനരീതി
- കൃത്രിമമായി സൃഷ്ടിച്ചവതരിപ്പിക്കുന്ന ചലനരീതി
- സംഭാഷണഭാഷയുടെ നാനാവിധമായ സാധ്യതകൾ
- സ്പർശനത്തിന്റെ രീതികൾ
- ഗന്ധം വിനിമയം ചെയ്യുന്ന രീതി
- രുചിയുടെ സാധ്യതകൾ

**സ്വാധീനഘടകങ്ങളായി നിൽക്കുന്നവ**

- സാഹചര്യം
- പശ്ചാത്തലം
- അന്തരീക്ഷം
- അകലം
- നിറങ്ങൾ
- വസ്ത്രധാരണവും അലങ്കാരവസ്തുക്കളും

യഥാർത്ഥത്തിൽ ഇവയെല്ലാം ബാഹ്യസാന്നിദ്ധ്യത്തിന്റെ ഭാഗമാണ്.

**ആന്തരികസാന്നിദ്ധ്യം**

- മനസ് (ബോധമനസും ഉപബോധമനസും അബോധമനസും)

- ബുദ്ധി
- ചിന്ത
- സർഗ്ഗാത്മകത
- ജ്ഞാനം അഥവാ അറിവ്
- മനോഭാവം

മുകളിൽ വ്യക്തമാക്കിയ ഘടകങ്ങളുടെയെല്ലാം സ്വാധീനഫലത്തിൽനിന്നുമാണ് കിനിസിസിന്റെ / ശരീരഭാഷയുടെ ആഖ്യാനരീതി രൂപപ്പെട്ടുവരുന്നത്.

## ശരീരത്തിന്റെ അവസ്ഥയും അർത്ഥസൃഷ്ടിയും

ശരീരം സാഹചര്യത്തോട് ബന്ധപ്പെടുകയും സാഹചര്യത്തിന്റെ ഭാഗമാകുകയും ചെയ്യുന്നതിന്റെ പശ്ചാത്തലത്തിൽ സൃഷ്ടിക്കുന്ന അർത്ഥമേഖലകൾ വിപുലമാണ്. ഈ അർത്ഥസൃഷ്ടിയിൽ ശരീരത്തിന്റെ ഭാഷയ്ക്കും നിയതമായ പ്രസക്തിയും സ്വഭാവരീതിയുമുണ്ട്. യുവാക്കളുടെ ഒരു സംഘം ഫോട്ടോയ്ക്കുവേണ്ടി നിരന്നുനിൽക്കുന്നു. ഇവിടെ നിരന്നു നിൽക്കുന്ന പ്രവൃത്തി ഓരോരുത്തരും ചെയ്യുന്നുണ്ട്. എന്നാൽ നിരന്നുനിന്നുകഴിഞ്ഞതിനുശേഷമുള്ള ഓരോരുത്തരുടെയും പ്രവൃത്തി ഓരോ രീതിയിലാണ്. പ്രവൃത്തികൾ ഓരോ രീതിയിൽ ആകുവാനുള്ള കാരണം ഓരോരുത്തരുടെയും ചിന്തയും മനോഭാവവും ഓരോന്നായിരിക്കുന്നതാണ്. രൂപത്തിൽ ഭിന്നമായിരിക്കുന്നതുപോലെ തന്നെ വസ്ത്രധാരണത്തിലും ഓരോരുത്തരും വ്യത്യാസം പുലർത്തുന്നു.

ശരീരത്തിന്റെ അവസ്ഥ നിർണ്ണയിക്കുന്നതിൽ പ്രായത്തിനും വസ്ത്രധാരണത്തിനും ചെയ്യുന്ന പ്രവൃത്തിക്കും അതാതിന്റേതായ സ്ഥാനവും പ്രസക്തിയുമാണുള്ളത്. ഒരു വൃദ്ധ എന്നു പറയുമ്പോൾത്തന്നെ പ്രായം ഏതാണ്ട് വ്യക്തമാണല്ലോ. മുണ്ട് മാത്രമാണ് ധരിച്ചിരിക്കുന്നതെന്നു പറയുമ്പോൾ വസ്ത്രധാരണത്തെപറ്റിയുള്ള ധാരണയും ലഭിക്കുന്നു. കുനിഞ്ഞ് നടക്കുന്നു എന്ന് കൂടി പറയുമ്പോൾ പ്രവൃത്തിയെപറ്റിയും മനസിലാകും. വൃദ്ധയെ ദർശിക്കുന്നതോടെ അർത്ഥങ്ങൾ ഒന്നിനുപുറകെ ഒന്നായി കാഴ്ചക്കാരനിൽ സംഭവിക്കുന്നു. ഈ അർത്ഥങ്ങളുടെ തോത് കാഴ്ചക്കാരന്റെ മനോഭാവം , കാണുന്ന രീതി, അന്തരീക്ഷം തുടങ്ങിയവയെയെല്ലാം ആശ്രയിച്ചാണിരിക്കുന്നത്.

കുളത്തിലേയ്ക്കു ചാടുന്ന കുട്ടിയുടെ ചിത്രം ദർശിക്കുമ്പോൾതന്നെ കുറെ അധികം ചിന്തകൾ കാഴ്ചകാരനിലേയ്ക്ക് എത്തുന്നുണ്ട്. കുട്ടിയുടെ ശാരീരിക പ്രകൃതി. പ്രവൃത്തിയുമായി ബന്ധപ്പെട്ട്

തലകുത്തിനിൽക്കുന്ന ശരീരം. ആ ശരീരം തുടർന്ന് വീഴുന്നത് വെള്ളത്തിലേയ്ക്കാണ്. ഇതെല്ലാം കൗതുകത്തോടെ നോക്കി നിൽക്കുന്ന മറ്റു കുട്ടികൾ. പ്രവൃത്തിയുടെ സവിശേഷസ്വഭാവമാണ് സവിശേഷമായ അർത്ഥസൃഷ്ടിക്ക് ആസ്പദം. സവിശേഷമായ പ്രവൃത്തി ചെയ്യുന്ന ശരീരം അർത്ഥകല്പനകൾ സൃഷ്ടിക്കുവാൻ /വിഭാവനം ചെയ്യുവാൻ കഴിയുന്ന അവസ്ഥയാണ് സൃഷ്ടിച്ചിരിക്കുന്നത്.

ശരീരത്തിന്റെ അവസ്ഥ നിർണ്ണയിക്കുന്നതിൽ ബുദ്ധിക്ക് നിർണ്ണായക സ്ഥാനമാണുള്ളത്. ബുദ്ധിയുടെ തോതും സ്വഭാവവുമനുസരിച്ചായിരിക്കും ശരീരംകൊണ്ട് സാഹചര്യാനുസരണം ഓരോ പ്രവൃത്തികൾ ചെയ്യുന്നത്. ഒരു വ്യക്തി ചെസ്സ് കളിക്കുന്നു എന്ന് പറയുമ്പോൾ ചെസ്സ് കളിയെപ്പറ്റി ചിന്തിക്കുന്നതിനൊപ്പം തന്നെ അതിന്റെ ബൗദ്ധിക സ്വഭാവത്തപറ്റിക്കൂടി ചിന്തിക്കുന്നു. ചെസ്സുകളി കാണുന്ന അർത്ഥഗ്രാഹകന് അതിനെപറ്റി എന്തറിയാമെന്നുള്ളത് അർത്ഥകല്പനയിൽ പ്രസക്തമായി വരുന്ന വസ്തുതയാണ്. ചെസ്സുകളിക്കുന്ന വ്യക്തി കളിയെപ്പറ്റിയും അതിന്റെ നിയമത്തെപ്പറ്റിയുമെല്ലാമായിരിക്കും കളിക്കുന്ന വേളയിൽ ചിന്തിക്കുന്നത്. ഇത് 'ചെസ്സുകളി' എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ടതാണ്. ചെസ്സു കളിക്കുന്ന വ്യക്തികളെ കാണുന്നവരുടെ ചിന്ത ഇനിയൊരു രീതിയിലായിരിക്കും. 'ഭക്ഷണം കഴിക്കുന്നു' എന്നു പറയുമ്പോൾ ഭക്ഷണം കഴിക്കുന്ന പ്രവൃത്തിക്ക് വിധേയമാണ് ശരീരം. എന്തുഭക്ഷണം. എങ്ങനെ കഴിക്കുന്നു എന്നുള്ളത് ഭക്ഷണം കഴിക്കുന്ന പ്രവൃത്തിയുടെ ഭാഗമാണ്. ഭക്ഷണത്തിന്റെ രുചി കഴിക്കുന്ന വ്യക്തികൾ മാത്രമാണ് അറിയുന്നത്. ഭക്ഷണം കഴിക്കുന്ന വ്യക്തികളെ നിരീക്ഷിച്ചാൽ അവർ രുചിയോടെ ഭക്ഷണം കഴിക്കുന്ന അവസ്ഥ മനസിലാക്കുവാനാകും. ഭക്ഷണം കഴിക്കുന്ന വ്യക്തികളും അവരെ നിരീക്ഷിക്കുന്ന വ്യക്തികളും തികച്ചും ഭിന്നമായ 'ഭാഷകളാണ്' മനസ്സിലാക്കുന്നത്.

ശരീരങ്ങൾ സാഹചര്യാനുസരണം മനസ്സിലാക്കുന്നതും ബന്ധപ്പെടുന്നതുമായ അവസ്ഥകളിലെല്ലാം ഓരോ രീതിയിലുള്ള ഭാഷകൾ സംഭവിച്ചുകൊണ്ടിരിക്കും. വിപുലമായ ഈ ഭാഷാമേഖലകൾ ശരീരഭാഷയെപ്പറ്റിയുള്ള പഠനത്തിൽ പ്രസക്തമാണ്.

# 9

# മസ്തിഷ്കസ്വാധീനവും പ്രവർത്തനവും

**മ**നുഷ്യമസ്തിഷ്കം അപരിമേയമായ കല്പനാസാധ്യകളുള്ള ഒരു കേന്ദ്രമണ്ഡലമാണ്. ശരീരത്തെ നിയന്ത്രിക്കുകയും പ്രവർത്തിപ്പിക്കുകയുമെല്ലാം ചെയ്യുന്ന ഈ കേന്ദ്രമണ്ഡലത്തിന്റെ സ്വാധീനഫലമായാണ് ആശയവിനിമയം സാധ്യമാകുന്നതുതന്നെ. ഒരു വിചാരം അഥവാ ചിന്ത, അതിന്റെ വികാസം തുടർന്നുള്ള വിനിമയം തുടങ്ങിയവ നിർവ്വഹിക്കുന്ന മസ്തിഷ്കം ബൗദ്ധിക യുക്തിയിൽ അധിഷ്ഠിതമാണ്. ശരീരത്തിന്റെ കേന്ദ്രമെന്നു വിശേഷിപ്പിക്കുന്ന മസ്തിഷ്കം അതിന്റെ ബാഹ്യമായ സാന്നിദ്ധ്യം വെളിവാക്കുന്നത് പ്രവർത്തനങ്ങളിലൂടെയാണ്. ശരീരവും മസ്തിഷ്കവും പരസ്പരം ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതുകൊണ്ട് ഒന്നിനുണ്ടാകുന്ന മാറ്റം മറ്റതിനേയും താനെ സ്വാധീനിക്കുന്നു.

ന്യൂറോ ലിംഗ്വസ്റ്റിക് എന്ന പദത്തിന്റെ ആർത്ഥിക വിസ്തൃതിയും സവിശേഷമായ ഈ ഭാഷാ വിനിയോഗം ശരീരത്തെ സ്വാധീനിക്കുന്നതും സാമാന്യമായി മനസിലാക്കിയെങ്കിലേ തുടർപഠനങ്ങളിലേയ്ക്ക് പ്രവേശിക്കാനാവൂ. ഈ കാലഘട്ടത്തിന്റെ ബൗദ്ധികസാന്നിദ്ധ്യമുള്ള ഭാഷാപഠന മേഖലകളിലൊന്നാണ് ന്യൂറോലിംഗ്വസ്റ്റിക്. അർത്ഥോൽപാദനം, അർത്ഥവിനിമയം, അർത്ഥസ്വീകരണം എന്നീ മേഖലകളിൽ ശാസ്ത്രീയതയും സമഗ്രതയും സൃഷ്ടിക്കുന്നതിന്റെ ഭാഗമായാണ് ന്യൂറോ ലിംഗ്വസ്റ്റിക്കിന്റെ വികാസം.

ന്യൂറോ എന്ന പദം മസ്തിഷ്കം, മനസ്സ്, പഞ്ചേന്ദ്രിയങ്ങൾ എന്നിവയെ സൂചിപ്പിക്കുന്നതാണ്. ലിംഗ്വിസ്റ്റിക് എന്ന പദം ആശയവിനിമയം, ആംഗ്യം, അംഗവിക്ഷേപം തുടങ്ങിയുള്ള ഭാഷാസംബന്ധമായ/ആശയവിനിമയ സംബന്ധമായ മേഖകളെയാണ് സൂചിപ്പിക്കുന്നത്. 'ന്യൂറോ'യ്ക്ക് ഏറെ പ്രയോഗവിനിയോഗ മേഖലകളുണ്ട്. ശാസ്ത്രം, സൗന്ദര്യം, കല തുടങ്ങിയവ സൃഷ്ടിക്കുവാനും സൃഷ്ടിച്ചതിനെ നവ

മായ രീതിയിൽ വിനിമയം ചെയ്യുവാനുമെല്ലാം ന്യൂറോയുടെ സഹായ മാണ് പ്രയോജനപ്പെടുത്തുന്നത്. ഇവിടെ ഭാഷയുമായി / ലിംഗ്വിസ്റ്റി ക്കുമായി ബന്ധിപ്പിച്ചാണ് വിശകലനവിധേയമാക്കിയിരിക്കുന്നത്. ശരീരം സൃഷ്ടിച്ച് വിനിമയം ചെയ്യുന്ന ഭാഷകളിൽ മസ്തിഷ്കത്തിന്റെ സ്ഥാനവും പ്രയോഗവും മനസിലാക്കിയാൽ ആ ഭാഷാപ്രയോഗം ആർക്കും അത് ലളിതമായി നിർവ്വഹിക്കാവുന്നതെയുള്ളൂ.

## മസ്തിഷ്കത്തിന്റെ സ്വഭാവം

ഇവിടെ മസ്തിഷ്കത്തിന്റെ സ്വഭാവത്തെ വിശകലനം ചെയ്യു മ്പോൾ ഭാഷാസൃഷ്ടിയുമായി ബന്ധപ്പെട്ട അവസ്ഥകളെയാണ് പ്രതി പാദനത്തിന് വിധേയമാക്കുന്നത്. ഓരോ മസ്തിഷ്കവും കോടിക്കണ ക്കിന് നാഡീകോശങ്ങളാൽ സൃഷ്ടിച്ചിട്ടുള്ളതാണ്. ഈ കോശങ്ങൾ മസ്തിഷ്ക്കത്തിന്റെ ഓരോ ഭാഗത്തായി ചിതറിക്കിടക്കുന്നു. പ്രവർത്ത നത്തിന്റെ സ്വഭാവവും രീതിയുമനുസരിച്ചാണ് മസ്തിഷ്കത്തിലെ കോശ ങ്ങൾ ബന്ധപ്പെടുന്നത്. മസ്തിഷ്കത്തിനു നൽകുന്ന എക്സർസൈസ് ചിന്തയിലൂടെയുള്ള പ്രവർത്തനമാണ്. എന്തിനെപറ്റി അല്ലെങ്കിൽ ഏതു വിഷയത്തെപറ്റി കൂടുതലായും പുതിയതായും ചിന്തിക്കുന്നു എന്നു ള്ളതും അതിന്റെ പ്രത്യുൽപന്നമായി എന്ത് കല്പിച്ചെടുത്തു / സൃഷ്ടി ച്ചെടുത്തു എന്നുള്ളതും എക്സർസൈസിന്റെ ഭാഗമാണ്. തുടർച്ചയും വേഗതയുമാണ് മസ്തിഷ്കത്തിന് എളുപ്പത്തിൽ മനസിലാകുന്ന പ്രയോ ഗഭാഷകൾ.

ഇടതുമസ്തിഷ്കം, വലതുമസ്തിഷ്കം, ഇവയ്ക്കിടയിലുള്ള മധ്യമസ്തിഷ്കം എന്ന് സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ പഠനത്തി നായി മസ്തിഷ്കത്തെ വിഭജിച്ച് നിർണ്ണയിച്ചിട്ടുണ്ട്. മനസ് എന്നു പറ യുന്നത് മസ്തിഷ്കവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ഒന്നാണ്. ബോധമനസ്, ഉപബോധമനസ്, അബോധമനസ് എന്ന് മനസ്സിന്റെ അവ സ്ഥകളെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിക്കുന്നു. ചില പഠിതാക്കൾ മനസ്സിന് മൂന്നിലധികം ഭാഗങ്ങളും കല്പിക്കാറുണ്ട്. ഇതി നെയെല്ലാം സവിശേഷമായ പഠനത്തിന്റെ അഥവാ നിരീക്ഷണത്തിന്റെ ഭാഗമായി പരിഗണിക്കാവുന്നതാണ്.

ഓർമ്മ, വിശകലനം, നിഗമനം, ഭാവന, സർഗ്ഗാത്മകത തുടങ്ങി യവയെല്ലാം മസ്തിഷ്കത്തിന്റെ സ്വാധീനത്തിൽനിന്നുള്ള സവിശേഷ മായ പ്രതിഭാവിലാസങ്ങളാണ്. ഈ പ്രതിഭാവിലാസങ്ങൾക്ക് സാഹ ചര്യാനുസരണമാണ് പ്രവർത്തനരൂപം കൈവരുന്നത്. തുടർച്ചയായ

ഒരു പ്രവൃത്തിയിൽ ആവശ്യമെങ്കിൽ മസ്തിഷ്കത്തിലെ കോശങ്ങൾ സജീവമാകുകയും ആവശ്യമുള്ളവ സൃഷ്ടിച്ച് ശരീരത്തെ നിയതാസ്തിത്വത്തോടെ നിറുത്തുകയും ചെയ്യുന്നത് സാധാരണമാണ്.

മനുഷ്യമസ്തിഷ്കത്തിന് സാഹചര്യാനുസരണം കൈവരുന്ന വിവേചനബുദ്ധി അത്ഭുതാവഹമാണ്. സാഹചര്യങ്ങളെ താരതമ്യം ചെയ്തോ, വിശകലനം ചെയ്തോ എങ്ങനെ കാര്യങ്ങൾ കൈകാര്യം ചെയ്യണമെന്നും എങ്ങനെ കാര്യങ്ങൾ സംഭവിക്കാമെന്നുമെല്ലാം വിശകലനം ചെയ്യുവാനുള്ള കഴിവ് മനുഷ്യമസ്തിഷ്കത്തിനുണ്ട്. ഈ സവിശേഷമായ കഴിവ് ശരീരഭാഷ പ്രയോഗിക്കുന്ന അവസരത്തിലും സാഹചര്യാനുസരണം വിനിയോഗിക്കുന്നു. അസാന്നിദ്ധ്യത്തിലും സാന്നിദ്ധ്യപ്രതീതി അനുഭവിപ്പിക്കാനുള്ള സവിശേഷമായ കഴിവ് മസ്തിഷ്ക്കത്തിനുണ്ട്.

## സാന്നിദ്ധ്യവും അസാന്നിദ്ധ്യവും സൃഷ്ടിക്കുന്ന അനുഭൂതികൾ

സാന്നിദ്ധ്യത്തിന്റെ അനുഭവത്തിലൂടെ വളർന്ന് അസാന്നിദ്ധ്യത്തിലും സാന്നിദ്ധ്യപ്രതീതി കല്പിച്ചെടുത്ത് ഓരോന്നു പ്രവർത്തിക്കുന്നത് മനുഷ്യസ്വഭാവത്തിന്റെ സവിശേഷതയാണ്. സാന്നിദ്ധ്യം യാഥാർത്ഥ്യമാണ്, വസ്തുനിഷ്ഠമാണ് . എന്നാൽ അസാന്നിദ്ധ്യം യാഥാർത്ഥ്യത്തിന്റെ സങ്കല്പമോ, സങ്കല്പത്തിലൂടെ അനുഭവിക്കുന്ന അവസ്ഥയോ ഒക്കെയാണ്. ഇവിടെ സാന്നിദ്ധ്യത്തിൽനിന്നാണ് അതിന്റെ സങ്കല്പകല്പനയായി സാന്നിദ്ധ്യപ്രതീതി രൂപപ്പെടുന്നത്.

ഒരു കാഴ്ചയുടെ സാന്നിദ്ധ്യവും അസാന്നിദ്ധ്യവും എന്തെന്നു പരിശോധിക്കാം. കാമുകൻ കാമുകിയെ കാണുന്നു. കാമുകി കാമുകനേയും കാണുന്നു. ഈ കാഴ്ചകൾ യാഥാർത്ഥ്യമാണ്. പരസ്പരമുള്ള സാന്നിദ്ധ്യത്തിലൂടെയാണ് ഇത് സംഭവിച്ചത്. വേർപിരിയലിനുശേഷം കാമുകൻ കാമുകിയെ മനോമുകുരത്തിൽ കാണുന്നു. മറിച്ച് കാമുകി കാമുകനേയും മനോമുകുരത്തിൽ കാണുന്നു. യഥാർത്ഥത്തിലിവിടെ അസാന്നിദ്ധ്യത്തിലും സാന്നിദ്ധ്യം സങ്കല്പിക്കുകയാണ് / സൃഷ്ടിക്കുകയാണ്. ആദ്യത്തേത് യാഥാർത്ഥ്യമാണെങ്കിൽ രണ്ടാമത്തേത് യാഥാർത്ഥ്യത്തെ മുൻനിറുത്തിയുള്ള കല്പനയാണ്. ഈ രണ്ട് ഘട്ടങ്ങളിലും / അവസ്ഥയിലും ആശയകല്പനയും അതിന്റെ തുടർച്ചയും സംഭവിക്കുന്നുണ്ട്.

മുകളിൽ പ്രതിപാദിച്ചതുപോലെതന്നെ ഇതര ഇന്ദ്രിയ സംബന്ധമായ പ്രവർത്തനങ്ങളുടെ കാര്യത്തിലും സാന്നിദ്ധ്യവും അസാന്നി

ദ്ധ്യവും സംഭവിക്കുന്നുണ്ട്. കാമുകനും കാമുകിയും പരസ്പരം സല്ല പിച്ച് പൊട്ടിച്ചിരിക്കുകയും പ്രണയരസങ്ങൾ ഉളവാക്കുന്ന സംഭാഷ ണവും ശബ്ദവും പങ്കുവയ്ക്കുകയും ചെയ്യുന്നു. ഈ സംഭാഷണവും ശബ്ദവുമെല്ലാം പിന്നീട് മനസുകൊണ്ട് കല്പിച്ചെടുത്ത് ഇരുവരും കേൾക്കുന്നത് സാധാരണമാണ്. ആദ്യത്തേത് സാന്നിദ്ധ്യത്തിലൂടെ സംഭ വിക്കുന്ന യാഥാർത്ഥ്യമാണെങ്കിൽ രണ്ടാമത്തേത് അസാന്നിദ്ധ്യത്തിലൂടെ കല്പിച്ചെടുക്കുന്ന സങ്കല്പമാണ്. കാമുകികാമുകന്മാർ പരസ്പരം സ്പർശിക്കുന്നു. ഈ സ്പർശനം പിന്നീട് സങ്കല്പത്തിലൂടെ ആവർത്തിച്ച് അതിന്റെ അനുഭവം ആവർത്തിക്കുവാൻ കഴിയുന്നു. കാമു കന്റെ ഗന്ധം കാമുകിയേയും കാമുകിയുടെ ഗന്ധം കാമുകനേയും ആകർഷിക്കുകയും ഉന്മേഷാവസ്ഥയിൽ എത്തിക്കുകയും ചെയ്യുന്നതാ ണല്ലോ. ഒരിക്കൽ അനുഭവിച്ച ഗന്ധത്തിന്റെ സാന്നിദ്ധ്യം മാനസിക കല്പനയിലൂടെ വീണ്ടും അറിയുവാൻ കഴിയുന്നു. കാമുകീകാമുകന്മാർ ചുണ്ടുകൾ ചേർത്ത് ചുംബിക്കുന്നു. ഈ ചുംബനത്തിന്റെ രുചി ഓർമ്മ യിലൂടെ അവർക്ക് വീണ്ടും നുകരാവുന്നതാണ്.

ഇവിടെ പ്രതിപാദിച്ചത് യാഥാർത്ഥ്യമായ ഒരവസ്ഥയെ മസ്തി ഷ്കത്തിന്റെ സഹായത്തോടെ സാന്നിദ്ധ്യപ്രതീതിയോടെ കല്പിച്ചെ ടുക്കുന്നതിനെപറ്റിയാണ്. സാന്നിദ്ധ്യത്തിന്റെ ഭാഷയും / അവസ്ഥയും അസാന്നിദ്ധ്യത്തിന്റെ ഭാഷയും / അവസ്ഥയും വ്യത്യസ്തമാണെങ്കിലും ഇരുഭാഷകളെയും രൂപീകരിക്കുന്നതിൽ മസ്തിഷ്കത്തിനുള്ള സ്ഥാനം നിർണ്ണായകമാണ്. ഈ പശ്ചാത്തലത്തിൽ എല്ലാം നിന്നുവേണം മസ്തി ഷ്കത്തിന്റെ അനുകരണതലത്തെപറ്റിയും സൃഷ്ടിതലത്തെപറ്റിയും വില മതിക്കുവാൻ.

## അനുകരണതലം

മനുഷ്യർ അനുകരണ സ്വഭാവത്തോടു കൂടിയവരാണ്. മനുഷ്യ രുടെ സാമൂഹ്യാവസ്ഥയെയും വളർച്ചയേയും നിർണ്ണയിക്കുന്നതിൽ അനുകരണസ്വഭാവത്തിന് നിർണ്ണായക സ്ഥാനവുമുണ്ട്. ജീവിക്കുന്ന തിൽ, നിലനിൽക്കുന്നതിൽ, അസ്തിത്വം സൃഷ്ടിക്കുന്നതിലെല്ലാം അനു കരണത്തിന്റെ ആവർത്തനങ്ങൾ ദർശിക്കാവുന്നതാണ്. ഇവിടെ ശരീ രഭാഷാവതരണവുമായി ബന്ധപ്പെട്ട അനുകരണത്തെപ്പറ്റി മാത്രമാണ് വ്യക്തമാക്കുന്നത്.

ഭക്ഷണം കഴിക്കുവാൻ സമയം നിശ്ചയിക്കുന്നതിൽ, വസ്ത്രം ധരിക്കുന്ന രീതിയിൽ, ആചാരങ്ങളും അനുഷ്ഠാനങ്ങളും നിർവ്വഹിക്കു

ന്നതിൽ, കുളിക്കുകയും വസ്ത്രം വെടിപ്പാക്കുകയും ചെയ്യുന്നതിൽ എല്ലാം ആവർത്തനവും ഒപ്പം അനുകരണവും അടിമുടി നിറഞ്ഞു നിൽക്കുന്നതായിക്കാണാം. ഒരാൾ അല്ലെങ്കിൽ ഒരു സമൂഹം വിനിയോഗിക്കുന്ന ഭാഷ മറ്റൊരാൾ പഠിക്കുന്നത് അനുകരണത്തിലൂടെയാണ്. ഒരാൾ അല്ലെങ്കിൽ ഒന്നിലധികം ആളുകൾ വിജയകരമായി വിനിയോഗിക്കുന്ന / പ്രയോഗിക്കുന്ന ശരീരഭാഷ കണ്ടോ, അറിഞ്ഞോ, പഠിച്ചോ സ്വായത്തമാക്കുന്നത് അനുകരണത്തിലൂടെയാണ്. ഏതൊരു അനുകരണത്തിനും അതാതിന്റേതായ മസ്തിഷ്ക സ്വാധീനമുണ്ട്. ഇതിന്റെ തോത് അനുകരണരീതിയേയും അനുകരിക്കുന്ന വ്യക്തിയുടെ സ്വഭാവത്തെയും ആശ്രയിച്ചാണിരിക്കുന്നത്.

ശരീരഭാഷയുമായി ബന്ധിപ്പിച്ച് അനുകരണത്തെ വിലയിരുത്തുമ്പോൾ അതിനെ/ അനുകരണത്തെ സവിശേഷമായ കലയും പ്രവൃത്തിയുമായാണ് നിർണ്ണയ വിധേയമാക്കുന്നത്. വസ്ത്രം ധരിക്കുന്നതിലെ അനുകരണം, മുടി ചീകി ഒതുക്കി വയ്ക്കുന്നതിലെ അനുകരണം, ആഭരണങ്ങൾ അണിയുന്നതിലെ അനുകരണം, പൊട്ടുതൊടുന്നതിലെയും കണ്ണെഴുതുന്നതിലെയും അനുകരണം എന്നെല്ലാം വ്യവഹരിക്കുന്നതിൽ കേവലമായ അനുകരണ സ്വഭാവമാണുള്ളത്. ഒരു ഭാഷ പഠിക്കുന്നതിൽ, പ്രവൃത്തി വിജയകരമായി നിർവ്വഹിക്കുന്നതിലെല്ലാം സവിശേഷമായ അനുകരണ സ്വഭാവമാണുള്ളത്. ഇതിന് ബൗദ്ധികസാന്നിദ്ധ്യം കൂടുതലായി വിനിയോഗിക്കേണ്ടതുണ്ട്. സാഹചര്യങ്ങളെ വിശകലനം ചെയ്തും അനുകരണങ്ങളിലൂടെ വളരുന്നതുമായ മസ്തിഷ്കത്തിനേ സൃഷ്ടിപരമായ ഭാഷപ്രയോഗത്തിന്റെ മേഖലയിലേയ്ക്ക് വളരുവാനാകൂ.

## സൃഷ്ടിതലം

ബൗദ്ധികസാന്നിദ്ധ്യവും തന്ത്രവുമുള്ള നവമായ ശരീരഭാഷയുടെ അവതരണമാണ് ഇവിടെ സൃഷ്ടിതലം എന്നു വിവക്ഷിക്കുന്നത്. സമൂഹത്തിൽ ആനന്ദത്തോടെ ജീവിക്കുകയും പ്രതാപൈശ്വര്യങ്ങളോടെ നിലനിൽക്കുകയും ചെയ്യുന്ന മനുഷ്യർ ബുദ്ധിപൂർവ്വം ശരീരഭാഷകൾ സൃഷ്ടിച്ച് വിനിമയം ചെയ്യുന്നവരാണ്. മറ്റുള്ളവർക്കുമേൽ ആധിപത്യം പുലർത്താൻ കഴിയുന്ന, മറ്റുള്ളവരെ തന്റെ ഇംഗിതത്തിനനുസരിച്ച് നിറുത്തുവാൻ കഴിയുന്ന, ഇല്ലാത്ത പലതും ഉണ്ടെന്നു ധരിപ്പിക്കുന്ന ശരീരഭാഷാപ്രയോഗങ്ങളിൽ ബുദ്ധിയുടെയും തന്ത്രത്തിന്റെയും നൂലോട്ടമാണുള്ളത്.

സമ്പത്ത് ശേഖരിക്കുന്നതിൽ, ഇണയെ ആകർഷിക്കുന്നതിൽ, കീർത്തി സൃഷ്ടിക്കുന്നതിൽ, രുചിഭേദങ്ങൾ ഉല്ലാസത്തോടെ ആസ്വദിക്കുന്നതിൽ എന്തിന് ബൗദ്ധികത വിനിമയം ചെയ്യുന്നതിൽവരെ ബുദ്ധിപൂർവ്വമുള്ള ശരീരഭാഷാവതരണങ്ങളുടെ തുടർച്ചയാണുള്ളത്. പല സ്വഭാവക്കാരും, വിഭിന്ന അനുപാതത്തിൽ ബുദ്ധി വിനിയോഗിക്കുന്നവരും, പല മേഖലകളിൽ വിഭിന്ന മനോഭാവത്തോടെ പ്രവർത്തിക്കുന്നവരും, വ്യത്യസ്ത ലിംഗത്തിലും പ്രായത്തിലുമെല്ലാം പെട്ടവരുമായി ഓരോ വ്യക്തിക്കും ആശയവിനിമയം നടത്തേണ്ടതുണ്ട്. സാഹചര്യവും സ്ഥലവും പ്രവർത്തന രീതിയുമെല്ലാമാണ് ഭാഷാവിനിയോഗത്തിന്റെ സ്വഭാവം നിർണ്ണയിക്കുന്നത്. ഭാഷാവിനിയോഗം എന്തുതന്നെ ആയാലും തന്ത്രശാലിയും ബുദ്ധിമാനുമായവന്റെ ബൗദ്ധിക സാന്നിദ്ധ്യത്തിനും പ്രവർത്തനത്തിനും വിശകലനത്തിനും അനുസരിച്ചായിരിക്കും കാര്യങ്ങൾ നീങ്ങുന്നത്. യഥാർത്ഥത്തിലിവിടെ മസ്തിഷ്കത്തിന്റെ സഹായത്തോടെ ആധിപത്യത്തിന്റെ സവിശേഷമായ ഭാഷ സൃഷ്ടിച്ച് ശരീരത്തിന്റെ ചലനാദി പ്രകടന പ്രവർത്തനങ്ങളിലൂടെ വിനിമയം ചെയ്യുകയാണ് ചെയ്യുന്നത്.

സാഹചര്യത്തിനനുസരിച്ച് നവമായ രീതിയിൽ ശരീരഭാഷ സൃഷ്ടിച്ച് വിനിമയം ചെയ്യുമ്പോൾ അവതാരകന്റെ അറിവ്, ഭാവന, സർഗ്ഗാത്മകത, വിശകലനശേഷി, ഓർമ്മ തുടങ്ങിയവ ഓരോ അനുപാതത്തിൽ സമന്വയിച്ച് പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ തോത് സാമാന്യമായ ഒരു നിർണ്ണയത്തിന് വിധേയമല്ല. ഒരു വ്യക്തി മറ്റൊരു വ്യക്തിക്കുമുന്നിലായിരിക്കുമല്ലൊ പലപ്പോഴും ശരീരഭാഷ അവതരിപ്പിക്കുന്നത്. അവതാരകന്റെയും സ്വീകർത്താവിന്റെയും മസ്തിഷ്കങ്ങൾ തമ്മിൽ പരസ്പര വിലിയിരുത്തലിന്റേതായ നിരീക്ഷണം സ്വഭാവികമായിത്തന്നെ നടത്തുന്നു. ഈ വിലയിരുത്തലിലൂടെ ഗ്രഹിക്കുന്ന അറിവിന്റെ സമഗ്രതയെ മുൻനിറുത്തിയായിരിക്കും ആശയവിനിമയം തുടർന്നു നടത്തുന്നത്.

പുതിയ ഒരു വസ്തുവിന്റെ കണ്ടെത്തൽ, അതിന്റെ വിനിയോഗ ക്രമം തുടങ്ങിയവ സൃഷ്ടിക്കുന്നത് ബുദ്ധിയുടെ പുതുമയുള്ളതും ഊഷ്മളവുമായ പ്രവർത്തനം കൊണ്ടുതന്നെയാണ്. മസ്തിഷ്കത്തിന്റെ ബൗദ്ധിക വ്യാപ്തിയും അത് വിനിമയം ചെയ്യുന്ന രീതികളും ശരീരത്തിന്റെ ഭാഷയുമായി ബന്ധപ്പെട്ടാണ് ശരീരംകൊണ്ട് നവമായ ഭാഷകൾ സൃഷ്ടിക്കുന്നത്.

## പരിശീലനവും വിനിയോഗവും

നിയതമായ പരിശീലനത്തിലൂടെ ശരീരത്തെ ഏതു തരത്തിലുള്ള ഭാഷയുടെ അവതരണത്തിനായും ഉപയോഗിക്കാവുന്നതാണ്. പരിശീലനം കേവലം അനുകരണമോ ഊഹാധിഷ്ഠിതമോ ആയിത്തീരാതെ ഊഷ്മളവും ഉണർവുള്ളതുമായ ബുദ്ധിയുടെ സാന്നിദ്ധ്യത്തോടെ ആയിരിക്കണം. ഇവിടെയാണ് മസ്തിഷ്കം പ്രഥമസ്ഥാനത്തേയ്ക്കു വരുന്നത്. ആശയവിനിമയവുമായി ബന്ധപ്പെട്ട് ശരീരം പ്രവർത്തിപ്പിക്കുമ്പോഴും പ്രവൃത്തിയുമായി ചേർന്ന് ശരീരം പ്രവർത്തിക്കുമ്പോഴും മസ്തിഷ്കത്തിന്റെ ഭാഷാസൃഷ്ടിസംബന്ധമായ പ്രവർത്തനം ഭിന്ന രീതിയിലായിരിക്കും.

എല്ലാ മനുഷ്യർക്കും ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന മസ്തിഷ്കമുണ്ടെന്ന് മനസിലാക്കുക. എന്നാൽ ഈ മസ്തിഷ്കങ്ങളുടെ കഴിവ് പല അനുപാതത്തിലായിരിക്കും. ഒരു വ്യക്തി സ്വയം അറിയുകയെന്നു പറഞ്ഞാൽ സ്വന്തം മസ്തിഷ്കത്തിന്റെ കഴിവും സാധ്യതകളും അറിയുകയെന്നാണ്. ഈ കഴിവും സാധ്യതകളും ബാഹ്യമായിട്ടവതരിപ്പിക്കുന്നത് ശരീരമാണ്. ഇവിടെ സ്വാഭാവികമായി ശരീരത്തെപറ്റിയുള്ള ധാരണ ആവശ്യമാണ്. മസ്തിഷ്കത്തെ അറിയുകയും ശരീരത്തെപറ്റി വ്യക്തമായ ധാരണ ഉണ്ടാവുകയും ചെയ്തുകഴിഞ്ഞാൽ പിന്നെ ഭാഷാരൂപീകരണത്തെയും വിനിമയത്തെയുംപറ്റി ചിന്തിക്കാവുന്നതാണ്.

മസ്തിഷ്കവുമായി ബന്ധപ്പെട്ട പരിശീലനങ്ങൾ മാനസിക കല്പനകളിലൂടെയാണ് സാധ്യമാകുന്നത്. എന്തെല്ലാം കല്പിച്ച് മസ്തിഷ്കത്തെ ഉത്തേജിപ്പിക്കണമെന്നും, ഉത്തേജിച്ചിരിക്കുന്ന മസ്തിഷ്കത്തിൽ നിന്ന് എന്തെല്ലാം സൃഷ്ടിച്ചെടുക്കണമെന്നും അറിഞ്ഞിരിക്കണം. ഈ അറിവ് സ്വപരിശീലനത്തിലൂടെയാണ് സാധ്യമാകുന്നത്. മസ്തിഷ്കം സൃഷ്ടിച്ചെടുത്ത ആശയത്തെ വിനിമയം ചെയ്യുന്നതിൽ ശരീരത്തിന് നിർണ്ണായക സ്ഥാനമാണല്ലൊ ഉള്ളത്. മസ്തിഷ്കത്തിലെ ആശയത്തിനും ഭാഷയ്ക്കുമിടയിൽ അവതാരകന്റെ/ അവതാരകയുടെ അവസ്ഥയാണ് ശരീരത്തിന്. അല്പംകൂടി വ്യക്തമായി പറഞ്ഞാൽ അർത്ഥം വിനിമയം ചെയ്യുന്ന പാഠം എന്നുതന്നെ ശരീരത്തെ വിശേഷിപ്പിക്കാവുന്നതാണ്.

പാഠം മാതൃകയാകുന്ന ശരീരം ബോധപൂർവ്വമുള്ള ആശയവിനിമയവേളയിൽ പൂർണ്ണമായും മസ്തിഷ്കത്തിന്റെ നിയന്ത്രണത്തിലാ

യിരിക്കും. ഇവിടെ ശ്രദ്ധിക്കേണ്ട ഒരു കാര്യമുണ്ട്. മസ്തിഷ്കത്തിന്റെ അബോധകല്പനകൾ ബോധകല്പനകളെ കബളിപ്പിച്ച് പുറത്തു ചാടുവാനുള്ള സാധ്യതകൾ ഇല്ലാതാക്കണം. അങ്ങനെ സംഭവിച്ചാൽ ഉദ്ദേശിച്ചതിന് വിപരീതമായ അവസ്ഥയായിരിക്കും / ഫലമായിരിക്കും സംഭവിക്കുക.

മസ്തിഷ്കത്തെ നിരന്തരം പരിശീലിപ്പിക്കുകയും ക്രിയാത്മകമായി വിനിയോഗിക്കുകയും ചെയ്യുന്നതിലൂടെ നിയതവും വിജയപ്രദവുമായ ശരീരഭാഷകൾ അനായാസേന സൃഷ്ടിച്ചവതരിപ്പിക്കാവുന്നതേയുള്ളൂ. 'ന്യൂറോ ലിംഗ്വിസ്റ്റിക്' പഠനശാഖ പൂർണ്ണവളർച്ചയിലേയ്ക്ക് എത്തുന്നതോടെ ഭാഷയുമായി ബന്ധപ്പെട്ട മസ്തിഷ്ക വിനിയോഗത്തിന് അംഗീകൃത മാതൃകയും നിയതമായ വ്യാകരണവും രൂപപ്പെടുകതന്നെ ചെയ്യും.

# ഉപസംഹാരം

**മ**നുഷ്യാസ്തിത്വത്തിന്റെ ആധാര ഘടകമാണ് ശരീരം. ശരീരം വിനിമയം ചെയ്യുന്ന ആശയങ്ങളെ മുൻനിറുത്തിയുള്ള പഠനവിശകലനങ്ങളെ സാമാന്യേന ശരീരഭാഷാപഠനമെന്നാണ് വ്യവഹരിക്കുന്നത്. വിനിയോഗത്തിന്റെ സ്വഭാവാടിസ്ഥാനത്തിൽ ശരീരഭാഷയുടെ വ്യാപ്തി ഏറെയാണ്. ഭാഷാപഠനം, സംസ്കാരനിർണ്ണയം, ലിംഗസ്വഭാവം, സൗന്ദര്യവിശകലനം, കലാവതരണം, മനഃശാസ്ത്രപഠനം തുടങ്ങിയ മേഖലകളിലെല്ലാം ശരീരഭാഷയ്ക്ക് അതിനിർണ്ണായകവും അതാതിന്റേതായ സ്ഥാനവുമാണുള്ളത്. ഈ പശ്ചാത്തലത്തിലാണ് ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യപാദം മുതൽ ശരീരഭാഷാപഠനം ശക്തവും വളർന്നുകൊണ്ടിരിക്കുന്നതുമായ പഠനമേഖലയായിത്തീർന്നത്.

സ്വാഭാവികമായ ശരീരഭാഷ, കലകളിലെ ശരീരഭാഷ, ക്രിയകളിലെ ശരീരഭാ,ഷ സംഭവങ്ങളിലെ ശരീരഭാഷ എന്നെല്ലാം സാഹചര്യാനുസരണം ശരീരംകൊണ്ട് വിനിമയം ചെയ്യുന്ന ഭാഷയെ തിരിക്കാവുന്നതാണ്. യഥാർത്ഥത്തിൽ ഈ ഓരോ മേഖലയും വിപുലവിസ്തൃതമായ പ്രവർത്തന മണ്ഡലങ്ങളെയാണ് പ്രതിനിധീകരിക്കുന്നത്. ബോധപൂർവ്വമായി ആശയവിനിമയം നടത്തുമ്പോഴും അല്ലാത്തപ്പോഴും ശരീരഭാഷ ഓരോ അനുപാതത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നു. സംഭാഷണമില്ലാതെ ശരീരചലനങ്ങൾ കൊണ്ടും ഭാവപ്രകടനങ്ങൾകൊണ്ടുമെല്ലാം ആശയവിനിമയം നടത്തുന്നതിന് കിനിസിസ് എന്നാണ് പറയുന്നത്. മലയാളത്തിൽ ഇതിന് ശരീരത്തിന്റെ നിശബ്ദഭാഷയെന്നാണ് പറയുന്നത്. യഥാർത്ഥജീവിതവും അതിന്റെ വ്യവഹാരങ്ങളുമായി ബന്ധപ്പെട്ടാണ് ശരീരഭാഷ ഏറെയും സംഭവിക്കുന്നത്.

**ഭാഷാപഠനം**

വാമൊഴിയിൽനിന്നും വരമൊഴിയിൽനിന്നുമെല്ലാം ഭിന്നമായ പഠനമേഖലയാണ് ശരീരഭാഷയ്ക്കുള്ളത്. ശരീരത്തിന്റെ അവസ്ഥ, അംഗചലനം, പെരുമാറ്റം, മുഖഭാവം, വസ്ത്രധാരണം തുടങ്ങിയവയെ നിർണ്ണയവിധേയമാക്കിയാണ് സാഹചര്യാനുസരണം ശരീരഭാഷാഗ്രഹണം സാധ്യമാകുന്നത്. ശരീരത്തിന്റെ ഭാഷ സൃഷ്ടിക്കുന്നത് ഘടകങ്ങളായ ലിംഗം, പ്രായം, ഛായ, രൂപം, വർണ്ണം തുടങ്ങിയവയും സാഹചര്യാനു

സരണം ശരീരഭാഷയുടെ അവതരണത്തെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്. ഈ ഘടകങ്ങളെപറ്റിയെല്ലാം ശാസ്ത്രീയവും സമഗ്രവുമായി പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങളും ലേഖനങ്ങളുമെല്ലാം ആശയവിനിമയവുമായി ബന്ധപ്പെട്ട ശരീരഭാഷാ പഠനത്തിന്റെ ഭാഗമാണ്.

മനഃശാസ്ത്രപഠനത്തിന്റെ ഭാഗമായി ശരീരത്തെപ്പറ്റി പഠിക്കുന്നതും നരവംശശാസ്ത്രപഠനത്തിന്റെ ഭാഗമായി ശരീരത്തെപറ്റി വിശകലനം ചെയ്യുന്നതുമെല്ലാം ഇനിയൊരനുപാതത്തിലുള്ള ശരീരഭാഷാ പഠനം തന്നെയാണ്. സംസ്കാരപഠനം, ലിംഗസ്വഭാവപഠനം, സൗന്ദര്യപഠനം, കലാപഠനം തുടങ്ങി ശരീരം സൃഷ്ടിക്കുന്ന ഭാഷകളെപറ്റിയുള്ള പഠനം ഇന്ന് സാർവത്രികമാണ്.

കലാവതരണത്തിലെ ശരീരഭാഷയെപ്പറ്റിയുള്ള പഠനമെന്നു നിർണ്ണയിക്കുമ്പോൾ ശരീരഭാഷയുടെ ഒരു മേഖലയെപറ്റിയാണ് പഠനവിധേയമാക്കുന്നത്. കലയെന്നു പറയുമ്പോൾ അത് ചിട്ടപ്പെടുത്തി അവതരിപ്പിക്കുന്ന കലകളാകാം, യന്ത്രസഹായത്തോടെ അവതരിപ്പിക്കുന്ന കലകളാകാം, കായികകലകളാകാം , വിനോദസൃഷ്ടിയുമായി ബന്ധപ്പെട്ട കലകളാകാം. ഓരോ മേഖലയേയും പറ്റിയുള്ള സൂഷ്മപഠനത്തിൽ ശരീരഭാഷയ്ക്കുള്ള സ്ഥാനം പ്രധാനമാണ്. കലാവതരണത്തിൽ സ്വഭാവത്തിനും രീതിക്കുമനുസരിച്ച് സാഹചര്യാനുസരണം ശരീരഭാഷ രൂപപ്പെട്ടു വരുന്നതാണ് ഇവിടെയെല്ലാം ദർശിക്കുവാൻ കഴിയുന്നത്. ഭാഷാപഠനം എന്ന രീതിയിലുള്ള ശരീരഭാഷയുടെ വ്യാപ്തി വ്യക്തമാക്കുവാനാണ് ഇത്രയും കാര്യങ്ങൾ സൂചിപ്പിച്ചത്.

**സംസ്കാരനിർണ്ണയം**

സംസ്കാരനിർണ്ണയത്തിൽ ശരീരത്തിനും ശരീരം സൃഷ്ടിക്കുന്ന ഭാഷയ്ക്കും നിയതമായ സ്വാധീനമാണുള്ളത്. ഓരോ ശരീരവും ഓരോ സംസ്കാരത്തെ പ്രതിനിധീകരിക്കുന്നു. ജന്മസംസ്കാരം, ജീവിതസംസ്കാരം, സാമൂഹ്യസംസ്കാരം, ആചാര സംസ്കാരം തുടങ്ങിയവയ്ക്ക് വിധേയമാണ് ഓരോ ശരീരവും. സംസ്കാരത്തിന്റെ വിപുലത്വം പ്രകടമാകുന്നതും യാഥാർത്ഥ്യമാകുന്നതും ശരീരത്തിന്റെ പ്രവർത്തനവും ഇടപെടലുകളുമായി ബന്ധപ്പെട്ടാണ്.

സംസ്കാരത്തെ ലിംഗാധിഷ്ഠിതമായ പുരുഷസംസ്കാരം സ്ത്രീസംസ്കാരം, നപുംസക സംസ്കാരം എന്നും പ്രായാധിഷ്ഠിതമായി ശൈശവസംസ്കാരം, കൗമാരസംസ്കാരം, യൗവനസംസ്കാരം, മധ്യപ്രായസംസ്കാരം, വാർദ്ധക്യസംസ്കാരം എന്നും നിർണ്ണയിക്കാവുന്നതാണ്. ഈ നിർണ്ണയങ്ങളിൽ ശരീരത്തിന്റെ ഭാഷയ്ക്കാണ് പ്രഥമസ്ഥാനം. ശരീരത്തിന്റെ ഭാഷയിലൂടെയാണ് ശരീരം സൃഷ്ടിക്കുന്ന

ഭാഷയിലേയ്ക്ക് പ്രവേശിക്കുന്നത്.

സമൂഹജീവിയായ മനുഷ്യൻ എപ്പോഴും ഒരു സംഘസംസ്കാരത്തിന്റെ പ്രതിനിധികൂടിയാണ്. ആചാരങ്ങൾ, ആഘോഷങ്ങൾ, പൊതുസ്ഥലങ്ങൾ തുടങ്ങിയവയെല്ലാം സംഘസംസ്കാരം നിർണ്ണയ വിധേയമാക്കാവുന്ന ഇടങ്ങളാണ്. മനുഷ്യന്റെ നിലനിൽപ്പിന്റെ, ശക്തിയുടെയെല്ലാം ആധാരമാണല്ലോ ലൈംഗികത. സവിശേഷമായ ഈ സംസ്കാരം ഓരോരുത്തരിലും ഓരോ രീതിയിലാണുള്ളത്. അഭ്യസ്തവിദ്യയുടെ ഫലമായി വളർത്തിയെടുക്കുന്ന സംസ്കാരം, നിർണ്ണയങ്ങളുടെ ഭാഗമായ സംസ്കാരം, ആസ്വാദന സംസ്കാരം തുടങ്ങി സംസ്കാരം സ്വാധീനം ചെലുത്തുന്ന മേഖലകൾ അനവധിയാണ്. സവിശേഷമായ ഈ മേഖലകളുടെ നിർണ്ണയത്തിനും അറിവിനും ശരീരഭാഷയ്ക്കുള്ള സ്ഥാനം പ്രധാനമാണ്.

**കാഴ്ചയുടെ ഇലക്ട്രോണിക്സ് ബന്ധം**

ദൃശ്യമാധ്യമങ്ങൾ ഇന്ന് ജീവിതത്തിന്റെ ഭാഗമാണ്. ടെലിവിഷൻ, ഇന്റർനെറ്റ്, മൊബൈൽഫോൺ , സിനിമ തുടങ്ങിയവയെല്ലാം ഡിജിറ്റൽ രൂപത്തിലുള്ള ശരീരഭാഷകൾ ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ അവതരിപ്പിക്കുന്നവയാണ്. നിത്യജീവിതത്തിലെ ശരീരഭാഷാവതരണത്തെ മാതൃകയായെടുത്താണ് ഇവയുടെ ആഖ്യാനത്തിനായി പ്രയോജനപ്പെടുത്തുന്നത്. കാഴ്ചയുടെ നവമായ ഡിജിറ്റൽ സംസ്കാരം, ശരീരത്തെയും ശരീരം സൃഷ്ടിക്കുന്ന ഭാഷയെയും ആശയവിനിമയത്തോടൊപ്പം അതിസൗന്ദര്യാവതരണ മാധ്യമമായിക്കാണുവാൻ നിർബന്ധിതമാക്കുന്നു. കേവലമായ കാഴ്ചയിൽനിന്നും ഭിന്നമായി കലാപരമായി കാണിച്ചുകൊടുക്കുന്നതിലൂടെ അതിലെ ശരീരഭാഷാവതരണത്തിന് സൗന്ദര്യവും പ്രസക്തിയും ഏറുന്നു. ഇതിന്റെ ഫലമായി ശരീരഭാഷയെയും അതിന്റെ വിനിയോഗത്തെയും പറ്റിയുള്ള അവബോധം ശക്തമായി.

ശരീരത്തെ സൗന്ദര്യവസ്തുവായി അവതരിപ്പിക്കുന്നതും പ്രദർശിപ്പിക്കുന്നതും സാധാരണമാണ്. ഇവിടെ ശരീരം കേവലമായല്ല സവിശേഷമായ ഭാഷാവതരണത്തോടെ അഥവാ അർത്ഥകല്പനയോടെയാണ് അവതരിപ്പിക്കുന്നത്. അണിഞ്ഞൊരുങ്ങിയ ശരീരം, ഭാഗികമായി നഗ്നമാക്കിയ ശരീരം, പൂർണ്ണമായി നഗ്നമാക്കിയ ശരീരം, കാമവികാരം പ്രകടിപ്പിക്കുകയോ പ്രദർശിപ്പിക്കുകയോ ചെയ്യുന്ന ശരീരം തുടങ്ങിയവയെല്ലാം അർത്ഥവിനിമയത്തിൽ അധിഷ്ഠിതമായി പ്രദർശിപ്പിക്കുന്നവയാണ്. സ്ത്രീ - പുരുഷ ശരീരങ്ങളുടെ ഉത്സവതുല്യമായ പ്രകടനങ്ങൾ വിനിമയം ചെയ്യുന്ന സൗന്ദര്യഭാഷയുടെ ലോകം നാം നിത്യവും കാണുന്നതാണല്ലോ. ദൈനംദിന ജീവിതത്തിലെ ശരീരഭാ

ഷാവതരണത്തെ മാതൃകയാക്കിയാണ് ഇവയുടെ ആഖ്യാനമെങ്കിലും ഭാവന, കലാപരത, സൗന്ദര്യം, പ്രദർശനപരത തുടങ്ങിയവയെല്ലാം ചേർന്ന് ഇവയ്ക്ക് സവിശേഷമായൊരു പുതുമ നൽകുന്നു. ഒപ്പം ആകർഷണീയതയും. തൽഫലമായി കാഴ്ചയിലൂടെ വിനിമയം ചെയ്യുന്ന ശരീരഭാഷാവതരണത്തെ ബോധപൂർവ്വമോ അല്ലാതെയോ നിത്യജീവിതത്തിൽ അനുകരിക്കുകയോ പ്രയോഗിക്കുകയോ ചെയ്യുന്നത് സാധാരണമാണ്. ആത്യന്തിക വിശകലനത്തിൽ കാലിക പ്രസക്തമായതും പരിവർത്തനത്തോടൊപ്പം തന്നെ വളർന്നുകൊണ്ടിരിക്കുന്നതുമായ പ്രയോഗരീതിയാണ് നിത്യജീവിതത്തിലെ ശരീരഭാഷയ്ക്കുള്ളത്.

**അസ്തിത്വവും പ്രസക്തിയും**

ആശയാവതരണത്തിന്റെ വിപുലവിസ്തൃതമായ മേഖലകളിലേയ്ക്കെല്ലാം കടന്നുചെല്ലുന്ന ശരീരത്തിന്റെ സാന്നിദ്ധ്യം ഭാഷാവതരണത്തെയും സ്വാധീനിക്കുന്നു. ചിട്ടപ്പെടുത്തിയ ചിഹ്നക്രമത്തിനുള്ളിൽ നിന്നുകൊണ്ടുള്ള വിനിയോഗം സ്വാഭാവിക ആശയവിനിമയത്തിലെ ശരീരഭാഷയിൽ പ്രസക്തമല്ല. നൈസർഗ്ഗികമായിത്തന്നെ ഭാഷാവതരണം നടത്തുവാൻ കഴിയുന്ന ജീവനും ബുദ്ധിയുമുള്ള മാധ്യമമാണ് ശരീരം. ലിംഗവ്യത്യാസം, പ്രായവ്യത്യാസം, ഛായ, രൂപം, നിറം, വലിപ്പം, മനോഭാവം, അറിവ്, വസ്ത്രധാരണം തുടങ്ങിയുള്ള ഘടകങ്ങൾ ഓരോരുത്തരേയും നിയതാസ്തിത്വത്തിനു വിധേയമാക്കുന്നു. ഈ നിയതാസ്തിത്വത്തിൽനിന്നുമാണ് ഓരോരുത്തരും സാഹചര്യാനുസരണം ശരീരഭാഷ സൃഷ്ടിക്കുന്നത്. യഥാർത്ഥത്തിൽ പ്രതിജനഭിന്നമായ ശരീരഭാഷാവതരണമാണ് ഓരോരുത്തരും നിർവ്വഹിക്കുന്നത്. കാലം, ആഖ്യാനസമയം, ആഖ്യാനരീതി, സാഹചര്യം തുടങ്ങിയവയും അവതരണത്തെ ഒന്നിനൊന്ന് ഭിന്നമാക്കുന്ന ഘടകങ്ങൾ തന്നെയാണ്.

എല്ലാ ഭാഷകളുടെയും മൂലസ്ഥാനം ശരീരമാണ്. യഥാർത്ഥത്തിൽ ഭാഷകൾ മനുഷ്യാവശ്യത്തിന്റെ സൃഷ്ടികളാണ്. സ്വാഭാവികമായും ശീലിച്ചെടുക്കുന്നതിന്റെ ഫലമായും ഉപയോഗിക്കാമെന്നുള്ളത് ശരീരഭാഷയുടെ സവിശേഷതയാണ്. പ്രവൃത്തിയേയും അർത്ഥത്തേയും തമ്മിൽ ബന്ധിപ്പിക്കുന്ന മാധ്യമസ്ഥാനം ശരീരത്തിന്റെ അസ്തിത്വഭാഗംതന്നെയാണ്. കായികകലകൾ, കലാവതരണങ്ങൾ, കാമാവതരണങ്ങൾ തുടങ്ങിയവയെല്ലാം ശരീരവും ബുദ്ധിയും ബന്ധപ്പെടുന്നതും പ്രവർത്തിക്കുന്നതും സാഹചര്യാനുസരണം ഓരോ രീതിയിലാണ്. കുളിക്കുക, പാചകം ചെയ്യുക, വസ്ത്രം ധരിക്കുക തുടങ്ങിയ ക്രിയകളിലും ശരീരം ബന്ധപ്പെടുന്നത് ഓരോ രീതിയിലാണ്. ഒരു അപകടം, കണ്ടുമുട്ടൽ, വിവാഹം തുടങ്ങിയ പ്രവൃത്തികളിൽ അതുമായി ബന്ധപ്പെടുന്ന ശരീരങ്ങൾക്കെല്ലാം ഓരോ സ്ഥാനമാണുള്ളത്. യഥാർത്ഥത്തിൽ ശരീ

രത്തിന്റെ സാന്നിദ്ധ്യവും അതിലൂടെ സംഭവിക്കുന്ന അർത്ഥാവതരണവും ശരീരഭാഷയുടെ സ്വാഭാവികപ്രസക്തിയാണ് വ്യക്തമാക്കുന്നത്.

**പഞ്ചേന്ദ്രിയങ്ങളുടെ ഭാഷ**

ശരീരഭാഷയെ പഞ്ചേന്ദ്രിയങ്ങളുടെ ഭാഷയെന്നും വിശേഷിപ്പിക്കാറുണ്ട്. ആശയഗ്രഹണത്തിന്റെ അടിസ്ഥാനത്തിലാണ് ഈ വിശേഷണം നൽകിയിരിക്കുന്നതത്രേ. കണ്ണ്, ചെവി, മൂക്ക്, നാക്ക്, ത്വക്ക് എന്നീ ഇന്ദ്രിയങ്ങൾ യഥാക്രമം രൂപം, ശബ്ദം, ഗന്ധം, രസം, സ്പർശനം എന്നിവയിലൂടെ സാഹചര്യാനുസരണം അർത്ഥഗ്രഹണം നിർവ്വഹിക്കുന്നു. പലപ്പോഴും ഒന്നിലധികം ഇന്ദ്രിയങ്ങളുടെ സമന്വയിച്ചുള്ള പ്രവർത്തനമാണ് ഭാഷാഗ്രഹണത്തിന് കാരണമാകുന്നത്.

ശരീരഭാഷയെ സംബന്ധിച്ചിടത്തോളം ആശയത്തിന്റെ ഉത്ഭവകേന്ദ്രം ഏതെങ്കിലും വ്യക്തിയുടെ ശരീരമാണ്. അതുപോലെതന്നെ ആശയത്തിന്റെ പ്രാപ്യസ്ഥാനവും ഏതെങ്കിലും വ്യക്തിയിലാണ്. യഥാർത്ഥത്തിൽ ശരീരം പഞ്ചേന്ദ്രിയങ്ങളുടെ ആകെയുള്ള അവസ്ഥയുടെ ഭാഗമാണല്ലൊ. ഭാഷാഗ്രഹണങ്ങളിൽ മസ്തിഷ്ക വിശകലനത്തിനുള്ള സ്ഥാനം നിർണ്ണായകമാണ്. ഗ്രാഹകന്റെ മനോഭാവം, സ്വഭാവം, വിശകലനജ്ഞാനം തുടങ്ങിയവയെല്ലാം ആശ്രയിച്ചാണ് മസ്തിഷ്കവിശകലനം സാധ്യമാകുന്നത്രേ. ഏറ്റവും തീവ്രവും ശക്തവുമായി ആശയം വിനിമയം ചെയ്യുവാൻ ശരീരഭാഷയ്ക്ക് അപരിമേയമായ കഴിവാണുള്ളത്. കാരണം ആശയത്തെ ആഖ്യാനം ചെയ്യുന്നത് ശരീരമാണ്. അതുപോലെ ആശയം സ്വീകരിക്കുന്നതും ശരീരംതന്നെയാണ്. ശരീരം (ങ്ങൾ) ശരീര(ങ്ങൾക്കുവേണ്ടി) ത്തിനുവേണ്ടി അവതരിപ്പിക്കുന്ന ശരീരഭാഷ ശരീരം , (മനുഷ്യർ) ഉള്ളിടത്തോളം കാലം സാഹചര്യാനുസരണം പല രൂപത്തിലും സ്വഭാവത്തിലും അതിപ്രസക്തിയോടെ നിലനിൽക്കുകതന്നെ ചെയ്യും.

# ഗ്രന്ഥസൂചി

ജോർജ്, സി.ജെ. 2001: *ചിഹ്നശാസ്ത്രവും ഘടനാവാദവും*. ഡി.സി. ബുക്സ്, കോട്ടയം.

പ്രഭാകരവാരിയർ, കെ.എം. 1978: *ഭാഷയും മനശ്ശാസ്ത്രവും*. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

———. 1999: *ഭാഷാവലോകനം*. വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.

———. 2002. *ഭാഷാശാസ്ത്രവിവേകം*. വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.

ബിജു, സി.എസ്. 2002: *നാട്യസിദ്ധാന്തം*. ഡി.സി.ബുക്സ്, കോട്ടയം.

ഭരതമുനി. 1997: *നാട്യശാസ്ത്രം 1& 2* (വിവ.). കെ.പി. നാരായണപിഷാരടി. കേരളസാഹിത്യ അക്കാദമി, തൃശൂർ.

രാധാകൃഷ്ണൻ നായർ, ഡി. 2000: *ആഖ്യാനവിജ്ഞാനം*. കേരളാഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

ശ്രീവത്സൻ, ടി. 2001: *നവമനോവിശ്ലേഷണം*. ഡി.സി. ബുക്സ്, കോട്ടയം.

Anderson, Stephen R. 1985: *Phonology in the Twentieth Century: Theories of Rules and Theories of Representations.* University of Chicago Press, Chicago.

Ardrey, Robert. 1966: The *Territorial Imperative*. Collins, London.

Argyle, Michael. 1969: *Social Interaction*. Methuen, London.

———. 1970: *The Psychology of Interpersonal Behaviour*. Pelican Books, London.

———. 1975: *Body Communication*. Methuen, London.

Armstrong, David F. 1999*: Original Signs: Gesture, Sign, and the Sources of Language*. Gallaudet University Press, Washington.

Bacon, Albert. 1892: Manual of Gesture. Silver Burdett, New York.

Baker, M. 2001: The Atoms of Language. Basic Books, New York.

Barton, Robert. 2003: *Acting Onstage and off*: Thomson & Wadsworth, Australia and United States.

Berry, Carmen Renee. 1993: *Your Body Never Lies*. Pagmill Press, Berkely and California.

Bhabha, Homi K. 1994: *The Location of Culture*. Routledge, London and New York.

Calbris, Genevieve. 1990: *The Semiotics of French Gesture*. Indiana University Press, Bloomington.

Culler, Jonathan. 1981: *The Pursuit of Signs: Semiotics, Literature, Deconstruction.* Routledge, London.

Cavallaro. Dani. 2001: *Critical and Cultural Theory*. The Athlone Press, London and New Brunswick.

Collett, Peter. 1993: *Foreign Bodies: A Guide to European Mannerisms.* Simon and Schuster, London.

Darwin, Charles. 1872. *Expression of the Emotions in Man and Animals.* John Murray, London.

Dimitrius, Jo-Ellan and Mark Mazzarella. 1988: *Reading People.* Random House, New York.

Fast, Julius. 1970: *Body Language.* Pocket Books, New York.

------ 1977: *Body Language of Sex Power and Aggression.* Pocket Books, New York.

Featherstone, Simon. 2005: *Postcolonial Cultures.* Edinburgh University Press, Edinburgh.

Frosh, Stephen. 1985: *The Politics of Psychoanalysis.* Macmillan, London.

Gay, Kathlyn. 1974: *Body Talk.* Charles Scribner, New York.

Gross, Ruth. 1991: *You Don't Need Words!.* Scholastic, New York.

Hall, Edward T. 1959: *The Silent Language.* Doubleday, New York.

Hessel, Sid 1978: *The Articulate Body.* St. Martin's Press, New York.

Hung Ng, Sik and James J. Bradac. 1993: *Power in Language: Verbal Communication and Social Influence.* Saga Publications, London and New Delhi.

Izard, Carroll E. 1971: *The Face of Emotion.* Appleton Century-Crofts, New York.

Jacobus, Mary. 1986: *Reading Woman: Essays in Feminist Criticism.* Methuen, London.

Kendon, Adam. 1977: *Studies in the Behaviour of Social Interaction.* Indiana University, Bloomington.

Lewis, David. 1989: *The Secret Language of Success: Using Body Language to Get What Your Want.* Carrot & Graf, New York.

Lloyd-Elliot, Martin. 1994: *The Secrets of Attraction: Decoding Body Language to Maximize Your Sex Appeal.* Hamlyn, London.

Lyle, Jane. 1990: *Body Language.* BCA, London.

Marsh, Peter(ed.) 1988: *Eye to Eye: How People Interact* Salem House, Massachusetts.

McGilvray, James (ed.) 2005: *The Cambridge Companion to Chomsky.* Cambridge University Press, Cambridge.

McNeill, David (ed.). 2000: *Language and Gesture.* University Press, Cambridge.

Moi, Toril. 1985: *Sexual Textual Politics: Feminist Literary Theory.* Routledge, London.

Morris, Desmond. 1971: *Intimate Behaviour.* Jonathan Cape, London.

----- 1977: *Manwatching: A Field Guide to Human Behaviour.* Jonathan Cape, London.

-----. 1985: *Bodywatching: A Field Guide to the Human Species.* Jonathan Cape, London.

----- 1994: *Body Talk: A World Guide to Gestures.* Jonathan Cape, London.

------ 2002: *People Watching: A Guide to Body Language.* Vintage, London.

Pease, Allan. 1984: *Body Language: How to Read Others' Thoughts by Their Gestures.* Sheldon Press, London.

Phillips, John. 2000: *Contested Knowledge: A Guide to Critical Theory.* Zed Books, London and New York.

Poiret, Maude. 1970: *Body Talk: The Science of Kinesis.* Award Books, New York.

Rose, Jacqueline. 1979: *Sexuality in the Field of Vision.* Verso, London.

Rush, Martin. 1994: *Decoding the Secret Language of Your Body.* Simon and Schuster, New York.

Scheflen, Albert E. 1972: *Body Language and the Social Order.* Prentice Hall, New Jersey.

Spivak, Gayatri. 1987: *In Other Words: Essays in Cultural Politics.* Yale University Press, New Haven.

Synnott, Anthony. 1993: *The Body Social.* Routledge, London.

Wainwright, Gordon. 1990: *Body Language: Teach Yourself Books.* Modder & Stoughtony, London.

Wolff, Charlotte. 1945: *A Psychology of Gesture.* Methuen, London.

Wolfgang, Aaron. 1995: *Everybody's Guide to People Watching.* Intercultural Press, Maine.

## INTERNET DATABASES

www.textually.org/textually/archives/2004/08/005079.htm

www.links2love.com/bodylanguage./htm

www.en.wikipedia.org/wiki/Body-language

www.actingonflm.com

www.brennerbooks/bodylang.html

www.channelone/life/2005/08/17body-language.html

www.scienceblog.com/community/older/2002/c/20025506.html

www.wagntrain.com/BodyLanguage.html

www.en.wikipedia.org/wiki/Body-language.html

www.blifaloo.com/info/lies.php.html

www.duplox.wz-berlin.de/docs/panel/judith.html

www.en.wikipedia.org/wiki/Body-language.html

www.blog.contentious.com/archives/2005/10/15/body-language-symptoms-as-communication.html

www.film.vtheatre.netlacting.html

www.brennerbooks.com/Bodylang.html

www.pbc.org/dp/stedman/misc/8157.html

www.reachout.com.au/default.asp?ti=333.html

www.azhumane.org/education/behavior/Behaviorinfo/felinebody.pdf.html

www.skillstudio.co.uk/course/body-language-awareness.htm

www.worldtrans.org/TP/TP1-57.HTML.htm

www.links2love.com/body-language_1.htm

www.opengroup.com/fabooks/156/1569750602.shtml

www.usd.edu/mpla/documents/handouts/2005/body-language.html

www.answers.com/topic/body-language.html

www.pimall.com/nais/bkil-bodyv.html

www.christianwomentoday.com/womenmen/body-language.pdf./html

www.eslteachersboard.com/cgi-bin/lessons/index.pl?noframes;read.html

www.theromancereader.com/brockmann-body.html

www.questia.com/library/communication/human-communication/nonverbal-communication.jsp

www.library.thinkquest.org/04oct/01649/bodylanguage.htm

www.enotalone.com/books/0962067164.html

www.hemlin.pp.se/USkroppspr.html

www.lifepositive.com/Mind/psychology/body-language/body-languge.html

www.digilander.libero.it/linguaggiodelcorpo/liaisons.html

www.maximonline.com/stupid_fun/articles/article_6678.html

www.getty.edu/education/for_teachers/trippack/activity_pre_bodylanguage.html

www.linkbaton.com/isbn/0006512755.html

www.tonight.co.za/indiex.php?fArticled=204131 & fSectionld=359&fSetld.html

www.psychology.pypnoticworld.com/bodylanguage/reading.php.html

www.psychology.org/links/Environemnt_Behavior_Relationships/Language.htm

www.mrsgiggles.com/books/criswell_body.html

www.handspeak.com/tour/icon/index.php.htm

www.questioa.com/search/technique-of-acting.html

www.deltabravo.net/custoy/body.html

www.brainjquote.com/quotes/quotes/a/anneparill176442.html

www.infoweb.co.nz/free-articles-for-reprint/body-language.html

www.artistsspace.org/pubications/body-language.html

www.networkworld.com/newsletters/manage/2003/0707manage2.html

www.toilette-humor.com/single%20body%20language.html

# ശരീരഭാഷ

## അവതരണവും അർത്ഥഗ്രഹണവും

**ഡോ. ജോസ് കെ. മാനുവൽ**



നമ്മൾ അറിഞ്ഞോ അറിയാതെയോ അനുനിമിഷം
ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ശരീരഭാഷ
എന്തെന്നും അതിന്റെ വൈവിദ്ധ്യമുള്ള
അവസാനശൈലിയും സൂക്ഷ്മവും കൃത്യവുമായ
അർത്ഥഗ്രഹണരീതിയും ശാസ്ത്രീയവും
സമഗ്രവുമായി പ്രതിപാദിക്കുന്ന വർത്തമാനകാല
പ്രസക്തമായ ഭാഷാശാസ്ത്രഗ്രന്ഥം.



റഫറൻസ് ₹: 130.00

ISBN 93-81641-05-7

9 789381 641057

കൈരളി ബുക്സ്